

രണ്ടാം പ

# കഴുതകൾ
## സംസാരിക്കുമ്പോൾ



ഡോ. മൈക്കിൾ കാരിമറ്റം



ഡോ. മൈക്കിൾ കാരിമറ്റം

# കഴുതകൾ സംസാരിക്കുമ്പോൾ

മന്ന, നെഹുഷ്ത്താൻ, ബാലാമിന്റെ കഴുത, യൂദാസിന്റെ രക്ഷ എന്നിങ്ങനെ പഴയ നിയമത്തിൽ നിന്നുള്ളതും പുതിയ നിയമത്തിൽനിന്നുള്ളതുമായ പതിനാല് പ്രമേയങ്ങൾ വികസിപ്പിച്ചതാണ് ഈ ഗ്രന്ഥം.

ബൈബിൾ വിജ്ഞാനീയത്തിന്റെ മേഖലയിൽ നമ്മുടെ കാലഘട്ടത്തിൽ ഏറ്റവും അധികം സംഭാവന നൽകിയിട്ടുള്ള കൃതഹസ്തന്റെ തൂലികയിൽ നിന്ന് മറ്റൊരു ഗ്രന്ഥം.

MEDIA HOUSE
Noor Complex
Mavoor road, Kozhikode -673 004

MEDIA HOUSE
375/A, Pocket 2,
Mayur Vihar Phase-1, Delhi- 110 091

Price ₹ 100/-

ISBN 978-93-840341-2-2

# കഴുതകൾ സംസാരിക്കുമ്പോൾ

## ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയുടെ ബൈബിൾ അപ്പോസ്റ്റോലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

# കഴുതകൾ സംസാരിക്കുമ്പോൾ

ഡോ. മൈക്കിൾ കാരിമറ്റം

മീഡിയ ഹൗസ്
2012

2012
Malayalam
KAZHUTHAKAL SAMSARIKUMPOL
(Sacred Scripture)
Author: Dr. Michael Karimattam

Copy Right: Reserved
Layout: M. Sheeja, Media House, Kozhikode
Cover Design: Ashraf, Enterr Media

Printed by: Ember Communications, Santhi Ashram
Kolathara - P.O., Kozhikode - 673 655
Ph: 9746440700

Published by:
Media House
375-A, Pocket 2
Mayur Vihar Phase-I, Delhi-110 091
Phone: 011- 43042096, 09953484415
E-mail: mediahousedelhi@hotmail.com
mediahousedelhi@gmail.com
Website: www.mediahousedelhi.com

Distributed by:
Media House
Noor Complex, Mavoor Rd.
Kozhikode - 673 004
Ph: 9746077500, 9746440600, 9746440800
email: mediahousecalicut@gmail.com

# ആമുഖം

"അപ്പോൾ കർത്താവ് കഴുതയ്ക്കു സംസാരശക്തി നല്കി. മൂന്നുപ്രാവശ്യം എന്നെ അടിക്കാൻ ഞാൻ നിന്നോട് എന്തു ദ്രോഹം ചെയ്തു?..........ഇന്നുവരെ നീ സഞ്ചരിച്ചിരുന്ന നിന്റെ കഴുതയല്ലേ ഞാൻ? ഇതിനുമുമ്പ് ഒരിക്കലെങ്കിലും ഞാൻ നിന്നോട് ഇങ്ങനെ ചെയ്തിട്ടുണ്ടോ?" (സംഖ്യ 22,28-30).

തനിക്കെതിരെ പാളയമടിച്ചിരുന്ന ഇസ്രായേൽ ജനത്തെ ശപിച്ചു തോല്പിക്കാനായി മൊവാബു രാജാവായ ബാലാക് വലിയ തുക സമ്മാനം വാഗ്ദാനം ചെയ്ത് വിദൂരത്തു നിന്നു വിളിച്ചു വരുത്തിയ ബാലാമിനാണ് കഴുതയുടെ വെളിപാടു ലഭിച്ചത്. അത്ഭുതസിദ്ധികളുള്ള മഹാസിദ്ധനായി പേരുകേട്ട പ്രവാചകൻ ബാലാമിന് മുന്നിൽ വാളുമായി നിന്ന ദൈവദൂതനെ കാണാൻ കഴിഞ്ഞില്ല. തന്നെ ചുമക്കുന്ന, ബുദ്ധിശൂന്യതയുടെ പര്യായമായി അവഹേളിക്കപ്പെടുന്ന, കഴുതയ്ക്കുള്ള കാഴ്ചപോലും അതിന്റെ മുതുകിൽ ഇരിക്കുന്ന പ്രവാചകനില്ല എന്നത് ഒരു വലിയ വിരോധാഭാസം തന്നെ. കഴുത വഴിമാറുകയും അവസാനം കിടന്നു കളയുകയും ചെയ്തില്ലായിരുന്നെങ്കിൽ ബാലാമിന് നഷ്ടപ്പെടുന്നത് സ്വന്തം ജീവൻ തന്നെയായിരുന്നു.

ബാലാമും കഴുതയും ഒരു വലിയ പ്രതീകമാണെന്ന് വി. പത്രോസ് പഠിപ്പിക്കുന്നു. ഒരു ഊമക്കഴുത മനുഷ്യസ്വരത്തിൽ സംസാരിച്ചുകൊണ്ട് ആ പ്രവാചകന്റെ ഭ്രാന്തിന് അറുതി വരുത്തി. (2 പത്രോ 2,16). വലിയ ജ്ഞാനികൾ എന്നു നടിക്കുന്ന നേതാക്കന്മാർ ജനത്തെ നാശത്തിന്റെ വഴിയിൽ നയിക്കുമ്പോൾ കഴുതകൾ എന്നവഹേളിക്കപ്പെടുന്ന സാധാരണജനം ചിലപ്പോൾ പ്രതിക

രിക്കും. ആ പ്രതികരണത്തെ അടിച്ചൊതുക്കാൻ ശ്രമിക്കുന്നത് വലിയ മൗഢ്യമായിരിക്കും. എന്നും തന്നെ അനുസരിച്ചിരുന്ന കഴുത ഒരു ദിവസം മറിച്ചു പ്രവർത്തിക്കാൻ തുടങ്ങിയതിന്റെ കാരണം ബാലാം അന്വേഷിക്കണമായിരുന്നു. അധികാരസംവിധാനങ്ങൾ ഉപയോഗിച്ച് നിശ്ശബ്ദമാക്കാൻ ശ്രമിക്കുന്നതിനുമുമ്പേ പ്രതിഷേധകാരണം ആരായാൻ തയ്യാറാകണം. ഇത് രാഷ്ട്രീയ സമൂഹത്തിനും മതസമൂഹത്തിനും ഒരുപോലെ ബാധകമാണ്.

ദൈവവചനം ഇരുവായ്ത്തലവാൾപോലെ മൂർച്ചയുള്ളതാണെന്ന് ഹെബ്രായലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഹെബ്രാ 4,12). അതിന് ആറു നൂറ്റാണ്ടുമുമ്പ് ജീവിച്ചിരുന്ന ജറെമിയായിലൂടെ ഒരു വെളിപാടുണ്ടായി - വചനം അഗ്നിയാണ്, പാറയെ തകർക്കുന്ന കൂടംപോലെയാണ് (ജറെ 5,14; 23,29). രോഗബാധിതമായ ശരീരഭാഗത്തെ മുറിച്ചു മാറ്റുന്ന ശസ്ത്രക്രിയ വിദഗ്ദ്ധന്റെ കയ്യിലെ കത്തിപോലെയാണ് ദൈവവചനം. പാറപോലെ ഉറച്ച തെറ്റായ ബോധ്യങ്ങളെയും വഴിപിഴച്ച ജീവിതവീക്ഷണങ്ങളെയും തകർത്തു മാറ്റുന്ന കൂടംപോലെ, അഥവാ ഡയനാമിറ്റ്പോലെ ശക്തമാണ് വചനം. എന്നാൽ പലപ്പോഴും അതിന്റെ വായ്ത്തല മടങ്ങിയും മൂർച്ച നഷ്ടപ്പെട്ടും ശക്തി ക്ഷയിച്ചും ഉപയോഗശൂന്യമായിത്തീരുന്നു.

പ്രശ്നം വചനത്തിന്റേതല്ല, അതു പ്രയോഗിക്കുന്നവരുടേതാണ്. യഥാർത്ഥ ദൈവവചനം ജീവിതത്തിൽ പരിവർത്തനം വരുത്താൻ പ്രേരിപ്പിക്കും. അതു ചിലപ്പോൾ മനസ്സിൽ അസ്വസ്ഥതകൾ സൃഷ്ടിക്കും; മുറിപ്പെടുത്തും - നശിപ്പിക്കാനല്ല, നശിക്കാതിരിക്കാൻ.

വചനത്തിന്റെ മൂർച്ച നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്ന പതിന്നാലു ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. പഴയനിയമത്തിലും പുതിയ നിയമത്തിലും നിന്നു തിരഞ്ഞെടുത്ത പ്രമേയങ്ങൾ ആനുകാലികയാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യാൻ ശ്രമിക്കുന്നു.

പാമ്പുകടിയേറ്റവർക്ക് രക്ഷയുടെ ഉപകരണമായി ദൈവം നിർദ്ദേശിച്ച പിത്തളസർപ്പം കാലക്രമത്തിൽ ദൈവത്തിൽനിന്നകറ്റുന്ന വിഗ്രഹമായിത്തീർന്ന നെഹുഷ്താനും, മന്നാ തിന്നു മടുത്തവർ മാംസാഹാരത്തിനുവേണ്ടി മുറവിളികൂട്ടി, അവസാനം ഇറച്ചി തിന്നു ഛർദ്ദിച്ച്, ആ ഛർദ്ദിയിൽ കിടന്നു ചത്തൊടുങ്ങിയ


കിബ്രോത്ത് ഹത്താവായും പഴയനിയമത്തിലെ ചില ചൂണ്ടു പല കകളാണ്; മടങ്ങിവരവിനുള്ള ആഹ്വാനങ്ങളാണ്.

ലേഖനങ്ങളിൽ പലതും ബാലാമിന്റെ കഴുതയുടെ പ്രവൃത്തിയും സംസാരവും പോലെ അസ്വസ്ഥത ജനിപ്പിച്ചെന്നുവരാം. എന്നാലും മുന്നിൽ വായ് തുറക്കുന്ന നാശത്തിന്റെ ഭീകരഗർത്തത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ സഹായിച്ചെന്നുവരും. അതോടൊപ്പം അമ്മയെപ്പോലെ ആശ്വസിപ്പിക്കുന്ന ദൈവചിത്രവും നസ്രത്തിലെ കന്യകയുടെ സ്വാതന്ത്ര്യകീർത്തനവും ഒറ്റുകാരനായിത്തീർന്ന യൂദാസിന്റെ സ്വഭാവവിശകലനവും വചനത്തിന്റെ മൂർച്ചയും ശക്തിയും കണ്ടെത്താൻ ശ്രമിക്കുന്നു.

കേട്ടുപഴകിയ വചനങ്ങളെ വീണ്ടും പുതിയൊരു കാഴ്ചപ്പാടിൽ വിശകലനം ചെയ്യാനുള്ള ഒരു ശ്രമമാണ് ഈ ലേഖനങ്ങളെല്ലാംതന്നെ. വചനം വഴിവിളക്കാകണം. മുറിവുണ്ടാക്കുന്ന വാളും ഉടച്ചുവാർക്കുന്ന കൂടവും, സർവ്വോപരി ജീവജലത്തിന്റെ ഉറവയും ആയി വർത്തിക്കണം - ദൈവികജീവന്റെ ഉറവിടം. അതിന് ഒരു മടക്കയാത്ര ആവശ്യമായെന്നു വരാം. നസ്രത്തിലെ പണിശാലയിലേക്കും ആ പെരുന്തച്ചന്റെ പാദാന്തികത്തിലേക്കും, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ എന്നു പറഞ്ഞ ദാസിയുടെ മനോഭാവം സ്വന്തമാക്കിയുള്ള ഒരു യാത്ര. അതിന് ആരെയെങ്കിലും ഈ വിചിന്തനങ്ങൾ സഹായിച്ചാൽ ഞാൻ കൃതാർത്ഥനായി.

# ഉള്ളടക്കം


1. മന്നാ ............ 11
2. കിബ്രോത്ത് ഹത്താവാ ............ 19
3. നെഹുഷ്താൻ ............ 25
4. കഴുതകൾ സംസാരിക്കുമ്പോൾ ............ 33
5. അമ്മയെപ്പോലെ ............ 39
6. മടങ്ങിവരൂ! ............ 44
7. ഉദ്ഭവപാപം ............ 59
8. വീണ്ടും സ്നാനം? ............ 66
9. ദാസിയുടെ സ്വാതന്ത്ര്യകീർത്തനം ............ 73
10. നക്ഷത്രങ്ങളുടെ പിന്നാലെ രക്ഷകനെത്തേടി ............ 83
11. യേശുവിന്റെ മരണവും വിജാതീയന്റെ വിശ്വാസവും 92
12. ഏകസ്ഥർ - ദൈവരാജ്യത്തെപ്രതി ............ 97
13. യൂദാസ് ............ 105
14. നസ്രത്തിലെ തച്ചൻ ............ 122



1

# മന്നാ

അത്ഭുതകരമായി ചെങ്കടൽ കടന്ന് സീനായ് മലയെ ലക്ഷ്യം വച്ച് മരുഭൂമിയിലൂടെ നീങ്ങിയ ജനം വിശന്നുവലഞ്ഞപ്പോൾ മോശയ്ക്കെതിരെ പിറുപിറുത്തു. ജനത്തെ മുഴുവൻ പട്ടിണിയിട്ടുകൊല്ലാൻ വേണ്ടിയാണോ നിങ്ങൾ മരുഭൂമിയിലേക്കു കൊണ്ടുവന്നിരിക്കുന്നത് എന്ന് അവർ ചോദിച്ചു. ജനത്തിന്റെ വിശപ്പും ക്ലേശങ്ങളും ദുഃഖവും നിരാശയുമെല്ലാമാണ് പ്രതിഷേധമായി പുറത്തുവന്നത്. യഥാർത്ഥത്തിൽ അതും ദുഃഖിതരുടെ പ്രാർത്ഥനയായിരുന്നു.

കർത്താവ് അവർക്ക് ഉടനെ ഉത്തരം നല്കി. വൈകുന്നേരമായപ്പോൾ കാറ്റിന്റെ ചിറകിൽ കാടപ്പക്ഷികൾ വന്നു കൂടാരങ്ങൾക്കു ചുറ്റും വീണു. പ്രഭാതമായപ്പോൾ പാളയത്തിനു ചുറ്റും മഞ്ഞുവീണു കിടന്നിരുന്നു. മഞ്ഞുരുകിയപ്പോൾ വെളുത്തുരുണ്ട്, ലോലമായ ഒരു വസ്തു കാണപ്പെട്ടു. ഇതെന്താണ്? കണ്ടവർ കണ്ടവർ ചോദിച്ചു. അങ്ങനെ മന്നാ എന്ന പേരുണ്ടായി. ഇതെന്ത് എന്ന് അർത്ഥമുള്ള "മൻഹു" എന്ന ഹീബ്രുവാക്കിൽനിന്നാണ് മന്ന എന്ന പദത്തിന്റെ ഉത്ഭവമത്രേ. കർത്താവ് നിങ്ങൾക്കു ഭക്ഷണമായി തന്നിരിക്കുന്ന അപ്പമാണിത്, മോശ അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു. വെളുത്ത്

മല്ലിയുടെ ആകൃതിയിലായിരുന്നു മന്നാ. അത് ഇടിച്ചുപൊടിച്ച് അപ്പമായി പുഴുങ്ങിയോ അടയായി ചുട്ടോ തിന്നാമായിരുന്നു. തേൻചേർത്ത അടയുടെ സ്വാദായിരുന്നു അതിന് (സംഖ്യ 11,7-8).

മരുഭൂമിയിലൂടെ യാത്ര ചെയ്ത നാല്പ്പതുവർഷവും ഇസ്രായേൽജനം മന്നാ ഭക്ഷിച്ചാണ് ജീവിച്ചത്. വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചതോടെ മന്നാ ലഭിക്കാതായി. കാരണം അവർക്ക് കാനാൻദേശത്തെ കാർഷികോല്പന്നങ്ങൾ ലഭ്യമായിരുന്നു. ദൈവികപരിപാലനയുടെ അത്ഭുകരമായ അടയാളമായിരുന്നു ഇസ്രായേൽക്കാർക്ക് മന്നാ. ദൈവം ആകാശത്തുനിന്നു പൊഴിച്ച അപ്പമായി അതിനെ കരുതി (പുറ 16,4). കുറച്ചുനാൾ ഭക്ഷിച്ചു കഴിഞ്ഞപ്പോൾ മടുപ്പുതോന്നിയെങ്കിലും (സംഖ്യ 11,6; 21,5) പിൻതലമുറകൾ വലിയ ആദരവോടെയും വിസ്മയത്തോടെയുമാണ് മന്നായെ വീക്ഷിച്ചത്. "വാനിടത്തിന്റെ വാതിൽ തുറന്ന് അവർക്കു ഭക്ഷിക്കാൻ മന്നാ വർഷിച്ചു; സ്വർഗ്ഗീയ ധാന്യം അവർക്കു നല്കി. മനുഷ്യൻ ദൈവദൂതന്മാരുടെ അപ്പം ഭക്ഷിച്ചു" (സങ്കീ 78,24-25; 105,40). മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ സംഭവിച്ച ഏറ്റം വലിയ അത്ഭുതമായിട്ടാണ് ഇസ്രായേൽക്കാർ മന്നായെ കണ്ടത്. (നെഹെ 9,20). അതിന്റെ ഓർമ്മ നിലനിർത്താൻവേണ്ടി കുറെ മന്നാ ഒരു പാത്രത്തിലാക്കി ഉടമ്പടിയുടെ പേടകത്തിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു (പുറ 16,33-34).

നബുക്കദ്നേസറിന്റെ സൈന്യം ജറുസലെം നശിപ്പിക്കുന്നതിനു തൊട്ടുമുമ്പ് ജറെമിയാ പ്രവാചകൻ സാക്ഷ്യകൂടാരവും ഉടമ്പടിയുടെ പേടകവും നേബോ മലയിലെ ഒരു ഗുഹയിൽ ഒളിച്ചുവച്ചു എന്നും മിശിഹാ വരുമ്പോൾ അവ രണ്ടും വീണ്ടെടുക്കുമെന്നും ഒരു വിശ്വാസം യഹൂദരുടെ ഇടയിൽ നിലനിന്നതായി 2 മക്ക 2,4-8 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒളിച്ചുവച്ച പേടകത്തിൽ നിക്ഷേപിച്ചിരുന്ന മന്നായാണ് പിന്നീട് "നിഗൂഢമന്നാ" എന്ന് അറിയപ്പെട്ടിരുന്നത്. മോശയെപ്പോലെ ഒരു പ്രവാചകനേതാവുവന്ന് ജനത്തിനു മോചനം നല്കുമെന്നും യഹൂദർ വിശ്വസിച്ചിരുന്നതായി അവരുടെ വാക്കുകളിൽനിന്ന് അനുമാനിക്കാം. "ഞങ്ങൾകണ്ട് നിന്നെ വിശ്വസിക്കേണ്ടതിന് എന്തടയാളമാണ് നീ ചെയ്യുക? അവിടുന്ന് അവർക്കു ഭക്ഷിക്കാൻ സ്വർഗ്ഗത്തിൽനിന്ന് അപ്പംകൊടുത്തു എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ച് മന്നാ ഭക്ഷിച്ചു" (യോഹ 6,30-31).

മോശയല്ല ദൈവമാണ് പിതാക്കന്മാർക്കു മരുഭൂമിയിൽവച്ച് അപ്പം നല്കിയതെന്നും അത് വരാനിരുന്ന യഥാർത്ഥ സ്വർഗ്ഗീയ ഭോജനത്തിന്റെ പ്രതീകം മാത്രമായിരുന്നെന്നും യേശു വ്യാഖ്യാനിച്ചു (യോഹ 6,32). മന്നാ യേശുവിന്റെ തന്നെ പ്രതീകമായിരുന്നുവെന്നും നിത്യജീവൻ നല്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന യഥാർത്ഥ അപ്പം താൻ തന്നെയാണെന്നും യേശു യഹൂദരെ പഠിപ്പിച്ചു (യോഹ 6,35-41). മന്നായെ പ്രതീകാത്മകമായ അർത്ഥത്തിലാണ് വി. പൗലോസും വ്യാഖ്യാനിക്കുന്നത്. “എല്ലാവരും ഒരേ ആത്മീയഭക്ഷണം കഴിച്ചു” (1 കോറി 10,3). നിഗൂഢമന്നാ എന്ന പദപ്രയോഗം യേശുവിന്റെ തന്നെ പര്യായമായി വെളിപാടുപുസ്തകത്തിൽ ഉപയോഗിക്കുന്നുണ്ട് (2,17). ബൈബിളിൽ ഉടനീളം മന്നായ്ക്കു നല്കിയിരിക്കുന്ന പ്രാധാന്യം ഇതിൽനിന്നെല്ലാം വ്യക്തമാണ്. അത്ഭുതകരമായ ദൈവികപരിപാലനയുടെ അടയാളവും നിത്യജീവൻ നല്കുന്ന ആത്മീയഭക്ഷണമായ യേശുവിന്റെ പ്രതീകവുമാണ് മന്നാ.

ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ പലസ്തീനായിൽ ജീവിച്ചിരുന്ന യഹൂദചരിത്രകാരനായ ജൊസേഫൂസ് ഫ്ളാവിയൂസ് യഹൂദരുടെ പുരാതനചരിത്രം എഴുതുമ്പോൾ മന്നായെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അന്നും സീനായ് മരുഭൂമിയിൽ മഴപോലെ മന്നാ പൊഴിയുമായിരുന്നത്രേ. എന്നാൽ മന്നായെക്കുറിച്ചു ഗവേഷണങ്ങൾ നടത്തുന്ന ആധുനികശാസ്ത്രകാരന്മാർ മറ്റുചില നിഗമനങ്ങളിലാണ് ചെന്നെത്തുക. മരുഭൂമിയിൽ വളരുന്ന ടമറിസ്ക് എന്നറിയപ്പെടുന്ന കുറ്റിച്ചെടിയുടെ ഇലയിൽ ഊറി കട്ടിയാകുന്ന പാലാണ് മന്നാ എന്ന് ഒരു കൂട്ടർ വാദിച്ചു. രാത്രികാലങ്ങളിൽ ചിലകൃമികീടങ്ങൾ ഇലയിൽ തങ്ങളുടെ കൊമ്പിറക്കി പാൽ വലിച്ചു കുടിക്കും. അതിനുശേഷം ഊറി വരുന്ന പാൽ കട്ടയായി ഇലയിൽ തങ്ങും. വെളുപ്പാൻ കാലത്ത് പെയ്യുന്ന മഞ്ഞുതുള്ളികൾ ഇലയിൽ വീഴുകയും അതോടൊപ്പം കട്ടിയായ പാൽത്തരികൾ നിലംപതിക്കുകയും ചെയ്യും. ഇങ്ങനെ നിലത്തു വീണു കിടക്കുന്ന തരികളാണത്രേ മന്നാ. ഇലയിലൂറി കട്ടിയാകുന്ന പാലല്ല, പാൽ കൊത്തിക്കുടിച്ച കീടങ്ങൾ വിസർജ്ജിക്കുന്ന വസ്തുവാണ് കട്ടിയായി ഇലയുടെ മുകളിൽനിന്നു മഞ്ഞുതുള്ളികളോടൊപ്പം നിലം പതിക്കുന്നത് എന്നാണ് ഏറ്റം പുതിയ വ്യാഖ്യാനം. തേൻപോലെ മധുരമുള്ള ഈ വസ്തു ജൂൺ - ജൂലൈ മാസങ്ങളിൽ ഇന്നും സീനായ് മരുഭൂ

മിയുടെ ചില ഭാഗങ്ങളിൽ ലഭ്യമാണത്രേ. കാലാവസ്ഥയനുസരിച്ച് ഇതിന്റെ അളവ് കൂടിയോ കുറഞ്ഞോ ഇരിക്കും എത്ര കട്ടിയാ യാലും, ഒരാൾ ദിവസം മുഴുവൻ അധ്വാനിച്ചാലും ഒരു ലിറ്ററിൽ കൂടുതൽ ശേഖരിക്കാൻ സാധിക്കുകയില്ല എന്നും ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു.

ഇന്ന് ഗവേഷകന്മാർ കണ്ടെത്തിയിരിക്കുന്ന മന്നാ തന്നെ യാണ് ഇസ്രായേൽക്കാർ ഭക്ഷിച്ചത് എന്നതിനു തെളിവൊന്നുമില്ല. അഥവാ അതാണെങ്കിൽപോലും അത്രവലിയ സമൂഹത്തിൽ നാല്പതുവർഷക്കാലം അനുദിനം ഭക്ഷിക്കാൻമാത്രം ലഭിച്ചു എന്ന തുതന്നെ വലിയൊരു അത്ഭുതമായി കരുതണം. പ്രകൃതി ശക്തി കളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവത്തിന് തന്റെ കരുണയുടെയും ശക്തമായ പരിപാലനയുടെയും അടയാ ളമായി സ്വാഭാവിക മന്നാകൊണ്ടുതന്നെ ഇസ്രായേൽക്കാരെ പോറ്റാൻ കഴിയുമായിരുന്നു. മന്നായെക്കുറിച്ചുള്ള ശാസ്ത്രീയ പഠ നമല്ല, അതു നല്കിയ ദൈവത്തിന്റെ പരിപാലനയും പദ്ധതിയു മാണ് ബൈബിൾ ലക്ഷ്യം വയ്ക്കുന്നത്. ഈ പദ്ധതി കണ്ടെത്തു കയാണ് നമുക്കു പ്രധാനം. അതിന് മന്നാ നല്കിയ വിധവും അതു ശേഖരിക്കുന്നതിനെ സംബന്ധിച്ചു നല്കിയിരുന്ന നിബന്ധനകളും കണക്കിലെടുക്കണം.

"കർത്താവ് മോശയോടു പറഞ്ഞു: ഞാൻ നിങ്ങൾക്കായി ആകാശത്തുനിന്നു അപ്പം വർഷിക്കും. ജനങ്ങൾ പുറത്തിറങ്ങി ഓരോ ദിവസത്തേക്കും ആവശ്യമുള്ളതു ശേഖരിക്കട്ടെ. അങ്ങനെ അവർ എന്റെ നിയമമനുസരിച്ചു നടക്കുമോ ഇല്ലയോ എന്നു ഞാൻ പരീക്ഷിക്കും" (പുറ 16,4). ദൈവം കനിഞ്ഞു നല്കിയ ആഹാര മാണ് മന്നാ; എന്നാൽ അതോടൊപ്പം ഒരു പരീക്ഷണവുമായിരുന്നു. ജനം കർത്താവിനെ അനുസരിക്കുമോ എന്നു പരീക്ഷിക്കാനായി മൂന്നു നിബന്ധനകളാണ് അവർക്കു നല്കിയത്. 1. ഓരോരുത്തരും ആവശ്യത്തിനു മാത്രമേ ശേഖരിക്കാവൂ. 2. ആരും നാളത്തേക്കു വേണ്ടി കരുതി വയ്ക്കരുത്. 3. സാബത്തു ദിവസം ശേഖരിക്കാനി റങ്ങരുത്. തങ്ങളുടെ സാമൂഹ്യജീവിതത്തെ സംബന്ധിക്കുന്ന ഈ പരീക്ഷണത്തിൽ അനേകർ പരാജയപ്പെട്ടു.

വിശന്നുവലഞ്ഞവർ ആർത്തിയോടെ വാരിത്തിന്നുകയല്ല, വാരിക്കൂട്ടുകയാണ് ചെയ്തത്. വിശപ്പടക്കുക എന്നതിനേക്കാൾ സമ്പാദിച്ചുവയ്ക്കുക എന്ന ലക്ഷ്യം അവർക്കു കൂടുതൽ വിലപ്പെ

ട്ടതായിരുന്നു. എല്ലാവർക്കുമായി ദൈവം വർഷിച്ച മന്നാ, എല്ലാവർക്കും വേണ്ട അന്നന്നത്തെയപ്പം, ചിലർ കൂടുതലായി വാരിക്കൂട്ടി സ്വന്തമായി സൂക്ഷിച്ചുവയ്ക്കാൻ ശ്രമിച്ചു. വാരിക്കൂട്ടാനുള്ള തത്രപ്പാടിൽ ചിലരുടെ പാത്രങ്ങൾ നിറഞ്ഞുകവിഞ്ഞപ്പോൾ മറ്റു ചിലരുടെ പാത്രങ്ങൾ മുക്കാലും കാലിയായിരുന്നു. പക്ഷേ ഇവിടെയാണ് മന്നായിൽനിന്നു ലഭിക്കുന്ന ആദ്യപാഠം. കൂടാരത്തിനുള്ളിൽ കൊണ്ടുവന്ന് നോക്കിയപ്പോൾ ഓരോരുത്തർക്കും ആവശ്യത്തിനു മാത്രമേയുള്ളൂ. കൂടുതൽ ശേഖരിച്ചവനു കൂടുതലോ കുറച്ചു ശേഖരിച്ചവനു കുറവോ ഉണ്ടായില്ല. ഇതിനെയാണ് സാമൂഹിക-സാമ്പത്തിക സമത്വത്തിന്റെ ബാലപാഠമായി വി. പൗലോസ് വ്യാഖ്യാനിക്കുന്നത് (2 കോറി 8,14-15).

എല്ലാവർക്കും തൃപ്തിയാകുംവരെ ഭക്ഷിക്കാൻ വേണ്ടത്ര മന്നാ രാത്രിതോറും ദൈവം വർഷിച്ചിരുന്നു. എന്നാൽ ചിലരുടെ ആർത്തി മറ്റു പലർക്കും ക്ഷാമത്തിന് കാരണമായി. എങ്കിലും ദൈവം ക്ഷാമം നികത്തി. ഇന്നു ഭൂമിയിൽ ജീവിക്കുന്നതിന്റെ നാലോ അഞ്ചോ ഇരട്ടി ജനങ്ങളെ സംരക്ഷിക്കാൻ മാത്രം ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കാൻ ഭൂമിക്കു കഴിയും എന്ന് ശാസ്ത്രകാരന്മാർ സമർത്ഥിക്കുന്നുണ്ട്. എന്നാൽ ഇന്നുതന്നെ ലോകജനസംഖ്യയുടെ മൂന്നിൽ ഒരുഭാഗത്തോളം ദാരിദ്ര്യരേഖയ്ക്കു താഴെ, അത്യാവശ്യമായ ആഹാരംപോലും ലഭിക്കാതെ സാവകാശം മരിക്കുകയാണെന്നു കണക്കുകൾ നിരത്തിക്കൊണ്ട് ഗവേഷകർ സ്ഥാപിക്കുന്നു. ഭക്ഷണവും മറ്റ് അടിസ്ഥാനഘടകങ്ങളും ലഭ്യമാക്കാനുള്ള ഭൂമിയുടെ അപര്യാപ്തതയല്ല, വാരിക്കൂട്ടാൻ തത്രപ്പെടുന്ന മനുഷ്യന്റെ സ്വാർത്ഥതയാണ് ഇതിനു കാരണം. ഈ സ്വാർത്ഥതയുടെ കടയ്ക്കാണ് മന്നായെക്കുറിച്ചുള്ള വിവരണം ആദ്യമേ കത്തിവയ്ക്കുന്നത്. അന്യന് അവകാശപ്പെട്ടത് സ്വന്തമാക്കരുത്. സ്വന്തമാക്കിയാൽ അത് നിലനില്ക്കുകയില്ല; സംരക്ഷണം നല്കുകയുമില്ല.

പൂഴ്ത്തിവച്ചതു പുഴുത്തുപോയി എന്നതാണ് മന്നായുടെ വിവരണത്തിൽ ഊന്നൽ നല്കുന്ന രണ്ടാമത്തെ പാഠം. നാളെ ലഭിച്ചില്ലെങ്കിലോ എന്നു കരുതി ചിലർ ഇന്നു ലഭിച്ച മന്നായിൽ നിന്നു കുറെ നാളത്തേക്കു മാറ്റിവച്ചു. എന്നാൽ നേരം വെളുത്തപ്പോൾ അതെല്ലാം പുഴുനിറഞ്ഞ് ഉപയോഗശൂന്യമായിത്തീർന്നിരുന്നു. ഓരോ ദിവസവും ദൈവത്തിൽ ആശ്രയിക്കാനും അന്ന

ന്നത്തെ ആഹാരം ദൈവം തരും എന്നു വിശ്വസിക്കാനും പ്രേരിപ്പിക്കുന്നതാണ് ഈ പാഠം. പിതാവിനെക്കുറിച്ചു പഠിപ്പിക്കുമ്പോൾ യേശു ഏറ്റം കൂടുതൽ ഊന്നൽ നല്കിയ ഒന്നാണ് അവിടുത്തെ കരുണാർദ്രമായ പരിപാലനം. "നാളയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനം അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി" (മത്താ 6,34).

ഇന്ന് എല്ലാവർക്കും ഉപയോഗിക്കാനായി ദൈവം നല്കുന്ന വിഭവങ്ങൾ ചിലർ വാരിക്കൂട്ടി നാളത്തേക്കു മാറ്റി വയ്ക്കുമ്പോൾ രണ്ടു ദോഷങ്ങളാണ് സംഭവിക്കുക. ഒന്ന് അനേകർ അവശ്യ വിഭവങ്ങൾ ലഭിക്കാതെ യാതനയനുഭവിക്കുന്നു; രണ്ട്. വാരിക്കൂട്ടി പൂഴ്ത്തിവയ്ക്കുന്നത് ആർക്കു ഉപകരിക്കാതെ പുഴുതിന്നു പോകുന്നു. ഭക്ഷണവും വസ്ത്രവും മറ്റ് അവശ്യവസ്തുക്കളും മാത്രമല്ല ഈ കൂട്ടത്തിൽ പെടുക. ഭാവി സുരക്ഷിതമാക്കാൻവേണ്ടി സ്വരുക്കൂട്ടി വയ്ക്കുന്ന സമ്പത്ത് മിക്കതും ഇങ്ങനെ തന്നെയാണ്. ബാങ്ക് നിക്ഷേപങ്ങൾക്കു വില ഇടിയുന്നു. വാങ്ങിക്കൂട്ടി തരിശായി ഇടുന്ന ഭൂമി ഉപയോഗശൂന്യമായിത്തീരുന്നു. നാളെയെക്കുറിച്ചു ഒരു ചിന്തയുംകൂടാതെ എല്ലാം ഇന്നു തിന്നുതീർക്കുന്ന ധൂർത്തിനെയും നിരുത്തരവാദിത്വത്തേയും പ്രോത്സാഹിപ്പിക്കുകയല്ല ഈ പഠനത്തിന്റെ ലക്ഷ്യം. നേരെമറിച്ച് ഭാവി സുരക്ഷിതത്വം ദൈവത്തിൽ സമർപ്പിക്കാനും ഇന്നു ലഭിച്ചിരിക്കുന്നവ ആവശ്യം അനുഭവിക്കുന്നവരുമായി പങ്കുവയ്ക്കാനും പ്രേരിപ്പിക്കുകയാണ്.

എന്നാൽ കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും എന്ന് അനുദിനം ഏറ്റുപറയുകയും ദാരിദ്ര്യം വ്രതമായി സ്വീകരിക്കുകയും ചെയ്യുന്ന സന്യസ്തർപോലും ഈ പാഠം സൗകര്യപൂർവ്വം മറക്കുന്നോ എന്ന സംശയം ജനിപ്പിക്കുന്നതാണ് ആനുകാലിക മനോഭാവങ്ങളും പ്രവർത്തനശൈലികളും. രൂപതകളും സന്ന്യാസസഭകളും ഭാവിസുരക്ഷിതത്വം ഷോപ്പിംഗ് കോംപ്ലക്സുകളിലും എസ്റ്റേറ്റുകളിലും ഷെയറുകളിലും ഒക്കെ കണ്ടെത്താനുള്ള വ്യഗ്രത ഈ സംശയത്തിന് ആക്കം കൂട്ടുന്നു. ആധ്യാത്മിക ദാരിദ്ര്യത്തെക്കുറിച്ചു ഗവേഷണപ്രബന്ധങ്ങൾ അവതരിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നവർക്കുപോലും ഏറ്റം കാര്യക്ഷമമായ അത്യാധുനിക ബിസിനസ്സ് മാനേജ്മെന്റിലാണു താൽപര്യം എന്നു തോന്നും. അതിനാൽത്തന്നെ ദൈവപരിപാലനയിൽ ആശ്രയിക്കണം എന്നു പറയുന്നവരുടെ വാക്കിന് ജീവിതസാക്ഷ്യത്തിന്റെ

പിൻബലമില്ലാതെ പോകുന്നു. പൂഴ്ത്തിവച്ചതു പുഴുത്തുപോയതു പോലെ എസ്റ്റേറ്റുകളിൽ തൊഴിൽ സമരങ്ങളും കോംപ്ലക്സുകളിൽ വാടകപ്രശ്നങ്ങളും സ്റ്റോക്ക് മാർക്കറ്റിൽ തകർച്ചകളും വഴി കർത്താവു നല്കുന്ന പാഠങ്ങൾ പലർക്കും ഇനിയും മനസ്സിലാകാതെ പോകുന്നു.

സാബത്തിൽ മന്നാ വാരാൻ പോകരുത് എന്നതായിരുന്നു മൂന്നാമത്തെ പാഠം. ആറാംദിവസം ശേഖരിക്കുന്നത് രണ്ടു ദിവസത്തേക്കു തികയും എന്ന് കർത്താവ് വാഗ്ദാനം ചെയ്തിരുന്നു. ഏഴാംദിവസത്തേക്കു സൂക്ഷിച്ചുവയ്ക്കുന്നതു കേടായതുമില്ല. എന്നിട്ടും ചിലർ സാബത്തുദിവസം പാത്രങ്ങളുമായി ഇറങ്ങി. ഇതു കർത്താവിനെ പ്രകോപിപ്പിച്ചു. എത്ര കിട്ടിയാലും തൃപ്തിയാകാതെ വീണ്ടും വീണ്ടും ശേഖരിക്കാനുള്ള പ്രവണതയിൽ കർത്താവിന്റെ ദിവസം വിശുദ്ധമായി ആചരിക്കണം എന്ന നിയമംപോലും വിസ്മരിക്കപ്പെട്ടു. മനുഷ്യോചിതമായ ജീവിതത്തിനു സഹായിക്കുന്നതായിരിക്കണം അദ്ധ്വാനം. അതു മനുഷ്യനെ അടിമയാക്കരുത്. അധ്വാനിക്കുന്ന മനുഷ്യന് ആഴ്ചയിൽ ഒരു ദിവസം വിശ്രമം ആവശ്യമാണ്. ദൈവികകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാൻ ആ ദിവസം ഉപകരിക്കണം. ഇതൊക്കെ ആയിരുന്നു സാബത്തു നിയമത്തിന്റെ ലക്ഷ്യങ്ങൾ. എന്നാൽ മന്നാ വാരാനുള്ള തിരക്കിൽ ഇതു പരിഗണിക്കപ്പെട്ടില്ല.

അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ അധരത്തിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത് എന്നു പഠിപ്പിക്കാൻ വേണ്ടിയാണ് മരുഭൂമിയിൽവച്ച് ദൈവം മന്നാ കൊണ്ട് ജനത്തെ തൃപ്തിപ്പെടുത്തിയത് (നിയ 8.3). എന്നാൽ തങ്ങൾക്ക് സമൃദ്ധമായി ആഹാരം നല്കുന്ന ദൈവത്തിനു നന്ദിപറയാൻപോലും സമയം കണ്ടെത്താതെ സമ്പാദിക്കാനുള്ള വ്യഗ്രതയാണവർക്ക്. സാബത്തുവിശ്രമം അർത്ഥശൂന്യമായ നഷ്ടം വരുത്തിവയ്ക്കലാണ് എന്ന് അവർ കരുതി. ഈ പ്രവണതയെ അതിനിശിതമായ ഭാഷയിൽ പിന്നീട് പ്രവാചകന്മാർ വിമർശിക്കുന്നതു കാണാം (ആമോ 8,5-6; ഏശ 556,2-7; 58,13; എസെ 20,13-24; നെഹെ 13,15-19). പരസ്നേഹപ്രവൃത്തികൾക്കും കർത്തൃശുശ്രൂഷയ്ക്കുമായി മാറ്റിവയ്ക്കേണ്ട സാബത്തിനെ സംബന്ധിച്ച ഇന്നത്തെ നിലപാടുതന്നെ മന്നാസംഭവത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തണം.

ആധുനിക സമ്പദ്‌വ്യവസ്ഥയിൽ ആഴ്ചയിൽ ഒരുദിവസം പരിപൂർണ്ണവിശ്രമം എന്ന നിയമം അസാധ്യമാണെന്നു കരുതുന്ന വരുണ്ട്. ദിവസം ഇരുപത്തിനാലു മണിക്കൂറും ആഴ്ചയിലെ ഏഴു ദിവസവും തുടർച്ചയായി പ്രവർത്തിക്കുന്ന യന്ത്രങ്ങളും സേവന സംവിധാനങ്ങളും നിലനില്ക്കുമ്പോൾ പഴയനിയമത്തിന്റെ കാർക്ക ശ്യത്തോടെ സാബത്താചരിക്കുക സാധ്യമല്ലതന്നെ. എന്നാലും അധ്വാനിക്കുന്നവനു വിശ്രമം നല്കാനും സകലർക്കും ദൈവാരാ ധനയ്ക്കു സമയം കണ്ടെത്താനും കഴിയണം. സാധിക്കുന്നിട ത്തോളം കർത്തൃദിനമായ ഞായറാഴ്ച ലാഭകരമായ അധ്വാനങ്ങ ളിൽനിന്ന് ഒഴിഞ്ഞ് ദൈവാരാധനയ്ക്കും പരസ്നേഹപ്രവർത്തന ങ്ങൾക്കുമായി മാറ്റിവയ്ക്കാൻ ശ്രമിക്കണം. എന്നാൽ ഇക്കാര്യങ്ങൾ പഠിപ്പിക്കാൻ കടപ്പെട്ടവർതന്നെ ഞായറാഴ്ച കച്ചവടവും ഇതര ജോലികളും പ്രോത്സാഹിപ്പിക്കാൻ തുടങ്ങുമ്പോൾ പിന്നെ മന്നാ യിലൂടെ നല്കപ്പെട്ട പാഠം ആർക്കു സ്വീകരിക്കാനാവും?

സാബത്തിൽ നിഷ്ക്രിയത്വം ആവശ്യപ്പെടുന്ന ഫരിസേയ മനോഭാവമല്ല, നിസ്വാർത്ഥമായി നന്മ പ്രവർക്കാനുള്ള യേശുവിന്റെ ആഹ്വാനമാണ് ഇവിടെ പ്രസക്തം. മനുഷ്യനെ അധ്വാനത്തിന് അടി മയാക്കുന്ന ദ്രവ്യാഗ്രഹത്തിൽ നിന്നു മോചിപ്പിക്കുന്നതാണ് മന്നാ യുടെ വിവരണത്തിലൂടെ നല്കുന്ന ഈ മൂന്നാംപാഠം. അതിന്റെ പ്രായോഗികതലത്തിലുള്ള ആവിഷ്ക്കാരമാണ് "ഞായറാഴ്ച ദിവസം മുഴുവൻ കുർബ്ബാന കാണണം" എന്ന സഭാനിയമം. ഞായറാഴ്ച കുർബ്ബാന കണ്ടുകഴിഞ്ഞാൽ പിന്നെ എന്തു തൊഴിലും ആകാം എന്ന ഒരു ധാരണ ഈ നിയമത്തിന്റെ മറവിൽ പലരും വച്ചുപുലർത്തു ന്നുണ്ട്. അതു തിരുത്തിയേ മതിയാകൂ.

മരുഭൂമിയിൽ മന്നാ വർഷിച്ചവന്റെ കരം കുറുകിപ്പോയിട്ടില്ല. ജനത്തിന്റെ നിലവിളി കേട്ടവന്റെ കാതുകൾക്കു മാന്ദ്യം സംഭവിച്ചി ട്ടുമില്ല. മന്നാ വർഷിച്ചവൻ തന്നെ നിഗൂഢമന്നാ ആയി, നിത്യജീ വന്റെ അപ്പമായി ഇന്നു നമ്മുടെ ഇടയിൽ വസിക്കുന്നു, വാരിക്കൂട്ടി പൂഴ്ത്തിവയ്ക്കാതെ പങ്കുവയ്ക്കാനും, സാബത്ത് അശുദ്ധമാക്കാതെ പരസ്നേഹപ്രവൃത്തിയിലൂടെ കർത്തൃശുശ്രൂഷയ്ക്ക് സമയം കണ്ടെ ത്താനും ആഹ്വാനം ചെയ്തുകൊണ്ട്, ദൈവത്തിന്റെ കരുണാർദ്ര മായ പൈതൃകവാത്സല്യത്തിന്റെ അടയാളമാണ് മന്നാ. ഒപ്പം നിരു പാധികമായ വിശ്വാസത്തിനും ശിശുസഹജമായ ആശ്രയത്വത്തി നുമുള്ള ആഹ്വാനവും.



2

# കിബ്രോത്ത് ഹത്താവാ

"അത്യാഗ്രഹികളെ സംസ്കരിച്ചതുകൊണ്ട് ആ സ്ഥല ത്തിന് കിബ്രോത്ത് ഹത്താവാ എന്നു പേരിട്ടു." സംഖ്യ 1,34. (അ ത്യാഗ്രഹത്തിന്റെ ശവക്കുഴി എന്നാണ് പേരിന്റെ അർത്ഥം)

ഈജിപ്തിലെ അടിമത്തത്തിൽനിന്ന് അത്ഭുതമാംവിധം വിമോചിപ്പിക്കപ്പെട്ട ജനം ചെങ്കടൽ കടന്നു പ്രവേശിച്ചത് പാലും തേനും ഒഴുകുന്ന കാനാൻ ദേശത്തേക്കല്ല, ചുട്ടുപൊള്ളുന്ന മണ ലാരണ്യത്തിലേക്കായിരുന്നു. വാഗ്ദത്തഭൂമി, നോക്കെത്താദൂരത്ത്, ഇനിയും നിറവേറേണ്ട ഒരു വാഗ്ദാനവും പൂർത്തിയാക്കേണ്ട ഒരു ദൗത്യവുമായി നിലകൊണ്ടു. കടൽ കടന്നവർ വിശ്രമത്തിലേക്കു പ്രവേശിക്കുകയല്ല, ഒരു തീർത്ഥാടനത്തിനു തുടക്കം കുറിക്കുക യാണ് ചെയ്തത്. ആ തീർത്ഥാടനം സുദീർഘവും ക്ലേശപൂർണ്ണ വുമായിരുന്നു.

വഴിയും തണലുമില്ലാത്ത, അപ്പവും വെള്ളവും ലഭിക്കാത്ത "ശൂന്യത ഓരിയിടുന്ന" മണൽക്കാട്ടിലൂടെയുള്ള യാത്ര ഇസ്രാ യേൽജനത്തെ സംബന്ധിച്ചിടത്തോളം വലിയ ഒരു പരിശീലന ത്തിന്റെ കാലഘട്ടമായിരുന്നു. "അപ്പംകൊണ്ടു മാത്രമല്ല കർത്താ

വിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുംകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്'' (നിയ 8,3) എന്നു മനസ്സിലാക്കാൻ വേണ്ടി ദൈവം അവരെ വിശപ്പറിയാൻവിട്ടു. ദിവങ്ങളോളം വെള്ളമില്ലാത്ത മരുഭൂമിയിലൂടെ അവർ അലഞ്ഞു. മൂന്നു ദിവസങ്ങൾക്കുശേഷം വെള്ളം കണ്ടെത്തിയപ്പോൾ അത് കുടിക്കാൻ കൊള്ളാത്തവിധം കയ്പുനിറഞ്ഞതായിരുന്നു. അടിമത്തത്തിന്റെ കയ്പുനീർ മട്ടുവരെ കുടിച്ചവർക്ക് സ്വതന്ത്ര്യത്തിലേക്കുള്ള പ്രയാണവും കയ്പുള്ളതായിരുന്നു. ആഹാരം കിട്ടാതെ അവർ തളർന്നു. പകൽ കൊടുചൂടും രാത്രി മരംകോച്ചുന്ന തണുപ്പും. എളുപ്പമായിരുന്നില്ല മരുഭൂമിയിലെ തീർത്ഥാടനം. എന്നാൽ അതേസമയം ദൈവത്തിന്റെ സംരക്ഷണം അതിശക്തമാംവിധം അനുഭവിച്ചറിഞ്ഞ ഒരു കാലഘട്ടവുമായിരുന്നു അത്.

അവർക്കു പാളയമടിക്കാൻ സ്ഥലം അന്വേഷിച്ച് ദൈവം അവർക്കുമുമ്പേ പോയി. രാത്രി അഗ്നിസ്തംഭത്തിലും പകൽ മേഘത്തൂണിലും കർത്താവ് അവർക്കു വഴികാട്ടി. മുമ്പിലും പിമ്പിലും അവിടുന്ന് അവർക്കു കാവൽനിന്നു. മുകളിൽ മേഘമായി തണൽവിരിച്ചു. വിശന്നുവലഞ്ഞവർക്ക് ആകാശത്തുനിന്നും മന്നാ പൊഴിച്ചു കൊടുത്തു. ദാഹിച്ചു തളർന്നവർക്ക് പാറ തുറന്ന് കുടിനീരു നല്കി. അപ്രതീക്ഷിതമായി കടന്നാക്രമിച്ച ശത്രുക്കളുടെ കൈയിൽനിന്ന് അവരെ സംരക്ഷിച്ചു. ന്യായമായ അവരുടെ എല്ലാ ആവശ്യങ്ങളും, അവർ ആഗ്രഹിച്ചതിനേക്കാൾ കൂടുതൽ മെച്ചമായ വിധത്തിൽ അവിടുന്ന് നിറവേറ്റിക്കൊടുത്തു. പക്ഷേ അതുകൊണ്ടുമാത്രം അവർ തൃപ്തരായില്ല.

മരുഭൂമിയിലെ തീർത്ഥാടനം സംരക്ഷണത്തിന്റെ മാത്രമല്ല, പരീക്ഷണത്തിന്റെയും കാലഘട്ടമായിരുന്നു. ജനം തന്നോടു വിശ്വസ്തത പുലർത്തുമോ എന്ന് ദൈവം പരീക്ഷിച്ചു. തങ്ങളുടെ അന്യായമായ ആവശ്യങ്ങളും അവകാശവാദങ്ങളുംവഴി ജനം ദൈവത്തെയും പരീക്ഷിച്ചു. അടിമത്തമാകുന്ന ഇരുമ്പുചൂളയിൽനിന്നു മോചിപ്പിച്ചവരെ സ്വാതന്ത്ര്യം അനുഭവിക്കാൻ ദൈവം പരിശീലിപ്പിച്ചത് മരുഭൂമിയിൽവച്ചാണ്. സീനായ്മലവരെ കഴുകന്റെ ചിറകുകളിൽ സംവഹിച്ചാലെന്നതുപോലെ സുരക്ഷിതരായി, അതിവേഗം അവിടുന്നു കൊണ്ടുവന്നു. അവർക്കുണ്ടായ ക്ലേശങ്ങളിലെല്ലാം അവിടുന്ന് പെട്ടെന്ന് ഇടപെട്ട് പരിഹരിച്ചു. കർത്താവിൽമാത്രം ആശ്രയിക്കാനും തങ്ങൾക്ക് ആവശ്യമായതെല്ലാം കർത്താ

വിൽനിന്നു സ്വീകരിക്കാനും അവരെ പരിശീലിപ്പിക്കുകയായിരുന്നു. എന്നാൽ ഉടമ്പടിക്കുശേഷമുള്ള യാത്രയിൽ ജനത്തിന്റെ സ്വഭാവ ത്തിൽ മാറ്റംവന്നു. മലയടിവാരത്തുവച്ച് കാളക്കുട്ടിയെ നിർമ്മിച്ച് അവിശ്വസ്തത തെളിയിച്ചവർ യാത്രാമധ്യേ വീണ്ടുംവീണ്ടും ദൈവത്തെ പ്രകോപിപ്പിച്ചു. അപ്രകാരം ഒരു സംഭവമാണ് ഇവിടെ പഠനവിഷയമാക്കുന്നത്.

മാസങ്ങളായി മരുഭൂമിയിലൂടെ യാത്രചെയ്തവർക്കുവേണ്ടി ദൈവം ദിവസന്തോറും മന്നാ പൊഴിച്ചുകൊടുത്തിരുന്നു. വിശന്നു പൊരിഞ്ഞവർക്ക് മന്നാ വളരെ ഹൃദ്യമായ ഭക്ഷണമായിരുന്നു. എന്നാൽ പിന്നെപ്പിന്നെ മന്നായ്ക്കു സ്വാദുപോരാ എന്ന ഒരു തോന്നൽ. ഒരേ ഭക്ഷണംതന്നെ കഴിക്കുന്നതിലുള്ള വിരസത. കുറ ച്ചുകൂടി മെച്ചപ്പെട്ട ആഹാരം വേണം എന്ന ആഗ്രഹം. ഏതാണ്ട് ഒരു വർഷത്തിലേറെ അകലത്തുനിന്നു തിരിഞ്ഞുനോക്കിയപ്പോൾ ഈജിപ്തിലെ ഇറച്ചിക്കലങ്ങൾ മരുഭൂമിയിലെ മന്നായെക്കാൾ രുചി രകരമായി അവർക്ക് തോന്നി. ഇത് വലിയ പരാതികൾക്കു വഴി തെളിച്ചു. ഇറച്ചിക്കുവേണ്ടി മോശയ്ക്കും ദൈവത്തിനും എതിരേ ഒരു സമരം തന്നെ പ്രഖ്യാപിക്കാൻ അവർ തയ്യാറായി. "ഇവിടെ ഞങ്ങളുടെ പ്രാണൻ പോകുന്നു. ഈ വിലകെട്ട മന്നായല്ലാതെ മറ്റൊന്നും കാണാനില്ല" (സംഖ്യ 11,6; 21,6).

ഇതുവരെ ജനം ഉയർത്തിയ പല വിലാപങ്ങളും ന്യായമാ യതായിരുന്നു. വിശന്നപ്പോൾ ആഹാരത്തിനും ദാഹിച്ചപ്പോൾ ജല ത്തിനും വേണ്ടി അവർ നിലവിളിച്ചപേക്ഷിച്ചു. അപ്പോഴെല്ലാം ദൈവം അവർക്ക് കനിവോടെ ഉത്തരമരുളി. എന്നാൽ ഇപ്പോഴത്തെ ആവലാതികൾ അത്യാവശ്യങ്ങളിൽനിന്നല്ല, അത്യാഗ്രഹ ത്തിൽനിന്ന് ഉയർന്നു വന്നതാണ്. വിശപ്പടക്കുകയോ ജീവൻ നില നിർത്തുകയോ അല്ല, സ്വാദിഷ്ടഭക്ഷണം ആസ്വദിക്കുകയാണ് അവ രുടെ ആവശ്യം. ഇത് കർത്താവിന് അനിഷ്ടകരമായി. അതിനാൽ അവരുടെ അത്യാഗ്രഹം തന്നെ അവർക്കു വിനയാക്കിത്തീർത്തു.

മോശവഴി കർത്താവ് ജനത്തോടു പറഞ്ഞു: "നിങ്ങൾക്കു ഭക്ഷിക്കാൻ മാംസം ലഭിക്കും. ഞങ്ങൾക്കു മാംസം ആരുതരും? ഈജിപ്തിൽ ഞങ്ങൾ സന്തുഷ്ടരായിരുന്നു എന്ന് കർത്താവിനോട് നിങ്ങൾ പരാതിപ്പെട്ടു. അതിനാൽ കർത്താവ് നിങ്ങൾക്കു മാംസം തരും, നിങ്ങൾ ഭക്ഷിക്കുകയും ചെയ്യും. ഒന്നോ രണ്ടോ അഞ്ചോ പത്തോ ഇരുപതോ ദിവസത്തേക്കല്ല നിങ്ങൾ അതു തിന്നുക.

നിങ്ങളുടെ മൂക്കിലൂടെ പുറത്തുവന്ന് ഓക്കാനം വരുന്നതുവരെ. ഒരു മാസത്തേക്ക് നിങ്ങൾ അത് ഭക്ഷിക്കും" (സംഖ്യ 11,18-20).

കർത്താവ് വാക്കുപാലിച്ചു. കടലിൽനിന്നു വന്ന കാറ്റിന്റെ ചിറകിൽ കാടപ്പക്ഷികൾ കൂട്ടംകൂട്ടമായി വന്ന് ഇസ്രായേൽക്കാരുടെ പാളയത്തിനുചുറ്റും വീണു. "ഒരു ദിവസത്തെ യാത്രാദൂരം വ്യാസാർദ്ധത്തിൽ കൂടാരത്തിനു ചുറ്റും രണ്ടുമുഴം ഘനത്തിൽ മൂടിക്കിടന്നു" (സംഖ്യ 11,31). കാടപ്പക്ഷികളെ കണ്ട് ആർത്തിപൂണ്ട ജനം വാരിക്കൂട്ടി, വെട്ടിവിഴുങ്ങി. ഉടനെതന്നെ ഫലവുമുണ്ടായി. ഇറച്ചി ചവച്ചുകൊണ്ടിരുന്നവരെ കർത്താവയച്ച ഒരു മഹാമാരി വെട്ടിവീഴ്ത്തി. കാടപ്പക്ഷികൾ വന്നടിഞ്ഞിടത്ത് അത്യാഗ്രഹികളുടെ ശവങ്ങൾ വീണു. അങ്ങനെ ആ സ്ഥലത്തിന് കിബ്രോത്ത് ഹത്താവാ എന്ന പേരുകിട്ടി.

കർത്താവു നല്കിയ മന്നാകൊണ്ടു തൃപ്തിപ്പെടാതെ മാംസത്തിനുവേണ്ടി മുറവിളികൂട്ടിയവർക്ക് അവർ ആഗ്രഹിച്ച, ചോദിച്ചുവാങ്ങിയ, മാംസം തന്നെ ശാപമായിത്തീർന്നു. ആധുനികസമൂഹത്തിന് വലിയൊരു പാഠം ഇതിൽനിന്നു പഠിക്കാനുണ്ട്. അല്ല, വാരിക്കൂട്ടാനും വെട്ടിവിഴുങ്ങാനും തത്രപ്പെടുന്ന ഉപഭോഗതൃഷ്ണയാർന്ന മനുഷ്യൻ കിബ്രോത്ത് ഹത്താവായുടെ പാഠം വീണ്ടും പുതുതായി പഠിച്ചുകൊണ്ടിരിക്കുകയാണ്. "ഓവർ വെയ്റ്റി"ന്റെ പേരിൽ വിലപിക്കുന്ന മുതലാളിമാരും കൊച്ചമ്മമാരും മാത്രമല്ല ഈ പാഠം പഠിച്ചുകൊണ്ടിരിക്കുന്നത്. ലഹരിയിൽ ജീവിതദുഃഖങ്ങൾക്ക് അവധി തേടുകയും സുഖാനുഭൂതികൾ അന്വേഷിക്കുകയും ചെയ്യുന്നവർക്കു ലഹരിതന്നെ ശാപമായിത്തീരുന്നു. പാനീയമോ, പുകയോ സിരകളിലേക്കു പടർന്നുകയറുന്ന മയക്കുന്ന മരുന്നുകളോ ആകട്ടെ, ഇന്ന് അവ വരുത്തി വയ്ക്കുന്ന ശാപം മുഖ്യമായും സമ്പന്നവിഭാഗത്തിനു മുമ്പിൽ മഹാമാരിയുടെ രൂപം പൂണ്ടു നിൽക്കുന്നു.

ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മരണംവരെ ഒരുമിച്ച് പരസ്പരം ഇണയും തുണയുമായി കുഞ്ഞുങ്ങൾക്ക് ജന്മം നല്കി കഴിയേണ്ട കുടുംബബന്ധത്തിന്റെ അതിരുകൾ കടന്ന്, ഭോഗേഛയുടെ കയറൂരിവിടുമ്പോൾ കടന്നുവരുന്ന സംഹാരമൂർത്തികളുടെ ഭീകരരൂപങ്ങൾക്കുമുമ്പിൽ ആധുനികസമൂഹം തകർന്നു വീഴുന്നതും നമ്മൾ കാണുന്നു. കേരളത്തിൽ ഇരുന്നൂറിൽ ഒരാൾ എയ്ഡ്സ് രോഗിയാണെന്ന സർക്കാരിന്റെ കണ്ടെത്തലിന് ഒരു

വയസ്സിലേറെ പ്രായമായി. ശവക്കുഴികൾപോലും അവർക്കു കൊടുക്കാൻ മടിച്ചുനില്ക്കുകയാണ് നമ്മുടെ സമൂഹം. അവരുടെ ജഡം മറവുചെയ്താൽ മണ്ണും, കത്തിച്ചാൽ വായുവും മലിനമാകും എന്ന ഭയത്താൽ ശവം എന്തുചെയ്യും എന്നറിയാതെ പകച്ചു നില്ക്കുമ്പോൾ കിബ്രോത്ത് ഹത്താവായുടെ പ്രസക്തി ഒട്ടും കുറഞ്ഞിട്ടില്ല എന്നു നാം കാണുന്നു.

ദൈവം നല്കിയ കുഞ്ഞുങ്ങളെ ഉദരത്തിൽ സ്വീകരിച്ചവർ തുടർന്നു വഹിക്കാനോ പൂർണ്ണ വളർച്ചയാകുമ്പോൾ പ്രസവിച്ചു വളർത്താനോ ഇഷ്ടപ്പെടാതെ സൗകര്യപൂർവ്വം ഒഴിവാക്കാൻ ശ്രമിക്കുന്നിടത്ത് പ്രതിവർഷം ആറുകോടി ശവകുടീരം ഉയരുന്നു. തെറ്റി. കുടീരങ്ങളില്ല ശവങ്ങൾ പോലും മുഴുവൻ പിച്ചിച്ചീന്തിയ അവയവങ്ങൾ, മരുന്നിനായി എടുത്തതിന്റെ ബാക്കിവരുന്നവ സൗന്ദര്യപോഷകവസ്തുക്കളുടെ ഉത്പാദനത്തിനായി ഫാക്ടറികളിലേക്കു നീങ്ങുന്നു. ചില പ്രത്യേക തീന്മേശകളിലും അവ പ്രത്യക്ഷപ്പെടാറുണ്ടത്രേ! അബോർഷൻ റൂമിലെ പ്ലാസ്റ്റിക് ബക്കറ്റിൽ കിടന്നു കരയുന്ന പൂർണ്ണ വളർച്ചയെത്തിയ കുഞ്ഞിന്റെ കാലിൽ പിടിച്ച് പൊക്കി തറയിലടിച്ച് നിശബ്ദനാക്കുന്ന കാപാലികന്മാർ കിബ്രോത്ത് ഹത്താവായുടെ കിങ്കരന്മാർതന്നെ. കുഞ്ഞുങ്ങളെ ഉപേക്ഷിക്കുകയും വധിക്കുകയും ചെയ്യുന്ന സമൂഹത്തിന് ഇനി കുഞ്ഞുങ്ങളെ നല്കേണ്ടതില്ല എന്ന് ജീവന്റെ നാഥൻ തീരുമാനിച്ചിരിക്കുകയാണോ? കേരളത്തിൽ വ്യാപകമായിത്തീരുന്ന സ്ത്രീപുരുഷ വന്ധ്യത്വം ഏതു ദിക്കിലേക്കാണ് വിരൽ ചൂണ്ടുക?

ഉള്ളവന്റെ അത്യാഗ്രഹം ഇല്ലാത്തവനെ പട്ടിണിയിലിടുന്നു. അത് അന്തർദേശീയ വാണിജ്യനിയമങ്ങളിലും വ്യവസായനയങ്ങളിലും, ഭീകരമായ വിനകൾ വരുത്തിവച്ചുകൊണ്ടിരിക്കുന്നു. സഹസ്രകോടികളുടെ ലാഭക്കണക്ക് അവതരിപ്പിക്കുന്ന വ്യവസായ വാണിജ്യസ്ഥാപനങ്ങൾ തങ്ങളുടെ ആർത്തിയും ധൂർത്തും മൂലം പട്ടിണിമരണത്തിലേക്കു തള്ളിവിടുന്ന ജനകോടികളുടെ കണക്ക് അവതരിപ്പിക്കാറില്ല. ഭൂമിയിലെ പരിമിതമായ വിഭവങ്ങൾ ചുരുക്കം പേരുടെ ആഡംബരങ്ങൾക്കായി ചൂഷണം ചെയ്യപ്പെടുമ്പോൾ ഭൂഗോളംതന്നെ വലിയൊരു കിബ്രോത്ത് ഹത്താവാ ആയിത്തീരുകയല്ലേ? മനുഷ്യന്റെ ആവശ്യങ്ങൾ പരിഹരിക്കാൻ ഈ ഭൂമിക്കു കഴിയും. എന്നാൽ അത്യാഗ്രഹങ്ങളും ആഡംബരങ്ങളും താങ്ങാൻ ആവില്ല. ജീവൻ അറ്റുപോയ പുഴകളും വിഷവായു നിറഞ്ഞ അന്ത

രീക്ഷവും വിള്ളൽവീണ ഓസോൺ പാളികളും വ്യാപിച്ചുകൊണ്ടി രിക്കുന്ന മരുഭൂമികളും ഗതിമാറി വീശുന്ന വാണിജ്യവാതങ്ങളും താണ്ഡവമാടുന്ന ചുഴിലിക്കൊടുങ്കാറ്റുകളും ഭൂമിയുടെതന്നെ സമ നില തെറ്റിക്കുന്ന ഭൂഗർഭ വിസ്ഫോടനങ്ങളും താളംതെറ്റുന്ന കാല ഋതുക്കളും എല്ലാം ഈ ഭൂഗോളം ഒരു വലിയ ശവപ്പറമ്പാകാൻ പോകുന്നു എന്ന സൂചനകളാണോ നല്കുക?

പരിഹാരമാർഗ്ഗം ഒന്നേ ഉള്ളൂ. മതിത്വം പാലിക്കുക. മതി എന്നു പറയാൻ പഠിക്കുക. ആകാശത്തുനിന്നു കർത്താവു പൊഴി ക്കുന്ന മന്നാകൊണ്ട് തൃപ്തിപ്പെടുക. വി. പൗലോസിന്റെ ഭാഷ യിൽ പറഞ്ഞാൽ "ഭക്ഷണവും വസ്ത്രവുമുണ്ടെങ്കിൽ നമുക്ക് അതു കൊണ്ട് തൃപ്തിപ്പെടാം" (1 തിമോ 6,8). എല്ലാ തിന്മകളുടെയും അടിസ്ഥാനമായ ധനമോഹത്തിൽ നിന്നു മുക്തി നേടിയാലേ നമുക്ക് നിലനില്പുണ്ടാകൂ! മരുഭൂമിയിലൂടെ നടത്തിയ തീർത്ഥാടനമധ്യേ ഇസ്രായേൽജനം പഠിച്ച ഈ പാഠം തികച്ചും പ്രസക്തമാണ്. അമി താഭിലാഷങ്ങൾക്കും ആസക്തികൾക്കും കടിഞ്ഞാണിട്ടാൽ, അമി താഹാരവും ആഡംബരങ്ങളും വെടിഞ്ഞാൽ ശരീരം കൂടുതൽ ആരോഗ്യമുള്ളതാകും; മനസ്സ് കൂടുതൽ സ്വസ്ഥമാകും; ആത്മാവ് ശുദ്ധവും സമൂഹം സുരക്ഷിതവും ആകും. മനുഷ്യർ അനുഷ്ഠി ക്കുന്ന നോമ്പിന്റെ സന്ദേശവും മറ്റൊന്നുമല്ലല്ലോ.



3

# നെഹുഷ്താൻ

"മോശ ഉണ്ടാക്കിയ നെഹുഷ്താൻ എന്നു വിളിക്കപ്പെടുന്ന ഓട്ടുസർപ്പത്തിന്റെ മുമ്പിൽ ഇസ്രായേൽക്കാർ ധൂപാർച്ചന നടത്തിയതിനാൽ അവൻ അതു തകർത്തു" (2 രാജാ 18,4).

ബി.സി. 716-687 യൂദാ ഭരിച്ച വിശുദ്ധനായ രാജാവാണ് ഹെസെക്കിയാ. സോളമന്റെ കാലംമുതൽ ഇസ്രായേൽ സമൂഹത്തിൽ കടന്നുകൂടിയ വിഗ്രഹാരാധനയ്ക്കും അന്ധവിശ്വാസങ്ങൾക്കും അറുതി വരുത്തി ജനത്തെ വീണ്ടും ദൈവത്തോടു വിശ്വസ്തത പുലർത്താൻ പ്രേരിപ്പിച്ച അദ്ദേഹത്തിന്റെ മതനവീകരണ ശ്രമങ്ങളെ 2 രാജാ 18,1-8 ൽ വിവരിക്കുന്നുണ്ട്. ആരാധനയിലെ അനാചാരങ്ങളെയെല്ലാം തുടച്ചുമാറ്റാൻ നടത്തിയ ശ്രമത്തിന്റെ ഭാഗമായിട്ടാണ് സർപ്പത്തിന്റെ ഓട്ടുവിഗ്രഹം തല്ലിത്തകർത്തത്. എങ്ങനെയാണ് ഒരു സർപ്പത്തിന്റെ പ്രതിമ ജറുസലെം ദേവാലയത്തിൽ സ്ഥാപിതമായത്, എന്നായിരുന്നു അതിന്റെ ഉത്ഭവം, എന്തുകൊണ്ടാണ് ഹെസെക്കിയാ ആ പ്രതിമ ഉടച്ചുകളഞ്ഞത്, ആ പ്രവൃത്തിക്ക് ഇന്ന് എന്തു പ്രസക്തിയുണ്ട് എന്നീ ചോദ്യങ്ങൾക്കു ചുരുക്കത്തിൽ മറുപടി നല്കാൻ ശ്രമിക്കുകയാണ് ഈ പഠനത്തിൽ.

ഇസ്രായേൽ ജനത്തിന്റെ വിശ്വാസപരിശീലനത്തിന്റെ കാല

ഘട്ടമായിരുന്നു മരുഭൂമിയിലൂടെ നടത്തിയ നാല്പതുവർഷത്തെ തീർത്ഥാടനം. കർത്താവിനോടു വീണ്ടും വീണ്ടും അവിശ്വസ്തത കാട്ടിയവർ ശിക്ഷയനുഭവിച്ചു. കാരുണ്യവാനായ കർത്താവ് നല്കിയ ശിക്ഷകളൊന്നും നശിപ്പിക്കുന്നതിനുവേണ്ടിയായിരുന്നില്ല; ശിക്ഷണം നല്കി ജനത്തെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുന്നതിനുവേണ്ടിയായിരുന്നു. ഇപ്രകാരമൊരു ശിക്ഷണ ത്തിന്റെ ഭാഗമായിട്ടാണ് ഓട്ടുസർപ്പം ബൈബിളിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത്.

വാഗ്ദത്തഭൂമിയിലേക്കുള്ള ദീർഘമായ യാത്രാമധ്യേ അവർ വീണ്ടും അക്ഷമരായി. "മോശയ്ക്കും അഹറോനും എതിരേ അവർ സംസാരിച്ചു. ഈ മരുഭൂമിയിൽ മരിക്കാൻ നീ ഞങ്ങളെ ഈജി പ്തിൽനിന്നു കൊണ്ടുവന്നതെന്തിന്? ഇവിടെ അപ്പമോ വെള്ളമോ ഇല്ല; വിലകെട്ട ഈ അപ്പം തിന്നു ഞങ്ങൾ മടുത്തു" (സംഖ്യ 21,5). ദൈവം കനിഞ്ഞുനല്കിയ രുചികരമായ ഭക്ഷണത്തെ വിലകെട്ട തായ അപ്പമായി വ്യാഖ്യാനിച്ചവരുടെ അടുക്കലേക്ക് "കർത്താവ് ആഗ്നേയസർപ്പങ്ങളെ അയച്ചു; അവയുടെ ദംശനമേറ്റ് ഇസ്രായേ ലിൽ വളരെപ്പേർ മരിച്ചു. ജനം മോശയുടെ അടുക്കൽ വന്നുപറഞ്ഞു: അങ്ങേയ്ക്കും കർത്താവിനുമെതിരായി സംസാരിച്ച് ഞങ്ങൾ പാപം ചെയ്തു. ഈ സർപ്പങ്ങളെ പിൻവലിക്കാൻ കർത്താവിനോടു പ്രാർത്ഥിക്കണമേ. മോശ ജനത്തിനു വേണ്ടി പ്രാർത്ഥിച്ചു. കർത്താവ് മോശയോട് അരുളിച്ചെയ്തു: "ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കി വടി യിൽ ഉയർത്തിനിർത്തുക. ദംശനമേല്ക്കുന്നവർ അതിനെ നോക്കി യാൽ മരിക്കുകയില്ല." മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തി നിർത്തി; ദംശനമേറ്റവർ പിച്ചള സർപ്പത്തെ നോക്കി; അവർ ജീവിച്ചു" (സംഖ്യ 21,7-9).

അവിശ്വസ്തതയും നന്ദികേടും കഠിനമായ പാപമാണെന്ന് ജനത്തെ ബോധ്യപ്പെടുത്തുന്ന ഒരു സംഭവമാണിത്. ശിക്ഷയനുഭ വിച്ചവർ മനസ്തപിച്ചു. മോശയുടെ അടുക്കൽ മാധ്യസ്ഥ്യം യാചിച്ചു. മോശ അവർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം ശിക്ഷ പിൻവലിച്ചു; ഏറ്റ ശിക്ഷയിൽനിന്നു രക്ഷനേടാനുള്ള മാർഗ്ഗവും ഉപദേശിച്ചു. മധ്യസ്ഥപ്രാർത്ഥന, പ്രതിമനിർമ്മാണം മുതലായ വിഷ യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്. ദൈവത്തോടു ജനത്തിനു നേരിട്ടു പ്രാർത്ഥിക്കാമായിരുന്നു. എന്നാൽ അവർ മോശവഴിയാണ് പ്രാർത്ഥിച്ചത്. ദൈവം മോശയുടെ മാധ്യസ്ഥ്യം സ്വീകരിക്കുകയും ചെയ്തു. അതിനാൽ മധ്യസ്ഥന്മാരെയും മധ്യസ്ഥപ്രാർത്ഥനയും

ദൈവം സ്വീകരിക്കുന്നു എന്നു വ്യക്തം. മനുഷ്യരെ തന്റെ ഹിതം അറിയിക്കാനും അവർക്കു തന്റെ അനുഗ്രഹങ്ങൾ നല്കാനും മധ്യ സ്ഥരായി ദൈവം തന്നെ മനുഷ്യരെ തിരഞ്ഞെടുക്കുന്നതിന്റെ ഒരു ഉദാഹരണമാണിത്.

യാതൊന്നിന്റെയും പ്രതിമ ഉണ്ടാക്കരുത്, അവയ്ക്കുമുമ്പിൽ പ്രണമിക്കരുത് (പുറ 20,4) എന്ന പ്രമാണത്തിന് ഒരു അപവാദമല്ല ഓട്ടുസർപ്പത്തെയുണ്ടാക്കാനുള്ള കല്പന. ആരാധിക്കാൻവേണ്ടി പ്രതിമകൾ ഉണ്ടാക്കരുത് എന്ന പ്രമാണംതന്നെ നിന്റെ ദൈവമായ കർത്താവിനെ മാത്രമേ ആരാധിക്കാവൂ എന്ന ഒന്നാം പ്രമാണത്തിന്റെ വിശദീകരണമാണ്. ആരാധിക്കാൻവേണ്ടി മനുഷ്യൻ നിർമ്മിക്കുന്ന തെന്തും, അത് പ്രതിമയോ പ്രത്യയശാസ്ത്രമോ പണമോ പ്രശ സ്തിയോ ആകട്ടെ, വിഗ്രഹമാണ്. എന്നാൽ ആരാധിക്കാൻ വേണ്ടി യല്ലാതെ പ്രതിമകൾ നിർമ്മിക്കുന്നതിൽ തെറ്റില്ല എന്ന് ഓട്ടുസർപ്പ ത്തിന്റെ വിവരണത്തിലൂടെ സൂചിപ്പിക്കുന്നു. ഉടമ്പടിയുടെ പേടക ത്തിനു മുകളിൽ ചിറകുവിരിച്ചുനിന്ന കെറൂബുകളുടെ പ്രതിമകളും (പുറ 25,18-20) ഇതേ ആശയമാണ് അവതരിപ്പിക്കുന്നത്.

സർപ്പദംശനമേറ്റവർക്കു രക്ഷ നല്കാൻ ദൃശ്യമായ ഒരു ഉപകരമായിട്ടാണ് ഓട്ടുസർപ്പത്തെ നിർമ്മിക്കാൻ കർത്താവ് കല്പി ച്ചത്. ആഗ്നേയസർപ്പങ്ങൾ എന്ന പരാമർശം ഒരു പ്രത്യേക ഇനം പാമ്പിനെയാണ് സൂചിപ്പിക്കുക. കടിയേൽക്കുന്ന ഭാഗം തീപ്പൊ ള്ളലേറ്റതുപോലെയാകുന്നതിനാലാണ് അതിനെ ആഗ്നേയസർപ്പം എന്നു വിശേഷിപ്പിക്കുന്നത്. കൊള്ളിയാൻപോലെ അതിവേഗം കട ന്നുപോകുന്ന അഗ്നിനിറമുള്ള ചില സർപ്പങ്ങൾ മരുഭൂമിയിലു ണ്ടെന്നും അപ്രകാരമുള്ള സർപ്പങ്ങളാണ് ഇവിടെ വിവക്ഷിക്കപ്പെ ടുന്നതെന്നും കരുതുന്നവരുമുണ്ട്. പറുദീസായിൽവച്ച് മനുഷ്യനെ പ്രലോഭിപ്പിക്കുകയും ജീവൻ നഷ്ടപ്പെടുന്നതിനു കാരണമാവുകയും ചെയ്ത ജീവിയാണ് സർപ്പം (ഉൽപ 3,1). ഇവിടെയും സർപ്പം മനു ഷ്യന്റെ മരണത്തിനു കാരണമായിത്തീരുന്നു. എന്നാൽ അതേ സർപ്പത്തെത്തന്നെ ജീവന്റെ ഉപാധിയാക്കി മാറ്റുന്ന പ്രവൃത്തിയാണ് സർപ്പപ്രതിമ ഉണ്ടാക്കാൻ ആവശ്യപ്പെടുന്നതിലൂടെ ദൈവം ചെയ്യു ന്നത്. കർത്താവിന്റെ കല്പനയനുസരിച്ച് താഴെയിട്ട വടി സർപ്പ മായിത്തീരുകയും മോശ അതിന്റെ വാലിൽ പിടിച്ചപ്പോൾ വീണ്ടും വടിയായിത്തീരുകയും ചെയ്ത സംഭവവും (പുറ 4,2-4) ഇവിടെ ശ്രദ്ധേയമത്രേ. വിമോചനദൗത്യത്തിന്റെ തുടക്കത്തിലാണ് വടിയു ടെയും സർപ്പത്തിന്റെയും കഥ പറഞ്ഞത്. വിമോചനപ്രക്രിയയുടെ

മധ്യേ വീണ്ടും വടിയും സർപ്പവും പ്രത്യക്ഷപ്പെടുന്നു. ജീവദായക മായ അടയാളമായി.

സർപ്പമല്ല ജീവൻ നല്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധി ക്കണം. വടിയിൽ ഉയർത്തിനിർത്തിയ സർപ്പത്തെ നോക്കിയവരാണ് രക്ഷ പ്രാപിച്ചത്. നോട്ടം വിശ്വാസത്തെ സൂചിപ്പിക്കുന്നു. കർത്താ വിന്റെ വാക്കിൽ വിശ്വസിച്ചുകൊണ്ട് നോക്കിയവർ മാരകമായ വിപ ത്തിൽനിന്നു രക്ഷപ്രാപിച്ചു. സർപ്പം ഒരു ഉപകരണം മാത്രമായിരുന്നു. "കടിച്ച പാമ്പിനെക്കൊണ്ടുതന്നെ വിഷം എടുപ്പിക്കുക" എന്നു പറ യുന്നതുപോലെ, ജനത്തിനു മനസ്സിലാക്കാൻ എളുപ്പമുള്ള ഒരു അട യാളമായിട്ടു മാത്രമാണ് ഓട്ടുസർപ്പത്തെ ഉണ്ടാക്കി ഉയർത്തി നിർത്താൻ ദൈവം കല്പിച്ചത്. ഇതു വരാനിരുന്ന വലിയ രക്ഷയുടെ ഒരു പ്രതീകവും ആയിരുന്നു.

നിക്കോദേമോസുമായുള്ള സംഭാഷണമധ്യേ തന്റെതന്നെ ഒരു പ്രതീകമായി യേശുനാഥൻ ഈ സംഭവത്തെ വ്യാഖ്യാനിക്കു ന്നുണ്ട്. "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടാകേണ്ടതിന് മനു ഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" (യോഹ 3,14-15). മരു ഭൂമി, ഉയർത്തൽ, വിശ്വാസം, നിത്യജീവൻ എന്നീ നാലു പ്രമേയ ങ്ങളാണ് ഈ കൊച്ചുവാക്യത്തിൽ യോഹന്നാൻ ഉൾക്കൊള്ളിച്ചിരി ക്കുന്നത്. പിതൃഭവനമായ ദൈവരാജ്യത്തിലേക്ക് ദൈവജനമായി യാത്ര ചെയ്യുന്ന സ്ഥലമാണ് മരുഭൂമി, സർപ്പത്തെ ഉയർത്തിയത് യേശുവിനെ കുരിശിൽ ഉയർത്തിയതിന്റെ ഒരു പ്രതീകമായി നില്ക്കുന്നു. കുരിശിൽ ഉയർത്തിയതാകട്ടെ മരണവും ഉത്ഥാനവും വഴിയുള്ള യേശുവിന്റെ മഹത്ത്വീകരണത്തെ സൂചിപ്പിക്കുന്നു. സർപ്പ ദംശനമേറ്റ മരണാസന്നരായ ഇസ്രായേൽക്കാർ പാപദംശനമേറ്റ് ദൈവികജീവൻ നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രതിനി ധികളാണ്. ഉയർത്തിനിർത്തിയ ഓട്ടുസർപ്പത്തെ നോക്കിയതു പോലെ മഹത്ത്വീകൃതനായ യേശുവിൽ വിശ്വസിക്കുന്നവർക്ക്, അഥവാ വിശ്വാസത്തോടെ ക്രൂശിതനെ നോക്കുന്നവർക്ക് നിത്യജീ വൻ ലഭിക്കുന്നു. അങ്ങനെ മരുഭൂമിയിലെ ആ സംഭവം രക്ഷാകരച രിത്രത്തിലെ അതിപ്രധാനമായ ഒരു പ്രതീകമായി മാറുന്നു. എന്നാൽ ഈ പ്രതീകാത്മകതയും വിശ്വാസത്തിന്റെ പ്രാധാന്യവും മറന്ന് ഓട്ടു സർപ്പത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് അപകടകരമാണ്.

എപ്പോഴാണ് ഓട്ടുസർപ്പം ജറുസലെം ദേവാലയത്തിൽ സ്ഥാനം പിടിച്ചത് എന്ന് വി. ഗ്രന്ഥം പറയുന്നില്ല. മോശ ഉണ്ടാ

ക്കിയ പ്രതിമ ഉടമ്പടിയുടെ പേടകത്തോടൊപ്പം ജനം പാവനമായി കാത്തുസൂക്ഷിച്ചുവെന്നും സമാഗമകൂടാരത്തിലും പിന്നീട് സോളമൻ പണിയിച്ച ദേവാലയത്തിലും സർപ്പപ്രതിമയും സൂക്ഷിച്ചുവച്ചു എന്നും കരുതാൻ ന്യായമുണ്ട്. മരുഭൂമിയിൽ ദൈവം വർഷിച്ച മന്നായും അഹറോന്റെ പുഷ്പിച്ച വടിയുംപോലെ ഇതും ഒരു അടയാളം മാത്രമായിട്ടാണ് ആദ്യമാദ്യം കരുതിപ്പോന്നത്.

ഇതിൽനിന്നു വ്യത്യസ്തമായൊരു വ്യാഖ്യാനം പുരാവസ്തുഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ ഇന്നു ബൈബിൾ വ്യാഖ്യാതാക്കൾ നല്കാറുണ്ട്. കാനാൻകാർ പൊതുവേ സർപ്പാരാധകരായിരുന്നു. വിവിധ വലുപ്പത്തിലുള്ള സർപ്പവിഗ്രഹങ്ങൾ കാനാൻ ദേശത്തിന്റെ പലഭാഗത്തുനിന്നും കണ്ടെടുത്തിട്ടുണ്ട്. ദാവീദു കീഴടക്കിയ ജറുസലെം പട്ടണത്തിൽ നിവസിച്ചിരുന്ന ജബുസ്യരും സർപ്പാരാധകരായിരുന്നിരിക്കാം. പട്ടണം കീഴടക്കിയപ്പോൾ അവർ സംപൂജ്യമായി കരുതിയിരുന്ന സർപ്പവിഗ്രഹം നശിപ്പിക്കാതെ ഇസ്രായേൽക്കാർ കാത്തുസൂക്ഷിക്കുകയും പിന്നീട് അതു ദേവാലയത്തിൽ സൂക്ഷിച്ചുവയ്ക്കുകയും ചെയ്തതാവാം. ഈ പ്രതിമ ദേവാലയത്തിൽ ഇരിക്കുന്നതിന് ഒരു ന്യായീകരണമായി പില്ക്കാലത്തു കണ്ടു പിടിച്ച കഥയാണ് മരുഭൂമിയിൽ ഉയർത്തിയ ഓട്ടുസർപ്പമെന്നും ഇക്കൂട്ടർ വാദിക്കുന്നു. ദൈവകല്പനപ്രകാരം മോശ ഉണ്ടാക്കിയതാണെങ്കിൽ അത് ദേവാലയത്തിൽ സൂക്ഷിക്കുന്നതിൽ തെറ്റില്ലല്ലോ. എന്നാൽ ഈ വിശദീകരണത്തെ അധികമാരും സ്വീകരിക്കുന്നില്ല.

ബി.സി. എട്ടാം നൂറ്റാണ്ടിൽ മതനവീകരണത്തിന്റെ ഭാഗമായി ഈ ഓട്ടുപ്രതിമയെ ഹെസെക്കിയാ രാജാവ് തകർത്തുകളഞ്ഞു എന്നത് പ്രത്യേകശ്രദ്ധയർഹിക്കുന്നു. ദൈവകല്പനയനുസരിച്ച് മോശ ഉണ്ടാക്കിയ പ്രതിമയാണെങ്കിൽ അതു നശിപ്പിക്കുന്നത് ഒരു "കടന്നകൈ" തന്നെയാണ്. പക്ഷേ അത് ആവശ്യമായിവന്നു. കാരണം പ്രതീകത്തിന്റെ സ്ഥാനത്തുനിന്ന് മാറി അത് ആരാധനാവിഷയമായിത്തീർന്നു. ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന അടിസ്ഥാനപ്രമാണത്തിനു വിരുദ്ധമായ ഒരു ആചാരത്തിന് ഈ പ്രതിമ വഴിയൊരുക്കിയപ്പോൾ പിന്നെ അത് വച്ചുകൊണ്ടിരിക്കാൻ പാടില്ല എന്ന് വിശുദ്ധനായ രാജാവു തീരുമാനിച്ചു. നൂറ്റാണ്ടുകളിലൂടെ കടന്നുവന്ന അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും അറുതി വരുത്തി വിശ്വാസത്തെയും ജനജീവിതത്തെയും ദൈവപ്രമാണങ്ങളനുസരിച്ചു നവീകരിക്കാൻ ഹെസെക്കിയാ രാജാവ് ചെയ്ത

ഈ പ്രവൃത്തിയെ പ്രശംസാർഹമായ ഒരു മാതൃക ആയിട്ടാണ് വി. ഗ്രന്ഥം എടുത്തുകാട്ടുന്നത്. യഥാർത്ഥമായ ദൈവവിശ്വാസത്തിൽനിന്നും ദൈവാരാധനയിൽനിന്നും ജനത്തെ വ്യതിചലിപ്പിക്കുന്ന ആചാരങ്ങളും ഉപകരണങ്ങളും, അവ എത്രതന്നെ പുരാതനവും പാരമ്പര്യാധിഷ്ഠിതവും ജനത്തിനു പ്രീതികരവും ആണെങ്കിലും, തല്ലിത്തകർത്തേ മതിയാകൂ എന്നും ഈ സംഭവത്തിന്റെ വിവരണത്തിലൂടെ വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നു.

ക്രിസ്തീയവിശ്വാസവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ ഈ സംഭവത്തിന് വലിയ പ്രാധാന്യമുണ്ട്. ക്രിസ്തുനാഥന്റെ കല്പനയും മാതൃകയും വീരോചിതമായി ജീവിതത്തിൽ പകർത്തിയവരെയാണ് സഭ വിശുദ്ധരായി പ്രഖ്യാപിക്കുന്നത്. അവരെ മാതൃകയാക്കി മാറ്റുകയും അവരുടെ മാധ്യസ്ഥ്യം യാചിക്കുകയും ചെയ്യാൻ അതുവഴി സഭ തന്റെ മക്കളെ ആഹ്വാനം ചെയ്യുന്നു. വിശുദ്ധരെയും അവരുടെ ജീവിതത്തെയും അനുസ്മരിക്കുന്നതിനു സഹായിക്കുന്നതിനായി അവരുടെ പ്രതിമകൾ നിർമ്മിക്കുകയും അവ ദേവാലയത്തിൽ പ്രതിഷ്ഠിക്കുകയും പ്രദക്ഷിണങ്ങളിൽ വഹിക്കുകയും ഒക്കെ ചെയ്യുന്നതിനെ സഭ അനുവദിക്കുക മാത്രമല്ല, പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം നല്ലതും ഉപകാരപ്രദവും വിശ്വാസത്തിലും വിശുദ്ധിയിലും അഭിവൃദ്ധിപ്രാപിക്കുന്നതിനു സഹായകവും ആണെന്നതിൽ സംശയമില്ല. എന്നാൽ അനുസ്മരണം ആരാധനയായി മാറുന്നെങ്കിൽ അത് അപകടകരമാണ്. കർത്താവിനെ ആരാധിക്കുകയും വിശുദ്ധരെ അനുകരിക്കുകയും ചെയ്യുന്നതിനുപകരം വിശുദ്ധരുടെ പ്രതിമകളെ ആരെങ്കിലും ആരാധിക്കാൻ തുനിഞ്ഞാൽ അതിനെ നിരുത്സാഹപ്പെടുത്തുക മാത്രമല്ല നിരോധിക്കുകതന്നെ വേണം. പ്രതിമയും വിഗ്രഹവും തമ്മിലും ആരാധനയും വണക്കവും തമ്മിലുമുള്ള വ്യത്യാസം വ്യക്തമായി പഠിപ്പിക്കേണ്ടതുണ്ട്.

വിശുദ്ധന്മാരുടെ പ്രതിമകൾക്കുമുമ്പിൽ ഭക്തിഭ്രാന്തു വർദ്ധിച്ച് ഉറഞ്ഞുതുള്ളുകയും വീണുരുളുകയും ചെയ്യുന്നത് തികഞ്ഞ അന്ധവിശ്വാസവും ആരാധനാതുല്യമായ അനാചാരവുമായി കണ്ട് പലദേവാലയങ്ങളിലും പിതാക്കന്മാർ കല്പനവഴി വിലക്കിയിട്ടുള്ളത് ശ്രദ്ധേയമാണ്. എന്നാലും ജനത്തിന്റെ ഭക്തവികാരങ്ങളെ ചൂഷണം ചെയ്ത് അനാചാരങ്ങൾക്കു കൂട്ടുനില്ക്കുകയോ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ ഇന്നും വിരളമല്ല എന്നതു ഖേദകരമത്രേ.

വിശുദ്ധന്മാരുടെ പ്രതിമകൾ മാത്രമല്ല കുരിശുകൾ പോലും ഇപ്രകാരമുള്ള വിഗ്രഹങ്ങളായി മാറും. മനുഷ്യരക്ഷയ്ക്കുവേണ്ടി ദൈവപുത്രൻ സ്വന്തം ജീവൻ സ്നേഹബലിയായി കുരിശിൽ പിതാവിനു സ്വയം സമർപ്പിച്ചു. രക്ഷാകരമായ ഈ ആത്മബലിയുടെ അനുസ്മരണത്തിനു സഹായിക്കുന്ന ഒരു ഉപകരണമാണ് കുരിശ്. അതിക്രൂരമായ പീഡനത്തിന്റെയും നിന്ദനത്തിന്റെയും ഉപകരണമായിരുന്ന കുരിശ് അതിലൂടെ നിത്യരക്ഷയുടെയും മഹത്ത്വത്തിന്റെയും ഉപകരണവും അടയാളവുമായിത്തീർന്നു. യേശുവിന്റെ ബലിയെയും പിതാവിന്റെ സ്നേഹത്തെയും അനുസ്മരിപ്പിക്കാനും യേശുവിനെപ്പോലെ മരണംവരെ അനുസരണമുള്ളവരായി ജീവിതബലിയിലൂടെ നിത്യജീവനിലേക്കു പ്രവേശിക്കാൻ പ്രേരിപ്പിക്കാനും ഈ അടയാളം സഹായിക്കും. എന്നാൽ അടയാളത്തിന്റെയും പ്രതീകത്തിന്റെയും സ്ഥാനത്തുനിന്ന് കുരിശ് ആരാധനയുടെ വിഷയമായിത്തീരുമ്പോൾ മോശ ഉയർത്തിയ ഓട്ടുസർപ്പത്തിന്റെ കഥ ആവർത്തിക്കപ്പെടുകയല്ലേ എന്ന സംശയം ഉയരുന്നു.

കുരിശല്ല, ക്രൂശിതനാണ് രക്ഷ നല്കിയത്; കുരിശിൽ ബലിയായി അർപ്പിച്ചവനാണ് ജീവനും ജീവന്റെ ഉറവിടവും. ആരാധന അർപ്പിക്കേണ്ടത് പ്രതീകത്തിനല്ല, യാഥാർത്ഥ്യത്തിനാണ്. എന്നാൽ അടുത്തകാലത്ത് കുരിശിനോട്, അതും ഒരു പ്രത്യേകതരം കുരിശിനോടുള്ള ഭക്തി വർദ്ധിച്ച് ഭ്രാന്തിന്റെ ലക്ഷണങ്ങൾ കാട്ടിതുടങ്ങുന്നതായി തോന്നും. യേശുവിന്റെ തിരുപ്പിറവിയെ അനുസ്മരിപ്പിക്കുന്ന ക്രിസ്തുമസ്ദിനത്തിൽ ഉണ്ണിയുടെ പ്രതിമയ്ക്കുപകരം മാർത്തോമാക്കുരിശു പ്രതിഷ്ഠിക്കുക; തിരുസ്വരൂപത്തിനുപകരം മാർത്തോമ്മാക്കുരിശു മുത്തിക്കുക, യേശുവിന്റെ മരണത്തെ അനുസ്മരിക്കുന്നതിനുവേണ്ടി ദുഃഖവെള്ളിയാഴ്ച "കയ്പുനീര്" കുടിപ്പിച്ചിരുന്ന സ്ഥാനത്ത് കുരിശു കഴുകിയ വെള്ളം കുടിപ്പിക്കുക തുടങ്ങിയ പുതിയ ആചാരങ്ങൾ ഒരു വ്രതാനുഷ്ഠാനത്തിന്റെ തീക്ഷ്ണതയോടെ ചില വൈദികർ അനുഷ്ഠിക്കുന്നതു കാണുമ്പോൾ പ്രതീകവും യാഥാർത്ഥ്യവും തമ്മിൽ മാറിപ്പോകുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഈ കുരിശുതന്നെ ഇന്നു വലിയ വിവാദവിഷയമായിത്തീർന്നിരിക്കുന്നു. അനേകരുടെ വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകുന്ന വിവാദവിഷയമായിത്തീരും യേശു എന്ന് ശിമയോൻ പ്രവചിച്ചു. എന്നാൽ യേശുവോ അവിടുത്തെ ജീവിതമോ കല്പനകളോ മരണമോ അല്ല, കുരിശാണ് വിവാദവിഷയമായിത്തീർന്നി

രിക്കുന്നത്. അതിന്റെ ഉത്ഭവത്തെ ചുറ്റിപ്പറ്റി നിലകൊള്ളുന്ന സംശയങ്ങൾ വസ്തുനിഷ്ഠവും കണിശവുമായ ഗവേഷണപഠനങ്ങളിലൂടെ ദുരീകരിക്കാതെ, എല്ലാ കുരിശുകളും വണക്കത്തിന് യോഗ്യമാണ് എന്ന ഒരു ഒഴുക്കൻ പ്രസ്താവന ഇറക്കുക മാത്രമാണ് സീറോ മലബാർ സഭയുടെ അത്യുന്നതാധികാരസ്ഥാപനമായ സിനഡ് ചെയ്തത്. ഇത് സൗകര്യപൂർവ്വമായ ഒഴിഞ്ഞുമാറൽ മാത്രമായിരുന്നു. വിവാദങ്ങൾക്കു വിരാമമിടാൻ ഈ പ്രസ്താവനയ്ക്കു കഴിഞ്ഞില്ല. പലരൂപതകളിലും ഈ കുരിശിന്റെപേരിൽ പള്ളികൾ പൂട്ടിയിടേണ്ടിവന്നു; ചില ദേവാലയങ്ങളുടെ നിർമ്മാണം തടസ്സപ്പെട്ടു; ഇടവകജനം ചേരികളായി തിരിഞ്ഞു. പള്ളിമുറ്റത്തും പൊതുയോഗത്തിലും വാക്കേറ്റവും കൈയ്യേറ്റവും നടന്നു.

മോശ ഉണ്ടാക്കിയതെന്നു വിശ്വസിക്കപ്പെട്ടിരുന്ന ഓട്ടുസർപ്പം ദേവാലയത്തിന്റെ അതിവിശുദ്ധമായ സ്ഥലത്തു കയറിപ്പറ്റിയമാർഗ്ഗം നമുക്ക് അറിയില്ല. എന്നാൽ അത് അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പരിപോഷിപ്പിക്കുന്ന ഉപകരണമായി മാറിയപ്പോൾ രാജാവുതന്നെ മുൻകൈ എടുത്ത് തല്ലിത്തകർത്തു. ഇന്ന് അതിവിശുദ്ധ സ്ഥലമായ മദുബഹായിൽത്തന്നെ വിവാദവിഷയമായ കുരിശ് ആരാധനാവസ്തുവായി പ്രതിഷ്ഠിക്കുന്നതിന്റെ സാംഗത്യം ഈ സംഭവത്തിന്റെ വെളിച്ചത്തിൽ പുനർവിചിന്തനം ചെയ്യേണ്ടതല്ലേ?

പ്രതിമാഭഞ്ജനമല്ല ആവശ്യം - പ്രതിമയെ സംബന്ധിച്ച ശരിയായ പ്രബോധനമാണ്. അടയാളങ്ങളുടെ അർത്ഥം ജനത്തിന് സുഗ്രാഹ്യമാകണം. ജനത്തെ ദൈവവിശ്വാസത്തിലേക്കും നിത്യരക്ഷയിലേക്കും നയിക്കന്നതല്ലെങ്കിൽ എത്ര പുരാതനമാണെങ്കിലും ആ അടയാളങ്ങൾ ഉപേക്ഷിച്ചേ മതിയാകൂ! വിശദീകരണവും വ്യാഖ്യാനവുംകൊണ്ട് ജനത്തിന്റെ അന്ധവിശ്വാസത്തെ അകറ്റാൻ കഴിയാതെ വന്നതിനാലാവാം ഹെസെക്കിയാ അറ്റകൈ പ്രയോഗിച്ചത്.

സർപ്പം എന്നർത്ഥമുള്ള നാഹാഷ് എന്ന ഹീബ്രുവാക്കിൽനിന്നാണ് നെഹുഷ്താൻ എന്ന പേരിന്റെ ഉത്ഭവം. ദൈവം തന്നെ കല്പിച്ചു നല്കിയ ഒരു അടയാളം വിഗ്രഹമായിത്തീർന്നതിന്റെ ഉദാഹരണമാണ് നെഹുഷ്താൻ. അത് ഇസ്രായേൽ ജനത്തിനു മാത്രമല്ല, ദൈവവിശ്വാസികൾക്കെല്ലാം എക്കാലത്തും പ്രസക്തമാണ്.



4

# കഴുതകൾ സംസാരിക്കുമ്പോൾ

വാഗ്ദത്തഭൂമിയെ ലക്ഷ്യംവച്ചു യാത്രചെയ്ത ഇസ്രായേൽജനം ജോർദ്ദാൻ നദിയുടെ കിഴക്കെ കരയിൽ, നേബോമലയുടെ അടിവാരത്ത്, മൊവാബുസമതലത്തിൽ പാളയമടിച്ചു. ഇതുവരെ നടത്തിയ യുദ്ധങ്ങളിൽ അവർ വരിച്ച വിജയങ്ങളെക്കുറിച്ച് കേട്ടറിഞ്ഞ മൊവാബുരാജാവായ ബാലാക്ക് ഭയചകിതനായി. യുദ്ധത്തിൽ അവരെ തോൽപിക്കാൻ തനിക്കാവില്ല എന്നു മനസ്സിലാക്കിയ അയാൾ അവരെ ദൈവനാമത്തിൽ ശപിക്കാനായി യൂഫ്രട്ടീസ് നദീതീരത്തുള്ള പെത്തോർ എന്ന നഗരത്തിൽ വസിച്ചിരുന്ന ബാലാം എന്ന പ്രവാചകനെ ക്ഷണിക്കാൻ ആളയച്ചു. ബാലാമിന്റെ അനുഗ്രഹവും ശാപവും ഒരുപോലെ ഫലവത്താകും എന്ന് ബാലാക്ക് ഉറച്ചു വിശ്വസിച്ചിരുന്നു.

രാജദൂതന്മാരെ അന്നുരാത്രി ബാലാം തന്റെ വീട്ടിൽ പാർപ്പിച്ചു. കർത്താവ് രാത്രിയിൽ തന്നോടു പറയുന്നതനുസരിച്ച് പ്രവർത്തിക്കാം എന്നു വാക്കും കൊടുത്തു. രാത്രിയിൽ കർത്താവിന് ബാലാമിനു പ്രത്യക്ഷപ്പെട്ടു. ഇസ്രായേൽ ജനത്തെ താൻ അനുഗ്രഹിച്ചിരിക്കുന്നുവെന്നും അതിനാൽ അവരെ ശപിക്കാനായി

ദൂതന്മാരുടെകൂടെ പോകരുതെന്നും കർത്താവ് ബാലാമിനോടു പറഞ്ഞു. മറുപടി കേട്ട ദൂതന്മാർ മൊവാവിലേക്കു മടങ്ങി. എന്നാൽ ബാലക്ക് കൂടുതൽ ഉന്നതരായ പ്രഭുക്കന്മാരെ വലിയ സമ്മാനവാഗ്ദാനങ്ങളുമായി വീണ്ടും ബാലാമിന്റെ അടുക്കലേക്ക് പറഞ്ഞയച്ചു. രാത്രിയിൽ കർത്താവിന്റെ അനുവാദം കിട്ടിയതിനാൽ ബാലാം പിറ്റേന്നു പ്രഭാതത്തിൽ അവരോടുകൂടെ പോകാൻ തയ്യാറായി.

യാത്രാമദ്ധ്യേ ബാലാമിന്റെ കഴുത വഴിവിട്ട് വയലിലേക്കു ചാടി. ബാലാം കഴുതയെ തല്ലി വീണ്ടും വഴിയിലേക്കു കൊണ്ടു വന്നു. കുറച്ചുകഴിഞ്ഞപ്പോൾ കഴുത ഒരു മതിലിനോടുചേർന്നു നടന്നു. ബാലാമിന്റെ കാൽ മതിലിൽ ഉരസി. ബാലാം കഴുതയെ വീണ്ടും തല്ലി. പിന്നീട് ഇടംവലം തിരിയാൻ ഇടമില്ലാത്ത ഒരിടവഴിയിൽ വന്നപ്പോൾ കഴുത കിടന്നുകളഞ്ഞു. കോപാക്രാന്തനായ ബാലാം കഴുതയെ മൂന്നാംവട്ടം പൊതിരെ തല്ലി. അപ്പോൾ കഴുത ചോദിച്ചു: "മൂന്നുപ്രാവശ്യം എന്നെ അടിക്കാൻ ഞാൻ നിന്നോട് എന്തു ദ്രോഹം ചെയ്തു?" അടിക്കുകയല്ല, വാളുണ്ടായിരുന്നെങ്കിൽ നിന്നെ ഞാൻ കൊന്നു കളയുമായിരുന്നു. കാരണം മൂന്നു തവണ നീ എന്നെ അവഹേളിച്ചു. അപ്പോൾ കഴുത വീണ്ടും ചോദിച്ചു. നിന്നെ എന്നും ചുമക്കുന്ന കഴുതയല്ലേ ഞാൻ? നാളിതുവരെ ഇതുപോലൊന്നു ഞാൻ നിന്നോടു ചെയ്തിട്ടുണ്ടോ? ഇല്ല എന്നു പറഞ്ഞ് ബാലാം മുമ്പോട്ടു നോക്കിയപ്പോഴാണ് ഊരിയ വാളുമായി നില്ക്കുന്ന ദൈവദൂതനെ കണ്ടത്. കഴുത വഴിമാറിയതും കിടന്നു കളഞ്ഞതും ദൂതനെ കണ്ടിട്ടാണെന്ന് അപ്പോഴാണ് ബാലാമിനു മനസിലായത്.

സംഖ്യാപുസ്തകം 22-24 അധ്യായങ്ങളിൽ ബാലാമിന്റെ പ്രവചനങ്ങൾക്ക് ആമുഖമായി കൊടുത്തിരിക്കുന്ന ഈ വിവരണം പലതുകൊണ്ടും ശ്രദ്ധേയമാണ്. കർത്താവിന്റെ വാക്കനുസരിച്ചേ താൻ പ്രവർത്തിക്കുകയുള്ളൂ; കർത്താവ് അറിയിക്കുന്നതുമാത്രമേ താൻ പറയൂ എന്ന് പലതവണ ആവർത്തിച്ചു പറഞ്ഞവനാണ് ബാലാം. രണ്ടുതവണ കർത്താവിന്റെ ഉപദേശം തേടുകയും അവിടുന്ന് അനുവദിച്ചതുകൊണ്ടുമാത്രം മൊവാബിലേക്കു യാത്ര തിരിക്കുകയും ചെയ്ത ബാലാമിനെ എന്തുകൊണ്ടാണ് കർത്താവിന്റെ ദൂതൻ കൊല്ലാൻ ശ്രമിച്ചത് എന്ന ചോദ്യത്തിനു തൃപ്തികരമായ ഉത്തരം ഈ വിവരണത്തിലില്ല. കർത്താവു പറയുന്നതു മാത്രമേ മൊവാബുദേശത്തു ചെന്ന് പറയാവൂ എന്ന് ഒരിക്കൽക്കൂടി അനു

സ്മരിപ്പിക്കാൻ വേണ്ടിയാണിതു സംഭവിച്ചത് എന്ന് 22,32-35 ൽ ഒരു വ്യാഖ്യാനം കാണാം. എന്നാൽ അതുമാത്രമല്ല ഈ വിവരണത്തിന്റെ ലക്ഷ്യം.

മൊവാബ്യരെയും മറ്റ് വിജാതീയരെയും പരിഹസിക്കാൻ ഇസ്രായേൽക്കാർ മെനഞ്ഞെടുത്ത ഒരു കഥയാണിത് എന്നു കരുതുന്നവരുണ്ട്. ദൈവം പ്രത്യേകം തിരഞ്ഞെടുത്ത ജനമായ ഇസ്രായേലിനെ ശപിച്ചു തോൽപിക്കാനായി മൊവാബു രാജാവ് വലിയ കോഴ വാഗ്ദാനം ചെയ്ത്, ആയിരത്തിൽപരം കിലോമീറ്റർ അകലെനിന്നു വിളിച്ചുവരുത്തിയ വലിയ അത്ഭുതസിദ്ധികളുള്ള മഹാപ്രവാചകനാണ് ബാലാം. പക്ഷേ തന്നെ ചുമക്കുന്ന കഴുതയ്ക്കുള്ള കാഴ്ചപോലും പ്രവാചകനില്ല. ബാലാക്കിന്റെയും ബാലാമിന്റെയും മൗഢ്യമാണ് ഈ വിവരണത്തിന്റെ മുഖ്യ പ്രമേയം എന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. നർമ്മരസം കലർന്ന ഹാസ്യം ഈ വിവരണത്തിലുണ്ട് എന്നതിൽ സംശയമില്ല. മൊവാബുദേശത്ത് എത്തിയ ബാലാം ഇസ്രായേൽ ജനത്തെ ശപിക്കുന്നതു പകരം അനുഗ്രഹിക്കുകയും അവരുടെ ശോഭനമായ ഭാവിയെക്കുറിച്ചും അവരിൽനിന്നു വരാനിരിക്കുന്ന രാജാവിനെക്കുറിച്ചും പ്രവചിക്കുകയും ചെയ്തു. അതിൽ ക്രുദ്ധനായ ബാലാക്ക് അയാളെ വെറും കൈയ്യോടെ സ്വന്തം നാട്ടിലേക്കു തിരിച്ചയച്ചു എന്നു പറഞ്ഞുകൊണ്ടാണ് വിവരണം അവസാനിക്കുന്നത്. അതിനാൽ ഇസ്രായേലിന്റെ മഹത്ത്വവും വിജാതീയരുടെ ഭോഷത്വവും എടുത്തുകാട്ടുന്ന ഒരു ഉദാഹരണമായി ഇതിനെ കാണുന്നതിൽ തെറ്റില്ല. എന്നാൽ ബാലാമിനെക്കുറിച്ച് ഇസ്രായേൽക്കാരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസം മറ്റൊരു വ്യാഖ്യാനത്തിനു വഴിതെളിക്കുന്നുണ്ട്.

കർത്താവിന്റെ അനുഗ്രഹത്തിനു പാത്രമായ ജനത്തെ തനിക്കു ശപിക്കാനാവില്ല എന്നു ബാലാമിന് അറിയാമായിരുന്നു. അതിനാൽ ഇസ്രായേലിന്റെ മേൽ നിന്ന് കർത്താവിന്റെ അനുഗ്രഹം മാറ്റുകയാണ് ആവശ്യം എന്ന് അയാൾ ഗ്രഹിച്ചു. കർത്താവിനോടു വിശ്വസ്തത പുലർത്തുന്നിടത്തോളം കാലംമാത്രമേ അവിടുത്തെ അനുഗ്രഹം അവർക്കു ലഭിക്കൂ. കർത്താവിന്റെ പ്രമാണങ്ങൾ ലംഘിക്കാൻ അവരെ പ്രേരിപ്പിക്കുകയാണ് ആവശ്യം എന്ന് ബാലാം മനസ്സിലാക്കി. മൊവാബ്യരുടെ ബലിയർപ്പണങ്ങളിൽ പങ്കുചേരുന്നതിന് ഇസ്രായേൽക്കാരെ ക്ഷണിക്കാൻ ബാലാം ബാലാക്കിനെ ഉപദേശിച്ചു. അവരുടെ ബലിയർപ്പണങ്ങൾ രാത്രികാലങ്ങളിൽ മല

മുകളിലാണു നടക്കുക. മദ്യപാനവും വ്യഭിചാരവും അതിന്റെ ഭാഗമായിരുന്നു. അങ്ങനെ മൊവാബ്യസ്ത്രീകളുടെ പ്രലോഭനത്തിൽ പെട്ടുപോയ ഇസ്രായേൽക്കാർ കർത്താവിനുപകരം മൊവാബ്യരുടെ ദൈവങ്ങളെ ആരാധിച്ചു. ഇത് ഇസ്രായേൽക്കാർക്കു നാശത്തിനു കാരണമായിത്തീരുകയും ചെയ്തു (സംഖ്യ 25,1–5). വളഞ്ഞവഴിയിലൂടെ ഇസ്രായേൽക്കാരെ തോല്പിക്കാൻ ബാലാക്കിന് നല്കിയ ഈ ഉപദേശത്തെ "ബാലാമിന്റെ പഠനം" എന്ന് വെളിപാടുപുസ്തകം വിശേഷിപ്പിക്കുന്നുമുണ്ട് (വെളി 2,14).

വീടുനിറയെ പൊന്നും വെള്ളിയും തന്നാലും കർത്താവിന്റെ വാക്കിനെ താൻ മറികടക്കുകയില്ല എന്ന് ബാലാം പറഞ്ഞതായി സംഖ്യാ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (22,18). എന്നാൽ അത്യാഗ്രഹത്തിന്റെ ഉദാഹരണമായിട്ടാണ് വി. പത്രോസിന്റെ ലേഖനത്തിൽ ബാലാമിനെ ചിത്രീകരിച്ചിരിക്കുന്നത്. "അവനാകട്ടെ തിന്മയുടെ പ്രതിഫലത്തെ സ്നേഹിച്ചവനാണ്. അവന്റെ തെറ്റിനുള്ള ശാസനം അവനു ലഭിച്ചു. ഒരു ഊമക്കഴുത മനുഷ്യസ്വരത്തിൽ സംസാരിച്ചുകൊണ്ട് ആ പ്രവാചകന്റെ ഭ്രാന്തിന് അറുതി വരുത്തി" (2 പത്രോ 2,15–16). ബാലാം തുടക്കത്തിൽ പ്രതിഫലം തിരസ്കരിക്കുകയും കർത്താവിന്റെ വാക്കുമാത്രമേ പറയൂ എന്ന് വാക്കുകൊടുക്കുകയും ചെയ്തെങ്കിലും ധനമോഹം അവനെ അന്ധനാക്കിത്തീർത്തു എന്ന നിഗമനമാണ് പത്രോസിന്റെ ലേഖനത്തിൽനിന്നു ലഭിക്കുക. ഇവിടെ ബാലാമും കഴുതയും കൂടുതൽ പ്രസക്തമായിത്തീരുന്നു.

നിസ്വാർത്ഥമായ വചനശുശ്രൂഷയ്ക്കായി ഇറങ്ങിത്തിരിച്ച ബാലാം വിജാതീയനായിരുന്നിട്ടുപോലും ഒരു യഥാർത്ഥ പ്രവാചകനായി പരിഗണിക്കപ്പെട്ടു. പക്ഷേ വചനശുശ്രൂഷ സ്വത്തുസമ്പാദിക്കാനുള്ള എളുപ്പവഴിയായി കണ്ടതോടെ പ്രവാചകന്റെ സിദ്ധികൾ നഷ്ടപ്പെട്ടു. ബുദ്ധിഹീനതയുടെ പര്യായമായി കരുതപ്പെടുന്ന കഴുതയുടെ ബുദ്ധിപോലും അയാൾക്ക് ഇല്ലാതായിത്തീർന്നു. കഴുത കണ്ടതുപോലും കാണാൻ പ്രവാചകനു കഴിയാതെ പോയി. എത്രയെത്ര സിദ്ധന്മാരും പ്രവാചകന്മാരും ഇന്ന് ഈ അപകടത്തിൽപെട്ടു പോകുന്നില്ല! അതിശക്തമായ വചനപ്രഘോഷണവുമായി ആരംഭിച്ച് ചുരുങ്ങിയ കാലംകൊണ്ട് ലക്ഷങ്ങൾ സ്വന്തമാക്കുകയും അവസാനം പ്രഘോഷണം മുഴുവൻ കച്ചവടമായിത്തീരുകയും ചെയ്യുന്ന ദുരന്തങ്ങൾക്കു നാം സാക്ഷികളായിക്കൊണ്ടി

രിക്കുന്നു! ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം എന്ന് മെത്രാനായ തിമോത്തിക്ക് പൗലോസ് അപ്പസ്തോലൻ നല്കുന്ന താക്കീത് (1 തിമോ 6,10) വചനപ്രഘോഷകർക്കും പ്രസക്തമാണ്. ഇത് ഒറ്റപ്പെട്ട വ്യക്തികൾക്കു മാത്രമല്ല, സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ധ്യാനകേന്ദ്രങ്ങൾക്കും സന്യാസസമൂഹങ്ങൾക്കും ഒക്കെ ബാധകമാണ്. ധനമോഹം പ്രവാചകനെ ഭ്രാന്തനാക്കുന്നു; സിദ്ധനെ അന്ധനാക്കുന്നു. തന്റെ മുമ്പിൽ ഊരിയവാളുമായി നില്ക്കുന്ന ദൈവദൂതനെ കാണാൻ കഴുതകൾ സംസാരിക്കേണ്ടി വരുന്നു.

ബുദ്ധിയും വിവേകവും ഒട്ടുമില്ലാത്ത മൃഗമായിട്ടാണല്ലോ കഴുതയെ പരിഗണിക്കുക. ബുദ്ധിമാന്മാരും വിവേകമതികളുമായി അംഗീകരിക്കപ്പെടാത്ത പൊതുജനം കഴുതയാണെന്നതു പൊതുധാരണ. വലിയ ജ്ഞാനികൾ ധനമോഹവും അധികാരഭ്രമവും പ്രശസ്തിക്കുവേണ്ടിയുള്ള ദാഹവും മൂലം അന്ധരായിത്തീരുമ്പോൾ ദൈവം ഇത്തരം "കഴുത"കളിലൂടെ സംസാരിക്കും; അത് ഇന്നും സംഭവിച്ചുകൊണ്ടിരിക്കുകയല്ലേ? കഴുതകളുടെ സ്വരം കേട്ട് ജ്ഞാനികൾ കണ്ണുതുറന്നിരുന്നെങ്കിൽ! ജനസ്വരം ദൈവസ്വരമാണെന്ന് ഒരു ആപ്തവാക്യമുണ്ട്. പക്ഷേ തങ്ങളിലൂടെ മാത്രമേ ദൈവം സംസാരിക്കൂ എന്ന് ശഠിക്കുന്ന അധികാരികൾക്ക് "കഴുത"കളുടെ സ്വരം ശ്രവിക്കാൻ കഴിയുമോ?

ബാലാമിനെ ചുമന്ന കഴുത ആദ്യം വഴിമാറി; പിന്നെ മതിലിനോടു ചേർന്നുനടന്ന് ബാലാമിന്റെ കാലിന് പരിക്കേല്പിച്ചു. അവസാനം ഇനി നിന്നെ ഈ വഴിക്കു ചുമന്നുകൊണ്ടു പോകാൻ ഞാൻ തയ്യാറല്ല എന്നു പറഞ്ഞ് കിടന്നുകളഞ്ഞു. ഇന്ന് സഭയിൽ നടക്കുന്ന, പ്രത്യേകിച്ചും അല്മായരുടെ ഭാഗത്തുനിന്ന്, പ്രതിഷേധപ്രകടനങ്ങളും നിസ്സഹകരണവും എതിർപ്പുകളുമൊക്കെ, ഒരു പരിധിവരെയെങ്കിലും ഊമക്കഴുതയുടെ സംസാരമായി കാണരുതോ? പക്ഷേ മുമ്പിൽ വാളുമായി നില്ക്കുന്ന ദൂതനെ കാണാതെ, തന്റെ വിശ്വസ്തവാഹകനായ കഴുതയെ തല്ലാനും കൊല്ലാനും തുനിഞ്ഞ ബാലാമിനെപ്പോലെയല്ലേ ചിലപ്പോഴൊക്കെ ചില അധികാരികൾ പ്രതികരിക്കുന്നത് എന്നു തോന്നിപ്പോകും. തല്ലുകൊണ്ടിട്ടും എണീറ്റുനടക്കാൻ കഴുത തയ്യാറാകാതിരുന്നപ്പോഴാണ് പ്രവാചകന്റെ കണ്ണുതുറന്നത്. ഈ ഭ്രാന്തിന് കൂട്ടുനില്ക്കാൻ ഞങ്ങൾ തയ്യാറല്ല എന്ന് "കഴുത"കൾ പറയാൻ തുടങ്ങിയാലേ അധികാര

ഭ്രാന്തിനാൽ അന്ധരായ പലരുടെയും കണ്ണുതുറക്കൂ എന്നുണ്ടോ? കഴുതയ്ക്കു സംസാരശക്തി നല്കിയതു കർത്താവായിരുന്നു. അതുപോലെ രാഷ്ട്രീയ സമൂഹത്തിലും സഭാസമൂഹത്തിലും പൊതുജനമെന്ന കഴുതയെ പ്രതിഷേധത്തിനും നിസ്സഹകരണത്തിനും ഒക്കെ പ്രേരിപ്പിക്കുന്നതും കർത്താവാണെന്നു വരുമോ?

ബാലാമിന്റെ തല്ലുഭയന്ന് കഴുത മുന്നോട്ടുപോയിരുന്നെങ്കിൽ കൊല്ലപ്പെടുന്നത് ബാലാംതന്നെയാകുമായിരുന്നു. "തീർച്ചയായും ഞാൻ നിന്നെ കൊല്ലുകയും അതിനെ വെറുതെ വിടുകയും ചെയ്യുമായിരുന്നു" (സംഖ്യ 22,33) എന്ന് ദൈവദൂതൻ തന്നെ ഇക്കാര്യം തുറന്നു പറയുന്നുമുണ്ട്. അതുകൊണ്ട് തല്ലുകിട്ടിയാലും കഴുത മുന്നോട്ടുപോകരുത്. ഇതുവരെ തന്നെ വിശ്വസ്തമായി ചുമന്നുകൊണ്ടുനടന്ന കഴുത എന്തേ ഇപ്പോൾ കിടന്നു കളയുന്നു എന്ന് ചോദിക്കാൻ മാത്രമെങ്കിലുമുള്ള വിവേകം ബാലാമിനുമുണ്ടാകണം. അധികാരദണ്ഡെടുത്ത് അധീനരെ അടിച്ചുടയ്ക്കുന്നതിനുപകരം ഇരുകൂട്ടരും ഒരുമിച്ച്, വിനയപൂർവ്വം ദൈവഹിതം ആരായാനും ദൈവസ്വരത്തിനു കാതോർക്കാനുമാണ് ദൈവവചനം ആഹ്വാനം ചെയ്യുന്നത്.



5

# അമ്മയെപ്പോലെ

ശക്തനായ സ്രഷ്ടാവും ക്രൂരനായ വിധിയാളനുമാണ് പഴയനിയമത്തിലെ ദൈവം എന്ന ഒരു ധാരണ പൊതുവേ പ്രചാരത്തിലുണ്ട്. ഈ ധാരണയ്ക്കു പിൻബലമായി എടുത്തുകാട്ടാൻ ഉദാഹരണങ്ങളും പഴയനിയമത്തിൽ വിരളമല്ല. കല്പന ലംഘിച്ച ആദിമാതാപിതാക്കളെ പറുദീസായിൽനിന്നു പുറത്താക്കി പടിയടച്ചു മുദ്രവയ്ക്കുന്നിടത്തു തുടങ്ങുന്നു ഈ ചിത്രം. കായേന്റെ മേൽ പതിക്കുന്ന ശാപവും, ഒരു കുടുംബം ഒഴികെ മനുഷ്യവർഗ്ഗം മുഴുവനെയും മുക്കിക്കൊല്ലുന്ന ജലപ്രളയവും, തകർക്കപ്പെടുന്ന ബാബേൽ ഗോപുരവും, തീയും ഗന്ധകവും ഇറങ്ങി നശിപ്പിക്കപ്പെടുന്ന സോദോം ഗൊമോറായും എല്ലാം ഉദാഹരണങ്ങളാണ്. ചെങ്കടലിൽ ചത്തുപൊങ്ങിയ ഫറവോയുടെ സൈന്യവും വീണ്ടും അടിമത്തത്തിലേക്കു നാടുകടത്തപ്പെട്ട ഇസ്രായേൽജനവും കർശനമായ വിധിയാളന്റെ സാക്ഷികളായി നിലകൊള്ളുന്നു. തന്റെ കല്പന ലംഘിക്കുന്നവരെ മൂന്നും നാലും തലമുറവരെ ശിക്ഷിക്കും എന്നു വിധിവാചകം (പുറ 20,5) ഈ ധാരണയ്ക്കു താങ്ങായി നില്ക്കുന്നു.

ഇപ്രകാരം വിട്ടുവീഴ്ചയില്ലാത്ത, അസഹിഷ്ണുവായ ദൈവത്തെ പ്രസാദിപ്പിക്കാൻ ബലിയർപ്പണങ്ങളും മറ്റ് ആചാരാ

നുഷ്ഠാനങ്ങളും നിഷ്ഠയോടെ നിറവേറ്റാൻ ഇസ്രായേൽജനം ശ്രദ്ധിച്ചിരുന്നതായും പഴയനിയമത്തിൽ കാണാം. ഇതെല്ലാം ദൈവംതന്നെ ആവശ്യപ്പെട്ടിരുന്നുവെന്നും പഴയനിയമത്തിൽ പല തവണ ആവർത്തിക്കുന്നുണ്ട്. എന്നാൽ ഇതു മാത്രമല്ല ദൈവത്തെക്കുറിച്ചു പഴയനിയമത്തിനു പറയാനുള്ളത്.

പ്രപഞ്ചശക്തികളിൽ ദൈവത്വം ആരോപിച്ച് അവയെ ഭയപ്പെടുകയും ബലിയർപ്പണങ്ങളിലൂടെ അവയുടെ പ്രീതി സമ്പാദിക്കാൻ ശ്രമിക്കുകയും അവയെ എല്ലാം ആരാധിക്കുകയും ചെയ്തിരുന്ന ബഹു ദൈവാരാധകരായ ഒരു ജനസമൂഹത്തിനിടയിൽ അബ്രാഹവും സന്തതികളുംവഴി വെളിപ്പെടുത്തപ്പെട്ടത് എല്ലാറ്റിന്റെയും സ്രഷ്ടാവായ ഏകദൈവത്തിന്റെ ചിത്രമാണ്. രാജാക്കന്മാർക്കും സമൂഹത്തിലെ സമ്പന്നർക്കും ഉന്നതസ്ഥാനീയർക്കും സംരക്ഷണം നല്കുകയും ബഹുഭൂരിപക്ഷം ജനങ്ങളെയും അടിമത്തത്തിൽ തളച്ചിടുകയും ചെയ്യുന്ന മതവിശ്വാസങ്ങൾ നിലനിന്നിടത്ത് പാവങ്ങളുടെ പക്ഷം ചേരുകയും അടിമകൾക്കു വിടുതൽ നല്കുകയും ചെയ്യുന്ന ഒരു ദൈവത്തിന്റെ ചിത്രം വെളിവാക്കപ്പെട്ടു. നിലവിളി കേൾക്കുകയും നിലവിളിക്കു പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നവനാണ് ദൈവം എന്ന വെളിപ്പെടുത്തലാണ് കായേന്റെ ശാപത്തിലും ഫറവോയുടെ പരാജയത്തിലും സംഭവിക്കുന്നത്. ശിക്ഷിക്കപ്പെടും എന്ന ഭയം കൂടാതെ ആരും പാവപ്പെട്ടവരെ പീഡിപ്പിക്കാനും ചൂഷണം ചെയ്യാനും നശിപ്പിക്കാനും ഇടയാകരുത് എന്ന ദൈവത്തിന്റെ തീരുമാനമാണ് അധർമ്മികളുടെ മേലുള്ള ശിക്ഷാവിധിയായി പ്രത്യക്ഷപ്പെടുന്നത്. ഇത് ക്രൂരതയല്ല, മനുഷ്യന്റെ ക്രൂരതയ്ക്കു തടയിടുന്ന ദൈവത്തിന്റെ സംരക്ഷണമാണ്. എന്നാൽ പഴയനിയമത്തിലെ ദൈവത്തിന്റെ ചിത്രം ഇതിനും ഉപരിയാണ്.

കഠിനമായ പീഡനത്തിനും വംശനാശത്തിനുതന്നെയും ഇരയായിത്തീർന്ന ഒരുപറ്റം അടിമകളെ സ്വന്തം ജനമെന്നു വിളിച്ച്, മോചിപ്പിച്ച്, വഴി നടത്തി വളർത്തുന്നതിലൂടെ ദൈവത്തിന്റെ ശക്തിയും നീതിയും മാത്രമല്ല, ആർദ്രമായ സ്നേഹവും അനന്തമായ കാരുണ്യവും പ്രത്യക്ഷമാകുന്നുണ്ട്. നീതിയുടെ മുന്നണിപ്പോരാളികളായ പ്രവാചകന്മാർ തന്നെയാണ് ദൈവത്തിന്റെ സ്നേഹത്തിലേക്കും കാരുണ്യത്തിലേക്കും ശ്രദ്ധ തിരിക്കുന്നത്. ജനത്തിന്റെ അനുസരണക്കേടും അവിശ്വസ്തതയും മൂലം അവരുടെമേൽ ശിക്ഷാവിധി അയയ്ക്കുമെന്നും അവരെ വാഗ്ദത്തഭൂമിയിൽനിന്നു ബഹിഷ്ക്കരി

ക്കുമെന്നും മുന്നറിയിപ്പു നല്കുന്ന ഹോസിയാ പ്രവാചകനിലൂടെ തന്നെയാണ് ദൈവം തന്റെ അനന്തമായ ആർദ്രതയും വെളിപ്പെടുത്തുന്നത്: "എന്റെ ഹൃദയം എന്നെ വിലക്കുന്നു. എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു. ഞാൻ എന്റെ ഉഗ്രകോപം നടപ്പാക്കുകയില്ല......... ഞാൻ ദൈവമാണ്. മനുഷ്യനല്ല" (ഹോസി 11,9).

എല്ലാം നഷ്ടപ്പെട്ട് ബാബിലോണിൽ പ്രവാസികളായി കഴിയുമ്പോൾ ദൈവത്തിന്റെ അസ്തമിക്കാത്ത സ്നേഹവും പരിധികളില്ലാത്ത കരുതലും അവർക്ക് വ്യക്തമായി: "നിന്നോടു കരുണയുള്ള കർത്താവ് അരുളിച്ചെയ്യുന്നു: മലകൾ അകന്നുപോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല" (ഏശ 54,10). തങ്ങൾക്കുണ്ടാകുന്ന അത്യാഹിതങ്ങൾ ദൈവത്തിന്റെ ശിക്ഷയായും ദൈവം തങ്ങളെ ഉപേക്ഷിച്ചതിന്റെ അടയാളമായും കരുതി വിലപിച്ച ജനത്തോട് ദൈവം പ്രവാചകൻ വഴി അരുളിച്ചെയ്യുന്നു: "മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശ 49,15).

കർക്കശനായ പിതാവായി കണ്ട് ഭയപ്പെടുന്നവരുടെ മുമ്പിൽ ദൈവം വരച്ചുകാട്ടുന്ന ചിത്രം കാരുണ്യത്തിന്റെ മൂർത്തരൂപമായ മാതൃത്വത്തിന്റേതാണ്. പൊതുവേ മറന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമാണ് പഴയനിയമത്തിൽ പ്രകടമാകുന്ന ദൈവത്തിന്റെ മാതൃഭാവം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു എന്നു ബൈബിളിന്റെ ആദ്യതാളിൽ നല്കുന്ന വിവരണത്തിൽത്തന്നെ ഈ മാതൃഭാവം വ്യക്തമാണ്. കുഞ്ഞിനെ പരിപാലിക്കുന്ന, അപകടങ്ങളിൽ നിന്നും ആക്രമണങ്ങളിൽനിന്നും സംരക്ഷിക്കുന്ന മാതാവിന്റെ ഭാവം തന്നെയാണ് ശാപമായും ശിക്ഷയായും നാശമായും എല്ലാം പ്രത്യക്ഷപ്പെടുന്നത്.

കുഞ്ഞുങ്ങളെ പ്രാപ്പിടയനിൽനിന്നു സംരക്ഷിക്കുന്ന തള്ളക്കോഴിയും ഇതരമൃഗങ്ങളിൽനിന്നു കാത്തുപാലിക്കുന്ന ഈറ്റപ്പുലിയും തള്ളക്കരടിയും അപകടകാരികളാവാം. കുഞ്ഞുങ്ങൾക്ക് അപകടം സംഭവിക്കാൻ പോകുന്നു എന്നു മനസ്സിലാക്കുന്ന ഏതു തള്ളയും സർവ്വശക്തിയും ഉപയോഗിച്ച് പ്രതിരോധത്തിനു തയ്യാറാകും. പഴയനിയമത്തിലെ ശിക്ഷിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ദൈവചിത്രത്തിനു പിന്നിൽ തെളിയുന്നതും ഈ മാതൃഭാവം തന്നെയല്ലേ? "നിന്നെ അവൾ പാലൂട്ടുകയും എളിയിൽ എടുത്തുകൊണ്ടുനടക്കു

കയും മടിയിൽ ഇരുത്തി ലാളിക്കുകയും ചെയ്യും. അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും" (ഏശ 66,12-13) എന്ന പ്രവാചകവചനങ്ങൾ ദൈവത്തിന്റെ സ്വഭാവത്തിലേക്ക് ആഴമേറിയ ഉൾക്കാഴ്ച നല്കുന്നു. ഈ മാതൃഭാവം അതിന്റെ പൂർണ്ണതയിൽ വെളിവാക്കപ്പെട്ടത് യേശുവിലൂടെയാണ്.

ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്ന രക്ഷകൻ നീ തന്നെയോ അതോ മറ്റാരെങ്കിലുമോ എന്ന ചോദ്യവുമായി വന്ന സ്നാപകശിഷ്യർക്ക് യേശു നല്കിയ മറുപടി ശ്രദ്ധേയമാണ്: "നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം ചെന്ന് യോഹന്നാനെ അറിയിക്കുവിൻ. കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ സുഖപ്പെടുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു; ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു" (ലൂക്കാ 7,22). തന്റെ വ്യക്തിത്വത്തിന്റെയും ദൗത്യത്തിന്റെയും അടയാളങ്ങളായി യേശു എടുത്തുകാട്ടുന്നത് മുഖ്യമായും രോഗശാന്തികളാണ്. അവശരും അശരണരുമായവർക്കു സംരക്ഷണവും സൗഖ്യവും നല്കുന്ന കാരുണ്യത്തിന്റെ പ്രകടനങ്ങളാണ് അവയെല്ലാം. വിശക്കുന്നവർക്ക് ആഹാരം നല്കുകയും മുറിവേറ്റവരെ വച്ചുകെട്ടുകയും കറപറ്റിയതിനെ കഴുകി ശുദ്ധമാക്കുകയും ചെയ്യുന്ന ഈ പ്രവൃത്തികളെല്ലാം മുഖ്യമായും അമ്മയുടേതാണല്ലോ.

സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പുള്ള യേശുവിന്റെ ഹൃദയഹാരിയായ ഒരു ചിത്രം യോഹന്നാന്റെ സുവിശേഷത്തിൽ വരച്ചുവച്ചിട്ടുണ്ട്. രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടാതെ ഒഴിഞ്ഞ വലയുമായി കരയ്ക്കണയുന്ന ശിഷ്യന്മാർ കാണുന്നത് നേരം വെളുക്കുന്നതിനുമുമ്പേ തീകൂട്ടി, അപ്പവും മീനും ചുട്ടെടുത്ത്, പ്രാതലൊരുക്കി കാത്തിരിക്കുന്ന ഗുരുനാഥനെയാണ്. ദൈവത്തിന്റെ മാതൃത്വം ഇതിലേറെ വ്യക്തമാക്കുന്ന മറ്റൊരു ചിത്രം വരയ്ക്കുക എളുപ്പമല്ല. പരാജിതന്റെ അടുക്കലേക്ക് സാന്ത്വനവുമായി ഇറങ്ങിവരുന്ന അമ്മയാണ് ഇവിടെ ദൈവം.

തന്റെ പ്രവൃത്തികളിലൂടെ മാത്രമല്ല പ്രബോധനത്തിലൂടെയും ദൈവത്തിന്റെ മാതൃഭാവം യേശു വ്യക്തമാക്കിയിട്ടുണ്ട്. യോഗ്യതകൾ പരിഗണിക്കാതെ കരുണ കാണിക്കുന്ന ദൈവത്തെ (ലൂക്കാ 6,36) പിതാവ് എന്നു വിളിക്കുന്നെങ്കിലും പ്രകടമാക്കുന്നത് മാതൃഭാവം തന്നെയാണ്. ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് (മത്താ 9,13) എന്ന പ്രവാചകവചനം (ഹോസി 6,6) ഉദ്ധരിച്ചുകൊണ്ട് യഥാർത്ഥ

മതാത്മകതയുടെ കാതലിലേക്ക് യേശു ശ്രദ്ധ ക്ഷണിക്കുന്നു. ആലയങ്ങളും അനുഷ്ഠാനങ്ങളുമല്ല, രോഗികളും അവശതയനുഭവിക്കുന്നവരുമായ മനുഷ്യരോടു കാട്ടുന്ന കരുണാർദ്രമായ സ്നേഹവും അവർക്കു നല്കുന്ന നിസ്വാർത്ഥമായ സേവനവുമാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തെ പ്രസാദിപ്പിക്കാൻ എന്തു കാഴ്ചയുമായി വരണം എന്ന ഭക്തന്റെ ചോദ്യത്തിന് പ്രവാചകനിലൂടെ നല്കപ്പെട്ട മറുപടി: "നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക" (മിക്കാ 6,8). യേശു ഏറ്റെടുത്തു സ്വന്തമാക്കി (മത്താ 23,23).

നിത്യജീവൻ അവകാശമാക്കാൻ എന്തുചെയ്യണം എന്ന ചോദ്യവുമായി വന്ന നിയമജ്ഞനോട് നല്ല സമറിയാക്കാരന്റെ കഥ പറഞ്ഞതിനുശേഷം നല്കിയ ഉപദേശം: "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10,37) കരുണാർദ്രമായ മാതൃഭാവത്തിൽ പങ്കുചേരാനുള്ള ആഹ്വാനമാണ്. അന്തിമവിധിയുടെ മാനദണ്ഡവും മറ്റൊന്നല്ല. "എനിക്കു വിശന്നു, നിങ്ങൾ എനിക്ക് ആഹാരം തന്നു........... ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ വീട്ടിൽ സ്വീകരിച്ചു........" (മത്താ 25,31-46).

അമ്മയെപ്പോലെ ആശ്വസിപ്പിക്കുന്ന, പരിചരിച്ചു സംരക്ഷിക്കുന്ന സ്നേഹമാണ് ഇന്നിന്റെ ഏറ്റം വലിയ ആവശ്യം. നമുക്കു കൈമോശം വന്നുകൊണ്ടിരിക്കുന്നതും അതുതന്നെയാണല്ലോ? ആഗോളവൽക്കരണത്തിന്റെയും കമ്പോളസംസ്കാരത്തിന്റെയും ഉപഭോഗതൃഷ്ണയുടെയും മധ്യത്തിൽ ബലഹീനർ പുറന്തള്ളപ്പെടുന്നു. വിലകെട്ടതായി കരുതപ്പെടുന്ന ജീവൻ അതു മാതൃഗർഭത്തിലായാലും മാറാരോഗശയ്യയിലായാലും, വാർദ്ധക്യത്തിലായാലും അവസാനിപ്പിക്കുകയാണ് മെച്ചം എന്ന ചിന്താഗതി ശക്തി പ്രാപിച്ചുവരുന്നു. ലാഭം ലക്ഷ്യം വയ്ക്കുന്ന കച്ചവടക്കണ്ണിലൂടെ മാത്രം എല്ലാം, ജീവനും മാനുഷികബന്ധങ്ങളും പോലും, വീക്ഷിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ആശ്വസിപ്പിക്കുന്ന ദൈവത്തിന്റെ മാതൃഭാവത്തെപ്പറ്റിയുള്ള അവബോധം ഉൾക്കൊണ്ട് ജീവന്റെ സംരക്ഷകരും ആശ്വാസത്തിന്റെ പ്രവാചകരുമായി മുന്നോട്ടുവരാൻ ദൈവം നമ്മെ ആഹ്വാനം ചെയ്യുന്നു. ആ വിളിക്ക് ക്രിയാത്മകമായി ഉത്തരം നല്കുന്നവരാണ് ഏതു ജാതിയിലും മതത്തിലും പെട്ടവരായാലും ദൈവത്തിനു സ്വീകാര്യർ.



6

# മടങ്ങിവരൂ

*"നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ. നിങ്ങളുടെ ദുഷ്കർമ്മങ്ങൾ എന്റെ സന്നിധിയിൽനിന്ന് നീക്കിക്കളയുവിൻ. നിങ്ങളുടെ അകൃത്യങ്ങൾ അവസാനിപ്പിക്കുവിൻ. നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കുവേണ്ടി വാദിക്കുവിൻ. കർത്താവ് അരുളിച്ചെയ്യുന്നു: വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടും ചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതാകും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും. അനുസരിക്കാൻ സന്നദ്ധരെങ്കിൽ നിങ്ങൾ ഐശ്വര്യം ആസ്വദിക്കും. കർത്താവ് അരുളിച്ചെയ്യുന്നു" (ഏശ 1,16-20).*

ജീവന്റെ ഉറവിടവും അസ്തിത്വത്തിന്റെ നിദാനവുമാണ് ദൈവം. പാപംവഴി അകന്നുപോയ ജനത്തെ തന്നിലേക്കു തിരിച്ചുകൊണ്ടുവരാൻവേണ്ടി അവിടുന്ന് ഇസ്രായേൽ ജനത്തിന്റെ അടുക്കലേക്ക് അയച്ച ദൂതന്മാരാണു പ്രവാചകന്മാർ. അതിനാൽത്തന്നെ പ്രവാചകപ്രഘോഷണത്തിന്റെ പ്രധാന ലക്ഷ്യം ജനത്തെ ദൈവത്തിലേക്കു നയിക്കുകയായിരുന്നു. വീടുവിട്ടു വിദേശത്ത് അലയുന്ന

തന്റെ മക്കളുടെ ദൈന്യതയിൽ നൊമ്പരം കൊള്ളുന്ന സ്നേഹധനനായ പിതാവിന്റെ ഹൃദയത്തുടിപ്പുകളാണ് പ്രവാചകന്മാരുടെ വാക്കുകളിൽ പ്രതിധ്വനിക്കുക. "എന്നെ അന്വേഷിക്കുക" (ആമോ 5,4), "എന്നെ തേടുക" (ഹോസി 5,15), "തിരിച്ചുവരൂ" (ജറെ 3,12) എന്നിങ്ങനെ സ്നേഹാർദ്രമായ ആഹ്വാനം എല്ലാ പ്രവാചകന്മാരിലൂടെയും ദൈവം ആവർത്തിക്കുന്നു. തിരിച്ചുവരവു സാധ്യമാകണമെങ്കിൽ തങ്ങൾ ദൈവത്തിൽനിന്ന് അകന്നുപോയിരിക്കുന്നു എന്ന അവബോധം ജനത്തിൽ ഉണ്ടാകണം.

സത്യദൈവമായ യാഹ്‌വെയിൽനിന്ന് തങ്ങൾ യഥാർത്ഥത്തിൽ വളരെ അകലെയാണെങ്കിലും ഇപ്പോഴും തങ്ങൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്നും തങ്ങൾക്ക് എല്ലാം ഭദ്രമാണെും അവർ കരുതിയിരുന്നു. അതിനാൽ നിശിതമായ വിമർശനങ്ങളിലൂടെയും പഴുതടച്ചുള്ള കുറ്റാരോപണങ്ങളിലൂടെയും ജനത്തെ തങ്ങളുടെ യഥാർത്ഥാവസ്ഥയെക്കുറിച്ചു ബോധവാന്മാരാക്കുകയാണു പ്രവാചകന്മാർ ആദ്യമേ ചെയ്യുക. കുറ്റം, അതിന്റെ സർവ്വ ഭീകരതയോടും കൂടെ സംശയലേശമന്യേ തെളിയിച്ചശേഷം ജനത്തെ ഒരു തീരുമാനത്തിനു വിളിക്കുകയാണ് പ്രവാചകന്മാർ. "മടങ്ങിവരൂ! അല്ലെങ്കിൽ നാശത്തിനു തയ്യാറായിക്കൊള്ളൂ." അനുരഞ്ജനം ആവശ്യമാക്കുന്ന സാഹചര്യത്തെയും അനുരഞ്ജനത്തിന്റെ വിവിധ വശങ്ങളെയും സംബന്ധിച്ച് പ്രവാചകന്മാർ നല്കുന്ന പഠനത്തെ ഹ്രസ്വമായി അപഗ്രഥിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. ആമോസ് മുതൽ മലാക്കിവരെയുള്ള പ്രവാചകന്മാർ അനുരഞ്ജനത്തിന്റെ വിവിധ വശങ്ങൾക്ക് ഊന്നൽ കൊടുക്കുന്നുണ്ടെങ്കിലും ഓരോരുത്തരുടെയും പഠനം പ്രത്യേകം പ്രത്യേകം അവതരിപ്പിക്കാൻ തുനിയാതെ അവരുടെ പൊതുവീക്ഷണം ചർച്ച ചെയ്യാനേ ഇവിടെ ഉദ്ദേശ്യമുള്ളൂ.

## ഇസ്രായേലിന്റെ പാപം

ദൈവത്തിന്റെ ചൈതന്യത്താൽ സൂക്ഷ്മദൃഷ്ടികളായി മാറിയ പ്രവാചകന്മാർ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ജനജീവിതത്തിന്റെ എല്ലാ തുറകളിലും പാപത്തിന്റെ താണ്ഡവം ദർശിച്ചു. സാവൂൾ രാജസ്ഥാനത്തുനിന്നു തിരസ്കൃതനായിരിക്കുന്നു എന്നു പ്രഖ്യാപിച്ച സാമുവേൽ (1 സാമു 13,1-14), "ആ മനുഷ്യൻ നീ തന്നെ" (2 സാമു 12,7-12) എന്നു ദാവീദിന്റെ നേരെ വിരൽ ചൂണ്ടിയ

നാഥാൻ, "നീ അവനെ കൊലപ്പെടുത്തി അവന്റെ വസ്തു കയ്യേ റിയോ" (1 രാജാ 21,19) എന്ന് ആഹാബിനോട് ആക്രോശിച്ച ഏലിയാ മുതലായ ആദികാല പ്രവാചകന്മാർ ഏറിയകൂറും വ്യക്തികളിലും അവരുടെ കുറ്റങ്ങളിലുമാണ് ദൃഷ്ടിപതിപ്പിച്ചത്. എന്നാൽ, ആമോസ് മുതലുള്ള പില്ക്കാല പ്രവാചകന്മാർ സമൂഹത്തെ ഒന്നടങ്കം ദൈവ വചനവുമായി നേരിടുന്നു. ഇസ്രായേൽ സമൂഹത്തിന്റെ പാപത്തെ അപഗ്രഥിച്ചു കുറ്റപത്രം തയ്യാറാക്കുന്ന അവർ പടിപടിയായിട്ടാണ് തങ്ങളുടെ വാദം അവതരിപ്പിക്കുന്നത്.

### നീതിനിഷേധം

ഏറ്റം സ്പഷ്ടവും ഏവർക്കും ദൃശ്യവുമായ പാപമാണ് നീതി നിഷേധം. എല്ലാ പ്രവാചകന്മാരും ഇതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. രാജഭരണത്തിന്റെ ആവിർഭാവത്തോടെ ഇസ്രാ യേലിൽ പുതിയൊരു സാമ്പത്തിക വ്യവസ്ഥിതി രൂപം കൊണ്ടു. സാധനങ്ങൾ വച്ചുമാറുന്ന മാറ്റക്കച്ചവടസംവിധാനത്തിനു പകരം ക്രയവിക്രയത്തിൽ പണം ഉപയോഗിക്കാൻ തുടങ്ങി. ഭരണകൂട ങ്ങളുടെ ആസ്ഥാനമായി പട്ടണങ്ങളും വലിയ നഗരങ്ങളും ആവിർഭ വിച്ചു. വൻകിട വ്യാപാരികളും പണമിടപാടുകാരും പട്ടണങ്ങളി ലുണ്ടായി. രാജസേവകന്മാരും വിവിധ ഉദ്യോഗസ്ഥന്മാരും വ്യാപാ രികളും കുത്സിതമാർഗ്ഗങ്ങളിലൂടെ പണം കയ്യടക്കി. ഇസ്രായേൽ കുടുംബങ്ങൾക്കായി ദൈവം വീതിച്ചുകൊടുത്ത വാഗ്ദത്തഭൂമിയിൽ ഏറിയപങ്കും വലിയ തോട്ടങ്ങളായി ഏതാനും ചില ധനികരുടെ കരങ്ങളിൽ അമർന്നു. സാബത്തും ജൂബിലിയും ദരിദ്രരുടെ മറ്റവ കാശങ്ങളും നിഷേധിക്കപ്പെട്ടു. കള്ളപ്പറയും കള്ളത്തുലാസും ഉപ യോഗിച്ചു സ്വത്തു സമ്പാദിക്കുന്ന കച്ചവടക്കാരും, കടത്തിനു ഭീമ മായ പലിശ ഈടാക്കുന്ന ഹുണ്ടിക വ്യാപാരികളും, അമിതമായ നികുതി പിരിക്കുകയും കൈക്കൂലി വാങ്ങുകയും ചെയ്യുന്ന ഉദ്യോ ഗസ്ഥന്മാരും ജനത്തെ ചൂഷണം ചെയ്തു. സാവധാനം നിർദ്ധന നാക്കപ്പെട്ട സാധാരണക്കാരൻ ക്രമേണ എല്ലാം നഷ്ടപ്പെട്ട് അടി മച്ചന്തയിൽ വില്പനച്ചരക്കായിത്തീർന്നു. നീതിക്കുവേണ്ടി ന്യായാ സനത്തെ സമീപിച്ച പാവപ്പെട്ടവർക്കു കോഴയുടെ വലുപ്പം നോക്കി വിധി പ്രസ്താവിക്കുന്ന ന്യായാധിപന്മാരിൽനിന്നു നീതി ലഭിച്ചില്ല.

നിസ്സഹായരായ പാവപ്പെട്ടവരുടെ നിശ്ശബ്ദരോദനം ഏറ്റു വാങ്ങിയ പ്രവാചകർ ഗർജ്ജിച്ചു: "ദരിദ്രനെ ചവിട്ടിയരക്കുകയും

അവനിൽനിന്ന് അന്യായമായി ഗോതമ്പ് ഈടാക്കുകയും ചെയ്ത് നിങ്ങൾ ചെത്തിയൊരുക്കിയ കല്ലുകൊണ്ട് മാളിക പണിയുന്നു.... നിങ്ങൾ നീതിമാന്മാരെ പീഡിപ്പിക്കുകയും കോഴ വാങ്ങുകയും നിരാലംബർക്കു നീതി നിഷേധിക്കുകയും ചെയ്യുന്നു" (ആമോ 5,10-12). സാമ്പത്തികതലത്തിലെ ചൂഷണം നിഷ്കളങ്കരുടെ കൊലപാതകംവരെ എത്തി. "നിന്റെ വസ്ത്രാഞ്ചലത്തിൽ നിരപരാധികളായ പാവങ്ങളുടെ ജീവരക്തം പുരണ്ടിരിയിരിക്കുന്നു. അവരാരും ഭവനഭേദനം നടത്തുന്നതായി നീ കണ്ടില്ല" (ജറെ 2,34).

ഇസ്രായേലിന്റെ അനീതിയും അക്രമങ്ങളും സാമ്പത്തികതലത്തിൽ ഒതുങ്ങിനിന്നില്ല. അതു ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും വ്യാപിച്ചു. "ആണയിടലും വഞ്ചനയും കൊലപാതകവും മോഷണവും വ്യഭിചാരവും സീമാതീതമായിരിക്കുന്നു" (ഹോസി 4,2). ധാർമ്മികാധഃപതനത്തിന്റെ അടിത്തട്ടിലെത്തിയ ജനത്തിന്റെ ഒരു വിഭാഗവും കുറ്റമറ്റതായി പ്രവാചകർ കണ്ടില്ല. രാജാക്കളും പ്രഭുക്കളും രക്തച്ചൊരിച്ചിൽ നടത്തി (എസെ 26,6-25). പുരോഹിതന്മാർ നിയമം ലംഘിച്ചു (എസെ 22,26); ജ്ഞാനം തിരസ്ക്കരിക്കുകയും കൊള്ളലാഭത്തിൽ ആർത്തിപൂണ്ട് കവർച്ചക്കാരെപ്പോലെ സംഘംചേരുകയും ചെയ്തു (ഹോസി 6,3). പ്രവാചകന്മാർ അപ്പത്തിനുവേണ്ടി വ്യാജപ്രവചനം നടത്തി (മിക്കാ 3,5; 9,12). ന്യായാധിപന്മാർ കോഴവാങ്ങി അന്യായം വിധിച്ചു (ആമോ 6,12; 5,12). ജനം പിടിച്ചുപറിക്കുകയും കൊള്ളയടിക്കുകയും ചെയ്തു (എസെ 22,29). "നിന്നിൽ മാതാപിതാക്കന്മാർ നിന്ദിക്കപ്പെട്ടു; അനാഥരും വിധവകളും ദ്രോഹിക്കപ്പെട്ടു..." (എസെ 22,7-12). ഇങ്ങനെ ഇസ്രായേലിനെതിരേ പ്രവാചകന്മാർ നിരത്തുന്ന അനീതിയുടെ ആരോപണങ്ങൾ നിരവധിയാണ്. എന്നാൽ ഇതു കുറ്റപത്രത്തിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ.

### വിഗ്രഹാരാധന

പ്രവാചകന്മാർ ഒന്നൊഴിയാതെ ഇസ്രായേലിന്റെമേൽ ചുമത്തുന്ന കുറ്റമാണ് വിഗ്രഹാരാധന. ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച യാഹ്വേയല്ലാതെ മറ്റൊരു ദൈവമില്ലെന്നും യാതൊരുവിധ വിഗ്രഹവും ഉണ്ടാക്കരുതെന്നും സീനായ് ഉടമ്പടിയിലൂടെ ദൈവം ഇസ്രായേലിനോടു കല്പിച്ചിരുന്നു (പുറ 20,6). എന്നാൽ, ഉടമ്പടിയുടെ മലയായ സീനായുടെ താഴ്വരയിൽവച്ചു

തന്നെ അവർ കാളക്കുട്ടിയുടെ രൂപം ഉണ്ടാക്കി ആരാധന നടത്തി (പുറ 32). ഈ പ്രവണത കാനാൻ ദേശത്തു വന്നപ്പോൾ കൂടുതൽ ശക്തിപ്പെട്ടു. വിജാതീയരുമായി സമ്പർക്കത്തിലേർപ്പെട്ട് ഇസ്രായേൽ യാഹ്‌വെയ്ക്കുപകരം അവരുടെ ദേവന്മാരെ ആരാധിക്കാൻ തുടങ്ങി. വിഗ്രഹങ്ങൾ നിർമ്മിച്ച് അവയ്ക്കുമുമ്പിൽ പ്രണമിച്ചു.

"യൂദാ, നിന്റെ നഗരങ്ങൾക്കൊപ്പം നിനക്കു ദേവന്മാരും പെരുകിയിരിക്കുന്നു. മ്ലേച്ഛതക്ക്, ബാൽവിഗ്രഹത്തിന്, ധൂപമർപ്പിക്കാൻ ജറുസലേമിലെ വീഥികൾക്കൊപ്പം ബലിപീഠങ്ങൾ ഒരുക്കിയിരിക്കുന്നു" (ജെറെ 11,13). അന്യദേവന്മാരുടെ പിന്നാലെ ആവേശത്തോടെ കുതിച്ചുപാഞ്ഞ ജനം അവരെ തങ്ങളുടെ സംരക്ഷകരും കാഴ്ചകളിൽ പ്രസാദിപ്പിച്ച് ഏതസാധ്യകാര്യവും നടത്തിക്കൊടുക്കുന്നവരുമായി കണ്ടു. ഈ ദേവന്മാരുടെ സേവയ്ക്കായി ജനം മ്ലേച്ഛപ്രവൃത്തികളിൽ ഏർപ്പെട്ടു-വ്യഭിചാരം മുതൽ നരഹത്യവരെ (ജറെ 7,30–32).

അന്യദേവന്മാരെ ആരാധിക്കുകയും വിഗ്രഹങ്ങൾക്കു ധൂപമർപ്പിക്കുകയും ചെയ്ത ജനം ആ കൂട്ടത്തിൽ തങ്ങളുടെ ദൈവമായ കർത്താവിനെയും ആരാധിച്ചു. കർത്താവിന്റെ ആലയത്തിലേക്കു തീർത്ഥാടനം നടത്തി. നേർച്ചകാഴ്ചകളും ബലിയർപ്പണവും സമൃദ്ധമായി തുടർന്നു. കർത്താവിന്റെ നാമത്തിൽ നടത്തിയ ഈ ഭക്തകൃത്യങ്ങൾ തങ്ങൾ ഇപ്പോഴും ശുദ്ധരും സുരക്ഷിതരുമാണെന്ന ബോധം അവരിൽ വളർത്തി. ഇത് മിഥ്യയാണെന്നു പ്രവാചകന്മാർ തറപ്പിച്ചു പറഞ്ഞു. മാത്രമല്ല, അനീതി പ്രവർത്തിക്കുകയും അന്യദേവന്മാരെ ആരാധിക്കുകയും ചെയ്യുന്ന ജനം ദൈവത്തിനു ബലിയർപ്പിക്കുന്നതു തന്നെ പാപമായി അവർ കണ്ടു (ആമോ 4,4–5; ഹോസി 8,11). നീതിനിഷേധവും വിഗ്രഹാരാധനയും പ്രവാചകന്മാരുടെ ദൃഷ്ടിയിൽ കൂടുതൽ ഭീകരമായ ഒരു യാഥാർത്ഥ്യത്തിന്റെ പുറന്തോടുകൾ മാത്രമായിരുന്നു.

### ദൈവനിഷേധം

സമൂഹത്തിൽ പ്രകടമായ അക്രമങ്ങളും ആരാധനാവൈകൃതങ്ങളും വിളിച്ചറിയിക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്: ഇസ്രായേൽ തന്റെ ദൈവത്തെ മറന്നിരിക്കുന്നു. ദൈവത്തോടുള്ള ജനത്തിന്റെ അവിശ്വസ്തതയിലാണ് പ്രവാചകന്മാർ ഉന്നയിക്കുന്ന ഏറ്റവും കാതലായ ആരോപണം അടങ്ങിയിരിക്കുന്നത്. ഉടമ്പടിയുടെ നിബന്ധ

നകൾ എല്ലാം ലംഘിക്കപ്പെട്ടിരിക്കുന്നു എന്നു വിളിച്ചറിയിച്ച ഹോസിയാ ഈ യാഥാർത്ഥ്യത്തിലേക്ക് ജനത്തിന്റെ ശ്രദ്ധ തിരിക്കുന്നു: "ഇസ്രായേൽ ജനമേ, കർത്താവിന്റെ വാക്കു കേൾക്കുക, ദേശവാസികൾക്കെതിരെ അവിടുത്തേക്ക് ഒരു ആരോപണമുണ്ട്. ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു" (ഹോസി 4,1). ദൈവത്തെക്കുറിച്ച്, തങ്ങളെ മോചിപ്പിക്കുകയും മേൽവിലാസമില്ലാത്ത അടിമകളുടെ അവസ്ഥയിൽനിന്ന് ഉടമ്പടിയിലൂടെ ദൈവത്തിന്റെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജനമായി തങ്ങളെ ഉയർത്തുകയും ചെയ്ത കർത്താവായ ദൈവത്തെക്കുറിച്ച്, ഇസ്രായേൽ ചിന്തിക്കുന്നില്ല.

മാത്രമല്ല, അവർ ദൈവത്തിൽനിന്ന് അകന്നുപോയിരിക്കുന്നു. ദൈവം തെളിച്ച മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ച അവർ ഉടമ്പടിയുടെ നിബന്ധനകൾ ലംഘിച്ചുകൊണ്ടുവച്ച ഓരോ ചുവടും അവരെ ദൈവത്തിൽനിന്നകറ്റുകയാണ്. ''അവർ വഴിതെറ്റി എന്നിൽനിന്ന് അകന്നുപോയിരിക്കുന്നു" (ഹോസി 7,15). "ഞാൻ അവരെ എന്റെ അടുക്കലേക്ക് വിളിക്കുന്തോറും അവർ എന്നിൽനിന്ന് അകന്നുപോകുകയാണു ചെയ്തത്." പ്രവാചകന്മാരെ തിരസ്ക്കരിക്കുകയും (ഹോസി 9,7-8), അവർക്കു മുടക്കു കല്പിക്കുകയും (ആമോ 7,10-16; മിക്കാ 2,6). അവരെ വധിക്കുകയും (ജറെ 2,30) ചെയ്ത ജനം കർത്താവിനെ അന്വേഷിക്കാനോ അവിടുത്തെ മാർഗ്ഗങ്ങൾ ആരായാനോ കൂട്ടാക്കുന്നില്ല.

ജനതകൾക്കു മധ്യേ ദൈവത്തിനു സാക്ഷ്യം വഹിക്കാനായി തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽജനം, യാഹ്‌വേയുടെ പുരോഹിതരാജ്യം, കർത്താവിന്റേതായി മാറ്റിവയ്ക്കപ്പെട്ട വിശുദ്ധജനം (പുറ 19,5) ദൈവത്തെ മറക്കുക മാത്രമല്ല, തങ്ങളുടെ പ്രവൃത്തികളിലൂടെ അവിടുത്തെ നിന്ദിക്കുക കൂടിയാണു ചെയ്യുക: "തിന്മ നിറഞ്ഞ രാജ്യം, അനീതിയുടെ ഭാരം വഹിക്കുന്ന ജനം, ദുഷ്കർമ്മികളുടെ സന്തതി, ദുർമ്മാർഗ്ഗികളായ മക്കൾ. അവർ കർത്താവിനെ പരിത്യജിക്കുകയും ഇസ്രായേലിന്റെ പരിശുദ്ധനെ നിന്ദിക്കുകയും ചെയ്തു. അവർ എന്നിൽനിന്നു തീർത്തും അകന്നുപോയി" (ഏശ 1,4).

ദൈവത്തെപ്പറ്റി ചിന്തിക്കുന്നില്ല; ദൈവത്തിൽനിന്നകന്നുപോയി; വിസ്മരിച്ചു; അറിയാൻ കൂട്ടാക്കുന്നില്ല, (ജറെ 9,9), ഉപേക്ഷിച്ചു, നിന്ദിച്ചു. ഇവിടെയാണ് പ്രവാചകന്മാർ പാപത്തിന്റെ വേരു

കണ്ടെത്തുന്നത്. ദൈവവുമായുള്ള ബന്ധത്തിൽവന്ന ഉലച്ചിൽ പ്രസരിപ്പിക്കുന്ന ചിറ്റോളങ്ങളാണ് സമൂഹത്തിൽ നടമാടുന്ന അക്രമങ്ങളും അഴിമതികളും. പാപത്തിന്റെ രണ്ട് മുഖങ്ങൾ ഇവിടെ അനാവൃതമാകുന്നു. ഒന്ന്: പ്രഥമവും പ്രധാനവുമായി പാപം ദൈവത്തെ നിഷേധിക്കലാണ്, തള്ളിപ്പറയലാണ്. ദൈവത്തിൽനിന്നോടിയകലുകയാണ്; ദൈവത്തെ അറിയാനും അവിടുത്തെ ഹിതത്തിനു സ്വഹിതത്തെ കീഴ്പ്പെടുത്താനും വിസമ്മതിക്കലാണ്. മനുഷ്യന്റെ ആദ്യപാപവും ഇതുതന്നെ (ഉല്പ 3,1-7). ഇതു ഒരു പ്രവൃത്തിയെന്നതിനേക്കാൾ ഒരു മനോഭാവമാണ്-എനിക്കു മുകളിൽ എന്നോടു കല്പിക്കാനോ എന്നെ താങ്ങിനിർത്താനോ ആരും വരേണ്ടാ; ഞാനാണ് സർവ്വാധീശൻ. രണ്ട്: ഈ മനോഭാവത്തിൽനിന്നുരുത്തിരിയുന്ന പ്രവൃത്തികളാണ് പാപത്തിന്റെ ദൃശ്യമായ വശം. അതു സഹോദരനെ അടിമയും സേവകനും ആക്കുന്നതിൽ, തള്ളിപ്പറയുകയും കൊലപ്പെടുത്തുകയും ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്നു. ഹവ്വായെ തള്ളിപ്പറയുന്ന ആദാമും (ഉല്പ 3, 12), ആബേലിനെ കൊലചെയ്യുന്ന കായേനും (ഉല്പ 4, 8-16), മർദ്ദനവും ചൂഷണം നടത്തുന്ന ഇസ്രായേലും എല്ലാം എല്ലാം പാപത്തിന്റെ ഈ മുഖമാണ് പ്രകടിപ്പിക്കുക. യഥാർത്ഥമായ അനുരഞ്ജനം ഈ രണ്ടു ഭാവങ്ങളും കണക്കിലെടുക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ പാപാവസ്ഥയെക്കുറിച്ചുള്ള ആഴമായ അവബോധത്തിൽനിന്നാണ് അനുരഞ്ജനത്തിന്റെ ആദ്യപടി തുടങ്ങുക. ഈ അവബോധം സൃഷ്ടിക്കുകയാണ് വിമർശനങ്ങളുടെയും കുറ്റാരോപണങ്ങളുടെയും ലക്ഷ്യം.

## അനുഷ്ഠാനങ്ങൾ അപര്യാപ്തം

വ്യക്തിയുടെയും സമൂഹത്തിന്റെയും അകൃത്യങ്ങൾ ദൈവ-മനുഷ്യബന്ധത്തെ ഉലയ്ക്കുന്നുവെന്നും പരിഹാരത്തിലൂടെ മാത്രമേ ഉലഞ്ഞബന്ധം വീണ്ടും ഉറപ്പിക്കാൻ പറ്റൂ എന്നും ഉള്ള ചിന്ത മിക്കവാറും എല്ലാ മതങ്ങളിലും കാണാം. ഇസ്രായേലിന്റെ ആദ്യകാലങ്ങളിൽ പരിഹാരമായി കുറ്റവാളിയുടെ ശിക്ഷയാണ് നിർദ്ദേശിക്കപ്പെട്ടിരുന്നത്. കാളക്കുട്ടിയുടെ മുമ്പിൽ ആരാധനനൃത്തം ചവുട്ടിയ ജനത്തിൽ മൂവ്വായിരത്തോളം പേരെ വെട്ടിവീഴ്ത്തിയ മോശ (പുറ 22, 25-38), വിജാതീയ സ്ത്രീയുമായി ബന്ധപ്പെട്ട ഇസ്രായേൽക്കാരനെ കുത്തിപ്പിളർന്ന ഫിനെഹാസ് (സംഖ്യ 25, 7-18),

വിലക്കു ലംഘിച്ച ആഖാനെയും കുടുംബത്തെയും ആഖോർ താഴ്വരയിൽവെച്ചു കല്ലെറിഞ്ഞ ജോഷ്വാ (ജോഷ്വാ 7) തുടങ്ങി അനേകം ഉദാഹരണങ്ങൾ ഈ വിശ്വാസത്തിനു സാക്ഷ്യം നല്കുന്നു. പാപം നിമിത്തം ഉളവായ 'ദൈവകോപത്തെ' ശമിപ്പിക്കാനും ശിക്ഷ അകറ്റാനുമായി പ്രാർത്ഥനയും പരിഹാരകർമ്മങ്ങളും അനുഷ്ഠിക്കുകയും സർവ്വസാധാരണമാണ്. ഇവയെ സംബന്ധിച്ച നിയമങ്ങൾ ബൈബിളിൽ കാണാം.

ഭക്ഷ്യപേയങ്ങളും ലേപനങ്ങളും വർജ്ജിച്ചുള്ള ഉപവാസമാണ് പരിഹാരപ്രവൃത്തികളിൽ അതിപ്രധാനമായി ചിത്രീകരിക്കപ്പെടുക (യോന 3, 5; ഏശ 58, 5). നിലത്തു കിടക്കുക, (2 സാമു 12,16) വസ്ത്രം കീറുക, ചാക്കുടുത്തു ചാരം പൂശുക (1 രാജ 21,27; 2 രാജ 6,30), തല മുണ്ഡനം ചെയ്യുക (ഏശ 22,12), ചാരത്തിൽ ഇരിക്കുക (ഏശ 58, 5; ജറെ 6,26), വിലപിക്കുക (ജോയൽ 1,13; 2,17) മുതലായ ബാഹ്യപ്രവർത്തനങ്ങൾ പാപപ്പരിഹാരമായി അനുഷ്ഠിച്ചുപോന്നു. പാപപ്പരിഹാരബലികൾ, പ്രവാചകന്റെയും പുരോഹിതന്റെയും മധ്യസ്ഥപ്രാർത്ഥന എന്നിവയും അനുരഞ്ജന മാധ്യമങ്ങളായി നിലവിലിരുന്നു.

എന്നാൽ, പാപം ബാഹ്യമായ അശുദ്ധിയല്ല, ആന്തരികമായ ക്ഷതമാണ് എന്ന അറിവ് പ്രബലപ്പെട്ടപ്പോൾ വെറും ബാഹ്യാനുഷ്ഠാനങ്ങൾ അപര്യാപ്തമായി. അനുഷ്ഠാനങ്ങൾ മനുഷ്യന്റെ അന്തരാത്മാവിനെ സ്പർശിക്കാത്ത വെറും ചടങ്ങുകൾ മാത്രമായി അധഃപതിക്കുകയും ചെയ്തു. പ്രവാചകന്മാർ ബാഹ്യാനുഷ്ഠാനങ്ങൾക്കെതിരേ ശക്തമായി ആക്രമണശരങ്ങൾ തൊടുത്തുവിടുന്നതിന്റെ പ്രധാന കാരണം അനുഷ്ഠാനങ്ങൾ അന്തഃസ്സത്തയറ്റുപോയ വെറും അഭ്യാസങ്ങൾ മാത്രമായിത്തീർന്നതാണ്. "വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത്" (ജോയൽ 2,13) എന്ന ആഹ്വാനം അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും ആന്തരികതയിലേക്കു വിരൽ ചൂണ്ടുന്നു.

### മടങ്ങിവരൂ!

പാപത്തിന്റെ കാതൽ ദൈവനിഷേധമാണെന്നു നാം കണ്ടു. തന്മൂലം, അനുരഞ്ജനം ആരംഭിക്കേണ്ടത് അവിടുത്തെ പിതാവും രക്ഷകനുമായി അംഗീകരിച്ചുകൊണ്ടാവണം. അതിനാൽ പ്രവാചകന്മാരുടെ പ്രഘോഷണലക്ഷ്യം ജനത്തെ ദൈവത്തിലേക്ക് ആന

യിക്കുക എന്നതായിരുന്നു. "മടങ്ങി വരൂ" എന്ന പല്ലവി ആവർത്തിക്കുന്നതിൽ അവർ ഒരിക്കലും തളരുന്നില്ല. 'ഷൂബ്' എന്ന ഹെബ്രായ പദമാണ് ഇതിനായി അധികപങ്കും ഉപയോഗിക്കുക. 'മെത്താനൊവേയിൻ', 'എപ്പിസ്ത്രെഫെയിൻ' എന്ന രണ്ടു പദങ്ങളാണ് ഗ്രീക്കു പരിഭാഷകർ ഉപയോഗിച്ചിരുന്നത്. ആദ്യത്തേത് മനോഭാവത്തിലും രണ്ടാമത്തേതു പെരുമാറ്റത്തിലും വരുന്ന മാറ്റത്തെ സൂചിപ്പിക്കുന്നു. ചിന്താഗതിയിലും മനോഭാവത്തിലും ജീവിതശൈലിയിലും വരേണ്ട അടിസ്ഥാനപരമായ മാറ്റമാണ് ഇവിടെ വിവക്ഷിക്കപ്പെടുക.

അനുരഞ്ജനത്തിനു പ്രവാചകർ ആദ്യമായി ആവശ്യപ്പെടുന്നത് ജനം തങ്ങളുടെ യഥാർത്ഥാവസ്ഥയെക്കുറിച്ചു ബോധവാന്മാരാവുകയും ഉൽക്കടമായ പാപബോധംകൊണ്ടു ഹൃദയം തകർന്ന് തങ്ങളുടെ തെറ്റുകൾ ഏറ്റുപറയുകയും ചെയ്യുക എന്നതാണ്. "ഞാൻ മലിനയല്ല, ബാലിന്റെ പിറകേ പോയിട്ടില്ല എന്നു പറയാൻ നിനക്കെങ്ങനെ സാധിക്കും? താഴ്‌വരയിൽ പതിഞ്ഞ നിന്റെ കാലടികൾ കാണുക, ചെയ്തകുറ്റം സമ്മതിക്കുക" (ജറെ 2,23). പാപബോധത്താലും ചെയ്ത തെറ്റുകളെക്കുറിച്ചുള്ള ലജ്ജയാലും തകരുന്നവരുടെ ഹൃദയമണ്ഡലത്തിൽ തെളിഞ്ഞുവരേണ്ട ദൈവത്തിന്റെ ചിത്രം ചരിത്രത്തിലൂടെ വെളിപ്പെടുത്തപ്പെട്ടു. അവിടുത്തെ ചിത്രമിതാണ്: "കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ. തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോടു കരുണ കാണിക്കുന്നവൻ" (പുറ 34,6-7). വിച്ഛേദിക്കപ്പെട്ട ബന്ധം പുനഃസ്ഥാപിക്കാനും ജനത്തിനു ദൈവത്തിലേക്കു മടങ്ങിവരാനുമുള്ള സാധ്യത ദൈവത്തിന്റെ കരുണയിൽ മാത്രം വേരൂന്നി നില്ക്കുന്നു. "ഇസ്രായേൽ ഭവനമേ, നിങ്ങൾ എന്തിനു മരിക്കണം? ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ആരുടെയും മരണത്തിൽ ഞാൻ സന്തോഷിക്കുന്നില്ല. നിങ്ങൾ പശ്ചാത്തപിക്കുകയും ജീവിക്കുകയും ചെയ്യുവിൻ" (എസെ 18,32).

## ദൈവത്തെ അന്വേഷിക്കുക

അകൃത്യങ്ങളും അഹങ്കാരവുംമൂലം ദൈവത്തിൽനിന്ന് അകന്നുപോയ ജനം മടക്കയാത്രയ്ക്കായി തങ്ങൾ പിന്നിട്ടുപോന്ന വഴികൾ സശ്രദ്ധം പരിശോധിക്കണം. "വഴിക്കവലകളിൽനിന്നു

ശ്രദ്ധിച്ചുനോക്കുക, പഴയപാതകൾ അന്വേഷിക്കുക; നേരായ മാർഗ്ഗം തേടി സഞ്ചരിക്കുക" (ജറെ 6,16). പാപത്തിൽനിന്നു പിന്തിരിയാൻ തയ്യാറാകുന്നവരോട് പ്രവാചകന്മാർ ഏകസ്വരത്തിൽ ആഹ്വാനം ചെയ്തു: കർത്താവിനെ അന്വേഷിക്കുക (ആമോ 5,4–7); അവിടുത്തെ മുഖം, അവടുത്തെ സാന്നിദ്ധ്യം തേടുക (ഹോസി 5,15), കർത്താവിലേക്കു കണ്ണുകൾ ഉയർത്തുക, അവിടുത്തേക്കുവേണ്ടി കാത്തിരിക്കുക (മിക്കാ 7,7). മനുഷ്യനിർമ്മിതങ്ങളായ വിഗ്രഹങ്ങളോ സ്വന്തം ഭാവനയിൽനിന്ന് ഉയർന്നുവരുന്ന ദൈവചിത്രങ്ങളൊ അല്ല, ചരിത്രത്തിലൂടെ സ്വയം വെളിപ്പെടുത്തിയ വിമോചകനും കാരുണ്യവാനും ഉടമ്പടിയുടെ ദൈവവുമായ യാഹ്വെയാണ് മടക്കയാത്രയുടെ ലക്ഷ്യം. അവിടെ മാത്രമാണ് ജീവൻ; അവിടുന്നു മാത്രമാണ് യഥാർത്ഥ രക്ഷാസങ്കേതം.

ഹൃദയത്തിലാണ് ഈ മടക്കയാത്രയുടെ ആരംഭം കുറിക്കേണ്ടത്; മനോഭാവത്തിലാണ് മാറ്റം വരുത്തേണ്ടത്. "കർത്താവിനെ കണ്ടെത്താൻ കഴിയുന്ന ഇപ്പോൾത്തന്നെ അവിടുത്തെ അന്വേഷിക്കുവിൻ: അവിടുന്ന് അരികെയുള്ളപ്പോൾ അവിടുത്തെ വിളിക്കുവിൻ. ദുഷ്ടൻ തന്റെ മാർഗ്ഗവും അധർമ്മി തന്റെ ചിന്താഗതികളും ഉപേക്ഷിക്കട്ടെ. അവിടുത്തെ കരുണ ലഭിക്കേണ്ടതിന് അവൻ കർത്താവിങ്കലേക്കു തിരിയട്ടെ" (ഏശ 55,6–7). ദൈവത്തെ കർത്താവും നാഥനുമായി അംഗീകരിച്ചു കഴിയുമ്പോൾ അവിടുത്തെ ഹിതം ആരായുവാനും സ്വന്തം ജീവിതം ആ ഹിതത്തിനു വിധേയമാക്കാനും അനുതാപി ഒരുങ്ങും. അവിടെ ഞാനെന്ന ഭാവത്തിനു പകരം വിനയം സംജാതമാകും. "ജ്ഞാനി തന്റെ ജ്ഞാനത്തിൽ അഹങ്കരിക്കാതിരിക്കട്ടെ; ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കാതിരിക്കട്ടെ; സമ്പന്നൻ തന്റെ സമ്പത്തിൽ വലുപ്പം ഭാവിക്കാതിരിക്കട്ടെ. പ്രശംസിക്കുന്നവൻ, ഞാൻ ഭൂമിയിൽ കരുണയും ന്യായവും നീതിയും പുലർത്തുന്നവനാണെന്ന അറിവിൽ പ്രശംസിക്കട്ടെ" (ജറെ 9,23–24). അനുരഞ്ജനത്തിന്റെ അവശ്യഘടകമാണ് വിധേയത്വവും വിനയവും. "ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും എന്റെ വചനം ശ്രവിക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്നവനെയാണ് ഞാൻ കടാക്ഷിക്കുക" (ഏശ 66,2). ചുരുക്കത്തിൽ ഒരു പുതിയ ഹൃദയമാണ് ഇവിടെ ആവശ്യകമായിരിക്കുന്നത്; ഒരു പുതിയ സൃഷ്ടി അഥവാ ഒരു പുനർജ്ജന്മം. പാപത്തിൽ വേരൂന്നി ദുഷ്ടതയിൽ വളർന്നുവാടിയ ജനത്തിന്

ഇതു സ്വന്തം ശക്തിയാൽ സാധ്യമല്ല എന്നു പ്രവാചകന്മാർ ഗ്രഹിച്ചു.

## ദൈവത്തിന്റെ ദാനം

മനുഷ്യന്റെ നിസ്സഹായവസ്ഥയിൽ അവനെ കൈവിടാതെ അവന്റെ സഹായത്തിനെത്തുന്ന ദൈവമാണു ഇവിടെയും ആശ്രയം. "എന്നെ തിരികെ കൊണ്ടുവരണമേ; മടങ്ങിവരാൻ എന്നെ ശക്തനാക്കണമേ; അവിടുന്നാണല്ലോ എന്റെ ദൈവമായ കർത്താവ്" (ജറെ, 31,9)) എന്ന ഹൃദയം തകർന്നു താഴ്മയോടെയുള്ള പ്രാർത്ഥനയ്ക്കു ദൈവം എസക്കിയേൽ പ്രവാചകനിലൂടെ മറുപടി നല്കി: "ഞാൻ നിങ്ങളുടെ മേൽ ശുദ്ധജലം തളിക്കും, നിങ്ങളുടെ എല്ലാ മാലിന്യങ്ങളിൽനിന്നും നിങ്ങൾ ശുദ്ധീകരിക്കപ്പെടും.... ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നല്കും. ഒരു പുതിയ ചൈതന്യം ഞാൻ നിങ്ങളിൽ നിക്ഷേപിക്കും..." (എസ 36,25-28). അനുതാപവും അനുരഞ്ജനവും സാദ്ധ്യമാക്കുന്നതു ദൈവമാണ്-ഒരു പുതിയ സൃഷ്ടിയിലൂടെ. എന്നാൽ, ദൈവത്തിന്റെ പ്രവൃത്തി മനുഷ്യനെ നിഷ്ക്രിയനാകാൻ അനുവദിക്കുന്നില്ല. പ്രായേണ എളുപ്പമായ ആചാരാനുഷ്ഠാനങ്ങളിലേക്കു പിൻവാങ്ങാൻ സമ്മതിക്കുന്നുമില്ല. ദൈവത്തിന്റെ കരുണയാൽ തുടങ്ങുന്ന മടക്കയാത്ര ഹൃദയത്തിൽമാത്രം ഒതുങ്ങിനില്ക്കുന്ന ഒരു പ്രക്രിയയല്ല. ദൈവത്തിൽനിന്നുള്ള അകൽച്ച തുടങ്ങുന്നത് ഹൃദയത്തിലാണ്; അതു പ്രകടമാകുക മനുഷ്യബന്ധങ്ങളുടെ ശിഥിലീകരണത്തിലും. ഇസ്രായേലിന്റെ പാപം പ്രവാചകന്മാർ ദർശിച്ചത് ഇപ്രകാരമാണ്. അതുകൊണ്ട് അറ്റുപോയ മനുഷ്യബന്ധത്തിന്റെ കണ്ണിയെ വിളക്കിച്ചേർത്തുകൊണ്ടുവേണം അനുരഞ്ജനം തുടങ്ങാൻ.

## നീതി പ്രവർത്തിക്കുക

ലേഖനത്തിന്റെ ആദ്യഭാഗത്തിൽ ഉദ്ധരിച്ച പ്രവചന ഭാഗത്തേക്കു ശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു. അനുരഞ്ജനത്തിന്റെ നിബന്ധനയെന്നോണം ഏശയ്യാ പ്രവാചകൻ എടുത്തുകാട്ടുന്ന കാര്യങ്ങൾ ഇവിടെ പ്രത്യേകം ശ്രദ്ധാർഹമാണ്. കർത്താവുമായി രമ്യതപ്പെടണമെങ്കിൽ ജനം തങ്ങളെത്തന്നെ കഴുകി ശുദ്ധിയാക്കേണ്ടിയിരിക്കുന്നു. ഈ ശുദ്ധീകരണപ്രക്രിയയാകട്ടെ മുകളിൽ സൂചിപ്പിച്ചതുപോലെ സഹോദരനോടുള്ള മനോഭാവത്തിലും പെരുമാറ്റത്തിലുമാണ് അടങ്ങിയിരിക്കുന്നത്. "നീതി അന്വേഷിക്കുവിൻ, മർദ്ദനം

അവസാനിപ്പിക്കുവിൻ, അനാഥരോടു നീതിചെയ്യുവിൻ". ബലഹീനനെ മർദ്ദിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്നിടത്തോളം കാലം കർത്താവുമായി അനുരഞ്ജനം സാദ്ധ്യമല്ലതന്നെ.

കർത്താവിനെ അന്വേഷിക്കാൻ ആഹ്വാനം ചെയ്യുന്ന ആമോസ് ശക്തമായ ഭാഷയിൽ ഉദ്ഘോഷിച്ചു: "തിന്മയല്ല, നന്മ അന്വേഷിക്കുവിൻ" (ആമോ 5,14-15). നീതി സ്ഥാപിക്കാൻ വിട്ടുവീഴ്ചയില്ലാതെ ശ്രമിക്കുന്നതിനുപകരം ബലിയർപ്പണമോ ഉത്സവാഘോഷമോ മതിയാവുകയില്ല. അത്തരം ബലിയും ആഘോഷവും കർത്താവു നിന്ദ്യമായിട്ടാണ് കരുതുക (ആമോ 5, 21-27). വിവാഹബന്ധം വിഛേദിക്കപ്പെട്ട വേശ്യയോടു തുലനം ചെയ്ത ഇസ്രായേലിനെ തിരിച്ചെടുക്കാൻ കർത്താവു വയ്ക്കുന്ന നിബന്ധനയും മറ്റൊന്നല്ല. "നീതിയിലും സത്യത്തിലും കാരുണ്യത്തിലും ഞാൻ നിന്നെ സ്വന്തമാക്കും... കർത്താവിനെ നീ അറിയും" (ഹോസി 12,19). കർത്താവിലേക്കു തിരിച്ചുവരുന്നതിന്റെ അവശ്യഘടകമാണ് 'നീതിയും സ്നേഹവും മുറുകെപ്പിടിക്കുക' (ഹോസി 10,12). കർത്താവിന്റെ ക്രോധത്തിൽനിന്നു രക്ഷപ്പെടാനായി ജനത്തിനു നല്കാൻ സെഫനിയായ്ക്കും മറ്റൊരുപദേശമില്ല: കർത്താവിനെ അന്വേഷിക്കുവിൻ: നീതിയും വിനയവും അന്വേഷിക്കുവിൻ (സെഫ 2,3).

കർത്താവിനെ അന്വേഷിക്കുകയും അവിടുത്തെ തിരുമുമ്പിൽ പ്രണമിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്കു മിക്കാ നല്കുന്ന സന്ദേശമിതാണ്: "നീതി പ്രവർത്തിക്കുക കരുണ കാണിക്കുക, നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക" (മിക്കാ 6,8). ബലിയർപ്പണം, അതു സ്വന്തം ഏകജാതനെത്തന്നെ ആയാലും, കർത്താവിനു സ്വീകാര്യമാവില്ല. അവിടുത്തെ സന്നിധിയിൽ പ്രത്യക്ഷപ്പെടാൻ ആവശ്യം നീതിയും കരുണയും വിനയവുമാണ്. തനിക്കു മുമ്പുണ്ടായിരുന്ന എല്ലാ പ്രവാചകന്മാരും നല്കിയ പഠനത്തിന്റെ രത്നച്ചുരുക്കമായിട്ടാണ് മിക്കാ ഈ സന്ദേശം നൽകുന്നത്.

അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും വക്താവ് എന്നു വിശേഷിപ്പിക്കാവുന്ന ജറെമിയാ നല്കുന്ന പാഠം സവിശേഷശ്രദ്ധ അർഹിക്കുന്നു. യൂദായിലെ അവസാനത്തെ രാജാവായ സെദെക്കിയായുടെ ദുഷ്കൃത്യങ്ങളെയും പിതാവായ ജോസിയായുടെ നീതിനിഷ്ഠമായ ജീവിതത്തെയും തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ട് ജറെമിയാ സെദെക്കിയായ്ക്കെതിരേ നടത്തുന്ന കുറ്റാ

രോപണത്തിലാണിതു കാണുന്നത്. "അനീതിയുടെ മുകളിൽ കൊട്ടാരം പണിയുകയും അന്യായത്തിനു മുകളിൽ മട്ടുപ്പാവു നിർമ്മിക്കുകയും അയല്ക്കാരനെക്കൊണ്ടു ജോലിചെയ്യിച്ചിട്ടു പ്രതിഫലം നല്കാതിരിക്കുകയും ചെയ്യുന്നവൻ ശപ്തൻ... നിന്റെ പിതാവു ജീവിതം ആസ്വദിച്ചില്ലേ? അവൻ നീതിയും ന്യായവും നടത്തുകയും ചെയ്തു. അതുകൊണ്ട് അവന് എല്ലാം ശുഭമായിരുന്നു. അവൻ ദരിദ്രർക്കും അഗതികൾക്കും ന്യായം നടത്തിക്കൊടുത്തു. അന്ന് എല്ലാം നന്നായിരുന്നു. എന്നെ അറിയുക എന്നാൽ ഇതു തന്നെയല്ലെ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു" (ജറെ 22,13-16). വേലക്കാരനു കൂലി നിഷേധിക്കുകയും അന്യായം പ്രവർത്തിക്കുകയും ചെയ്യുന്ന സെദെക്കിയാ ദൈവത്തെ അറിയുന്നില്ല എന്നാണ് വ്യംഗ്യം. ഇത് ഹോസിയായും (4,1) ഏശയ്യായും (1,3-5) പറഞ്ഞ വചനം തന്നെയാണ്. 'ദൈവത്തെ അറിയുക' എന്നതിനു ജറെമിയാ നൽകുന്ന പുതിയ ഭാഷ്യമാണ് ശ്രദ്ധാർഹമായിട്ടുള്ളത്. അനുരഞ്ജനം എന്നാൽ കർത്താവിനെ തേടുക, കർത്താവുമായി രമ്യതപ്പെടുക എന്നതാണ്. സഹോദരനുമായി രമ്യതയിലെത്താതെ ഇതു സാധ്യമല്ല എന്നു മറ്റു പ്രവാചകന്മാർ പറയുമ്പോൾ കർത്താവിനെ അറിയുക എന്നാൽ നീതി പ്രവർത്തിക്കുകയാണ്, അനാഥരുടെയും മർദ്ദിതരുടെയും പക്ഷം ചേരുകയാണ് എന്നു ജെറെമിയാ എടുത്തു കാട്ടുന്നു.

പാപപ്പരിഹാരത്തിന്റെയും അനുരഞ്ജനത്തിന്റെയും ഉപാധിയായി മോശയുടെ നിയമവും പ്രവാചകന്മാരും എടുത്തുകാട്ടുന്ന ഒന്നാണ് ഉപവാസം. എന്നാൽ ഉപവാസം എന്നത് പട്ടിണികിടക്കലും, ചാരം പൂശലും, ചാക്കുടുക്കലും മാത്രമല്ലാ എന്നും അനുരഞ്ജനത്തിനുപയുക്തമാകുന്ന ഉപവാസം മറ്റു ചിലതുകൂടെ ഉൾക്കൊള്ളുന്നതാണെന്നും മൂന്നാം ഏശയ്യാ വ്യക്തമാക്കുന്നു. "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?" (ഏശ 58, 6-7). അനുരഞ്ജനത്തിന്റെയും ഉപവാസം മുതലായ ഭക്താഭ്യാസങ്ങളുടെയും സാമൂഹ്യമാനങ്ങളിലേക്കു വിരൽ ചൂണ്ടുന്ന ഈ പ്രവചനഭാഗത്തിൽ നിന്ന് ഒരു കൊച്ചുവാചകം (മർദ്ദിതരെ സ്വത

ന്ത്രരാക്കുക) തന്റെ ദൗത്യഭാഗമായി യേശു നസ്രത്തിൽ അവതരിപ്പിച്ചു (ലൂക്കാ 4,18) എന്നതു ശ്രദ്ധേയമാണ്. വളരെ വ്യക്തവും നിഷ്കൃഷ്ടവും പ്രായോഗികവും ആയ നിർദ്ദേശങ്ങളാണ് ചൂഷകരും ചൂഷിതരും അടങ്ങുന്ന തന്റെ സമൂഹത്തിൽ ഏശയ്യാ മുന്നോട്ടുവയ്ക്കുന്നത്. മുഖം വികൃതമാക്കി, തലയും താഴ്ത്തി നടന്നതുകൊണ്ടോ ആഹാരം ഉണ്ടായിരിക്കെ പട്ടിണി കിടന്നതുകൊണ്ടോ മാത്രം ഉപവാസമാകില്ല. അവശതയനുഭവിക്കുന്ന സഹോദരന്റെ സഹായത്തിനെത്താനും അനീതിക്കെതിരെ ക്രിയാത്മകമായി പ്രവർത്തിക്കാനും ആഹാരം, വസ്ത്രം, പാർപ്പിടം മുതലായ മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്ക് അതു നേടിക്കൊടുക്കുന്നതിനായി സ്വന്തം അവകാശങ്ങൾതന്നെ ത്യജിക്കാനും സന്നദ്ധരാകുമ്പോഴാണ് ഉപവാസം അർത്ഥവത്താകുക.

## അനുരഞ്ജനം ഹൃദയത്തിലും സമൂഹത്തിലും

പാപത്തിനെന്നപോലെതന്നെ അനുരഞ്ജനത്തിനും രണ്ടു മുഖങ്ങളുണ്ട്, ആന്തരികവും ബാഹ്യവും. ഹൃദയത്തിലാണ് പാപത്തിന്റെ കൂടാരമെങ്കിൽ സമൂഹത്തിലാണ് അതിന്റെ വിഹാരം. അതിനാൽ അനുരഞ്ജനം ഹൃദയനവീകരണവും ഒപ്പം സമൂഹനവീകരണവും ആവശ്യപ്പെടുന്നു. കർത്താവിനെ തേടുന്നവർ സഹോദരനെ തേടണം. ഇവയിൽ ഏതാണ് കൂടുതൽ പ്രാധാന്യമർഹിക്കുന്നതെന്നോ ഏതാണ് ആദ്യം നിർവ്വഹിക്കേണ്ടതെന്നോ ഉള്ള ചോദ്യം പ്രവാചകവീക്ഷണത്തിൽ അപ്രസക്തമാണെന്നു മാത്രമല്ല അപകടകാരിയുമാണ്. കാരണം, ബൈബിളിന്റെ കാഴ്ചപ്പാടിൽ ദൈവത്തെക്കൂടാതെ സഹോദരനെ കാണാൻ സാദ്ധ്യമല്ല; അതേ സമയം സഹോദരനെ മറക്കുന്നുവന് ദൈവത്തെ കാണാനും കഴിയുകയില്ല. ദൈവത്തെ ധിക്കരിച്ച ആദം ഹവ്വായെ തള്ളിപ്പറയുന്നതും ആബേലിനെ വധിച്ച കായേൻ ദൈവസന്നിധിയിൽനിന്ന് ഒളിച്ചു നടക്കുന്നതും ഈ സത്യമാണ് വിളിച്ചറിയിക്കുക.

ദൈവത്തെയും മനുഷ്യനെയും തമ്മിൽ അകറ്റി, ഇതിൽ ആരെയെങ്കിലും നിഷേധിക്കാനുള്ള പ്രവണത ഇന്നു നമ്മുടെ സമൂഹത്തിൽ ഏറെയുണ്ട്. അയൽക്കാരനെ വഞ്ചിക്കുകയും വേലക്കാരനു കൂലി നിഷേധിക്കുകയും വേലചെയ്യാതെ കൂലി പിടിച്ചുവാങ്ങുകയും ചെയ്യുന്നവർ, സഹായഹസ്തം തേടി സമൂഹത്തിന്റെ പുറംപോക്കിൽ അലയുന്നവരെ സഹായിക്കാൻ കഴിവുണ്ടായിട്ടും

കാണാതെ കടന്നുപോകുന്നവർ, 'കുമ്പസാര'ത്തിലൂടെ കർത്താവുമായി അനുരഞ്ജനപ്പെടാമെന്നു കരുതുന്നു, സഭയുടെ ഔദ്യോഗികപഠനം മറിച്ചാണെങ്കിലും. വലിയൊരു ഭാഗം "വിശ്വാസി"കളുടെ മനസ്സിൽ കൂദാശകൾ യാന്ത്രികമായി ഫലം പുറപ്പെടുവിക്കുന്ന കർമ്മങ്ങളാണ്. അനുരഞ്ജനത്തിന്റെ സാമൂഹ്യമാനത്തിന് അടുത്തകാലത്ത് കൂടുതൽ ഊന്നൽ നല്കുന്നുണ്ട് എന്നത് ആശാവഹം തന്നെ. പക്ഷേ, ഇനിയും വളരെയേറെ ആ ദിശയിൽ യാത്രചെയ്യേണ്ടിയിരിക്കുന്നു.

മറുഭാഗത്ത്, പാപത്തെ ഒരു സാമൂഹികതിന്മയായും അനുരഞ്ജനത്തെ സമൂഹസേവനവും ദരിദ്രന്റെ സാമ്പത്തികോദ്ധാരണവും മാത്രമായും കാണുന്ന പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം ഇന്നു വളരെ ശക്തി പ്രാപിച്ചു വരുന്നുണ്ട്. ദൈവത്തെ അധികപ്പറ്റും അബലന്റെ ദിവാസ്വപ്നവുമായിക്കാണുന്ന ഇക്കൂട്ടർക്ക് മനുഷ്യനെ യഥാർത്ഥത്തിൽ സഹോദരനായി കാണാൻ കഴിയുന്നുണ്ടോ എന്നു സംശയിക്കണം. ദൈവത്തെ നിഷേധിച്ചുകൊണ്ടുള്ള അനുരഞ്ജനം ഒരു സാമൂഹികപ്രക്രിയ മാത്രമായിരിക്കും. അതിനു മനുഷ്യനെ അവന്റെ യഥാർത്ഥ മഹത്ത്വത്തിലേക്കുയർത്താനോ, ലക്ഷ്യത്തിലേക്കു നയിക്കാനോ സാധിക്കുകയില്ല. കാരണം, ആറടിമണ്ണിൽ അലിഞ്ഞുതീരുന്ന, ചലിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ഒരു മാംസപിണ്ഡമല്ല മനുഷ്യൻ. തന്റെ സ്രഷ്ടാവിന്റെ മുഖം വഹിക്കുകയും ആ നാഥനെ ലക്ഷ്യമാക്കി ചരിക്കാനും അവിടുത്തെ ഹിതമനുസരിച്ചു തന്റെ ചെയ്തികളെ ക്രമപ്പെടുത്താനുമുള്ള വിളി സ്വീകരിക്കുകയും ചെയ്യുന്ന പ്രതിനിധിയാണവൻ. യഥാർത്ഥ അനുരഞ്ജനം ആ വിളിയിലും ദൗത്യത്തിലും അതു പ്രദാനം ചെയ്യുന്ന മഹത്ത്വത്തിലും ഊന്നിനില്ക്കുന്നു. കാരുണ്യവാനും കൃപാനിധിയുമായ ദൈവമാണ് അനുരഞ്ജനം സാധ്യമാക്കുന്നത്. ദൈവത്തോടുള്ള വിധേയത്വത്തിലും സഹോദരസ്നേഹത്തിലും അതു പ്രകടമാകുന്നു. സ്നേഹത്താൽ നവീകരിക്കപ്പെട്ട ഹൃദയത്തിൽനിന്നു പുറപ്പെടുന്ന നീതിയുടെ ഫലമാണ് അനുരഞ്ജനത്തിന്റെ ഉരകല്ല്.



7

# ഉദ്ഭവപാപം

മനുഷ്യജീവതത്തിന്റെ അവിഭാജ്യഘടകമെന്ന നിലയിൽ തിന്മ പ്രത്യക്ഷപ്പെടുന്നു എന്നത് സാർവ്വത്രികമായ ഒരു അനുഭവമാണ്. വിശപ്പും ദാഹവും രോഗവും മരണവും തുടങ്ങിയ ശാരീരികയാഥാർത്ഥ്യങ്ങളിൽ നിന്ന് ഒരു മനുഷ്യനും ഒഴിവാക്കപ്പെടുന്നില്ല. വെറുപ്പും വിദ്വേഷവും അക്രമവും ചൂഷണവും എല്ലാ മനുഷ്യസമൂഹങ്ങളിലും എക്കാലത്തും നിലനില്ക്കുന്നു. നന്മ ചെയ്യാൻ ആഗ്രഹിക്കുമ്പോഴും അതിനു കടകവിരുദ്ധമായ ഏതോ ആന്തരിക ശക്തി മനുഷ്യനെ തിന്മയിലേക്കു വലിച്ചിഴയ്ക്കുന്നതായി അനുഭവപ്പെടുന്നു. എവിടെയാണ് തിന്മയുടെ ഉദ്ഭവം? എന്തുകൊണ്ട് എല്ലാ മനുഷ്യരിലും തിന്മയിലേക്കുള്ള ചായ്‌വ് പ്രകടമാകുന്നു?

നന്മയുടെയും തിന്മയുടെയും സ്രഷ്ടാക്കളായി രണ്ടു ദൈവങ്ങളുണ്ട് എന്ന കാഴ്ചപ്പാട് ചില പുരാതനമതങ്ങളിൽ നിലവിലിരുന്നു. എന്നാൽ ഏകദൈവവിശ്വാസികൾക്ക് ഈ പരിഹാരം സ്വീകാര്യമല്ല. സ്രഷ്ടാവ് ഒരുവൻ മാത്രമേയുള്ളു, ദൈവം. അവിടുന്ന് സൃഷ്ടിച്ചതെല്ലാം നന്മ മാത്രമാണെന്ന് ബൈബിൾ അസന്ദിഗ്ദ്ധ

മായി പഠിപ്പിക്കുന്നു. ഈ വിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ, മനുഷ്യൻ അനുഭവിക്കുന്ന തിന്മകൾക്ക് കത്തോലിക്കാസഭ നല്കുന്ന വിശദീകരണമാണ് ഉത്ഭവപാപത്തെക്കുറിച്ചുള്ള പഠനം.

ഉൽപത്തി 3-ാം അധ്യായത്തിൽ വിവരിക്കുന്ന ആദിമാതാ പിതാക്കന്മാരുടെ പാപത്തിലാണ് ഉദ്ഭവപാപത്തെക്കുറിച്ചുള്ള പഠനം വേരൂന്നി നില്ക്കുന്നത്. പറുദീസായിലെ പാപം മൂലം ദൈവികജീവൻ നഷ്ടപ്പെടുത്തുകയും ദൈവത്തിന്റെ അപ്രീതിക്കു പാത്രമാവുകയും ചെയ്ത ആദിമാതാപിതാക്കന്മാരിൽ നിന്നു ജനിച്ച സകല മനുഷ്യരും അവരുടെ പാപത്തിൽ പങ്കാളികളായിത്തീരുന്നു എന്നതാണ് ഈ പഠനത്തിന്റെ രത്നച്ചുരുക്കം. മനുഷ്യനായി ജനിക്കുന്നതിലൂടെ ഈ പാപത്തിൽ പങ്കു പറ്റുന്നതിനാൽ ഇതിനെ ജന്മപാപം അഥവാ ഉദ്ഭവപാപം എന്നു വിളിക്കുന്നു. വി. പൗലോസ് ഇതിനെക്കുറിച്ച് റോമാ 5, 12-21ൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. "ഒരു മനുഷ്യൻ മൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു" (റോമാ 5, 12) എന്ന പ്രസ്താവനയിൽ ഉദ്ഭവപാപത്തെക്കുറിച്ചുള്ള സംക്ഷിപ്തമായ പഠനം കാണാം.

### പരമ്പരാഗതമായ പഠനം

ആദത്തിന്റെ പാപത്തിൽ ജനനം വഴി സകല മനുഷ്യരും പങ്കു ചേരുന്നതിനെ കുറിച്ച് സഭാപിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ 1547 ജൂൺ 17-ാം തിയതി ത്രെന്തോസ് സൂനഹദോസിന്റെ അഞ്ചാം സമ്മേളനം ഉദ്ഭവ പാപത്തെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ പഠനം വ്യക്തമായി അവതരിപ്പിച്ചു. അത് ഇപ്രകാരം സംഗ്രഹിക്കാം.

1. പറുദീസായിൽവച്ച് കല്പന ലംഘിച്ചതിനാൽ ആദിപിതാവായ ആദാം വിശുദ്ധിയും ദൈവീക ജീവനും നഷ്ടപ്പെട്ട്, ദൈവകോപത്തിനു പാത്രമായി. അയാൾ സാത്താന്റെ ആധിപത്യത്തിൽ കീഴിലാവുകയും മരണത്തിനിരയാവുകയും ചെയ്തു.

2. ആദത്തിന്റെ പാപം ജനനം വഴി എല്ലാ മനുഷ്യരിലേക്കും വ്യാപിക്കുന്നു. തന്മൂലം മനുഷ്യവർഗ്ഗം മുഴുവനും വിശുദ്ധിയും ദൈവിക ജീവനും നഷ്ടപ്പെട്ട്, മരണത്തിനു വിധേയരായിരിക്കുന്നു.

3. മനുഷ്യന് സ്വന്തം ശക്തിയാൽ ഈ പാപത്തിൽ നിന്നു മോചനം നേടാൻ സാധിക്കുകയില്ല. യേശുക്രിസ്തുവിനുമാത്രമേ മനുഷ്യനെ പാപത്തിൽ നിന്നു മോചിപ്പിക്കാൻ കഴിയൂ.

4. മുതിർന്നവരും ശിശുക്കളും ഒരുപോലെ മാമ്മോദീസാ വഴി, യേശുക്രിസ്തുവിന്റെ യോഗ്യതകളാൽ, ഉത്ഭവപാപത്തിൽനിന്നും വ്യക്തിഗതപാപങ്ങളിൽ നിന്നും മോചനം പ്രാപിക്കുന്നു.

5. ഉദ്ഭവപാപത്തെ കുറിച്ചുള്ള ഈ പഠനങ്ങളിൽ പരിശുദ്ധകന്യകാമറിയത്തെ ഉൾപ്പെടുത്താൻ സൂനഹദോസ് ആഗ്രഹിക്കുന്നില്ല.

## പുതിയ ആഭിമുഖ്യങ്ങൾ

ദൈവം നേരിട്ടു സൃഷ്ടിച്ച ആദാം-ഹവ്വാ എന്ന ഒരു ജോഡി മാതാപിതാക്കന്മാരിൽ നിന്നാണ് സകലമനുഷ്യരും ജനിച്ചത് എന്ന് പരമ്പരാഗതമായി വിശ്വസിച്ചുപോന്നു. ഇതിനെ "ഏകോൽപത്തി വാദം" (monogenism) എന്നു വിളിക്കുന്നു. എന്നാൽ ജീവന്റെ പരിണാമപ്രക്രിയയിൽ ഭൂമിയുടെ പല ഭാഗങ്ങളിൽ മനുഷ്യർ പ്രത്യക്ഷപ്പെട്ടിരിക്കാമെന്നും അങ്ങനെ ഒന്നിലധികം ജോഡി മാതാപിതാക്കളിൽ നിന്ന് മനുഷ്യർ ജനിച്ചിരിക്കാം എന്നും വിശ്വസിക്കുന്ന ശാസ്ത്രകാരന്മാർ ഇന്നു ധാരാളമുണ്ട്. ഈ സിദ്ധാന്തത്തെ "ബഹുൽപത്തി വാദം" (Polygenism) എന്നു വിളിക്കുന്നു. രണ്ടാമത്തെ സിദ്ധാന്തം അംഗീകരിക്കുകയാണെങ്കിൽ ഉദ്ഭവപാപത്തെ കുറിച്ചുള്ള സഭയുടെ വിശ്വാസം എപ്രകാരമാണ് അംഗീകരിക്കാൻ കഴിയുക എന്ന കാര്യത്തിൽ വലിയ സംശയങ്ങൾ സംജാതമായിരിക്കുന്നു. ഈ സാഹചര്യത്തിൽ പുതിയ പഠനങ്ങൾ നടത്തണമെന്ന് പന്ത്രണ്ടാം പീയൂസ്, പോൾ ആറാമൻ എന്നീ മാർപ്പാപ്പമാർ ആവശ്യപ്പെടുകയുണ്ടായി.

കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി ബൈബിൾ വിജ്ഞാനീയത്തിലൂടെ ലഭ്യമായ പുതിയ അറിവുകൾ ഉദ്ഭവപാപത്തെക്കുറിച്ചുള്ള സഭയുടെ വിശ്വാസത്തിന് പുതിയ മാനങ്ങൾ നല്കാൻ പര്യാപ്തമാണ്. ഉൽപത്തി പുസ്തകത്തിലെ സൃഷ്ടിയുടെയും പതനത്തിന്റെയും വിവരണം ഒരു ചരിത്രരേഖയായി കരുതേണ്ടതില്ല എന്ന് വ്യക്തമായിക്കഴിഞ്ഞു. ഏഴാം ദിവസത്തെ വിശ്രമത്തിനും സാബത്താചരണത്തിനും പ്രാധാന്യം നല്കാൻ വേണ്ടിയാണ് ആറു ദിവസത്തിന്റെ ചട്ടക്കൂട്ടിൽ സൃഷ്ടിയുടെ ഒന്നാം വിവരണം ഒതുക്കിയിരിക്കുന്നത്. മനുഷ്യസൃഷ്ടി, പറുദീസാ, പ്രലോഭനം, പാപം, പറുദീസാനഷ്ടം എന്നിവയെല്ലാം ഇസ്രായേൽ ചരിത്രത്തിന്റെ

വെളിച്ചത്തിൽ മനുഷ്യപ്രകൃതിയെയും മനുഷ്യന്റെ ഇന്നത്തെ അവസ്ഥയുടെ കാരണങ്ങളെയും കുറിച്ചുള്ള വിശ്വാസപ്രഖ്യാപനങ്ങളാണെന്നും പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

തങ്ങൾ അനുഭവിക്കുന്ന സകലദുരിതങ്ങളുടെയും കാരണം ദൈവവുമായുള്ള ഉടമ്പടി ലംഘിച്ച്, അന്യദൈവങ്ങളുടെ പിന്നാലെ പോയതാണ് എന്ന ഇസ്രായേൽ ജനത്തിന്റെ വിശ്വാസം പഴയനിയമത്തിലുടനീളം നിറഞ്ഞു നില്ക്കുന്നുണ്ട്. ഈ കാഴ്ചപ്പാടിലാണ് മനുഷ്യന്റെ പാപാവസ്ഥയെക്കുറിച്ചുള്ള ദൈവികവെളിപാട് രേഖപ്പെടുത്തിയിരിക്കുന്നത്. ആദിപാപത്തിന്റെ വെളിച്ചത്തിൽ ആനുകാലിക യാഥാർത്ഥ്യങ്ങളെ വിശദീകരിക്കുന്നതായി തോന്നാമെങ്കിലും മറിച്ചാണു സംഭവിക്കുക. മനുഷ്യന്റെ പാപാവസ്ഥയെക്കുറിച്ചുള്ള ആനുകാലിക അനുഭവത്തിൽ നിന്ന് അതിന്റെ ഉറവിടങ്ങളിലേക്കു പിന്നോക്കം പോവുകയാണ് സൃഷ്ടിയുടെയും പതനത്തിന്റെയും വിവരണത്തിൽ ചെയ്യുന്നത്.

പൊതുവായ ഈ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ മനുഷ്യന്റെ പാപാവസ്ഥയെ കുറിച്ചുള്ള ബൈബിളിന്റെ പഠനവും സഭയുടെ വിശ്വാസപ്രഖ്യാപനങ്ങളും കൂടുതൽ അർത്ഥവത്തും ആധുനിക മനുഷ്യനു സുഗ്രാഹ്യവുമായ വിധത്തിൽ വ്യാഖ്യാനിക്കാൻ കഴിയും. ഈ മേഖലയിൽ ഇനിയും കൂടുതൽ വെളിച്ചം ലഭിക്കേണ്ടതുണ്ട് എന്ന് സമ്മതിച്ചു കൊണ്ടുതന്നെ, പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള ചില നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉദ്ഭവ പാപം എന്ന പ്രയോഗം ബൈബിളിലില്ല. വി. ആഗസ്തീനോസാണ് ആദ്യമായി അതുപയോഗിച്ചത്. പഴയ നിയമത്തിൽ, സൃഷ്ടിയുടെ വിവരണമൊഴിച്ചാൽ, ആദാമിന്റെ പാപത്തെക്കുറിച്ച് ഒന്നുംതന്നെ പറയുന്നില്ല. അതേസമയം മനുഷ്യന്റെ പാപവസ്ഥയെക്കുറിച്ചു ധാരാളം പരാമർശങ്ങളുണ്ട്. പുതിയനിയമത്തിൽ വി. പൗലോസ് മാത്രമാണ് ആദത്തിന്റെ പാപത്തെക്കുറിച്ചു പരാമർശിക്കുന്നത്. അതു ആദിപാപത്തെ വിശദീകരിക്കാൻ വേണ്ടിയല്ല, യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ കൈവന്ന രക്ഷയെക്കുറിച്ചു പ്രതിപാദിക്കാൻ വേണ്ടിയാണ്.

2. ആദിപാപമോ ഉദ്ഭവപാപമോ അല്ല, യേശുക്രിസ്തുവിലൂടെ ലഭ്യമായ രക്ഷയാണ് ക്രിസ്തീയവിശ്വാസത്തിന്റെ കേന്ദ്രം. എല്ലാ മനുഷ്യർക്കും രക്ഷ ആവശ്യമാണെന്നും യേശുക്രിസ്തുമാ

ത്രമാണ് മനുഷ്യവർഗ്ഗത്തിന്റെ ഏക രക്ഷകൻ എന്നുമുള്ള വിശ്വാസം മറ്റെല്ലാറ്റിനും അടിസ്ഥാനമായി നില്കുന്നു. മനുഷ്യവർഗ്ഗത്തിന് രക്ഷയും രക്ഷകനും ആവശ്യമായി വന്ന സാഹചര്യം വിശദീകരിക്കാൻ വേണ്ടി മാത്രമാണ് ആദാമിന്റെ പാപത്തിലേക്കു ശ്രദ്ധ തിരിക്കുന്നത്.

3. ആദിപാപത്തിനു മുമ്പുള്ള മനുഷ്യന്റെ അവസ്ഥയെ വിവേചനാശക്തിയും തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യവും കൈവരുന്നതിനു മുമ്പുള്ള ശിശുവിന്റെ അവസ്ഥയോടു താരതമ്യം ചെയ്യാവുന്നതാണ്. അനന്തമായ സാധ്യതകൾ ഉൾക്കൊള്ളുന്നതായിരുന്നു ഈ അവസ്ഥ. എന്നാൽ സ്വാതന്ത്ര്യം ഉപയോഗിച്ച മനുഷ്യൻ തിരഞ്ഞെടുത്തത് ദൈവഹിതത്തിനുപരി സ്വന്തംഹിതം അനുസരിക്കാനായിരുന്നു. അതുവഴി സംഭവിച്ചത് ശിഥിലീകരണവും അന്യവത്കരണവുമാണ്. മനുഷ്യൻ ദൈവത്തിൽ നിന്നകന്നു. തദ്ഫലമായി സഹജീവികളിൽ നിന്നകന്ന് ഏകനും ഏകാകിയുമായി. മനുഷ്യന്റെ വ്യക്തിത്വത്തിൽത്തന്നെ പിളർപ്പുണ്ടായി. ദൈവത്തിൽ നിന്നും സഹജീവികളിൽ നിന്നും തന്നിൽനിന്നു തന്നെയുമുണ്ടായ ഈ അന്യവൽക്കരണമാണ് മനുഷ്യൻ അനുഭവിക്കുന്ന തിന്മകളുടെയെല്ലാം കാരണം.

4. മനുഷ്യജീവിതത്തിന്റെ സകലതലങ്ങളേയും സ്പർശിക്കുന്ന ഈ അന്യവൽക്കരണമാണ് ദൈവികജീവന്റെയും വിശുദ്ധിയുടെയും പ്രസാദവരത്തിന്റെയും അഭാവം എന്നു വിളിക്കുന്നത്. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കാനോ, തന്നെപ്പോലെ തന്നെ തന്റെ അയല്ക്കാരനെ സ്നേഹിക്കാനോ മനുഷ്യനു കഴിയാതെ വരുന്നു. മനുഷ്യൻ വ്യക്തിപരവും വർഗ്ഗപരവുമായ സ്വാർത്ഥതയുടെ തടവറയിൽനിന്നു മോചനം നേടാനാവാതെ കഴിയുന്ന ഈ പാപാവസ്ഥയെയാണ് ഉത്ഭവപാപം എന്നു വിശേഷിപ്പിക്കുന്നത്.

5. സ്വന്തമായി ഒരു പാപവും ചെയ്യുന്നതിനു മുമ്പേ, മനുഷ്യൻ ഒരു തടവറയിലാകുന്നു. മനുഷ്യപ്രകൃതിയുടെ തന്നെ സവിശേഷതയായി തീർന്നിരിക്കുന്ന ഈ പാപവസ്ഥയിലേക്കാണ് ഓരോ മനുഷ്യവ്യക്തിയും പിറന്നു വീഴുന്നത്. പാപത്തിനധീനമായ ഈ മനുഷ്യപ്രകൃതിയെ സ്വന്തമായി സ്വീകരിച്ചുകൊണ്ട് ദൈവപുത്രനായ യേശുക്രിസ്തു അതിനെ തന്റെ ദൈവികസ്വഭാവത്തോടു

യോജിപ്പിച്ചു. പാപമില്ലാത്തവൻ നമുക്കുവേണ്ടി പാപമായിത്തീരുകയും (2 കോറി 5, 21) കുരിശുമരണത്തിലൂടെ പിതാവിനു സ്വയം സമർപ്പിച്ചുകൊണ്ട് മനുഷ്യപ്രകൃതിക്കു തന്നെ പാപമോചനം നല്കുകയും ചെയ്തു. അങ്ങനെ സ്വഭാവേനപാപികളും, ദൈവത്തിൽ നിന്നകന്ന് മരണത്തിന്റെ മേഖലയിലും സാത്താന്റെ അധീനതയിലും ആയി കഴിഞ്ഞിരുന്ന മനുഷ്യവർഗ്ഗത്തിന് ദൈവമക്കളാകാനുള്ള അവകാശം അവിടുന്ന് നേടിയെടുത്തു. മനുഷ്യരക്ഷയെ സംബന്ധിച്ച ഈ സത്യമാണ് ഉദ്ഭവപാപത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ ബൈബിളും സഭാപാരമ്പര്യവും ഉന്നം വയ്ക്കുന്നത്.

6. ഈ കാഴ്ചപ്പാടിൽ, ഏകോൽപത്തിവാദമോ ബഹൂൽപത്തിവാദമോ ഏതു സ്വീകരിച്ചാലും, ഉത്ഭവപാപത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ വിശ്വാസത്തിനു കോട്ടം തട്ടുന്നില്ല. "ആദം" ഏകവ്യക്തിയാകാം; അഥവാ ആദ്യമനുഷ്യസമൂഹമാകാം. മനുഷ്യൻ എന്നാണ് "ആദാം" എന്ന വാക്കിന്റെ അർത്ഥം. തിരഞ്ഞെടുക്കാൻ കഴിവുണ്ടായ അവസരത്തിൽ മനുഷ്യൻ സ്വാർത്ഥം തിരഞ്ഞെടുത്തു. അതോടെ മനുഷ്യന്റെ പരിണാമപ്രക്രിയ ഒരു പ്രത്യേക ദിശയിലേക്കു തിരിഞ്ഞു. മനുഷ്യരെല്ലാം, അവർ ഒരു ജോഡി മാതാപിതാക്കന്മാരിൽ നിന്നോ പല ജോഡിയിൽ നിന്നോ ജനിച്ചവരാകട്ടെ, ഈ മനുഷ്യപ്രകൃതിയിലാണ് പങ്കു ചേരുന്നത്.

7. ആദിപാപം ഉണ്ടാകാതിരുന്നെങ്കിൽ മനുഷ്യപ്രകൃതി എപ്രകാരമാകുമായിരുന്നു എന്ന് നമുക്ക് അറിയില്ല. പ്രപഞ്ചത്തെ കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയിൽ മനുഷ്യന്റെ പാപവും അതിൽ നിന്നുള്ള രക്ഷയും ഉൾചേർന്നിരിക്കുന്നു. "അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും" (കൊളോ, 1, 15) ആയ യേശുക്രിസ്തുവിന്റെ പൂർണ്ണതയിലേക്കു വളരാൻ വേണ്ടിയാണ് (എഫേ 4, 15) ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത്.

8. ഇന്നു മനുഷ്യനായി ജനിക്കുന്ന ഓരോ വ്യക്തിയും ആദിപാപത്തിൽ മാത്രമല്ല, ആദ്യ മനുഷ്യൻ മുതൽ ഇന്നുവരെയുള്ള സകല മനുഷ്യരും ചെയ്തു കൂട്ടിയ പാപത്തിന്റെ മുഴുവൻ ഭാരത്തിൻ കീഴിലാണ് പിറന്നു വീഴുന്നത്. ഓരോരുത്തരും തന്റെ വ്യക്തിപരമായ പാപവും ഇതിനോടു ചേർക്കുന്നു. ഇങ്ങനെ വളർന്നു വികസിച്ചു കൊണ്ടിരിക്കുന്ന പാപത്തെ 'ലോകത്തിന്റെ പാപം'

എന്നു വിളിക്കുന്നു. "ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ 1, 29) എന്നു യേശുവിനെ വിശേഷിപ്പിക്കുമ്പോൾ ആദിപാപവും ആദിമുതലേയുള്ള സകലപാപവും നീക്കി രക്ഷ നല്കുന്നവനാണ് അവൻ എന്ന പ്രഖ്യാപിക്കുന്നു.

9. പാപവും തിന്മയും മരണവും മാത്രമല്ല, നന്മയും ജീവനും ഇവിടെ വളർന്നു വികസിച്ചു കൊണ്ടിരിക്കുന്നു. ആദിപാപത്തിൽനിന്ന് മാമ്മോദീസായിലൂടെ മോചനം ലഭിച്ചാലും തിന്മയിലേക്കുള്ള ചായ്‌വും ദുർവാസനകളും മനുഷ്യനിൽ നിലനില്ക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം മറക്കാനാവില്ല. എന്നാൽ യേശുവിന്റെ മരണവും ഉത്ഥാനവും വഴി നല്കപ്പെട്ട പരിശുദ്ധാത്മാവ് വിശ്വാസികളുടെ ഹൃദയത്തിൽ വസിക്കുന്നതിനാൽ ഈ പ്രവണതകളുടെമേൽ വിജയം വരിക്കാൻ കഴിയും; പ്രലോഭനങ്ങളെ വിശുദ്ധിയിലും ദൈവിക ജീവനിലും വളരാനുള്ള അവസരങ്ങളായി മാറ്റാൻ സാധിക്കും.



# വീണ്ടും സ്നാനം?

"അവൻ അവരോടു പറഞ്ഞു. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവർ ശിക്ഷിക്കപ്പെടും" (മർക്കോസ് 16,15-16). സുവിശേഷ പ്രഘോഷണംവഴിയാണ് വിശ്വാസം ജനിക്കുന്നത്. വിശ്വാസം കേൾവിയിൽനിന്നും കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽനിന്നുമാണ് (റോമാ 10,17). ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ബാഹ്യമായ പ്രകടനമാണ് സ്നാനം സ്വീകരിക്കൽ. പത്രോസ് അവരോടു പറഞ്ഞു. "നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ" (അപ്പ 2, 38).

മേലുദ്ധരിച്ച ദൈവവചനങ്ങളിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. വിശ്വാസത്തിന്റെയും പശ്ചാത്താപത്തിന്റെയും ഫലവും ബാഹ്യമായ പ്രകടനവുമായിരിക്കണം ജ്ഞാനസ്നാനം അഥവാ മാമ്മോദീസ. പശ്ചാത്താപവും വിശ്വാസവുമില്ലാതെ മാമ്മോദീസ സ്വീകരിക്കുന്നത് അർത്ഥശൂന്യവും ഫലരഹിതവും

ആയിരിക്കും. എന്നാൽ കത്തോലിക്കാ സഭയിലും മിക്ക പ്രോട്ട സ്റ്റന്റ് സഭകളിലും നിലനില്ക്കുന്നത് ശിശുസ്നാനമാണ്. ബോധ പൂർവ്വം വിശ്വാസം ഏറ്റുപറയാനോ പശ്ചാത്തപിക്കാനോ കഴിവി ല്ലാത്ത കുഞ്ഞുങ്ങളെ മാമ്മോദീസാ മുക്കുന്നത് ഒരു പാഴ്വേല യല്ലേ? അതിനാൽത്തന്നെ വിവേചനാശക്തിയും പക്വതയും ഉണ്ടാ കുമ്പോൾ മാമ്മോദീസാ നല്കുന്നതല്ലേ നല്ലത്? ശിശുവായിരുന്ന പ്പോൾ സ്നാനം സ്വീകരിച്ചെങ്കിലും പൂർണ്ണമായ അറിവോടും സ്വത ന്ത്രമായ മനസ്സോടും കൂടെ യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറയാൻ കഴിയുന്ന സാഹചര്യത്തിൽ വീണ്ടും സ്നാനമേല്ക്കേ ണ്ടതില്ലേ? മാമ്മോദീസാ മുക്കുക എന്നാണല്ലോ നാം പറയുക. ഇത് ആരംഭകാലത്തു മാമ്മോദീസാ നല്കിയിരുന്ന വിധത്തെ സൂചി പ്പിക്കുന്നതാകുമല്ലോ. സ്നാപകയോഹന്നാൻ സ്നാനം നല്കിയതും യേശു സ്നാനം സ്വീകരിച്ചതും പുഴയിൽ വച്ചായിരുന്നു. ആദിമസ ഭയിൽ നിലവിലിരുന്നതും പുഴയിൽ മുക്കി സ്നാനം നല്കുന്ന പതിവായിരുന്നുവെന്ന് അനുമാനിക്കാൻ മതിയായ തെളിവുകൾ ബൈബിളിലുണ്ട്. ഉദാ. അപ്പ 10,36-39. എങ്കിൽപ്പിന്നെ എന്തുകൊ ണ്ടാണ് ഇന്ന് തലയിൽ വെള്ളം ഒഴിച്ച് സ്നാനം നല്കുന്നത്?

ഇപ്രകാരമുള്ള ചോദ്യങ്ങൾ ഇന്നു ധാരാളമായി കേൾക്കു ന്നുണ്ട്. മാത്രമല്ല, ഈ ആശയങ്ങൾ അനുസരിച്ച് പുഴയിലോ കുള ത്തിലോ മുതിർന്നവരെ മുക്കി വീണ്ടും മാമ്മോദീസാ നല്കുന്ന ചടങ്ങിന് അടുത്തകാലത്ത് താത്പര്യം വർദ്ധിച്ചു വരുന്നതായും കാണാം. യേശുവിന്റെ കല്പനകളോട് നൂറ് ശതമാനവും വിശ്വ സ്തത പുലർത്തിക്കൊണ്ട് സുവിശേഷാനുസൃതം ജീവിക്കാനുള്ള പ്രതിബദ്ധതയുടെ പ്രകടനമായിട്ടാണ് ഈ പ്രവണത പ്രത്യക്ഷ പ്പെടുന്നത്. ഇത് പരമ്പരാഗതവിശ്വാസികളുടെ ഇടയിൽ വലിയ ആശയക്കുഴപ്പങ്ങൾക്കും കാരണമാകുന്നുണ്ട്. അതിനാൽ ശിശു സ്നാനം, തലയിൽ വെള്ളമൊഴിച്ചു സ്നാനം നല്കൽ, വീണ്ടും സ്നാനം എന്നീ കാര്യങ്ങളെക്കുറിച്ച് ബൈബിളിന്റെയും സഭാ പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ വ്യക്തത ലഭ്യമാക്കുക ആവ ശ്യമായി വന്നിരിക്കുന്നു.

### മാമ്മോദീസാ - ഒരു കൂദാശ

മാമ്മോദീസായെ സംബന്ധിച്ച് അടുത്ത കാലത്ത് വീണ്ടും സജീവമായിരിക്കുന്ന ചർച്ചകളിൽ വ്യക്തതയും ചോദ്യങ്ങൾക്ക്

ഉത്തരവും ലഭിക്കണമെങ്കിൽ അടിസ്ഥാനപരമായ ചില കാര്യങ്ങൾ ഓർമ്മിക്കുക ആവശ്യമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ ബാല പാഠങ്ങളിൽ പെട്ടതാണ് കൂദാശകളെക്കുറിച്ചു പൊതുവിലും ഓരോ കൂദാശയെക്കുറിച്ചും പ്രത്യേകമായും ഉള്ള പ്രബോധനം. അദൃശ്യ മായ പ്രസാദവരം നല്കുന്നതിനുവേണ്ടി യേശുനാഥൻ സ്ഥാപിച്ച ദൃശ്യമായ അടയാളമാണ് കൂദാശ. ഇപ്രകാരമുള്ള കൂദാശകൾ ഏഴാ ണെന്ന് കത്തോലിക്കാസഭ ആധികാരികമായി പഠിപ്പിക്കുന്നു. അതിൽ ആദ്യത്തെ കൂദാശയാണ് മാമ്മോദീസാ. അതിന്റെ ഏറ്റം ലളിതമായ നിർവ്വചനം വേദപാഠക്ലാസുകളിൽ മനഃപാഠമാക്കുന്നത് ഇപ്രകാരമാണ്. "ജൻമപാപവും, ഉണ്ടെങ്കിൽ കർമ്മപാപവും നീക്കി നമ്മെ ദൈവമക്കളും സഭയുടെ അംഗങ്ങളും സ്വർഗ്ഗരാജ്യത്തിന് അവകാശികളും ആക്കുന്ന കൂദാശയാണ് മാമ്മോദീസാ".

മാമ്മോദീസായെ സംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങളെ ല്ലാംതന്നെ ഈ നിർവ്വചനത്തിൽ കാണാം. ക്രിസ്തീയ ജീവിത ത്തിലേക്കു പ്രവേശനം നല്കുന്ന ഏറ്റം അടിസ്ഥാനപരവും പ്രാഥ മികവുമായ കൂദാശയാണിത്. ഇതുവഴി ഉൽഭവപാപവും വ്യക്തി കൾ ചെയ്തിട്ടുള്ള കർമ്മപാപവും മോചിക്കപ്പെടുന്നു. പ്രസാദവ രത്തിലൂടെ ദൈവികജീവനിൽ പങ്ക് ലഭിക്കുന്നു. ദൈവത്തിന് ആത്മാവിലും സത്യത്തിലും ആരാധനയർപ്പിക്കാനുള്ള പൗരോ ഹിത്യാധികാരവും അവകാശവും ലഭിക്കുന്നു. ചുരുക്കത്തിൽ മാമ്മോദീസാവഴിയാണ് ഒരാൾ ക്രിസ്ത്യാനിയും പുതിയ സൃഷ്ടിയും ആയി മാറുന്നത്. മാമ്മോദീസാ ഒരു പുനർജന്മമാണ്. ആത്മാവിനാലും ജലത്താലുമുള്ള പുനർജന്മം. ഇപ്രകാരം വീണ്ടും ജനിക്കാത്ത ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധി ക്കുകയില്ല (യോഹ 3,5).

ജ്ഞാനസ്നനം വഴിയാണ് ഒരാൾ മറ്റു കൂദാശകൾ സ്വീക രിക്കാൻ യോഗ്യത നേടുന്നത്. ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാ നത്തിലും പങ്കുചേർന്ന് ഒരു പുതിയ ജീവിതം ആരംഭിക്കുന്നതും മാമ്മോദീസാ വഴിയത്രേ. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ലഭിക്കു ന്നതും ഒരാൾ ക്രിസ്തീയ ജീവിതത്തിനു പ്രാപ്തനാകുന്നതും ഈ കൂദാശവഴിതന്നെ. ഇങ്ങനെ എല്ലാ തരത്തിലും ദൈവികജീവന്റെയും ക്രിസ്തീയ ജീവിതത്തിന്റെയും തുടക്കം കുറിക്കുന്ന കൂദാശയാണ് മാമ്മോദീസാ.

## ശിശുക്കളുടെ മാമ്മോദീസാ

പശ്ചാത്തപിക്കാനും വിശ്വാസം ഏറ്റുപറയാനും മാത്രം അറിവും കഴിവും ഉണ്ടായതിനു ശേഷമേ ഒരാൾക്കു മാമ്മോദീസാ നൽകേണ്ടതുള്ളൂ എന്ന വാദം മാമ്മോദീസായെക്കുറിച്ച് മുകളിൽ വിവരിച്ച കാര്യങ്ങളുടെ വെളിച്ചത്തിൽ നിലനിൽക്കുന്നതല്ല. വ്യക്തിപരമായി ഉത്തരവാദിത്വമുള്ള പാപങ്ങളിൽനിന്നു മോചനം ലഭിക്കുക എന്നത് മാമ്മോദീസായുടെ അനേകം ഫലങ്ങളിൽ ഒന്നു മാത്രമാണ്. ഏറ്റം പ്രധാനപ്പെട്ട ഫലമാണത് എന്ന് പറയാനുമാവില്ല. പാപമോചനത്തിനായി യേശുനാഥൻ പ്രത്യേകം ഒരു കൂദാശതന്നെ സ്ഥാപിച്ചിട്ടും ഉണ്ടല്ലോ. ഉത്ഭവപാപത്തിൽനിന്ന് മോചനം ലഭിക്കുന്നത് വ്യക്തിയുടെ പശ്ചാത്താപമോ മാനസാന്തരമോ വഴിയല്ല. ദൈവികജീവനിൽ പങ്കുകാരാകുന്നതും വ്യക്തിപരമായ പ്രവർത്തനത്തിന്റെ ഫലമായിട്ടല്ല. ശാരീരികജീവൻ എന്നതുപോലത്തന്നെ ദൈവികജീവനും ദാനമായി ലഭിക്കുന്നതാണ്. ആദ്യത്തേത് സ്വാഭാവികവും രണ്ടാമത്തേത് അതിസ്വാഭാവികവുമായ ദാനമാണ്. ദൈവമക്കളാകുക, ക്രിസ്തുവിന്റെ സഭയിൽ അംഗത്വം ലഭിക്കുക, ദൈവാത്മാവിന്റെ ദാനങ്ങൾക്കും സ്വർഗ്ഗരാജ്യത്തിനും അവകാശിയാവുക - ഇതെല്ലാം പ്രായപൂർത്തിയായവർക്കു മാത്രമായി മാറ്റി വയ്ക്കേണ്ടതാണെന്ന് സഭ കരുതുന്നില്ല.

ശിശുക്കൾക്കു സ്നാനം നല്കിയതായി പുതിയ നിയമത്തിൽ ഒരിടത്തും എടുത്തുപറയുന്നില്ലെങ്കിലും കുടുംബം മുഴുവൻ സ്നാനം സ്വീകരിച്ചതിനെക്കുറിച്ചുള്ള പല പരാമർശങ്ങളും ശിശുസ്നാനത്തെയും ഉൾക്കൊള്ളുന്നതായി കരുതാവുന്നതാണ് (അപ്പ 10,48; 16,35). യേശുവിന്റെതന്നെ കല്പനയാണ് ശിശുക്കൾക്കും സ്നാനം നല്കുന്നതിന് സഭയെ പ്രേരിപ്പിച്ച മുഖ്യകാരണം. "ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (യോഹ 3,5). ഇത് മാമ്മോദീസായെക്കുറിച്ചുള്ള ഒരു പരാമർശമാണെന്നു സഭ വിശ്വസിക്കുന്നു. ദൈവരാജ്യത്തിൽനിന്ന് ശിശുക്കളെ ഒഴിവാക്കണം എന്നു സഭ കരുതുന്നുമില്ല. ഉത്ഭവപാപത്തേയും അതിൽനിന്നുള്ള മോചനത്തേയും സംബന്ധിച്ച കാഴ്ചപ്പാട് ശിശുസ്നാനത്തിന് അടിസ്ഥാനമായി നില്ക്കുന്നു. ഒരു മനുഷ്യൻ മൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തു (റോമ 5,12).

എല്ലാ മനുഷ്യരെയും അടിമയാക്കിയിരിക്കുന്ന മനുഷ്യപ്രകൃതിയുടെ തന്നെ ഭാഗമായിത്തീർന്നിരിക്കുന്ന ഉത്ഭവപാപത്തിൽനിന്നു മോചനം ലഭിക്കാനും പ്രായപൂർത്തിയാകുന്നതുവരെ കാത്തിരിക്കണം എന്നു സഭ കരുതുന്നില്ല. പാപത്തിന്റെയും പിശാചിന്റെയും ആധിപത്യത്തിൽനിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു കുഞ്ഞുങ്ങളെ കഴിയുന്നത്ര വേഗം മാറ്റി പ്രതിഷ്ഠിക്കണം എന്ന് സഭ കരുതുന്നു. അതിനാലാണ് ജനിച്ച് ഏഴാംദിവസംതന്നെ മാമ്മോദീസാ നല്കുന്ന പതിവ് നിലവിൽ വന്നത്. പഴയ ഉടമ്പടിയിൽ പങ്കുകാരാകുന്നത് ഛേദനാചാരം വഴിയായിരുന്നു. അത് ശുശു ജനിച്ച് എട്ടാംദിവസമാണ് ചെയ്തിരുന്നത്. പുതിയ ഉടമ്പടിയിലുള്ള ഭാഗഭാഗിത്വത്തിന് ഏറെക്കാലം കാത്തിരിക്കേണ്ടതില്ല എന്നു സഭ കരുതുന്നു. ഏതാദൃശ്യമായ കാരണങ്ങളാൽ ആരംഭം മുതലേ സഭ ശിശുക്കൾക്കും ജ്ഞാനസ്നാനം നല്കിയിരുന്നു.

## വീണ്ടും സ്നാനം?

ശിശുക്കൾക്കു സ്നാനം നല്കേണ്ടതില്ല എന്നും ശിശുസ്നാനം അസാധുവാണെന്നും കരുതുന്നവർ മുതിർന്നവർക്ക് വീണ്ടും സ്നാനം നല്കണം എന്നു വാദിക്കുന്നു. എ.ഡി. അഞ്ചാം നൂറ്റാണ്ടിലാണ് ഇപ്രകാരമൊരു പ്രവണത തല പൊക്കിയത്. ഉത്ഭവപാപത്തെ നിഷേധിച്ച പെലാജിയൂസും കൂട്ടരുമായിരുന്നു ഇതിന്റെ പ്രണേതാക്കൾ. എന്നാൽ സഭ ഉടനെ പ്രതികരിച്ചു. 418 ൽ കാർത്തേജിൽ വച്ചു നടന്ന മെത്രാൻമാരുടെ സമ്മേളനം ശിശുക്കൾക്കു മാമ്മോദീസാ നല്കേണ്ടതിന്റെ ആവശ്യകത ആവർത്തിച്ചുറപ്പിച്ചു.

16-ാം നൂറ്റാണ്ടിലെ പ്രോട്ടസ്റ്റന്റു നവീകരണത്തിന്റെ ചില നേതാക്കൾ ഈ പ്രശ്നം വീണ്ടും ഉന്നയിച്ചു. വിശ്വാസമാണ് രക്ഷയുടെ അടിസ്ഥാനം എന്നു പഠിപ്പിച്ചവർ വിശ്വസിക്കാനും ബോധപൂർവ്വം വിശ്വാസം ഏറ്റുപറയാനും പ്രായമാകാത്ത ശിശുക്കൾക്ക് മാമ്മോദീസാ നല്കുന്നത് അർത്ഥശൂന്യമാണെന്നു വാദിച്ചു. ലൂതർ ഈ വാദത്തെ എതിർത്തെങ്കിലും അദ്ദേഹത്തിന്റെ അനുയായികളിൽ ചിലർ ശിശുസ്നാനത്തിന്റെ സാധുത നിഷേധിക്കുകയും ശിശുക്കളായിരുന്നപ്പോൾ മാമ്മോദീസാ സ്വീകരിച്ചവർക്ക് വീണ്ടും സ്നാനം നല്കണം എന്നു ശഠിക്കുകയും ചെയ്തു. വീണ്ടും സ്നാനം നല്കുന്നവർ എന്ന അർത്ഥത്തിൽ അനാബാപ്റ്റിസ്റ്റുകൾ (Ana baptists) എന്ന് ഇവർ അറിയപ്പെടുന്നു. കോൺറാഡ്

ഗ്രേബെൽ, ഫെലിക്സ് മാൻസ് എന്നിവരുടെ നേതൃത്വത്തിൽ സൂറിച്ച് കേന്ദ്രമാക്കി സ്വിറ്റ്സർലണ്ടിലും ബൽത്താസർ, ഹുഫ്മായർ, ഹാൻസ്ഡെൻക് എന്നിവരുടെ നേതൃത്വത്തിൽ ദക്ഷിണ ജർമ്മനിയിലും പതിനാറാം നൂറ്റാണ്ടിൽ ഈ പ്രസ്ഥാനം ശക്തിപ്പെട്ടു. പക്ഷേ കത്തോലിക്കരുടെയും പ്രോട്ടസ്റ്റന്റുകാരുടെയും ഇടയിൽ നിന്നു പരക്കെ ഉണ്ടായ എതിർപ്പുകളെ അതിജീവിക്കാൻ ഇതിനായില്ല. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ തുടങ്ങിയ പെന്തക്കോസ്തുസഭകൾ വീണ്ടും സ്നാനത്തിനു വലിയ പ്രാധാന്യം നല്കിക്കൊണ്ടിരിക്കുന്നു. അതിന്റെ അലയടികളാണ് അടുത്തകാലത്ത് കേരളത്തിലും ദൃശ്യമാകുന്ന വീണ്ടും മുങ്ങൽ.

മാമ്മോദീസായെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടു നിലനിർത്തുകയാണെങ്കിൽ വീണ്ടും ഒരു സ്നാനം അർത്ഥശൂന്യമാണെന്നു മനസ്സിലാകും. ഉത്ഭവപാപത്തിൽ നിന്ന് മോചനം ലഭിച്ച ആൾക്കു വീണ്ടും അപ്രകാരമൊരു മോചനത്തിന്റെ ആവശ്യമില്ല. ദൈവികജീവൻ ഒരിക്കൽ ലഭിച്ചു കഴിഞ്ഞാൽ പിന്നെ അതു വളർത്തിയെടുത്താൽ മതി, വീണ്ടും ജനിക്കേണ്ടതില്ല. മാമ്മോദീസാ സ്വീകരിക്കുന്ന ആൾ അതുവഴി യേശുവിന്റെ സ്വന്തമായിത്തീരുന്നു. പരിശുദ്ധാത്മാവ് അയാളെ മുദ്ര വയ്ക്കുന്നു. ഇപ്രകാരം ആത്മാവിൽ മുദ്ര പതിക്കുന്ന മൂന്നു കൂദാശകൾ – മാമ്മോദീസാ, സ്ഥൈര്യലേപനം, തിരുപ്പട്ടം ആവർത്തിക്കാവുന്നതല്ല.

കൂദാശ ആവർത്തിക്കുന്നില്ലെങ്കിലും, പശ്ചാത്തപിച്ച് വിശ്വാസം ഏറ്റുപറയാനും മാമ്മോദീസായിൽ ചെയ്ത വ്രതങ്ങൾ നവീകരിക്കാനും ഏവർക്കും ഉത്തരവാദിത്വമുണ്ട്. ശിശുക്കൾക്കു വേണ്ടി മാതാപിതാക്കളും തലതൊടുന്നവരും ആണ് വിശ്വാസം ഏറ്റുപറയുന്നത്. പ്രായമാകുമ്പോൾ സ്വന്തം വിശ്വാസം ഏറ്റുപറയാൻ ഓരോരുത്തർക്കും ബാധ്യതയുണ്ട്. അതിനായി കുഞ്ഞുങ്ങളെ പഠിപ്പിക്കാനും ഒരുക്കാനും മാതാപിതാക്കളും തലതൊടുന്നവരും കടപ്പെട്ടിരിക്കുന്നു. മാമ്മോദീസാവഴി സഭയുടെ അംഗമാകുന്ന കുഞ്ഞുങ്ങൾ സഭാസമൂഹത്തിലാണ് വളരുന്നത്. ചെറുപ്പം മുതലേ ക്രിസ്തീയ ജീവിതത്തിൽ അവർ പങ്കുചേരുന്നു. വിശ്വാസത്തിലും കൃപയിലും വളരുന്നു. ജനനംമുതൽ മരണംവരെയുള്ള ജീവിതത്തിന്റെ വിവിധഘട്ടങ്ങളിൽ നമ്മെ വിശുദ്ധീകരിച്ച് ശക്തിപ്പെടുത്താനും നയിക്കാനും വേണ്ടിയാണ് യേശുനാഥൻ ഏഴു കൂദാശകൾ സ്ഥാപിച്ചത്. അത് പ്രായപൂർത്തിയായവർക്കുവേണ്ടി മാത്ര

മായി മാറ്റിവയ്ക്കുന്നത് നാഥന്റെതന്നെ താത്പര്യത്തിനു വിരുദ്ധ മാണെന്ന് സഭ വിശ്വസിക്കുന്നു.

മുങ്ങൽ നിർബന്ധമോ?

ഒഴുകുന്ന വെള്ളത്തിൽ മുക്കിയാണ് ആദ്യമാദ്യം മാമ്മോ ദീസാ നല്കിയിരുന്നത്. അതിന് പ്രതീകാത്മകമായ അർത്ഥവും ഉണ്ട്. പുഴയിൽ മുങ്ങുന്നത് ക്രിസ്തുവിനോടൊപ്പം മരിച്ച് സംസ്ക്ക രിക്കപ്പെടുന്നതിന്റെയും പുഴയിൽ നിന്ന് കയറി വരുന്നത് യേശു വിനോടൊപ്പം ഉയിർപ്പിക്കപ്പെടുന്നതിന്റെയും പ്രതീകമാണ് (റോമാ 6, 3–6). മുങ്ങിയ ആളിന്റെ മുകളിലൂടെ ജലം ഒഴുകിപ്പോകുന്നത് അയാളുടെ പാപം കഴുകിക്കളയുന്നതിനേയും സൂചിപ്പിക്കുന്നു. പുഴ യിൽ മുക്കുന്നത് പ്രതീകാത്മകമായി കൂടുതൽ അർത്ഥവത്താണെ ങ്കിലും പലപ്രായോഗിക പരിഗണനകളും കാരണം മുക്കുന്നതിനു പകരം തലയിൽ വെള്ളം ഒഴിച്ച് സ്നാനം നല്കുന്ന ക്രമത്തിന് സാവധാനം കൂടുതൽ പ്രചാരം ലഭിച്ചു. പാപം കഴുകിക്കളയുന്ന തിന്റെ സൂചനയാണ് മുഖ്യമായും ഈ പ്രതീകത്തിലൂടെ ലഭിക്കുക. ജലത്താൽ സ്നാനം നല്കണം എന്നല്ലാതെ അത് എങ്ങനെ നല്കുന്നു എന്നത് കൂദാശയുടെ സാധുതയെ ബാധിക്കുന്നില്ല. ജല ത്തിൽ പൂർണ്ണമായും മുക്കാൻ സൗകര്യമുള്ള സാഹചര്യങ്ങളിൽ അങ്ങനെ ചെയ്യുന്നതിനേയും സഭ അംഗീകരിക്കുന്നുണ്ട്.

ജോർദ്ദാൻ നദിയിൽ യേശു സ്നാനം സ്വീകരിച്ച സ്ഥലത്ത് തീർത്ഥാടകർ പോയി മുങ്ങാറുണ്ട്. അത് വീണ്ടും സ്നാനപ്പെടുന്ന തായി പരിഗണിക്കാതെ വെറും ഒരു ഭക്തകൃത്യമായി കരുതി കത്തോലിക്കരും ഇപ്രകാരമുള്ള മുങ്ങലിൽ പങ്ക് ചേരാറുണ്ട്. ജ്ഞാനസ്നാനവ്രതത്തിന്റെ നവീകരണം അക്കൂട്ടത്തിൽ നടത്താ റുണ്ട്. ഇതൊക്കെ വീണ്ടും സ്നാനമായി തെറ്റിദ്ധരിച്ച് ഇതിനെ തിരേ പ്രചരണങ്ങൾ നടക്കാറുണ്ട്. അതിനാൽ വീണ്ടും സ്നാനം സ്വീകരിക്കുന്നതും ഒരിക്കൽ സ്വീകരിച്ച മാമ്മോദീസായുടെ വ്രത ങ്ങൾ നവീകരിക്കുന്നതും തമ്മിൽ വേർതിരിച്ചു കാണേണ്ടതുണ്ട്. വീണ്ടും സ്നാനം സ്വീകരിക്കുക എന്നത് അനാവശ്യവും അർത്ഥ ശൂന്യവുമാണ്. വ്രതങ്ങൾ നവീകരിക്കുക എന്നത് അത്യന്താപേ ക്ഷിതവുമാണ്



9

# ദാസിയുടെ സ്വാതന്ത്ര്യകീർത്തനം

ക്രിസ്തീയ വിശ്വാസത്തിലും ഭക്തിപ്രകടനങ്ങളിലും മറിയത്തിനുള്ള സ്ഥാനം അതുല്യമാണ്. അമലോത്ഭവം, ദൈവമാതൃത്വം, സ്വർഗ്ഗാരോപണം എന്നിവ വിശ്വാസസത്യങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. മരിയ ഭക്തിക്കായി ആഴ്ചയിലെ ഒരു ദിവസം പ്രത്യേകം മാറ്റിവച്ചിരിക്കുന്നു. നൊവേന, തിരുനാൾ, തീർത്ഥാടനം മുതലായ ഭക്തകാര്യങ്ങളിൽ മറിയത്തിനു നല്കപ്പെടുന്ന സ്ഥാനം അദ്വിതീയമാണ്. കത്തോലിക്കാ വിശ്വാസത്തിലും വിശ്വാസികളുടെ ജീവിതത്തിലും ദൈവത്തിനുമാത്രമേ മറിയത്തേക്കാൾ കൂടുതൽ പ്രാധാന്യം നല്കപ്പെടുന്നുള്ളൂ. തിരുസ്സഭയുടെ മാതാവും ത്രിലോകരാജ്ഞിയുമായി മറിയത്തെ സഭ പാടിപ്പുകഴ്ത്തുന്നു. അനേകം രാജ്യങ്ങൾ മറിയത്തിന്റെ മധ്യസ്ഥ്യതയ്ക്കായി പ്രത്യേകം സമർപ്പിക്കപ്പെട്ടിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിയുടെ വാർഷികം ആഘോഷിക്കുന്ന ഭാരതവും സ്വർഗ്ഗാരോപിതയായ മാതാവിനു പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടതാണല്ലോ.

മറിയത്തെ ചുറ്റിപ്പറ്റിയുള്ള വിശ്വാസങ്ങൾക്കും ഭക്താനുഷ്ഠാനങ്ങൾക്കും ബൈബിളിൽത്തന്നെ അടിസ്ഥാനമുണ്ട്. കാനാ

യിലെ കല്ല്യാണത്തിൽ അമ്മയുടെ യാചനയ്ക്കു മറുപടിയെ ന്നോണം യേശുനാഥൻ വെള്ളം വീഞ്ഞാക്കിയപ്പോൾ അവളുടെ മാധ്യസ്ഥ്യം അംഗീകരിക്കുകയായിരുന്നു. കാൽവരിയിൽവച്ച് നാഥൻ തന്റെ അമ്മയെ ശിഷ്യസമൂഹത്തിന്റെ മുഴുവൻ, അഥവാ സഭയുടെ മാതാവായി പ്രഖ്യാപിച്ചു. "ദൈവകൃപനിറഞ്ഞവളേ സന്തോഷിക്കൂ" എന്ന ദൈവദൂതന്റെ അഭിസംബോധനയിൽ നിന്നാണ് മറിയ ത്തിന്റെ അമലോത്ഭവം എന്ന വിശ്വാസസത്യം രൂപംകൊണ്ടത്. യേശുവിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ ലഭ്യമായ സമ്പൂർണ്ണ മോചനം മറിയത്തിനു മുൻകൂറായി ലഭിച്ചു എന്ന വിശ്വാസം "സ്വർഗ്ഗാരോപണം" എന്ന വിശ്വാസസത്യത്തിൽ പ്രഘോഷിക്കപ്പെ ടുന്നു.

കത്തോലിക്കാ വിശ്വാസത്തിന്റെയും ഭക്തിയുടെയും അടി സ്ഥാനം ബൈബിളിലാണെങ്കിലും ആ അടിത്തറയിൽ പടുത്തു യർത്തപ്പെടുന്ന ജീവിതവീക്ഷണവും ആചാരാനുഷ്ഠാനങ്ങളും ബൈബിളിനോടു വേണ്ടത്ര വിശ്വസ്തത പുലർത്തുന്നുണ്ടോ എന്ന സംശയം പലരിലും നിലനില്ക്കുന്നുണ്ട്. മറിയത്തിന്റെ അപദാന ങ്ങൾ പ്രകീർത്തിക്കുകയും മാധ്യസ്ഥ്യം തേടുകയും ചെയ്യുന്നവർ അവളുടെ ജീവിതമാതൃകയിലേക്കും വിശ്വാസചൈതന്യത്തി ലേക്കും ഇറങ്ങിചെല്ലാൻ മടിച്ചുനില്ക്കുകയല്ലേ എന്നു തോന്നും. അമലോത്ഭവയും സ്വർഗ്ഗാരോപിതയും ത്രിലോകറാണിയും വര ദാനദായികയുമായി പ്രകീർത്തിക്കപ്പെടുന്ന മറിയത്തിന്റെ ജീവിതം ഇന്നത്തെ സമൂഹത്തിന്റെ മുമ്പിൽ ഉയർത്തുന്ന വെല്ലുവിളികൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോകുന്നില്ലേ എന്നു സംശയിക്കണം. സുവിശേഷങ്ങളിലെ വിവരണങ്ങളിൽ കാണുന്നതിൽനിന്ന് എത്രയോ വ്യത്യസ്തമാണ് ക്രിസ്തീയഭക്തി പ്രകടനങ്ങളിൽ പ്രത്യ ക്ഷമാകുന്ന മറിയത്തിന്റെ ചിത്രം!

ഉപജീവനത്തിനായി കഠിനാധ്വാനം ചെയ്യുന്ന ഒരു തൊഴി ലാളികുടുംബത്തിലെ അംഗം - മരപ്പണിക്കാരന്റെ ഭാര്യ. തച്ചന്റെ അമ്മ; തന്റെ കുഞ്ഞിനു ജന്മം നല്കാൻ കാലിത്തൊഴുത്തിലഭയം തേടുന്ന ദരിദ്ര, രാഷ്ട്രീയ കൊലപാതകത്തെ ഭയന്ന് നാടു വിട്ടോ ടുന്ന അഭയാർത്ഥി, പാവങ്ങളോടൊത്തു ജീവിക്കുകയും സമൂഹം ഭ്രഷ്ടു കല്പിച്ചവർക്കു മോചനം നല്കുകയും ചെയ്തതിന്റെ പേരിൽ ഭ്രാന്തനെന്നു മുദ്രകുത്തപ്പെട്ടവന്റെ, ദൈവദൂഷകനും രാജ ദ്രോഹിയും കലാപകാരിയുമായി വിധിക്കപ്പെട്ട് ക്രൂശിതനായ

മകന്റെ അപമാനത്തിലും പരിത്യക്തതയിലും പങ്കാളിയായി, നിസ്സഹായയായി കുരിശിൻ ചുവട്ടിൽനിന്ന അമ്മ – ഈ ചിത്രങ്ങൾ മറിയത്തിന്റെ വ്യക്തിത്വത്തിലേക്കും അവൾ നല്കുന്ന ധീരമായ വിശ്വാസമാതൃകയിലേക്കും വെളിച്ചം വീശുന്നതാണ്. ഈ വിധമുള്ള വിശ്വാസധീരതയുടെ പ്രകാശനമാണ് "മറിയത്തിന്റെ സ്തോത്രഗീതം" എന്നറിയപ്പെടുന്ന കീർത്തനം (ലൂക്കാ 1,46-55).

പഴയനിയമത്തിലെ പല കീർത്തനങ്ങളുടെയും പ്രതിധ്വനി ഈ കീർത്തനത്തിൽ കേൾക്കാം. വന്ധ്യയായ തനിക്ക് ദൈവം കനിഞ്ഞ് ഒരു പുത്രനെ നല്കിയതിലുള്ള സന്തോഷവും കൃതജ്ഞതയും പ്രകടിപ്പിച്ചുകൊണ്ട് സാമുവേലിന്റെ അമ്മയായ ഹന്നാ പാടിയ സ്തോത്രഗീതത്തോട് (1 സാമു 2,1-10) ഈ കീർത്തനത്തിന് അടുത്ത ബന്ധമുണ്ട്. "എന്റെ ഹൃദയം കർത്താവിൽ ആനന്ദിക്കുന്നു," "അവിടുത്തെ രക്ഷയിൽ ഞാൻ ആനന്ദിക്കുന്നു", "ബലഹീനർ ശക്തി പ്രാപിക്കുന്നു," "വിശപ്പ് അനുഭവിച്ചിരുന്നവർ സംതൃപ്തിയടയുന്നു," "ദരിദ്രനെ അവിടുന്ന് ധൂളിയിൽ നിന്നുയർത്തുന്നു" മുതലായ ഹന്നായുടെ പ്രകീർത്തനങ്ങൾ ഏതാണ്ട് അതേപടി തന്നെ മറിയത്തിന്റെ കീർത്തനത്തിലും പ്രത്യക്ഷപ്പെടുന്നുണ്ട്.

ഹോളോഫർണസിന്റെ മേൽ വിജയം വരിച്ച യൂദിത്ത് ആലപിച്ച കീർത്തനത്തിന്റെ (യൂദിത്ത് 16,2-16) സ്വാധീനവും മറിയത്തിന്റെ സ്തോത്രഗീതത്തിൽ കാണാം. അഹങ്കാരികളെ തകർക്കുകയും എളിയവരെ ഉയർത്തുകയും ചെയ്യുന്ന ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയുടെ ദൃശ്യമായ ഒരനുഭവമായിരുന്നു യൂദിത്തിനു ലഭിച്ചത്. അഗതികളുടെ രക്ഷകനും വിധികർത്താവുമായ ദൈവത്തെ പ്രകീർത്തിക്കുന്ന അനേകം സങ്കീർത്തനങ്ങളുടെ സ്വാധീനവും (ഉദാ സങ്കീ 21,5-8; 103,17-18; 89,13; 146,7-8; 98,3) ഈ കീർത്തനത്തിൽ ദൃശ്യമാണ്. അടുത്തു പരിശോധിച്ചാൽ മറിയത്തിന്റെ കീർത്തനത്തിലെ ചുരുക്കം വാക്കുകളൊഴികെ ബാക്കി എല്ലാംതന്നെ പഴയനിയമത്തിലെ ഏതെങ്കിലും കീർത്തനത്തിൽനിന്നു കടം കൊണ്ടവയാണെന്നു കാണാം. അതിനാൽ ഈ കീർത്തനം ഒരു പ്രത്യേക നിമിഷത്തിൽ മറിയം സ്വയം പ്രേരിതയായി ആലപിച്ചതല്ല, ആദിമ ക്രൈസ്തവസമൂഹം നിരന്തരമായ ധ്യാനവും പ്രാർത്ഥനയും വഴി രചിച്ചതാണ് എന്നു കരുതുന്നവരുണ്ട്. പുതിയ നിയമത്തിലെ പല കീർത്തനങ്ങളെയുംകുറിച്ച് ബൈബിൾ പഠിതാക്കളുടെ ഇടയിൽ ശക്തിപ്പെട്ടുവരുന്ന ആശയമാണിത്.

യേശുക്രിസ്തുവിലൂടെ, പ്രത്യേകിച്ചും അവന്റെ കുരിശുമരണവും ഉത്ഥാനവും വഴി, മനുഷ്യവർഗ്ഗത്തിനു മുഴുവൻ ലഭ്യമായ വിമോചനത്തിന്റെയും മാനവചരിത്രത്തിൽ വന്ന മൂല്യങ്ങളുടെ തകിടം മറിച്ചലിന്റെയും പ്രകീർത്തനമാണ് ഈ ഗാനം എന്ന് ബൈബിൾ പഠിതാക്കൾ കരുതുന്നു. ക്രൈസ്തവസമൂഹത്തിൽ പ്രചാരത്തിലിരുന്ന ഒരു കീർത്തനം അവശ്യംവേണ്ട ഭേദഗതികളോടെ മറിയത്തിന്റെ സ്തോത്രഗീതമായി ലൂക്കാ സുവിശേഷകൻ അവതരിപ്പിച്ചതാകണം. എന്നാൽ, പഴയനിയമവുമായി നിരന്തരം ഇടപഴകയിരുന്ന വ്യക്തികളുടെ സംസാരത്തിലും പ്രാർത്ഥനയിലും അവർ അറിയാതെതന്നെ ബൈബിളിൽ നിന്നുള്ള അനേകം വാക്കുകളും ആശയങ്ങളും പ്രകടമാകുക സാധാരണമാണെന്നും അതിനാൽ ഈ കീർത്തനം മറിയം തന്നെ ആലപിച്ചതാണെന്നും ഉറച്ചു വിശ്വസിക്കുന്നവരും കുറവല്ല. കീർത്തനത്തിന്റെ ഉത്ഭവം. എന്തായാലും ഇന്ന് സുവിശേഷത്തിൽ അതിനുള്ള സ്ഥാനവും അർത്ഥവും സംശയാതീതമാണ്.

യേശുവിന്റെ ജനനവും ബാല്യകാലവും വിവരിക്കുന്ന സുവിശേഷഭാഗത്ത് നാലുകീർത്തനങ്ങൾ ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട്. രക്ഷകന്റെ അമ്മയുടെ സാന്നിധ്യത്തിൽ പരിശുദ്ധാത്മാവിനാൽ പ്രചോദിതയായ എലിസബത്ത്, യോഹന്നാന്റെ ജനനത്തിൽ സന്തോഷഭരിതനായ സഖറിയാ, രക്ഷകനെ കൈയ്യിൽ വഹിച്ച ശിമയോൻ എന്നിവരുടെ കീർത്തനങ്ങളും യേശുവിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ ലഭ്യമായ രക്ഷയെ പ്രകീർത്തിക്കുന്നു. ഇവയിൽ ഏറ്റം മനോഹരമായ കീർത്തനമാണ് മറിയത്തിന്റേത്. സുവിശേഷത്തിന്റെ രത്നചുരുക്കം എന്ന് ഇതിനെ വിളിക്കാം.

കീർത്തനത്തിനു രണ്ടു ഭാഗങ്ങളുണ്ട്. 46–49 വാക്യങ്ങൾ മറിയത്തിന്റെ വ്യക്തിപരമായ സ്തുതിഗീതമാണ്; 50–55 വാക്യങ്ങൾ ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയുടെ പൊതുവായ പ്രകീർത്തനവും. ദാസിയുടെ സന്തോഷമാണ് ആദ്യഭാഗത്ത് നിറഞ്ഞുനില്ക്കുന്നത്. വിവാഹവാഗ്ദാനം കഴിഞ്ഞ കന്യകയായിരുന്നു മറിയം. വിവാഹത്തിനുമുമ്പ് വരനറിയാതെ ഗർഭിണിയാകുക എന്നത് മരണശിക്ഷയർഹിക്കുന്ന കുറ്റമായിരുന്നു. താൻ തെറ്റിദ്ധരിക്കപ്പെട്ടേക്കുമെന്നും തനിക്കു ജീവൻപോലും നഷ്ടപ്പെട്ടേക്കാമെന്നും അറിഞ്ഞുകൊണ്ടുതന്നെ മറിയം ദൈവദൂതന്റെ സന്ദേശത്തിനു സമ്മതം നല്കി. “ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറ

വേറട്ടെ" എന്ന അവളുടെ മറുപടി ദൈവത്തിലുള്ള പരിപൂർണ്ണ വിശ്വാസത്തിന്റെയും ആശ്രയബോധത്തിന്റെയും സമ്പൂർണ്ണ സമർപ്പണത്തിന്റെയും വ്യക്തമായ സാക്ഷ്യമാണ്. "ദാസി" എന്ന പദത്തിന് "അടിമ" എന്നാണർത്ഥം. സ്വന്തമായ ഒരു പദ്ധതിയോ തീരുമാനമോ അവകാശമോ ദാസിക്കില്ല. യജമാനനു പൂർണ്ണമായി സമർപ്പിതമാണ് അവളുടെ ജീവിതം. ദൈവമാണ് തന്റെ നാഥൻ, അവന്റെ ഇഷ്ടമനുസരിച്ചു തന്നോടു ചെയ്തുകൊള്ളട്ടെ എന്ന സ്വയം വിട്ടുകൊടുക്കൽ മറിയത്തിന് പൂർണ്ണമായ സ്വാതന്ത്ര്യവും നിർഭയത്വവും നല്കി. അതിനാൽ ഭാവിയെക്കുറിച്ച് അവൾക്ക് ആശങ്കകളില്ല. തന്നെ ദാസിയായി സ്വീകരിച്ചവൻ തന്റെ കാര്യം നോക്കിക്കൊള്ളും എന്ന ഉറച്ച വിശ്വാസം അവളെ നയിച്ചു.

ഈ വിശ്വാസത്തിൽ നിന്ന് ഉയർന്നു വന്നതാണ് മറിയത്തിന്റെ കീർത്തനം. അവളുടെ ഹൃദയം ദുഃഖപൂരിതമോ സംശയാകുലമോ അല്ല. ദൈവത്തിന് സ്വയം വിട്ടുകൊടുത്തതിൽ നിന്നുളവായ സന്തോഷം അവളുടെ ഹൃദയത്തിൽ നിറഞ്ഞുതുളുമ്പി. അവളുടെ ചിന്തയിലും വാക്കിലും നിറഞ്ഞുനില്ക്കുന്നത് തന്നെ സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന നാഥനായ ദൈവമാണ്. തനിക്കു ലഭിച്ചിരിക്കുന്ന പ്രത്യേക സ്ഥാനത്തിന് താൻ ഒട്ടും അർഹയല്ല എന്ന ബോധ്യം ഏറ്റുപറയുന്നതാണ് "ദാസിയുടെ താഴ്മ"യെക്കുറിച്ചുള്ള പരാമർശം. മനുഷ്യദൃഷ്ടിയിൽ യാതൊരു മഹത്ത്വത്തിനും അർഹതയില്ലാത്തവളാണ് മരപ്പണിക്കാരനുമായി വിവാഹവാഗ്ദാനം ചെയ്ത ആ ഗ്രാമീണകന്യക. സ്ത്രീകൾക്ക് പൊതുവേ ഇസ്രായേലിൽ ഒരു വിജാതീയ അടിമയുടെ സ്ഥാനമേ നല്കപ്പെട്ടിരുന്നുള്ളൂ. എന്നാൽ ദൈവം ഈ ദാസിയെ പ്രത്യേകം കടാക്ഷിച്ചു; തന്റെ പുത്രന്റെ അമ്മയാകാൻ തിരഞ്ഞെടുത്തു. വലിയ കാര്യങ്ങൾക്കായി ചെറിയവരെ തിരഞ്ഞെടുക്കുന്ന ദൈവത്തിന്റെ പ്രവർത്തനശൈലി പ്രകടമാക്കുന്നതാണ് ഈ സംഭവം.

ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിലുടനീളം ദൈവത്തിന്റെ ഈ പ്രവർത്തനശൈലി തെളിഞ്ഞുനില്ക്കുന്നതു കാണാം – ഇളയവനും എളിയവരുമായ ആബേൽ, ഇസഹാക്ക്, യാക്കോബ്, ജോസഫ്, ദാവീദ് തുടങ്ങി അനേകം പേരുടെ തിരഞ്ഞെടുപ്പുകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. ഈജിപ്തിൽ അടിമകളായി കഴിഞ്ഞിരുന്ന ഇസ്രായേൽക്കാരെ ദൈവം പ്രത്യേകം സ്നേഹിക്കുകയും സ്വന്തജനമായി തിരഞ്ഞെടുക്കുകയും ചെയ്തത് അവർ ഏറ്റം

ചെറിയവരായതിനാലായിരുന്നു (നിയ 7,6–8). സ്വന്തം ശക്തിയും മഹ ത്ത്വവും അല്ല, ദൈവത്തിന്റെ സ്നേഹവും കാരുണ്യവുമാണ് അവർ പ്രകീർത്തിക്കേണ്ടത്. എളിയവരെ പ്രത്യേകമാംവിധം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവനാണ് ദൈവം എന്ന് അവർ തങ്ങളുടെ ജീവിതം വഴി സാക്ഷ്യപ്പെടുത്തണം. ഇപ്രകാരമൊരു സാക്ഷ്യമാണ് സ്തോത്രഗീതത്തിന്റെ ആദ്യഭാഗത്ത് മറിയം നല്കുന്നത്. മറിയത്തെ ഭാഗ്യവതി എന്നു പ്രകീർത്തിക്കുന്ന തലമുറകൾ ദാസിയുടെ താഴ്മയെ കടാക്ഷിക്കുന്ന ദൈവത്തെയാണ് പ്രകീർത്തിക്കുന്നത്.

കീർത്തനത്തിന്റെ രണ്ടാംഭാഗം ദൈവത്തിന്റെ രക്ഷാകര പ്രവർത്തനത്തിലേക്കു കൂടുതലായി ശ്രദ്ധതിരിക്കുന്നു. ദൈവം തന്റെ ഭക്തരുടെമേൽ തലമുറകൾതോറും കാരുണ്യം വർഷിക്കും (സങ്കീ 103,17) എന്ന പ്രസ്താവന വിശദീകരിക്കുന്നതാണ് തുടർന്നുള്ള വാക്യ ങ്ങൾ. ശക്തിപ്രകടിപ്പിച്ചു, ചിതറിച്ചു, മറച്ചിട്ടു, സംതൃപ്തരാക്കി, പറ ഞ്ഞയച്ചു എന്നിങ്ങനെ എല്ലാ ക്രിയകളും ഭൂതകാലത്തിലാണ് അവ തരിപ്പിച്ചിരിക്കുന്നത്. ദൈവത്തിന്റെ ഏതു പ്രവർത്തനത്തെയാണ് ഇതെല്ലാം സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ വ്യാഖ്യാതാക്കളുടെ ഇടയിൽ തർക്കമുണ്ട്. ഇസ്രായേൽജനത്തിനുദൈവം മോചനം നല്കിയ പുറപ്പാടു സംഭവമാണ് ഇവിടെ പ്രകീർത്തിക്കപ്പെടുന്നതെന്നു കരുതുന്നവരുണ്ട്. മർദ്ദകനായ ഫറവോയും മർദ്ദിതരായ ഇസ്രായേൽജ നവും ദൈവത്തിന്റെ കരത്തിന്റെ കരുത്തു കണ്ട സംഭവമായിരുന്നു പുറപ്പാട്. എന്നാൽ ഏതെങ്കിലും ഒരു പ്രത്യേക സംഭവമല്ല, ദൈവ ത്തിന്റെ പൊതുവായ പ്രവർത്തനശൈലിയാണ് ഇവിടെ പ്രകീർത്തി ക്കപ്പെടുന്നത് എന്നു മറ്റുചിലർ കരുതുന്നു. ക്രിസ്തുവിന്റെ പെസഹാ രഹസ്യത്തിലൂടെ പ്രകടമായ രക്ഷാകരപ്രവൃത്തിയാണ് പ്രതിപാദ്യം എന്നു വേറെചിലർ.

ക്രിയകളെല്ലാം ഭൂതകാലത്തിലാണെങ്കിലും ചരിത്രത്തിൽ ഇനിയും പൂർണ്ണമായും നിറവേറിയിട്ടില്ലാത്തതും, എന്നാൽ ദൈവിക മേഖലയിൽ പൂർത്തിയാക്കപ്പെട്ടതുമായ പ്രവർത്തനത്തെ പ്രഘോ ഷിക്കുന്ന പ്രവചനമാണിത് എന്ന അഭിപ്രായം കൂടുതൽ സ്വീകാര്യ മായി തോന്നുന്നു. തികച്ചും വിപ്ലവകരമാണ് പ്രകീർത്തനശൈലിയി ലുള്ള ഈ പ്രവചനം. അഹങ്കാരികൾ, സിംഹാസനസ്ഥരായ ശക്ത ന്മാർ, സമ്പന്നർ എന്ന മൂന്നു വിശേഷണങ്ങൾ സവിശേഷ ശ്രദ്ധ യർഹിക്കുന്നു.

പറുദീസായിലും (ഉൽപ 3,5–6) ബാബേൽ ഗോപുരനിർമ്മി

തിയിലും (ഉൽപ 11,4-6) പ്രകടമായതാണ് അഹങ്കാരം. മനുഷ്യന്റെ തനിക്കുതാൻപോരിമ ഭാവമാണിത് - ഞാനാണ് എല്ലാറ്റിന്റെയും അധിപൻ, എനിക്കു മുകളിൽ ആരുമില്ല എന്ന ഭാവം. കർത്താവിനെ വെല്ലുവിളിച്ച (പുറ 5,2) ഫറവോയും, ദൈവജനത്തെ അടിമയാക്കിയ ഇസ്രായേൽ രാജാക്കന്മാരും, നിയമാനുഷ്ഠാനങ്ങളിലൂടെ ലഭ്യമാകുമെന്നു കരുതിയ വിശുദ്ധിയിൽ ഊറ്റംകൊണ്ടു ഫരിസേയരും എല്ലാം അഹങ്കാരത്തിന്റെ ഉദാഹരണങ്ങളാണ്. ദൈവത്തെയും സഹോദരനെയും നിഷേധിച്ച് സർവ്വാധിപതിയാകാൻ ശ്രമിക്കുന്ന മനുഷ്യന്റെ മനോഭാവമാണ് അഹങ്കാരം. അഹങ്കാരികൾ ആധിപത്യത്തിന്റേതായ സംസ്കാരം വളർത്തിയെടുക്കുന്നു. ലോകം മുഴുവൻ തങ്ങളുടേതായി അവകാശപ്പെടുന്നു. തങ്ങളുടെ ഇഷ്ടാനുസരണം ലോകവിഭവങ്ങളെ ചൂഷണം ചെയ്യാനും ദുർബ്ബല ജനതകളെ അടിച്ചമർത്തി ഭരിക്കാനും ശ്രമിക്കുന്ന അഹങ്കാരികൾക്ക് അവകാശങ്ങൾ മാത്രമേയുള്ളൂ. അവർക്ക് ആരോടും ഒന്നിനോടും കടപ്പാടില്ല. എന്റെ ഇഷ്ടം പ്രമാണം; എന്റെ സുഖത്തിനുപകരിക്കുന്നതുമാത്രം നന്മ എന്ന മനോഭാവമാണ് അഹങ്കാരിയുടേത്. വലിയവരുടെ സുഖഭോഗത്തെ ധാർമ്മികതയുടെ മാനദണ്ഡമായിക്കരുതി പടുത്തുയർത്തപ്പെടുന്ന ഈ ഉപരിവർഗ്ഗ സംസ്കാരമാണ് ആദ്യമേ തകർക്കപ്പെടുന്നത്. പറുദീസായിൽ നിന്ന് അരക്കച്ച മാത്രമുടുത്തു പുറത്തിറങ്ങിയ ആദ്യദമ്പതികളും ഗോപുരം പണിയുപേക്ഷിച്ചു ചിതറിപ്പോയ ബാബേൽക്കാരും അഹങ്കാരികൾക്കെതിരേയുള്ള ദൈവത്തിന്റെ വിധിപ്രസ്താവത്തിനു സാക്ഷികളാണ്. ശാശ്വതമായ ഈ വിധി ചരിത്രത്തിലൂടെ ആവർത്തിക്കപ്പെടുന്നു. അഹങ്കാരികൾക്കു നിലനില്പില്ല.

ഭൂമിയിൽ ആധിപത്യം സ്ഥാപിക്കുന്നവരാണ് ശക്തന്മാർ. അഹങ്കാരം ഏറ്റം അധികം പ്രകടമാകുന്നത് സ്വേഛാധിപതികളുടെ സിംഹാസനങ്ങളിലാണല്ലോ. ഈജിപ്തും അസീറിയായും ബാബിലോണും പേർഷ്യയും ഗ്രീസും റോമും ഒക്കെ ഇപ്രകാരമുള്ള ശക്തന്മാരുടെ ഉദാഹരണങ്ങളാണ്. അഹങ്കാരികളെ ചിതറിയ്ക്കുന്ന ദൈവം ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിടുന്നു. "നിന്റെ സഹോദരൻ ആബേൽ എവിടെ?" (ഉൽപ 4,9) എന്ന ചോദ്യവുമായി കായേനെ നേരിട്ട ദൈവം ചരിത്രത്തിന്റെ നാഥനാണ്. ഇസ്രായേലിനെ വിട്ടയയ്ക്കാൻ വിസമ്മതിച്ച ഫറവോയും സൈന്യവും ചെങ്കടലിൽ താണു ചത്തു. നിനെവെയും ബാബിലോണും തകർന്നുവീണു. സാമ്രാജ്യങ്ങളുടെ തകർച്ചയും സിംഹാസനസ്ഥ

രുടെ പതനവുമാണല്ലോ ലോകചരിത്രത്തിൽ ഏറ്റം കൂടുതൽ രേഖ പ്പെടുത്തിയിരിക്കുന്നത്. പ്രപഞ്ചസ്രഷ്ടാവായ ദൈവം ചരിത്രത്തെ നയിക്കുന്നവനാണ്. അവന്റെ പ്രവർത്തനം രാഷ്ട്രീയതലങ്ങളിൽ വലിയ തകിടംമറികൾ നടത്തുന്നു. എളിയവർക്ക് അധികാരം ഏല്പി ച്ചുകൊടുക്കുന്ന ഈ പ്രവൃത്തി രാഷ്ട്രീയ തലത്തിൽ ദൈവം നട ത്തുന്ന വിപ്ലവമാണ്; ചെറിയ അജഗണത്തിനു രാജ്യം നല്കുന്ന (ലൂക്കാ 12,32) രക്ഷാകരപ്രവൃത്തി. ദൈവരാജ്യത്തിന്റെ സംസ്ഥാ പനമാണ് ഇവിടെ പ്രഘോഷിക്കപ്പെടുന്നത്.

അഹങ്കാരികളും ശക്തരും സമ്പന്നരുമാണ്. ലോകവിഭവ ങ്ങൾ കൈയടക്കി സുഖലോലുപരായി കഴിയുന്നു. ലോകദൃഷ്ടി യിൽ അവർ അജയ്യരും അനന്തമായ സുഖഭോഗങ്ങൾക്ക് ഉടമകളും ആയി തോന്നിയാലും ദൈവം അവരുടെ മേൽ വിധി പ്രസ്താവി ച്ചുകഴിഞ്ഞു. ബൈബിളിൽ ഉടനീളം പ്രഘോഷിക്കപ്പെടുന്നഈ പ്രമേയം യേശുവിന്റെ പഠനങ്ങളിൽ കൂടുതൽ വ്യക്തതയാർജ്ജി ക്കുന്നു. ആത്മാവു നഷ്ടപ്പെടുന്ന ഭോഷനും (ലൂക്കാ 12,20) നിത്യാ ഗ്നിയിൽ പീഡിപ്പിക്കപ്പെടുന്ന ധനികനും (ലൂക്കാ 16,24) ഒട്ടകത്തിനു കടക്കാനാവാത്ത സൂചിക്കുഴയും (മർക്കോ 10,25) ചില ഉദാഹര ണങ്ങൾ മാത്രമാണ്. വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾ കൊണ്ടു തൃപ്തരാക്കുകയും സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയയ്ക്കു കയും ചെയ്യുന്നത് പ്രഥമദൃഷ്ട്യാ സാമ്പത്തികതലത്തിൽ നടക്കുന്ന വിപ്ലവമാണ്.

മറിയം പ്രകീർത്തിക്കുന്ന സാംസ്ക്കാരികവും സാമ്പത്തി കവുമായ വിപ്ലവം കൂടുതൽ അഗാധമായ മറ്റൊരു വിപ്ലവത്തിന്റെ ഫലമത്രേ - മനുഷ്യചരിത്രത്തിലിടപെട്ട് മാനവഹൃദയങ്ങളിൽ ദൈവം നടത്തുന്ന പരിവർത്തനത്തിന്റെ ഫലം. ദൈവരാജ്യം ഭൂമി യിൽ പൂർണ്ണമായി സ്ഥാപിക്കപ്പെടുന്നതിന്റെ ദൃശ്യമായ ഫലമാണ് മേൽ വിവരിച്ച ത്രിവിധ വിപ്ലവം. ദൈവരാജ്യം സ്ഥാപിക്കാനായി അവതീർണ്ണനായ ദൈവപുത്രനെ ഉദരത്തിൽ വഹിച്ച മറിയം ആ രാജ്യത്തിന്റെ ആദ്യകിരണങ്ങൾ പ്രവാചകദൃഷ്ട്യാ ദർശിച്ചുകൊ ണ്ടാണ് കീർത്തനമാലപിക്കുന്നത്. ദൈവരാജ്യത്തിന്റെ സ്വഭാവം വർണ്ണിക്കുന്ന അഷ്ടഭാഗ്യങ്ങൾ (ലൂക്കായുടെ സുവിശേഷത്തിലെ നാലു ഭാഗ്യങ്ങളും നാലു ദുരിതങ്ങളും) മുൻകൂട്ടി പ്രകീർത്തിക്കുന്ന ഈ കീർത്തനം ഇനിയും പൂർത്തിയാകേണ്ട ഒരു പ്രവചനമാണ്.

മറിയത്തിന്റെ പ്രവചനഗീതത്തിനും ഗീതമാലപിക്കുന്ന മറി

യത്തിനും സ്വാതന്ത്ര്യലബ്ധിയുടെ വാർഷികം ആഘോഷിക്കുന്ന ഭാരതത്തിൽ ഏറെ പ്രസക്തിയുണ്ട്. "മണ്ണിൽ പെണ്ണായി പിറന്ന തെറ്റിനു മാപ്പുതരൂ" എന്ന വിലാപം ഭാരതമണ്ണിൽ നിന്ന് ഇന്നും ഉയരുന്നു. സ്ത്രീത്വം ഇവിടെ അവമാനിതമാകുന്നു, ചൂഷണവിധേയമാകുന്നു. സ്ത്രീയായി ജനിക്കുന്നതുതന്നെ ശാപമായി കരുതപ്പെടുന്നു. ഗർഭസ്ഥശിശു സ്ത്രീയാണെന്നറിഞ്ഞാൽ കൊല്ലാൻ തയ്യാറാകുന്ന സംസ്കാരം വളർന്നു വരുന്ന ഭാരതത്തിൽ, നിയമപാലകർ സംഘംചേർന്ന് പരസ്യമായ ബലാൽസംഗത്തിനു മുതിരുമ്പോൾ, സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ ചുട്ടുകരിക്കപ്പെടുമ്പോൾ, വിശപ്പടക്കാനായി മാനം വില്ക്കാൻ സ്ത്രീകൾ നിർബ്ബന്ധിതരാവുമ്പോൾ, ഇതൊന്നും അറിയാത്ത മട്ടിൽ മറിയത്തിന്റെ സ്വാതന്ത്ര്യഗീതം തുടർന്ന് ആലപിക്കാനാകുമോ?

അന്താരാഷ്ട്ര സാമ്രാജ്യത്വവും ബഹുരാഷ്ട്രകുത്തകകളും ലോകംമുഴുവൻ തങ്ങളുടെ സ്വന്തമെന്ന വിധത്തിൽ ചൂഷണം തുടരുമ്പോൾ, ദരിദ്രരെ വീണ്ടും ദരിദ്രരാക്കുന്ന, അര പട്ടിണിക്കാരെ മുഴു പട്ടിണിക്കാരാക്കുന്ന, നിയമങ്ങളും നികുതി വ്യവസ്ഥകളും അന്തർദേശീയവും ദേശീയവുമായ തലങ്ങളിൽ പ്രാബല്യം പ്രാപിക്കുമ്പോൾ, ധനികന്റെ മേശയിൽ നിന്നു വീഴുന്ന ഉച്ഛിഷ്ടംപോലും ലഭിക്കാതെ കോടിക്കണക്കിനു ലാസർമാർ ഇവിടെ മരിച്ചുവീഴുമ്പോൾ, നസ്രത്തിലെ കന്യകയുടെ പ്രവചനഗീതം എന്തു പ്രതികരണമാണ് നമ്മിൽ ഉളവാക്കേണ്ടത്!

ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങൾ കാണാൻ ഈ ഗാനം നമ്മുടെ കണ്ണു തുറപ്പിക്കണം. "സൂര്യനസ്തമിക്കാത്ത" ബ്രിട്ടീഷ് സാമ്രാജ്യം ഛിന്ന ഭിന്നമായി. അഭേദ്യമെന്നു കരുതിയിരുന്ന ഇരുമ്പുമറകൾ തകർന്നുവീണു. സ്വയം ദൈവം ചമഞ്ഞ പ്രത്യയശാസ്ത്രങ്ങൾ പടുത്തുയർത്തിയ സിംഹാസനങ്ങൾ മറിഞ്ഞു. തത്സ്ഥാനത്തുയരുന്ന പുതിയ സാമ്രാജ്യശക്തികളും തകർന്നുചിതറും. ദൈവം ദരിദ്രന്റെ പക്ഷത്താണ്, എളിയവരെ അവൻ ഉയർത്തും. വിശക്കുന്നവരെ സംതൃപ്തരാക്കും എന്ന വിശ്വാസം ഉറക്കെ പ്രഘോഷിക്കാൻ മറിയത്തിന്റെ കീർത്തനം പ്രചോദനം നല്കുന്നു.

അധീശത്വസംസ്കാരത്തിന്റെ മൂല്യങ്ങളെ കീഴ്മേൽ മറിച്ചുകൊണ്ട് പുതിയൊരു സംസ്കാരത്തിന്റെ ഉദ്ഘാടനം വിളംബരം ചെയ്യുന്ന ശംഖനാദമാണ് മറിയത്തിന്റെ കീർത്തനം. മർദ്ദിതരുടെ

മോചനവും അടിച്ചമർത്തപ്പെട്ടവരുടെ ഉയിർത്തെഴുന്നേല്പും പ്രഘോഷിക്കുന്ന മറിയം സകല മർദ്ദിതർക്കും മാതൃകയും പ്രചോദനവും നല്കുന്നു. ദാരിദ്ര്യവും രോഗവും പട്ടിണിയും ദൈവശാപത്തിന്റെയോ, സമ്പത്തും ശക്തിയും ആരോഗ്യവും ദൈവാനുഗ്രഹത്തിന്റെയോ അടയാളങ്ങളല്ല എന്ന ബോധ്യം സമ്പന്നരിലും ദരിദ്രരിലും ഒരുപോലെ ഉളവാകണം. അപകർഷതാബോധത്തിൽനിന്ന് ദരിദ്രരെയും ഔദ്ധത്യത്തിൽനിന്നു ധനികരെയും വിമുക്തരാക്കാൻ സഹായിക്കുന്നതാവണം മരിയഭക്തി.

ശക്തന്മാരുടെ സിംഹാസനങ്ങൾ ഉറപ്പിക്കാനും സമ്പന്നർക്കു സംതൃപ്തി നല്കാനും അരു നില്ക്കുന്ന പ്രവണതയിൽനിന്ന് മരിയ ഭക്തരുടെ സ്ഥാപനങ്ങളും സേവനങ്ങളും മുക്തിനേടിയിരിക്കുന്നു. സ്വരുക്കൂട്ടുന്ന സമ്പത്തിലും അതു നല്കുന്ന അധികാരത്തിലും സുഖസൗകര്യങ്ങളിലുമല്ല, ദൈവത്തിന്റെ കരുണാമസൃണമായ സ്നേഹത്തിലും പരിപാലനയിലും സന്തോഷിക്കാനും ആ സ്നേഹം എല്ലാവർക്കും, പ്രത്യേകിച്ച് അവശരും അധഃകൃതരുമായ ദരിദ്രർക്കും, അനുഭവവേദ്യമാക്കാനും പ്രേരിപ്പിക്കുന്നതാവണം മരിയഭക്തി. താദൃശ്യമായി പ്രവാചകദൗത്യത്തിൽ പങ്കുചേരാതെ അപദാനകീർത്തനങ്ങളും ഭക്താനുഷ്ഠാനങ്ങളും കൊണ്ടു തൃപ്തിപ്പെടുന്നത് സ്തോത്രഗീതത്തിന്റെ ചൈതന്യത്തിനു നിരക്കുന്നതല്ല



10

# നക്ഷത്രങ്ങളുടെ പിന്നാലെ രക്ഷകനെത്തേടി

പൊന്നും മീറയും കുന്തിരിക്കവുമായി കിഴക്കുനിന്നു വരുന്ന മൂന്നു രാജാക്കന്മാർ പുൽക്കൂടിന്റെ ഒരു അവശ്യഘടകമാണല്ലോ. യൂദായിലെ ഒരു കൊച്ചുപട്ടണമായ ബേത്‌ലെഹേമിൽ യേശു പിറന്നപ്പോൾ കിഴക്കുദിച്ച നക്ഷത്രത്തെ അനുഗമിച്ചുവന്ന രാജാക്കന്മാരാണവർ എന്ന പാരമ്പര്യം ലോകമെമ്പാടും പ്രചാരത്തിലിരിക്കുന്നു. ലോകരക്ഷകനായി ജനിച്ച യൂദന്മാരുടെ രാജാവിനെ കണ്ടു ആരാധിക്കാൻ വന്നവർ ജറുസലേമിൽ എത്തിയപ്പോൾ നക്ഷത്രം അപ്രത്യക്ഷമായെന്നും ഹേറോദേസുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം അവർ പട്ടണം വിട്ടപ്പോൾ നക്ഷത്രം വീണ്ടും അവർക്കു മുമ്പേ വഴികാട്ടിയായി പ്രത്യക്ഷപ്പെട്ട് അവരെ ബേത്‌ലെഹേംവരെ നയിച്ചു എന്നുമാണു പൊതുവിശ്വാസം.

വി. മത്തായിയുടെ സുവിശേഷത്തിൽമാത്രം രേഖപ്പെടുത്തിയിരിക്കുന്ന (മത്താ 2,1-12) ഈ സംഭവം മറ്റു മൂന്നു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. മത്തായിയുടെ സുവിശേഷഭാഗം

വായിച്ചാൽ മേല്പറഞ്ഞ പലതും അവിടെ കാണില്ല. കിഴക്കുനിന്നു വന്നവർ രാജാക്കന്മാരായിരുന്നെന്നോ, അവർ മൂന്നുപേർ ഉണ്ടായിരുന്നെന്നോ മത്തായി പറയുന്നില്ല. ജറുസലേംവരെ നക്ഷത്രമാണ് അവരെ നയിച്ചതെന്നും സുവിശേഷത്തിലില്ല. ജറുസലേം മുതൽ ബേത്‌ലെഹേം വരെയാണു നക്ഷത്രം അവർക്കുമുമ്പേ നീങ്ങിയതായി സുവിശേഷകൻ പറയുന്നത്. ഇവിടെ ചില ചോദ്യങ്ങൾ ഉയർന്നുവരുന്നു.

കിഴക്കുനിന്നു വന്നവർ രാജാക്കന്മാരായിരുന്നില്ലെങ്കിൽ പിന്നെ ആരായിരുന്നു? ബേത്‌ലെഹേമിൽ ജനിച്ച രക്ഷകനെ അന്വേഷിച്ച് അവർ ജറുസലേമിൽ വന്നതെന്തിന്? യഹൂദർക്കു ഒരു പുതിയ രാജാവു ജനിച്ചിരിക്കുന്നുവെന്നു കേട്ടപ്പോൾ ജറുസലേം മുഴുവൻ അസ്വസ്ഥമാകാൻ കാരണമെന്ത്? ഈ സംഭവം രേഖപ്പെടുത്തുന്നതിൽ മത്തായിയുടെ ലക്ഷ്യം എന്തായിരുന്നു? സർവ്വോപരി, ഇതിന് എന്തു പ്രസക്തിയാണ് ഇന്നുള്ളത്. ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കാനുള്ള ഒരു ശ്രമമാണ് ഈ പഠനം.

രാജാക്കന്മാർ

മൂന്നു രാജാക്കന്മാർ എന്നു പരമ്പരാഗതമായി കരുതപ്പെടുന്നവരെക്കുറിച്ചുള്ള ബൈബിൾവാക്യം ഇപ്രകാരമാണ്. “യൂദായിലെ ബേത്‌ലെഹേമിൽ യേശു ജനിച്ചപ്പോൾ പൗരസ്ത്യദേശത്തുനിന്നു ജ്ഞാനികൾ ജറുസലേമിലെത്തി” (മത്താ 2,1). പി.ഒ.സി., ഓശാന വിവർത്തനങ്ങൾ “ജ്ഞാനികൾ” എന്നും സാൻജോസ്, മാന്നാനം വിവർത്തനം “ജ്യോതിഷർ” എന്നും വിവർത്തനം ചെയ്യുന്നതു “മാഗോയി” (Magoi) എന്ന ഗ്രീക്കുപദമാണ്. പല ഇംഗ്ലീഷ് വിവർത്തനങ്ങളും ഈ പദത്തെ (Wisemen) എന്നു പരിഭാഷപ്പെടുത്തുന്നു. മറ്റു പല പരിഭാഷകളിലും Magi എന്നാണു കാണുന്നത്. രാജാക്കന്മാർ എന്ന് ഒരു പരിഭാഷയിലുമില്ല.

രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ തെർത്തുല്യൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. പൗരസ്ത്യസഭയിൽ രാജാക്കന്മാർക്കു തുല്യരായിട്ടാണു “മാഗോയി”പരിഗണിക്കപ്പെടുന്നത്. ആറാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേയ്ക്കും ഇവർ രാജാക്കന്മാരായിരുന്നു എന്ന കാര്യം പാശ്ചാത്യസഭയിൽ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഇവരുടെ എണ്ണത്തെയും പേരുകളെയും സംബ

ഢിച്ച വ്യത്യസ്ത പാരമ്പര്യങ്ങൾ നിലവിൽവന്നു. കാഴ്ചവയ്ക്കുന്ന മൂന്നു വസ്തുക്കളുടെ അടിസ്ഥാനത്തിൽ അവർ മൂന്നു രാജാക്കന്മാരായിരുന്നു എന്ന വിശ്വാസത്തിനാണു കൂടുതൽ പ്രാബല്യം ലഭിച്ചത്. രണ്ട്, നാല്, പന്ത്രണ്ട് എന്നിങ്ങനെ എണ്ണത്തിന്റെ കാര്യത്തിൽ വൈവിദ്ധ്യമുണ്ടായിരുന്നു എന്നതും ശ്രദ്ധേയമാണ്.

എണ്ണത്തിന്റെ കാര്യത്തിലെന്നതുപോലെതന്നെ പേരിന്റെ കാര്യത്തിലും വിവിധ പാരമ്പര്യങ്ങൾ നിലവിലിരുന്നു. വി. അപ്രേമിന്റേതെന്നു പറയപ്പെടുന്ന ഒരു കൃതിയിൽ പേർഷ്യാരാജാവായ ഹെർമിസ്ദാ, സാബാ രാജാവായ യസ്ദെഗെർദ്, ഷേബാ രാജാവായ പെരോസാദ് എന്നിങ്ങനെ മൂന്നു പേരുകളാണുള്ളത്. ആദാമിന്റെയും ഹവ്വായുടെയും പുസ്തകം എന്ന പേരിൽ അറിയപ്പെടുന്ന ഒരു ഗ്രന്ഥത്തിൽ അവരെ പേർഷ്യാ രാജാവായ ഹോർ, സാബാരാജാവായ ബസാനാത്തർ, കിഴക്കിന്റെ രാജാവായ കർസുദാൻ എന്നിങ്ങനെയാണു വിശേഷിപ്പിച്ചിരിക്കുന്നത്. ആറാം നൂറ്റാണ്ടിലെ ഒരു ഗ്രീക്കു കയ്യെഴുത്തു പ്രതിയിൽ കൊടുത്തിരിക്കുന്ന മെൽക്കിയോർ, കാസ്പർ, ബൽത്താസർ എന്നീ പേരുകളാണ് ഇന്ന് ഏറ്റവും അധികം പ്രചാരത്തിലുള്ളത്.

മൂന്നു രാജാക്കന്മാർക്കു സഭയിൽ സാവധാനം സ്ഥിരപ്രതിഷ്ഠ ലഭിച്ചു. അവരുടെ തിരുശേഷിപ്പുകൾ 490 ൽ പേർഷ്യയിൽനിന്നു കോൺസ്റ്റാന്റിനോപ്പിളിൽ കൊണ്ടുവന്നു എന്നും അവിടെനിന്നു മിലാനിലേക്കും പിന്നീടു 1662 ൽ കൊളോണിലേക്കും മാറ്റിയെന്നും പാരമ്പര്യമുണ്ട്. ഈ തിരുശേഷിപ്പുകൾ ഇന്ന് കൊളോൺ കത്തഡ്രലിൽ സൂക്ഷിക്കുന്നു. ഇങ്ങനെ പാശ്ചാത്യ -പൗരസ്ത്യ സഭാപാരമ്പര്യങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിരുന്ന മൂന്നു രാജാക്കന്മാർ യഥാർത്ഥത്തിൽ ആരായിരുന്നു?

ബി.സി. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹെരോഡോറ്റസ് എന്ന ഗ്രീക്കു ചരിത്രകാരൻ "മാഗോയി"യെക്കുറിച്ചു പരമാർശിക്കുന്നുണ്ട്. ബി.സി. ആറാം നൂറ്റാണ്ടിൽ പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്ന മേദിയായിലെ പുരോഹിതവർഗ്ഗമായിരുന്നു അവർ. രാഷ്ട്രീയാട്ടിമറിയിലൂടെ മേദിയായിൽ അധികാരം പിടിച്ചെടുക്കാൻ ശ്രമിച്ചെങ്കിലും ദാരിയൂസ് ചക്രവർത്തി അവരെ തോല്പിച്ചു. കാലക്രമത്തിൽ രാഷ്ട്രീയമോഹങ്ങളെല്ലാം വെടിഞ്ഞ് അവർ ബലിയർപ്പണത്തിലും ശാസ്ത്രീയ ഗവേഷണ

ങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചു. സ്വപ്നവ്യാഖ്യാനം, വാനനിരീക്ഷണം, നക്ഷത്രങ്ങളുടെ നിലയിൽനിന്നു ഭാവി നിർണ്ണയിക്കൽ മുതലായവയിൽ ഇവർ വലിയ പ്രാവീണ്യം നേടി. യേശുവിന്റെ കാലമായപ്പോഴേയ്ക്കും റോമാസാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഇവരെ കാണാം. അസാധാരണ കഴിവുള്ളവരായി പരിഗണിക്കപ്പെട്ടിരുന്ന ഇവരിൽ ഒരാളാണു അപ്പ. 8,9-24 ൽ പരാമർശിക്കപ്പെടുന്ന "മന്ത്രവാദിയായ ശിമയോൻ." "മാഗോസ്" എന്ന പദമാണു അപ്പ. പ്രവർത്തനങ്ങൾ ഉപയോഗിക്കുന്നത്. ഇതിന്റെ ബഹുവചനമാണു "മാഗോയി." അപ്പ. 13,6 ൽ ബർയേശു എന്നു പേരായ ഒരു വ്യാജ പ്രവാചകനെ മാഗോസ് എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ഈ രണ്ടു സ്ഥലത്തും മന്ത്രവാദി എന്നാണു മലയാളത്തിലേക്കു വിവർത്തനം ചെയ്തിരിക്കുന്നത്. "മാഗോസ്" എന്ന പദത്തിൽനിന്നാണു മാജിക്, മജീഷൻ എന്നീ പദങ്ങളുടെ ഉത്ഭവം എന്നതും ശ്രദ്ധേയമത്രേ.

"മാഗോയി"യെക്കുറിച്ചു ലഭ്യമായ ഈ വിവരങ്ങളിൽനിന്നു ഒരു കാര്യം വ്യക്തമാകുന്നു. നക്ഷത്രങ്ങളുടെ നിലയും ഗതിയും നിരീക്ഷിക്കുന്നതിൽ പ്രാവീണ്യം നേടിയവരായിരുന്നു അവർ. പ്രപഞ്ചരഹസ്യങ്ങളെ അനാവരണം ചെയ്യാൻ ശ്രമിക്കുന്നവർ എന്ന നിലയിൽ അവരെ "ജ്ഞാനികൾ" എന്നു വിശേഷിപ്പിക്കാമെങ്കിലും നക്ഷത്രനിരീക്ഷകന്മാരായ അവരെ ജ്യോതിശാസ്ത്രജ്ഞന്മാർ എന്നോ ജോത്സ്യന്മാർ എന്നോ വിളിക്കുന്നതാവും ഉചിതം. ജോത്സ്യന്മാരെ രാജാക്കന്മാരായി ചിത്രീകരിക്കുന്നതിൽ ബൈബിൾ വ്യാഖ്യാനം ഒരു പങ്കുവഹിച്ചു എന്നതിൽ സംശയമില്ല. സുഗന്ധദ്രവ്യങ്ങളും ധാരാളം സ്വർണ്ണവും വിലയേറിയ രത്നങ്ങളുമായി സോളമൻരാജാവിനെ കാണാൻ കിഴക്കുനിന്നുവന്ന ഷേബാ രാജ്ഞിയെപ്പറ്റി 1 രാജാ 10,1-13 രേഖപ്പെടുത്തിയിട്ടുണ്ട്. ഷേബായിലേയും സേബായിലേയും രാജാക്കന്മാർ അവനു (മിശിഹായ്ക്ക്) കാഴ്ചകൾ കൊണ്ടുവരട്ടെ (സങ്കീ 72,10) എന്ന സങ്കീർത്തനഭാഗവും, വിദൂരത്തുനിന്നു സ്വർണ്ണവും വെള്ളിയുമായി ജറുസലേമിലേക്കു വരുന്നവരെക്കുറിച്ചുള്ള പ്രവചനവും (ഏശ 60,9) ഇവിടെ ശ്രദ്ധേയമാണ്. ഇസ്രായേൽ രാജാവിനു കാഴ്ചകളുമായി വരുന്നവരെക്കുറിച്ചുള്ള ഈ പ്രവചനങ്ങൾ കിഴക്കുനിന്നു വന്ന "മാഗോയി" രാജാക്കന്മാരായിരുന്നു എന്ന നിഗമനത്തിലേയ്ക്ക് നയിച്ചതിൽ അത്ഭുതമില്ല.

## ജറുസലേമിലേക്ക്

പ്രസിദ്ധരായ രാജാക്കന്മാർക്കു കാഴ്ചകളുമായി വിദൂരത്തു നിന്ന് ആളുകൾ വരിക എന്നതു ഒന്നാം നൂറ്റാണ്ടിൽ അസാധാരണ മായിരുന്നില്ല. ബി.സി. 9 ൽ ഹേറോദേസ് രാജാവു കേസറിയാ മരി ത്തിമാ എന്ന പട്ടണം പണി തീർത്തപ്പോൾ അദ്ദേഹത്തെ അനുമോ ദിക്കാനായി അനേകം രാജാക്കന്മാരും രാജപ്രതിനിധികളും വന്ന തായി ഫ്‌ളാവിയൂസ് ജൊസെഫൂസ് എന്ന യഹൂദചരിത്രകാരൻ രേഖ പ്പെടുത്തിയിട്ടുണ്ട്. ട്രീഡാറ്റസ് എന്ന ആർമേനിയൻ രാജാവ് "മാഗോയി"യുടെ അകമ്പടിയോടെ റോമാ ചക്രവർത്തിയായ നീറോയെ അനുമോദിക്കാൻ ഏ.ഡി. 66 ൽ റോമിൽ വന്നതായി റോമൻ ചരിത്രകാരനായ ദിയോകാഷ്യൂസിന്റെ ചരിത്രഗ്രന്ഥത്തിലും സുവറ്റോണിയസിന്റെ "നീറോയുടെ ജീവചരിത്ര"ത്തിലും കാണാം. അവർ വന്നു നീറോയെ രാജാവും ദൈവവുമായി ഏറ്റുപറഞ്ഞു കാഴ്ച കൾ സമർപ്പിച്ചെന്നും മറ്റൊരു വഴിക്കു മടങ്ങിപ്പോയെന്നും മേല്പ റഞ്ഞ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. യൂദായിൽ ജനിച്ചി രിക്കുന്ന ഒരു രാജാവിന് ആശംസകളർപ്പിക്കാൻ വരുന്നവർ തീർച്ച യായും തലസ്ഥാനനഗരിയായ ജറുസലേമിലാണല്ലോ വരേണ്ടത്.

ലോകത്തെ മുഴുവൻ ഭരിക്കാൻ പോകുന്ന ഒരു രാജാവ് യൂദായിൽ ജനിക്കും എന്ന വിശ്വാസം ഒന്നാം നൂറ്റാണ്ടിൽ പല ജനതകളുടെയിടയിലും പ്രചാരത്തിലിരുന്നു എന്നതിന് ആനുകാ ലികസാക്ഷ്യങ്ങൾ ഏറെയുണ്ട്. പഴയനിയമത്തിലുടനീളം കാണുന്ന മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ ഇവിടെ ഉദ്ധരിക്കേണ്ടതില്ല. താൻ വരാനിരിക്കുന്ന മിശിഹായാണെന്ന് അവകാശപ്പെട്ടുകൊണ്ടു ഇസ്രായേലിൽ രംഗപ്രവേശം ചെയ്ത നാലുപേരെക്കുറിച്ചു ജൊസെഫൂസ് പറയുന്നുണ്ട്. സ്നാപകയോഹന്നാനെ ചോദ്യം ചെയ്ത യഹൂദനേതാക്കന്മാർ നീ മിശിഹായാണോ എന്ന ചോദ്യ മാണ് ആദ്യമേ ഉന്നയിക്കുന്നത്. തങ്ങളുടെയിടയിൽനിന്ന് ഒരു രാജാവു വന്നു ലോകംമുഴുവൻ ഭരിക്കുമെന്നു യഹൂദർ വിശ്വസി ച്ചിരുന്നതായി ജൊസെഫൂസ് പറയുന്നു.

റോമൻ ചക്രവർത്തിയായ വെസ്പസിയാന്റെ ജീവചരിത്ര ത്തിൽ സുവറ്റോണിയസ് ഇപ്രകാരം എഴുതിയിരിക്കുന്നു: യൂദാ യിൽനിന്നു ഒരു രാജാവ് വന്നു ലോകം മുഴുവൻ അടിക്കി ഭരിക്കു മെന്ന വിശ്വാസം പൗരസ്ത്യദേശത്തു മുഴുവൻ വ്യാപിച്ചിരുന്നു.

യഹൂദർ ശക്തി പ്രാപിക്കുമെന്നും അവരുടെ ഒരു രാജാവ് ലോകാധിപത്യം സ്ഥാപിക്കുമെന്നുമുള്ള വിശ്വാസം വളരെ വ്യാപകമായിരുന്നുവെന്ന് റോമൻ ചരിത്രകാരനായ ടാസിറ്റസും രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വ്യാപകമായ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വേണം മത്തായിയുടെ വിവരണത്തെ വിലയിരുത്താൻ. ഒരു പുതിയ നക്ഷത്രത്തിന്റെ ഉദയം ഒരു വലിയ രാജാവിന്റെ ജനനത്തെ സൂചിപ്പിക്കുന്നതായി അന്നു പൊതുവെ കരുതപ്പെട്ടിരുന്നു. വാനനിരീക്ഷകരായ മാഗോയി ഒരു നക്ഷത്രത്തെ കണ്ടു. അതു ലോകരക്ഷകനായ രാജാവിന്റെ ജനനത്തെ സൂചിപ്പിക്കുന്നതായി മനസ്സിലാക്കി. ജറുസേലമിലേക്കു യാത്ര തിരിച്ചെങ്കിൽ അതിൽ അത്ര അവിശ്വസനീയമായി ഒന്നുമില്ല. നക്ഷത്രം അവർക്കുമുമ്പേ നീങ്ങി വഴികാട്ടിയില്ല. അവർ നക്ഷത്രത്തിന്റെ ഉദയം സൂചിപ്പിച്ച അടയാളം മനസ്സിലാക്കി രക്ഷകനെ തേടി ഇറങ്ങുകയായിരുന്നു. ഇതിൽനിന്നു രണ്ടു കാര്യങ്ങൾ വ്യക്തമാകുന്നു.

1. അവർ ഒരു രക്ഷകനെ പ്രതീക്ഷിച്ചിരുന്നവരാണ്.

2. രക്ഷകൻ ജനിച്ചിരിക്കുന്നു എന്നു അറിഞ്ഞപ്പോൾ അജ്ഞാതമായ ദിക്കിലേക്കു യാത്ര ചെയ്യാൻ, രക്ഷകനെ തേടി പുറപ്പെടാൻ അവർ തയ്യാറായി.

സൃഷ്ടപ്രപഞ്ചം സ്രഷ്ടാവിനു സാക്ഷ്യംവഹിക്കുന്നു എന്നും പ്രപഞ്ചത്തിലൂടെ പ്രപഞ്ചനാഥനെ കണ്ടെത്താൻ കഴിയുമെന്നുമുള്ള വിശ്വാസം ഇവിടെ പ്രതിഫലിക്കുന്നു. പ്രപഞ്ചരഹസ്യങ്ങളെ അനാവരണം ചെയ്യുന്ന ശാസ്ത്രം പ്രപഞ്ചത്തെ അനാഥമായി ചിത്രീകരിക്കുകയല്ല പ്രപഞ്ചനാഥനിലേയ്ക്കു വിരൽ ചൂണ്ടുകയാണു ചെയ്യുന്നത്. നക്ഷത്രത്തിന്റെ ഉദയത്തെക്കുറിച്ചുള്ള പരാമർശത്തിൽ "ഞാൻ അവനെ കാണുന്നു എന്നാൽ ഇപ്പോഴല്ല, ഞാൻ അവനെ ദർശിക്കുന്നു, എന്നാൽ അടുത്തല്ല. യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും............" (സംഖ്യ 24,11). എന്ന ബാലാമിന്റെ പ്രവചനം നിർണ്ണായകമായ ഒരു പങ്കുവഹിച്ചിരിക്കണം. യൂഫ്രട്ടീസിനു കിഴക്കുനിന്നാണല്ലോ ബാലാം വന്നത്.

### ജറുസലേമിന്റെ അസ്വസ്ഥത

പുതുതായി ജനിച്ചിരിക്കുന്ന രാജാവിനെക്കുറിച്ചു ജ്ഞാനികൾ അന്വേഷിച്ചതു ഹേറോദേസിനെ അസ്വസ്ഥനാക്കിയെങ്കിൽ

അത്ഭുതമില്ല. തന്റെ സിംഹാസനം നഷ്ടപ്പെട്ടേക്കുമോ എന്ന ഭയം അദ്ദേഹത്തെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്നു. മരണംവരെ വിട്ടുമാറാതിരുന്ന ഈ ഭയത്തിന്റെ പേരിൽ അദ്ദേഹം നടത്തിയ കൊലപാതകങ്ങളുടെ കഥകൾ ചരിത്രകാരനായ ജൊസേഫൂസ് വിവരിക്കുന്നുണ്ട്. ഹേറോദേസ് ജനത്തിനുവേണ്ടി ദേവാലയം മോടിപിടിപ്പിച്ചതടക്കം അനേകം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹത്തെ എല്ലാവരും ഹൃദയംകൊണ്ടു വെറുത്തിരുന്നു. അപ്പോൾ പുതിയൊരു രാജാവിന്റെ ജനനവാർത്ത സന്തോഷമല്ലേ പ്രദാനം ചെയ്യേണ്ടത്?

എവിടെയാണ് രാജാവ് ജനിച്ചതെന്നു കൃത്യമായി അറിയാത്തതിനാൽ അനേകർ അദ്ദേഹത്തിന്റെ ക്രൂരതയ്ക്കിരയായേക്കുമെന്ന ഭയമായിരിക്കാം അസ്വസ്ഥതയ്ക്കുകാരണം. ബേത്ലെഹേമിലും പരിസരത്തുമായി രണ്ടു വയസ്സിൽ താഴെയുള്ള ആൺകുട്ടികളെയെല്ലാം വധിക്കാൻ ഹേറോദേസ് കല്പിച്ചതായി മത്തായി തുടർന്നു രേഖപ്പെടുത്തുന്നത് (മത്താ 2,16-18). ഈ ഭയം അസ്ഥാനത്തായിരുന്നില്ല എന്നു തെളിയിക്കുന്നു. ഇങ്ങനെ ജ്ഞാനികളുടെ സന്ദർശനവും ജറുസലേം നിവാസികളുടെ ഭയവും ചരിത്രപരമായി വിശദീകരിച്ചതുകൊണ്ടുമാത്രം സുവിശേഷകൻ എന്തിന് ഇതെല്ലാം രേഖപ്പെടുത്തി എന്നതിനുള്ള ഉത്തരം പൂർണ്ണമാവുകയില്ല.

## മത്തായി നല്കുന്ന സന്ദേശം

പ്രവാചകന്മാർവഴി വാഗ്ദാനം ചെയ്യപ്പെടുകയും യഹൂദർ പ്രതീക്ഷിച്ചിരിക്കുകയും ചെയ്ത മിശിഹായാണ് യേശു. എങ്കിലും യഹൂദരിൽ അധികപങ്കും അവിടുത്തെ തിരസ്ക്കരിക്കുകയാണ് ചെയ്തത്. യേശു നസ്രത്തുകാരനാണ് എന്നതായിരുന്നു അവർ ഉന്നയിച്ച ഒരു കാരണം. മിശിഹാ ദാവീദിന്റെ പട്ടണമായ ബേത്ലെഹേമിലാണു ജനിക്കേണ്ടത്. അതിനാൽ നസ്രായനായ യേശു മിശിഹായല്ല എന്ന വാദഗതി എല്ലാ സുവിശേഷങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. യേശു ജനിച്ചതു നസ്രത്തിലല്ല, ബേത്ലെഹേമിൽതന്നെയാണ് എന്നു സ്ഥാപിക്കാനും അതുവഴി യേശുതന്നെയാണു മിശിഹാ എന്നു തെളിയിക്കാനും ഈ വിവരണം സഹായകമായി.

യേശുവിനെ തിരസ്ക്കരിക്കുകയും വധിക്കുകയും ചെയ്ത യഹൂദ നേതാക്കന്മാരും അവരുടെ പിൻഗാമികളും യേശുവിന്റെ

അനുയായികളെ സിനഗോഗുകളിൽ നിന്നു ബഹിഷ്ക്കരിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നതു കണ്ടുകൊണ്ടാണു മത്തായി സുവിശേഷം എഴുതുന്നത്. യഹൂദരിൽ ചുരുക്കം പേർ മാത്രമേ ക്രിസ്തുവിനെ അംഗീകരിച്ചുള്ളൂ. എന്നാൽ വിജാതീയർ കൂട്ടംകൂട്ടമായി ക്രൈസ്തവരായിക്കൊണ്ടിരുന്നു. യേശുവിന്റെ ഉത്ഥാനത്തെ മനഃപൂർവ്വം നിഷേധിക്കുകയും അതിനെക്കുറിച്ചു നുണ പ്രചരിപ്പിക്കുകയും ചെയ്തവർക്കു (മത്താ 28,11-15) തങ്ങളുടെ അവിശ്വാസത്തിനു യാതൊരു ന്യായീകരണവുമില്ല എന്നു മത്തായി വ്യക്തമാക്കുന്നു. പ്രവചനങ്ങളെല്ലാം അവനിൽ പൂർത്തിയായിരിക്കുന്നു. വിശുദ്ധഗ്രന്ഥം ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ യേശു തന്നെയാണു രക്ഷകൻ എന്നു തെളിയും. പക്ഷേ വിശുദ്ധ ഗ്രന്ഥം നൽകുന്ന സാക്ഷ്യംപോലും ഹൃദയം തുറന്നു സ്വീകരിക്കാൻ അവർ സന്നദ്ധരല്ല. അതിനാൽ യഹൂദർ രക്ഷാചരിത്രത്തിൽനിന്നു പുറന്തള്ളപ്പെടുന്നുവെങ്കിൽ അതിന് ഉത്തരവാദികൾ അവർതന്നെയാണ്. യേശുവിനെ തിരസ്കരിച്ച ഇസ്രായേലിന്റെ സ്ഥാനത്തു അവിടുത്തെ മിശിഹായും രക്ഷകനുമായി ഏറ്റുപറയുന്ന ഒരു പുതിയ ഇസ്രായേൽ രൂപംകൊള്ളുന്നു. അഥവാ ക്രിസ്തുവിന്റെ സഭയാണു യഥാർത്ഥ ഇസ്രായേൽ. അതിൽ യഹൂദരും അതിലേറെ വിജാതീയരും അംഗങ്ങളായുണ്ട്.

വിജാതീയരായ മാഗോയിയുടെ സന്ദർശനം സഭയിലേയ്ക്കുള്ള വിജാതീയരുടെ ആഗമനത്തിന്റെ തുടക്കം കുറിക്കുന്നു. തുറന്ന മനസ്സോടെ ഒരുക്കമുള്ള ഹൃദയത്തോടെ, പ്രപഞ്ചത്തെ നിരീക്ഷിക്കുന്നവർക്കു പ്രപഞ്ചനാഥനിലേയ്ക്കുള്ള വഴിതെളിയും. എന്നാൽ രക്ഷകനെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം ദൈവവചനത്തിലൂടെയാണു ലഭിക്കുക. സത്യാന്വേഷകരായ ആ വിജാതീയർ ദൈവവചനം തേടിയാണു ജറുസലേമിലേയ്ക്കു വന്നത്. ജറുസലേമിലെ പുരോഹിതപ്രമുഖന്മാരും നിയമ പണ്ഡിതരും ദൈവവചനത്തിൽ പ്രാവീണ്യം ലഭിച്ചവരാണ്. മിശിഹാ എവിടെയാണു ജനിക്കാനിരിക്കുന്നതെന്നു പ്രവചനങ്ങളിൽനിന്ന് അവർക്കു കൃത്യമായി അറിയാം. ഈ അറിവ് അവർ വിജാതീയർക്കു നൽകുകയും ചെയ്തു. പ്രപഞ്ചത്തിൽനിന്നും ദൈവവചനത്തിൽനിന്നും അറിവു ലഭിച്ച വിജാതീയർ രക്ഷകനെ കണ്ടു സന്തോഷത്തോടെ മടങ്ങുമ്പോൾ വചനത്തിന്റെ സൂക്ഷിപ്പുകാർ അസ്വസ്ഥരാവുകയായി.

ബേത്‌ലെഹേമിൽ ജനിച്ച മിശിഹായെ കണ്ട് ആരാധിക്കാനായി ഒരു യഹൂദനേതാവുപോലും പോകുന്നില്ല എന്നു മാത്രമല്ല ഹേറോദേസിന്റെ കൊലപാതകശ്രമത്തിനു മൗനാനുവാദം നൽകിക്കൊണ്ടു അവർ കൂട്ടുനിൽക്കുകയാണെന്നു തോന്നും. ഹൃദയമില്ലാത്ത അറിവു വിനാശം വിതയ്ക്കുന്നു എന്നതിന്റെ സൂചനയാണിവിടെ ലഭിക്കുക. ദൈവത്തിന്റെ വഴികൾ അന്വേഷിച്ചറിഞ്ഞ് അതിലൂടെ സഞ്ചരിക്കാൻ തയ്യാറാവാതെ തങ്ങൾക്ക് എല്ലാം അറിയാം, എല്ലാം ലഭിച്ചിരിക്കുന്നു എന്ന മിഥ്യാ ബോധത്തിൽ ഉറച്ചുനിൽക്കുന്നവർക്കു രക്ഷകനെ കണ്ടെത്താൻ കഴിയില്ല എന്നും ഈ സംഭവം സൂചിപ്പിക്കുന്നു.



11

# യേശുവിന്റെ മരണവും വിജാതീയന്റെ വിശ്വാസവും

"അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ അവൻ ഇപ്രകാരം മരിക്കുന്നതുകണ്ട് പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (മർക്കോ 15,39). കിരിശിൽ കിടന്ന് ഉച്ച ത്തിൽ നിലവിളിച്ചുകൊണ്ട് ജീവൻവെടിഞ്ഞ യേശുവിനെ ഒരു വിജാ തീയനായ റോമൻ ശതാധിപൻ ദൈവപുത്രനായി ഏറ്റുപറയാൻ എന്താണ് കാരണം? എന്തായിരുന്നു ആ മരണത്തിന്റെ പ്രത്യേ കത? "എന്റെ എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ ഉപേ ക്ഷിച്ചതെന്തുകൊണ്ട്?" എന്ന് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടല്ലേ യേശു മരിച്ചത്? കുരിശിൽ തൂങ്ങി, നിരാശയുടെ അടിത്തട്ടിലെത്തി, നിലവിളിച്ചുകൊണ്ടു മരിച്ച ഒരു കുറ്റവാളിയെ ദൈവപുത്രനായി ഏറ്റുപറയാൻ ശതാധിപനെ പ്രേരിപ്പിച്ചത് എന്തായിരുന്നു?

സുവിശേഷങ്ങൾ സശ്രദ്ധം വായിക്കുന്ന ആരെയും പിടി ച്ചുനിർത്തുന്നതാണ് ഈ ചോദ്യം. നിരാശനായി നിലവിളി ച്ചുകൊണ്ടു മരിച്ച ഒരു കുറ്റവാളിയെ, അയാളെ കുരിശിൽ തറ യ്ക്കുന്നതിനു മേൽനോട്ടം വഹിക്കുകയും ആൾ മരിച്ചു എന്ന് ഉറ

പ്പാകുന്നതുവരെ കാവൽനില്ക്കുകയും ചെയ്ത ശതാധിപൻ എന്തുകൊണ്ട് ദൈവപുത്രൻ എന്നു വിളിച്ചു? സമാന്തരസുവിശേഷങ്ങൾ മൂന്നിലും യേശുവിന്റെ മരണത്തോടനുബന്ധിച്ചുള്ള ശതാധിപന്റെ പ്രതികരണം രേഖപ്പെടുത്തിയിട്ടുണ്ട്.

മർക്കോസിനെപ്പോലെതന്നെ മത്തായിസുവിശേഷകനും ശതാധിപന്റെ വിശ്വാസപ്രഖ്യാപനം അതേ വാക്കുകളിലാണ് അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ യേശു മരിച്ചതു കണ്ടിട്ടല്ല, മരണശേഷമുണ്ടായ അത്ഭുതപ്രതിഭാസങ്ങൾ കണ്ടിട്ടാണ് ശതാധിപൻ യേശുവിനെ ദൈവപുത്രനായി ഏറ്റുപറയുക (മത്താ 27, 50-54). ശതാധിപൻ മാത്രമല്ല, കൂടെ ഉണ്ടായിരുന്ന പടയാളികളും ഈ വിശ്വാസപ്രഖ്യാപനത്തിൽ പങ്കുചേരുകയും ചെയ്തു. ലൂക്കാ എഴുതിയ സുവിശേഷത്തിലാകട്ടെ യേശുവിന്റെ മരണം തികച്ചും വ്യത്യസ്തമായ രീതിയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവിടെ നിലവിളിയില്ല, പിതാവ് പരിത്യജിച്ചു എന്ന സൂചന പോലുമില്ല. തന്നെയുമല്ല, ശത്രുക്കളോടു ക്ഷമിക്കുകയും കൂടെ ക്രൂശിക്കപ്പെട്ട കള്ളന് പറുദീസ വാഗ്ദാനം ചെയ്യുകയും അവസാനം ശാന്തമായി പിതാവിന്റെ കൈകളിൽ ആത്മാവിനെ സമർപ്പിക്കുകയും ചെയ്തുകൊണ്ടാണ് യേശു മരിക്കുക. ശതാധിപനാകട്ടെ യേശുവിനെ നീതിമാനായിട്ടാണ് പ്രഖ്യാപിക്കുന്നത് (ലൂക്കാ 23,46-49). മർക്കോസ് മാത്രമാണ് "യേശു ഇപ്രകാരം മരിച്ചതുകണ്ട്" ശതാധിപൻ വിശ്വാസപ്രഖ്യാപനം നടത്തി എന്നു രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ എന്തു പ്രത്യേകതയാണ് ഈ മരണത്തിൽ ശതാധിപൻ കണ്ടതായി മർക്കോസ് എടുത്തുപറയുന്നത് എന്ന ചോദ്യം തികച്ചും പ്രസക്തമാണ്.

മരണവുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും പ്രതിഭാസമല്ല മരിച്ചവിധം തന്നെയാണ് ശതാധിപന്റെ വിശ്വാസത്തിനു കാരണമായി മർക്കോസ് എടുത്തുകാട്ടുന്നത്. മരിച്ചവിധത്തെക്കുറിച്ച് രണ്ടു പരാമർശങ്ങളേ സുവിശേഷകൻ നടത്തുന്നുള്ളൂ. ആദ്യത്തേത് എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ ഉപേക്ഷിച്ചത് എന്തുകൊണ്ട്? എന്ന നിലവിളിയാണ് ഉച്ചസ്വരത്തിൽ ഇപ്രകാരം നിലവിളിച്ചു എന്ന് സുവിശേഷകൻ പ്രത്യേകം പറയുന്നുണ്ട്. രണ്ടാമത് വീണ്ടും ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടു ജീവൻ വെടിഞ്ഞു എന്ന് രേഖപ്പെടുത്തുന്നു. അങ്ങനെ ഉച്ചത്തിലുള്ള നിലവിളി രണ്ടുതവണ പ്രത്യക്ഷപ്പെടുന്നു. ചോദ്യത്തിനുള്ള ഉത്തരം ഉച്ചത്തിലുള്ള നിലവിളിയിലാണ് അടങ്ങിയിരിക്കുക എന്നതിൽ സംശയമില്ല.

ചാട്ടകൊണ്ട് അടിച്ച് അവശനാക്കിയതിനുശേഷമാണ് യേശുവിനെ കുരിശിൽ തറയ്ക്കാൻ കൊണ്ടുപോയത്. തലയിൽ തറച്ച മുൾക്കിരീടവും ഏറെ രക്തം വാർന്നുപോകാൻ കാരണമായിട്ടുണ്ട്. കുരിശുമായി വധസ്ഥലത്ത് എത്തിയ യേശുവിന് ശക്തിയില്ലാതെ വന്നതിനാലാണല്ലോ ശിമയോനെ കുരിശു ചുമക്കാൻ നിർബ്ബന്ധിച്ചത്. ഏകദേശം മൂന്നുമണിക്കൂർ കുരിശിൽ തൂങ്ങിക്കിടന്നതിനുശേഷമാണ് യേശു ഉച്ചത്തിൽ നിലവിളിക്കുക. കൈകാലുകളിലെ ആണിപ്പഴുതുകളിലും ദേഹത്തെ മറ്റു മുറിവുകളിലുംനിന്ന് രക്തം വാർന്ന് അവശനായി, ദാഹാർത്തനായി, കുരിശിൽ തൂങ്ങിക്കിടക്കുന്ന ഒരു മനുഷ്യന് ഉച്ചത്തിൽ നിലവിളിക്കാൻ കഴിയുകയില്ല എന്ന് അനേകം കുരിശുമരണങ്ങൾക്കു സാക്ഷ്യം വഹിച്ചിട്ടുള്ള ശതാധിപന് അറിയാം. ശരീരത്തിന്റെ ഭാരം മുഴുവൻ കുരിശിൽ വിരിച്ചുതറച്ച കൈകളിൽ തൂങ്ങുമ്പോൾ ശ്വാസകോശം വളരെക്കുറച്ചേ വികസിക്കൂ എന്നതു സ്വാഭാവികം. ജീവൻ നിലനിർത്താൻ ആവശ്യമായ പ്രാണവായു കിട്ടുകപോലും ശ്രമസാധ്യമായ ഈ സാഹചര്യത്തിൽ ഒരുവൻ ഉച്ചത്തിൽ നിലവിളിച്ചെങ്കിൽ അത് അമാനുഷികമായ ശക്തിപ്രകടനമായി കണക്കാക്കണം. എന്നാൽ ഇതു മാത്രമല്ല ശതാധിപന്റെ ശ്രദ്ധയിൽപ്പെട്ടത്. രണ്ടാമത്തെ നിലവിളിയെക്കുറിച്ചുള്ള പരാമർശത്തിൽ ശ്രദ്ധേയമായൊരു പ്രത്യേകതയുണ്ട്. മൂലഭാഷയായ ഗ്രീക്കിലും ചില പുരാതനവിവർത്തനങ്ങളിലും മാത്രം ദൃശ്യമായതാണ് ഈ പ്രത്യേകത.

ഉച്ചത്തിൽ നിലവിളിച്ച് ജീവൻ വെടിഞ്ഞു എന്നാണ് എല്ലാ മലയാളവിവർത്തനങ്ങളിലും കാണുന്നത്. “gave a loud cry” എന്ന് മിക്ക ഇംഗ്ലീഷ് വിവർത്തനങ്ങളിലും. cry എന്ന ഇംഗ്ലീഷ് പദവും നിലവിളി എന്ന മലയാളവാക്കും ഒരേ അർത്ഥത്തിൽ ഉപയോഗിക്കാം. അസഹ്യമായ വേദന, ഭയം, അതികഠിനമായ ദുഃഖം മുതലായവയുണ്ടാകുമ്പോഴുള്ള മനുഷ്യന്റെ പ്രതികരണത്തെയാണല്ലോ നിലവിളി എന്നു നാം വിശേഷിപ്പിക്കുക. അത് നിസ്സഹായതയുടെയും നിരാശയുടെയും പ്രകടനമാകാം, സഹായത്തിനുള്ള ആർദ്രമായ യാചനയുമാകാം. ഈ അർത്ഥത്തിലാണ് നിലവിളി എന്ന പദം നാം മനസിലാക്കുക. അതുകൊണണ്ടുതന്നെയാണ് ശതാധിപന്റെ പ്രതികരണം നമുക്കു മനസിലാകാതെ പോകുന്നത്.

ഇംഗ്ലീഷിലെ “cry”എന്ന വാക്കിന് നിലവിളി എന്നു മാത്രമല്ല മുറവിളി, അട്ടഹാസം എന്നൊക്കെ അർത്ഥമുണ്ട്. അതിനാൽ യേശുവിന്റെ അവസാനത്തെ പ്രവൃത്തി നിരാശയിൽനിന്നുയർന്ന

നിലവിളി ആയിരിക്കണമെന്നില്ല, അത് ഒരു വിജയാട്ടഹാസവും ആകാം. മൂലഭാഷയായ ഗ്രീക്കിൽ ഈ സൂചന കൂടുതൽ വ്യക്തമാകുന്നു. വലിയ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് (apheis phone megale = giving out loud sound) യേശു മരിച്ചു എന്നാണ് ഗ്രീക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പ്രയോഗത്തിൽ ദുഃഖത്തിന്റെയോ നിരാശയുടെയോ സൂചനപോലുമില്ല. എന്നാൽ "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നെ നീ കൈവെടിഞ്ഞതെന്തുകൊണ്ട്?" എന്ന ചോദ്യം ഉച്ചത്തിലുള്ള ഒരു നിലവിളി ആയിട്ടുതന്നെയാണ് സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്നത്. വേദനയുടെയും ദുഃഖത്തിന്റെയും ആധിക്യത്തിൽനിന്നുയരുന്ന രോദനത്തെ സൂചിപ്പിക്കുന്നതാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന ബൊആഓ (boao) എന്ന ഗ്രീക്കുപദം. എന്നാൽ മലയാളവിവർത്തനത്തിൽ രണ്ടും നിലവിളി ആയി. അതിനാൽ ശതാധിപന്റെ വിശ്വാസപ്രഖ്യാപനത്തിന്റെ കാരണം അവ്യക്തവുമായി.

കുരിശിൽനിന്ന് യേശുവിന്റെ മരണത്തിനു തൊട്ടുമുമ്പ് ഉയർന്നത് നിസ്സഹായനും പരിത്യക്തനുമായ ഒരു കുറ്റവാളിയുടെ ദീനരോദനമല്ല, മരണത്തെപ്പോലും കീഴടക്കിയ ജേതാവിന്റെ വിജയാട്ടഹാസമാണ്. താൻ എന്തിനുവേണ്ടി ഈ ഭൂമിയിലേക്കു വന്നുവോ ആ ദൗത്യം പൂർണ്ണമായി നിറവേറ്റിയതിലുള്ള ആഹ്ലാദം, മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്ന പാപത്തിന്റെയും മരണത്തിന്റെയുംമേൽ വിജയം വരിച്ചതിലുള്ള അതിയായ സന്തോഷം, പ്രകടമാക്കുന്നതാണ് ക്രൂശിതനിൽ നിന്നുയർന്ന ശബ്ദം. പ്രത്യക്ഷത്തിൽ കാണുന്നതിനു കടകവിരുദ്ധമാണ് യാഥാർത്ഥ്യം എന്ന അവബോധത്തിലേക്കു ശതാധിപനെ ഉണർത്തിയത് ഈ വിജയാട്ടഹാസമാണ്. പരാജിതനെപ്പോലെ നിലവിളിച്ചുകൊണ്ടല്ല, ജേതാവിനെപ്പോലെ ആഹ്ലാദാരവം മുഴക്കിക്കൊണ്ടാണ് യേശു മരിച്ചത്. അതുതന്നെയാണ് ശതാധിപന്റെ വിശ്വാസപ്രഖ്യാപനത്തിനും കാരണം.

മർക്കോസിന്റെ സുവിശേഷത്തിന്റെ പൊതുവായ ഘടനയിൽ ഈ സംഭവത്തിനു വലിയ പ്രാധാന്യമുണ്ട്. "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" (1,1) എന്ന ശീർഷകത്തോടെയാണ് സുവിശേഷം തുടങ്ങുന്നത് പരസ്യജീവിതത്തിന്റെ ആരംഭത്തിലും (1,11) പീഡാസഹനത്തിലേക്കുള്ള യാത്രയുടെ തുടക്കത്തിലും (9,7) സ്വർഗ്ഗത്തിൽനിന്നു മുഴങ്ങിയ പിതാവിന്റെ സ്വരം യേശുവിനെ ദൈവപുത്രനായി പ്രഖ്യാപിച്ചു.

എന്നാൽ മറ്റാരും ഈ സംജ്ഞ ഒരു വിശ്വാസപ്രഖ്യാപനമായി ഉപയോഗിക്കുന്നില്ല. പിശാചുബാധിതർ (3,11; 5,7) യേശുവിനെ ദൈവപുത്രൻ എന്ന് വിളിക്കുന്നുണ്ടെങ്കിലും യേശു അവരെ സംസാരിക്കാൻ അനുവദിക്കുന്നില്ല. പ്രധാനപുരോഹിതന്റെ നാവിൽ ഒരു ചോദ്യമായിട്ടാണ് ഈ നാമം (14,61) പ്രത്യക്ഷപ്പെടുന്നത്. അതിനാൽ മർക്കോസിന്റെ സുവിശേഷത്തിൽ യേശുവിനെ ദൈവപുത്രനായി ഏറ്റുപറയുന്ന ഏകമനുഷ്യൻ കുരിശിൻചുവട്ടിൽനിന്ന് വിജാതീയനായ ശതാധിപനാണ്. യേശുവിന്റെ മരണത്തിനുശേഷമാണ് ഈ വിശ്വാസപ്രഖ്യാപനം നടന്നത്; മാത്രവുമല്ല, കുരിശിൻചുവട്ടിൽ യേശുവിന് അഭിമുഖമായി നില്ക്കുകയും എപ്രകാരമാണ് യേശു മരിച്ചത് എന്നു കാണുകയും ചെയ്തതിനാലാണ് ഈ വിശ്വാസപ്രഖ്യാപനം സാധ്യമായത്.

യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭംമുതൽ കൂടെ നടക്കുകയും അവൻ പറയുന്നതെല്ലാം കേൾക്കുകയും പ്രവർത്തിച്ചതെല്ലാം കാണുകയും ചെയ്ത ശിഷ്യന്മാരിൽ ആർക്കും കഴിയാതെ പോയതാണ് ഈ വിശ്വാസപ്രഖ്യാപനം. കാരണം പീഡാനുഭവത്തിന്റെ ആരംഭത്തിൽ അവരെല്ലാം ഓടിയൊളിച്ചു. എന്നാൽ കുരിശുചുമന്നുകൊണ്ടു പോയ യേശുവിനെ അനുഗമിക്കുകയും കുരിശിൻ ചുവട്ടിൽ നില്ക്കുകയും ചെയ്ത ശതാധിപന് യേശു ആരെന്ന് ഗ്രഹിക്കാനും തന്റെ വിശ്വാസം ഏറ്റുപറയാനും കഴിഞ്ഞു. കുരിശിന്റെ വഴിയിൽ തന്നെ അനുഗമിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് യേശു ശിഷ്യന്മാരെ അനേകം തവണ ഉദ്ബോധിപ്പിച്ചെങ്കിലും അതു മനസ്സിലാക്കാനോ സ്വീകരിക്കാനോ അവർക്കു കഴിഞ്ഞില്ല. അത്ഭുതങ്ങൾ കാണാനും മഹത്ത്വത്തിന്റെ മലമുകളിൽ കൂടാരമടിക്കാനും അധികാരക്കസേരകളിൽ ഇരുപ്പുറപ്പിക്കാനും ഉത്സാഹം കാട്ടിയവർക്ക് യേശുവിന്റെ യഥാർത്ഥ വ്യക്തിത്വം അറിയാൻ കഴിയാതെപോയി. കുരിശുമെടുത്ത് യേശുവിനെ അനുഗമിക്കാനും ക്രൂശിതന്റെ പരിത്യക്തതയിലും നിന്ദനത്തിലും വേദനയിലും ദുഃഖത്തിലും പങ്കുചേരാനും തയ്യാറാകുന്നവർക്കുമാത്രമേ അവന്റെ വിജയാട്ടഹാസം ശ്രവിക്കാനും ആ സന്തോഷത്തിൽ പങ്കുചേരാനും കഴിയൂ എന്ന വലിയ സത്യമാണ് ശതാധിപന്റെ വിശ്വാസപ്രഖ്യാപനത്തിലൂടെ മർക്കോസ് അവതരിപ്പിക്കുന്നത്.



12

# ഏകസ്ഥർ ദൈവരാജ്യത്തെപ്രതി

യേശുവിന്റെ നിയമപാണ്ഡിത്യം പരീക്ഷിക്കാനും നിലപാട് പരിശോധിക്കാനുംവേണ്ടി വന്നതായിരുന്നു ഫരിസേയർ. “ഏതെങ്കിലും കാരണത്താൽ ഒരുവൻ ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ?” (മത്താ 19,3) എന്ന അവരുടെ ചോദ്യം അന്നു യഹൂദസമൂഹത്തിൽ നിലവിലിരുന്ന ഒരു വിവാദത്തിലേക്കു വിരൽചൂണ്ടുന്നു. വിവാഹമോചനത്തെ സംബന്ധിച്ച് മോശ നല്കിയ ഒരു നിയമമാണ് വിവാദവിഷയം: “ഒരുവൻ വിവാഹിതനായതിനുശേഷം ഭാര്യയിൽ എന്തെങ്കിലും തെറ്റുകണ്ട് അവളോട് ഇഷ്ടമില്ലാതായാൽ, ഉപേക്ഷാപത്രം കൊടുത്ത് അവളെ വീട്ടിൽ നിന്നു പറഞ്ഞയയ്ക്കട്ടെ” (നിയ 24,1). വിവാഹമോചനം സാധ്യമാണെന്ന് എല്ലാവരും അംഗീകരിച്ചു. കാരണമാണ് തർക്കവിഷയം. ഭാര്യയിൽ അപ്രീതി ഉണ്ടാക്കുന്ന ഏതു കാരണവും വിവാഹമോചനത്തിനു മതിയായ ന്യായമാണെന്നും എന്നാൽ മോചനപത്രം കൊടുക്കണം എന്നതാണ് നിയമത്തിന്റെ മുഖ്യപ്രമേയം എന്നും റബ്ബി ഹില്ലേൽ വാദിച്ചു. ഭാര്യ പൊതുസ്ഥലത്തുവച്ച് പരപുരുഷനോടു സംസാരിക്കുന്നത്, പാകം ചെയ്യുന്ന ഭക്ഷണത്തിനു രുചിയില്ലാത്തത്, സൗന്ദര്യം കുറഞ്ഞുപോകുന്നത് എല്ലാം വിവാഹമോ

ചനത്തിനു മതിയായ കാരണമാണെന്നും പഠിപ്പിച്ചു. എന്നാൽ കൂടുതൽ ഗുരുതരമായ കാരണം കൂടാതെ വിവാഹമോചനം പാടില്ല എന്ന് റബ്ബി ഷമ്മായി എതിർത്തു. ഇതിൽ ഏതു നിലപാടാണ് യേശു സ്വീകരിക്കുന്നത് എന്ന ഫരിസേയർക്കറിയണം.

വിവാഹമോചനം പാടില്ല എന്ന നിലപാടിൽ യേശു ഉറച്ചു നിന്നു. സാധുവായ ഒരു വിവാഹവും മോചിപ്പിക്കാൻ പാടില്ല. പര സംഗം എന്നു വിവർത്തനം ചെയ്യുന്നത് അസാധുവായ വിവാഹ ത്തെയാണ്. വിവാഹം കഴിക്കാൻ പാടില്ലാത്ത വ്യക്തികൾ തമ്മിൽ രക്തബന്ധമോ തത്തുല്യമായ മറ്റെന്തെങ്കിലും കാരണങ്ങളോ നിമിത്തം അസാധുവാകുന്ന വിവാഹം മാത്രമേ മോചിപ്പിക്കാ നാവൂ എന്ന കർശനമായ നിലപാടാണ് യേശു സ്വീകരിച്ചത് (മത്താ 19,3-9).

യേശുവിന്റെ നിലപാട് ശിഷ്യരിൽ അത്ഭുതം ഉളവാക്കി. ഭാര്യാഭർത്തൃബന്ധം ഇത്തരത്തിലുള്ളതെങ്കിൽ വിവാഹം ചെയ്യാ തിരിക്കുന്നതാണല്ലോ ഭേദം. ഈ പ്രതികരണത്തിനുള്ള മറുപടി യാണ് ഏകസ്ഥരെ സംബന്ധിച്ച മഹാവാക്യം. “കൃപ ലഭിച്ചവര ല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല. എന്തെന്നാൽ ഷണ്ഡന്മാരായി ജനിക്കുന്നവരുണ്ട്; മനുഷ്യരാൽ ഷണ്ഡരാക്ക പ്പെടുന്നവരുണ്ട്, സ്വർഗ്ഗരാജ്യത്തെ പ്രതി തങ്ങളെത്തന്നെ ഷണ്ഡ രാക്കുന്നവരുമുണ്ട്. ഗ്രഹിക്കാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ” (മത്താ 19,11-12).

മരണംവരെ നീണ്ടുനില്ക്കുന്ന വിവാഹബന്ധത്തിലൂടെ പര സ്പരം ഇണയും തുണയുമായി കഴിയുകയും കുഞ്ഞുങ്ങൾക്കു ജന്മം നല്കി വളർത്തി മനുഷ്യവംശം നിലനിർത്തുകയും ചെയ്യു ന്നതിനു വേണ്ടിയാണ് ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചത് (ഉൽപ 1,26 -28; 2,18.21-25). സൃഷ്ടിയുടെ അടിസ്ഥാനപരമായ ഈ ലക്ഷ്യ ത്തിൽനിന്നു വ്യത്യസ്തമായി, ഒരു അപവാദമെന്ന നിലയിൽ, ഏക സ്ഥരായി കഴിയുന്നവരെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഏകസ്ഥ തയുടെ മൂന്നു കാരണങ്ങളാണ് യേശു എടുത്തുകാട്ടുന്നത്.

സ്വഭാവത്താൽത്തന്നെ, അഥവാ ജന്മനാ, വിവാഹം അസാ ധ്യമായവരുണ്ട്. വിവാഹജീവിതത്തിന് കഴിവും ആഗ്രഹവും ഉണ്ടാ യിട്ടും മറ്റുള്ളവരുടെ നിർബന്ധത്താലോ സാഹചര്യങ്ങളുടെ

സമ്മർദ്ദത്താലോ അവിവാഹിതരായി കഴിയാൻ വിധിക്കപ്പെടുന്നവരുണ്ട്. രാജാക്കന്മാരുടെ അന്തഃപുരങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്നവർ ഇപ്രകാരം ഷണ്ഡന്മാരാക്കപ്പെട്ടവരായിരുന്നു. ഈ രണ്ടു വിഭാഗത്തിൽനിന്നും വ്യത്യസ്തരായി, അവിവാഹിത ജീവിതത്തെ സ്വതന്ത്രമായ ഒരു തിരഞ്ഞെടുപ്പായി അവതരിപ്പിക്കുന്നതാണ് മൂന്നാമത്തെ സാധ്യത. ദൈവരാജ്യത്തെ പ്രതി സ്വീകരിക്കുന്ന ഏകസ്ഥജീവിതം.

## ഏകസ്ഥജീവിതം - ഒരു പ്രത്യേക ദൈവവിളി

സകല ജീവജാലങ്ങളും പ്രത്യുല്പാദനത്തിലൂടെ വംശം നിലനിർത്തുക എന്നത് സ്രഷ്ടാവിന്റെ പദ്ധതിയുടെ ഭാഗമാണ്. എന്നാൽ ഈ സാമാന്യനിയമത്തിന് ഒരു അപവാദമെന്നോണം യേശുനാഥൻ എടുത്തുകാട്ടുന്ന ഒരു പ്രത്യേക ജീവിതാവസ്ഥയാണ് ഏകസ്ഥജീവിതം. അതിനു പ്രത്യേകമായൊരു ലക്ഷ്യമുണ്ട്. "സ്വർഗ്ഗരാജ്യത്തെപ്രതി" എന്ന വിശേഷണത്തിലൂടെഈ ലക്ഷ്യം യേശു വ്യക്തമാക്കുന്നു. എന്താണിതിനർത്ഥം?

ദൈവഹിതം പൂർണ്ണമായി നടപ്പിലാകുന്ന അവസ്ഥയെയാണ് ദൈവരാജ്യം എന്നു വിളിക്കുന്നത്. ദൈവനാമത്തോടുള്ള ആദരവുനിമിത്തം, സെമിറ്റിക് ശൈലി അനുസരിച്ച്, ദൈവം എന്ന നാമം ഒഴിവാക്കി, പകരം സ്വർഗ്ഗം എന്നു വിശേഷിപ്പിക്കുന്നത് മത്തായി സുവിശേഷകന്റെ ഒരു പ്രത്യേകതയാണ്. "പ്രതി" എന്ന സമുച്ചയപദം ഇവിടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. മുഖ്യമായും രണ്ടുവിധത്തിൽ ഇതിനെ മനസ്സിലാക്കാം. ദൈവരാജ്യത്തെപ്രതി എന്നതിന് ദൈവരാജ്യം ആസന്നമായിരിക്കുന്നതിനാൽ അഥവാ വന്നുകഴിഞ്ഞതിനാൽ എന്ന അർത്ഥമുണ്ട്. ദൈവരാജ്യം വന്നതിനാൽ ഇനി വിവാഹത്തിന് ആവശ്യമില്ല. യേശുവിലൂടെ പ്രതീക്ഷകളെല്ലാം പൂർത്തിയായി, ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമായിക്കഴിഞ്ഞു. അതിനാൽ ദൈവരാജ്യത്തിന് അനുയോജ്യമായ ഒരു ജീവിതശൈലി സ്വീകരിക്കണം - അതാണ് ഏകസ്ഥജീവിതം എന്ന ഒരു വ്യാഖ്യാന സാധ്യതയുണ്ട്. എന്നാൽ ഇതു പൂർണ്ണമായും സ്വീകാര്യമല്ല, കാരണം ദൈവരാജ്യം ഇനിയും ഇവിടെ പൂർത്തിയായിട്ടില്ല. തന്നെയുമല്ല, യുഗാന്തംവരെ മനുഷ്യവംശം തുടരുകയും വേണം. അതിനാൽ വിവാഹജീവിതവും ആവശ്യമായി നില്ക്കുന്നു.

"പ്രതി" എന്നു വിവർത്തനം ചെയ്യുന്ന "ദിയാ" എന്ന ഗ്രീക്കു സമുച്ചയപദത്തിന് "വേണ്ടി" എന്ന അർത്ഥമുണ്ട്. അപ്പോൾ ദൈവ രാജ്യത്തിനുവേണ്ടി തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്ന ഒരു തിരഞ്ഞെടുപ്പായി മാറുന്നു ഏകസ്ഥജീവിതം. ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കപ്പെടുന്നതിന്, ദൈവരാജ്യം വളർന്നു വികസിച്ച് ലോകത്തെ മുഴുവൻ നവീകരിക്കുന്നതിന്, ദൈവരാജ്യത്തിന്റെ സുവിശേഷം ലോകം മുഴുവൻ പ്രഘോഷിക്കുന്നതിന്, തങ്ങളെത്തന്നെ സമർപ്പിക്കലാണത്. ഏറ്റം ഉൽക്കൃഷ്ടമായ ഈ ലക്ഷ്യത്തിനുവേണ്ടി സ്വയം സമർപ്പിക്കുന്നത് കുടുംബജീവിതത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, ദൈവത്തിനും അവിടുത്തെ രാജ്യത്തിനും വേണ്ടി സമ്പൂർണ്ണമായി സമർപ്പിക്കലാണ്.

ഈ വിളി സ്വീകരിക്കാൻ പ്രത്യേകമായ കൃപ ആവശ്യമാണ് എന്ന് ആമുഖമായി പറഞ്ഞതിനുശേഷമാണ് യേശു ഏകസ്ഥജീവിതത്തിന്റെ ഈ മഹനീയ ലക്ഷ്യം വെളിപ്പെടുത്തുന്നത്. "ഗ്രഹിക്കാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ" എന്ന ആഹ്വാനത്തോടെ പ്രബോധനം അവസാനിപ്പിക്കുമ്പോൾ ഈ ദൈവവിളിയുടെ ഔന്നിത്യവും അതു സ്വീകരിക്കാനുള്ള പ്രയാസങ്ങളും എടുത്തുകാട്ടുന്നു. എല്ലാവർക്കുമായി നിർദ്ദേശിക്കുന്നതല്ല, തിരഞ്ഞെടുക്കപ്പെട്ട ചിലർക്കായി പ്രത്യേകം ഉദ്ദേശിച്ചിരിക്കുന്നതാണ് ഈ ജീവിതരീതി എന്ന സൂചനയും ഇതിലുണ്ട്.

## ശിഷ്യത്വത്തിന്റെ പൂർത്തീകരണം

ദൈവരാജ്യത്തെപ്രതി ഏകസ്ഥരായി കഴിയാനുള്ള ദൈവവിളി ശിഷ്യത്വത്തിന്റെ ഏറ്റം ഉന്നതമായ ലക്ഷ്യങ്ങളിൽ ഒന്നാണ്. തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ എല്ലാം ത്യജിക്കാൻ സന്നദ്ധരായിരിക്കണം എന്ന് യേശുനാഥൻ അനേകംതവണ അനുസ്മരിപ്പിച്ചിട്ടുണ്ട്. വള്ളവും വലയും, വീടും കൂടുംബവും ഉപേക്ഷിച്ചാണ് ആ ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചത് (മത്താ 4,18-22). ഗലീലിയിലെ വസന്തത്തിനുശേഷം കുരിശുമരണത്തെ മുന്നിൽ കണ്ടുകൊണ്ട് ജറുസലെമിലേക്കുള്ള യാത്ര തുടങ്ങുമ്പോൾ ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗങ്ങളും ക്ലേശങ്ങളും യേശു വളരെ വ്യക്തമായി ശിഷ്യരുടെ മുമ്പിൽ അവതരിപ്പിച്ചു (ലൂക്കാ 9,57-62). "സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരൻമാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെ

ത്തന്നെയും വെറുക്കാതെ എന്റെ അടുത്തു വരുന്ന ആർക്കും എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല" (ലൂക്കാ 14,26).

യേശുവിനു ശിഷ്യപ്പെട്ട്, ദൈവരാജ്യത്തിന്റെ സാക്ഷികളും സുവിശേഷകരുമാകുന്നവർക്ക് മറ്റൊന്നിനെക്കുറിച്ചും വ്യഗ്രതപ്പെടാനാവില്ല. ജീവൻ പോലും നഷ്ടപ്പെടുത്താൻ സന്നദ്ധമാകുന്ന, രക്തസാക്ഷിത്വം വരിക്കാൻവരെ തയ്യാറാകുന്ന, ഒരു തീരുമാനമാണിത്. അവിടെ രക്തബന്ധങ്ങളും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളും വിലങ്ങുതടിയാവരുത്. യേശുവിനും ദൈവരാജ്യത്തിനും വേണ്ടി സമ്പൂർണ്ണസ്വതന്ത്രരാവുക; അയയ്ക്കുന്നിടത്തേക്കു പോവുക; വിളിക്കുമ്പോൾ ജീവിതത്തിൽനിന്നു തന്നെ വിരമിക്കാൻ തയ്യാറായിരിക്കുക. ദൈവരാജ്യത്തിനുവേണ്ടിയുള്ള "ചാവേറുകൾ" ആവുക, മറ്റുള്ളവരെ വധിക്കാനല്ല, ദൈവരാജ്യമൂല്യങ്ങൾക്കുവേണ്ടി ജീവൻ ബലികഴിക്കാൻ ഒരുങ്ങിയിരിക്കുന്ന, ഒന്നിനെയും ഭയപ്പെടാത്ത, യാതൊരു പ്രതിബന്ധത്തിന്റെയും ഭീഷണിയുടെയും മുമ്പിൽ പതറിമാറാത്ത, സമ്പൂർണ്ണസമർപ്പിതരാകാനുള്ള വിളിയാണ് ഏകസ്ഥരുടെ വിളി; അതിലൂടെയാണ് ശിഷ്യത്വം പൂർണ്ണത പ്രാപിക്കുക.

### അവിഭക്ത ഹൃദയം

വിവാഹജീവിതത്തെയും ഏകസ്ഥജീവിതത്തെയും താരതമ്യം ചെയ്യുന്ന വി. പൗലോസ് ഏകസ്ഥജീവിതത്തെ കൂടുതൽ ശ്രേഷ്ഠമായി കരുതുന്നു. കാരണം വിവാഹിതർ ദാമ്പത്യബന്ധത്തിന്റെയും കുടുംബജീവിതത്തിന്റെയും പലവിധ വ്യഗ്രതകളിൽപ്പെട്ട് ഉഴലേണ്ടിവരുന്നു. അവിവാഹിതരാകട്ടെ, ഏകാഗ്രതയോടെ കർത്താവിനെ പ്രീതിപ്പെടുത്താൻ, അവിടുത്തെ കാര്യങ്ങളിൽ വ്യാപൃതരാകുന്നു (1 കോറി 7,25-35). വിവാഹജീവിതം ഏതെങ്കിലും വിധത്തിൽ തരം താഴ്ന്നതാണെന്നോ നിഷിദ്ധമെന്നോ അപ്പസ്തോലൻ കരുതുന്നില്ല. എന്നാൽ അവിവാഹിതർ, തങ്ങളെത്തന്നെ പൂർണ്ണഹൃദയത്തോടെ കർത്താവിനും അവിടുത്തെ രാജ്യത്തിനും വേണ്ടി സമർപ്പിക്കുന്നതിനാൽ കൂടുതൽ ശ്രേഷ്ഠമായ ഒരു ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നു എന്നത്രേ അപ്പസ്തോലൻ പഠിപ്പിക്കുന്നത്.

കുടുംബജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളിലും ക്ലേശങ്ങളിലും നിന്നുള്ള ഒളിച്ചോട്ടമല്ല അത്. ദൈവത്തിനുവേണ്ടി സ്വയം

പ്രതിഷ്ഠിക്കുന്നവർ തങ്ങളെത്തന്നെ ദൈവജനത്തിന്റെ ശുശ്രൂഷയ്ക്കായും സ്വയം സമർപ്പിക്കുന്നു, സമർപ്പിക്കണം. ഇപ്രകാരം സമർപ്പിതരാകുമ്പോൾ ഒന്നിനു നൂറിരട്ടിയായി അവർക്കു പ്രതിഫലം ലഭിക്കുന്നു. ഒരു കുടുംബം വേണ്ടാ എന്നു വയ്ക്കുന്നവർ എല്ലാ കുടുംബങ്ങളിലെയും അംഗങ്ങളാകുന്നു. വിവാഹജീവിതവും സന്താനോല്പാദനവും ത്യജിക്കുന്നവർ അനേകം മക്കളുടെ മാതാക്കളും പിതാക്കളുമാകുന്നു (മർക്കോ 10,30).

### ഏകസ്ഥർ – അടയാളങ്ങൾ

ഈ ലോകവും അതിന്റെ രൂപഭാവങ്ങളും കടന്നുപോകുമെന്നും അതിനപ്പുറത്ത് ശാശ്വതമായൊരു ലോകമുണ്ടെന്നും സ്വന്തം ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തുന്ന അടയാളങ്ങളാണ് ഏകസ്ഥർ. ശരീരങ്ങളുടെ പുനരുത്ഥാനത്തെക്കുറിച്ചുണ്ടായ വിവാദത്തിൽ യേശു ഇക്കാര്യം വ്യക്തമായി പഠിപ്പിച്ചു. വിശുദ്ധ ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ അറിയാത്തതുകൊണ്ടല്ല, നിങ്ങൾക്കു തെറ്റുപറ്റുന്നത്? എന്തെന്നാൽ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുമ്പോൾ അവർ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല. മറിച്ച് അവർ സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആയിരിക്കും (മർക്കോ 12,24–25). പുനരുത്ഥാനത്തിൽ സംഭവിക്കാനിരിക്കുന്ന ആ പുതിയ ജീവിതത്തിന്റെ സാക്ഷികളായി, ഈ ലോകത്തിൽ ജീവിക്കാനുള്ള വിളിയാണ് ഏകസ്ഥർക്കു ലഭിച്ചിരിക്കുന്നത്; മാലാഖമാരുടേതിനു തുല്യമായൊരു ജീവിതം.

സ്ത്രീപുരുഷവ്യത്യാസങ്ങൾ ഈ ലോകത്തിലേ ഉള്ളൂ. പരസ്പരം ഇണയും തുണയുമായി, കുഞ്ഞുങ്ങൾക്കു ജന്മം നല്കി വളർത്തുക എന്ന ലക്ഷ്യമാണ് ഈ വ്യത്യാസത്തിനുള്ളത്. എന്നാൽ പുനരുത്ഥാനത്തിനുശേഷം തികച്ചും വ്യത്യസ്തമായൊരു ജീവിതമായിരിക്കും. പുനരുത്ഥാനവും ദൈവത്തോടൊന്നിച്ചുള്ള നിത്യജീവിതവും ഉണ്ടെന്ന വിശ്വാസം ഉറക്കെ പ്രഘോഷിക്കുകയാണ് ഏകസ്ഥർ തങ്ങളുടെ ജീവിതത്തിലൂടെ. എന്നാൽ അവിവാഹിരായി കഴിയുന്നു എന്ന ഒറ്റക്കാരണത്താൽ ഈ സാക്ഷ്യം സാധ്യമാവുകയില്ല. ദൈവരാജ്യത്തിനുവേണ്ടി സ്വമനസ്സാ തിരഞ്ഞെടുക്കുകയും ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കനുസൃതം ജീവിതം നയിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഏകസ്ഥ ജീവിതം ദൈവരാജ്യത്തിന്റെ

അടയാളമാകൂ. അല്ലെങ്കിൽ ഉത്തരവാദിത്വങ്ങളിൽ നിന്നൊളിച്ചോട്ടവും സ്വാർത്ഥതയും മാത്രമായിത്തീരും.

## ഫലസമൃദ്ധമായ ഏകസ്ഥജീവിതം

"കർത്താവ് അരുളിച്ചെയ്യുന്നു: ഒരിക്കലും പ്രസവിക്കാത്ത വന്ധ്യേ പാടിയർപ്പിക്കുക. പ്രസവവേദന അനുഭവിക്കാത്തവളേ, ആഹ്ലാദത്തോടെ കീർത്തനമാലപിക്കുക. ഏകാകിനിയുടെ മക്കളാണ് ഭർത്തൃമതിയുടെ മക്കളേക്കാൽ അധികം" (ഏശ 54,1). ദൈവരാജ്യത്തിനുവേണ്ടി ഏകസ്ഥരായി കഴിയുന്നവരുടെ ജീവിതം വന്ധ്യമായിത്തീരുന്നില്ല. കർത്താവിനുവേണ്ടി ജീവിക്കുമ്പോൾ ഭർത്താവിനുവേണ്ടി ജീവിക്കുന്നതിനേക്കാൾ ധന്യമായിമാറുന്നു, ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർ യേശുവിന്റെ സഹോദരരും അമ്മയും ആകുന്നതുപോലെ. ദൈവരാജ്യത്തിനുവേണ്ടി സ്വയം സമർപ്പിക്കുന്നവർ യഥാർത്ഥത്തിൽ ഏകസ്ഥരല്ല. "നിന്റെ സ്രഷ്ടാവാണ് നിന്റെ ഭർത്താവ്. കർത്താവ് എന്നാണ് അവിടുത്തെ നാമം" (ഏശ 54,4).


ദൈവരാജ്യത്തിനുവേണ്ടി വരിക്കുന്ന ഏകസ്ഥജീവിതം ബ്രഹ്മചര്യമാണ്; കർത്താവിനുവേണ്ടി, കർത്താവിനോടൊത്തുള്ള ജീവിതം. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം പൂർണ്ണമാകുന്നത് ഈ ബ്രഹ്മചര്യത്തിലാണ്. അഥവാ ദൈവത്തിലുള്ള ജീവിതത്തിലാണ്. പല കാര്യങ്ങളിൽ വ്യഗ്രചിത്തരാകാതെ, ഗുരുപാദത്തിലിരുന്ന് വചനം ശ്രവിച്ച മറിയത്തെപ്പോലെ (ലൂക്കാ 10,40-42) ഏകസ്ഥർ ദൈവശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കുകയും അതിൽ ആത്മനിർവൃതി കണ്ടെത്തുകയും ചെയ്യുന്നു. അവരുടെ ജീവിതം ധന്യവും ഫലസമൃദ്ധവുമായിത്തീരുന്നു.

## കുഞ്ഞാടിന് അകമ്പടി സേവിക്കുന്നവർ

"ഒരു കുഞ്ഞാട് സിയോൻ മലയിൽ നില്ക്കുന്നതു ഞാൻ കണ്ടു; അവനോടുകൂടെ നൂറ്റിനാല്പത്തിനാലായിരം പേരും...... അവർ ബ്രഹ്മചാരികളാണ്" (വെളി 14,1-5). സ്വർഗ്ഗീയജറുസലെമിനെ ചിത്രീകരിക്കുമ്പോൾ വെളിപാടു ഗ്രന്ഥകാരൻ ഉപയോഗിക്കുന്ന മനോഹരമായൊരു പ്രതീകമാണിത്. യേശുവിനുവേണ്ടി ജീവിതം പൂർണ്ണമായി സമർപ്പിക്കുകയും അവിടുത്തോടു പൂർണ്ണമായി വിശ്വസ്തത പുലർത്തുകയും ചെയ്ത അവർ യേശുവിന് നിരന്തരം അകമ്പടി സേവിക്കുന്നു; വീണമീട്ടിയും പാട്ടുപാടിയും ദൈവസ്തു

തികൾ ആലപിക്കുന്നു. ഏകസ്ഥരുടെ ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഏറ്റം മനോഹരമായ ചിത്രമാണിത്. സന്യാസ-പൗരോഹിത്യവ്രതങ്ങൾ സ്വീകരിച്ചോ സ്വീകരിക്കാതെയോ ബ്രഹ്മചാരികളായി കഴിയുന്നവരെയെല്ലാം ഈ ചിത്രത്തിനു പിന്നിൽ കാണാം.

സന്യാസവ്രതം നല്കുന്ന കൂട്ടായ്മയുടെ സുരക്ഷിതത്വമോ പൗരോഹിത്യം നല്കുന്ന ശുശ്രൂഷാധികാരത്തിലുള്ള പങ്കുചേരലോ കൂടാതെ, ഏകസ്ഥരായി കഴിയുന്നവരും ബ്രഹ്മചാരികൾതന്നെ. അവരുടെ ജീവിതം കൂടുതൽ ക്ലേശകരവും ത്യാഗോജ്ജ്വലവും അതിനാൽത്തന്നെ കൂടുതൽ ദൃശ്യമായ ദൈവരാജ്യത്തിന്റെ അടയാളവുമായിത്തീരുന്നു; ഷണ്ഡരായി ജനിച്ചവർക്കും സാഹചര്യങ്ങളാൽ ഏകസ്ഥജീവിതത്തിന് വിധിക്കപ്പെട്ടവർക്കും ഇതേ ഭാഗ്യത്തിൽ പങ്കുചേരാനാവും - പൂർണ്ണഹൃദയത്തോടെ ആ ജീവിതം സ്വീകരിക്കുകയും അതിന്റെ നിബന്ധനകൾ അനുസരിച്ചു ജീവിക്കുകയും ചെയ്താൽമതി. അതിനാൽ അവിവാഹിതരായി കഴിയുന്നതിനെ ഒരു ശാപമായികണ്ട് പഴിക്കാതെ സ്വതന്ത്രമായിവരിച്ച് ജീവിതത്തെ ധന്യമാക്കാനുള്ള വിളിയും ഗുരുമൊഴിയിലുണ്ട്. ഗ്രഹിക്കാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ.



13

# യൂദാസ്

"മനുഷ്യപുത്രൻ എഴുതപ്പെട്ടിരിക്കുന്നതുപോലെ പോകുന്നു. എന്നാൽ മനുഷ്യപുത്രനെ ആര് ഒറ്റിക്കൊടുക്കുന്നുവോ അവനു ദുരിതം! ജനിക്കാതിരുന്നെങ്കിൽ അവനു നന്നായിരുന്നു" (മത്താ 26,24).

ഒരുപക്ഷേ, ബൈബിൾ അവതരിപ്പിക്കുന്നതിൽ ഏറ്റം ദുർഭഗനായ ദുരന്തകഥാപാത്രമാണ് ഒറ്റുകാരൻ എന്നു സുവിശേഷങ്ങൾ വിശേഷിപ്പിക്കുന്ന യൂദാസ്. കാരുണ്യത്തിന്റെ ആൾരൂപമായ യേശുക്രിസ്തുതന്നെ "ജനിക്കാതിരുന്നെങ്കിൽ അവനു നന്നായിരുന്നു" എന്നു വിലപിക്കാൻമാത്രം ദുർഭഗനാണയാൾ. കള്ളനും ദ്രവ്യാഗ്രഹിയും പിശാചും ആയിട്ടാണ് യൂദാസിനെ യോഹന്നാൻ സുവിശേഷകൻ വിശേഷിപ്പിക്കുന്നത്. നാലു സുവിശേഷങ്ങളും അയാളെ ഒറ്റുകാരൻ എന്നു വിളിക്കുന്നു. ഗുരുവിനെ ശത്രുക്കൾക്ക് ഒറ്റിക്കൊടുക്കുകയും അതിനു പാരിതോഷികമായി മുപ്പതു വെള്ളിനാണയങ്ങൾ സ്വീകരിക്കുകയും ചെയ്തു എന്നതാണ് യൂദാസിന്റെ മേൽ ആരോപിക്കപ്പെടുന്ന കുറ്റം. ചെയ്ത കുറ്റത്തിനുള്ള ശിക്ഷയെന്നവണ്ണം അയാൾ തൂങ്ങിച്ചത്തു. തൂങ്ങിയ കയർ പൊട്ടിയാവാം "തലകുത്തിവീണു, ഉദരം പിളർന്ന് കുടലെല്ലാം പുറത്തുചാടി." (മത്താ

1,18) എന്ന ബീഭത്സമായ ഒരു തൂലികാചിത്രം അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. സംശയമില്ല. ഒരു ദുരന്തകഥാപാത്രമാണ് യൂദാസ്. എന്നാൽ എന്താണ് അയാളെ ഈ ദുരന്തത്തിലേക്കു നയിച്ചത്? എന്തിനാണ് ബൈബിൾ അയാളുടെ കഥ ഇത്ര വിശദമായി അവതരിപ്പിക്കുന്നത്? എന്തു രക്ഷാകരസന്ദേശമാണ് ഈ ദുരന്തകഥയിലൂടെ നല്കാൻ ശ്രമിക്കുന്നത്?

അപ്പസ്തോലന്മാരിൽ പത്രോസ് കഴിഞ്ഞാൽ ഏറ്റം കൂടുതൽ പരാമർശിക്കപ്പെടുന്ന വ്യക്തിയാണ് യൂദാസ്. നാലു സുവിശേഷങ്ങളിലുംകൂടെ ഇരുപതുതവണയും അപ്പസ്തോലപ്രവർത്തനങ്ങളിൽ രണ്ടുതവണയും യൂദാസ് പരാമർശവിഷയമാകുന്നു. പന്ത്രണ്ടപ്പസ്തോലന്മാരുടെ പേരുവിവരപ്പട്ടികകളിൽ എപ്പോഴും ആദ്യം പ്രത്യക്ഷപ്പെടുന്നതു പത്രോസിന്റെ പേരാണ്; അവസാനത്തേത് യൂദാസിന്റെയും.

സ്തുതി എന്നർത്ഥമുള്ള യഹൂദാ എന്ന ഹീബ്രുവാക്കിൽനിന്നാണ് യൂദാ എന്ന പേരിന്റെ ഉത്ഭവം. എന്നാൽ ആരുടെയും സ്തുതിക്കനുയോജ്യമായിരുന്നില്ല ആ പേരിൽ അറിയപ്പെടുന്ന അപ്പസ്തോലന്റെ ജീവിതവും പ്രവർത്തനങ്ങളും. യൂദാ എന്ന പേരോട് മറ്റു പല വിശേഷണങ്ങളും ചേർത്ത് സുവിശേഷങ്ങൾ അവതരിപ്പിക്കുന്നുണ്ട്. "യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് സ്കറിയോത്ത" എന്നാണ് സമാന്തരസുവിശേഷങ്ങളിലെ അപ്പസ്തോലന്മാരുടെ പട്ടികയിൽ അയാൾ അറിയപ്പെടുന്നത് (മത്താ 10,4; മർക്കോ 3,19). ഒറ്റുകാരനായിത്തീർന്ന യൂദാസ് സ്കറിയോത്ത എന്ന് ലൂക്കാ 6,18-ൽ വിശേഷിപ്പിക്കുന്നു.

സ്കറിയോത്ത എന്ന വിശേഷണം എന്തിനെ സൂചിപ്പിക്കുന്നു എന്ന കാര്യത്തിൽ തർക്കമുണ്ട്. യോഹ 6,71 ൽ "ശിമയോൻ സ്കറിയോത്തയുടെ മകൻ യൂദാസ്"എന്നാണു കാണുന്നത്. ഈ വാക്യം തന്നെ പലപുരാതനകയ്യെഴുത്തുപ്രതികളിലും "കെറിയോത്തിൽ നിന്നുള്ള ശിമയോന്റെ മകൻ" എന്നു കാണുന്നു. അപ്പോൾ കെറിയോത്ത് എന്ന പട്ടണത്തിൽനിന്നുള്ളവനാണ് യൂദാസ് എന്ന വ്യാഖ്യാനം സാധ്യമാകുന്നു. ഹെബ്രോണിൽനിന്ന് ഏകദേശം 20 കിലോമീറ്റർ തെക്ക് കെറിയോത്ത് ഹെബ്രോൺ എന്ന ഒരു ഗ്രാമമുണ്ട്. അതായിരുന്നു യൂദാസിന്റെ ജന്മസ്ഥലം എന്നു കരുതുന്നവരുണ്ട്.

എന്നാൽ സ്കറിയോത്ത ജന്മസ്ഥലത്തെയല്ല ഒരു സ്വഭാവ സവിശേഷതയെ സൂചിപ്പിക്കുന്ന വിശേഷണമാണ് എന്നു കരുതാൻ ന്യായമുണ്ട്. "സിക്കാരിയോസ്" എന്ന ഗ്രീക്കുവാക്കിൽ നിന്നുത്ഭവിച്ചതാണ് "ഇസ്ക്കാരിയോത്ത" എന്ന അരമായ വാക്ക് എന്നു ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. "കഠാരിധാരി" എന്നാണ് വാക്കിനർത്ഥം. ഇത് തീവ്രവാദികളായ സെലട്ടുകൾക്ക് നല്കിയിരുന്ന ഒരു വിശേഷണമായിരുന്നു. പന്ത്രണ്ടപ്പസ്തോലന്മാരിൽ ഒരാളെ "തീവ്രവാദിയായ ശിമയോൻ" എന്നു വിശേഷിപ്പിച്ചിരിക്കുന്നതിനോട് (ലൂക്കാ 6,15) ചേർത്തു വായിക്കുമ്പോൾ യൂദാസ് സ്കറിയോത്തായും ഒരു തീവ്രവാദിസംഘടനയുടെ അംഗമായിരുന്നു എന്ന് അനുമാനിക്കാൻ ന്യായമുണ്ട്. ഉടുപ്പു വിറ്റ് വാൾ വാങ്ങാൻ യേശു ആവശ്യപ്പെട്ടപ്പോൾ "കർത്താവേ, ഇതാ ഇവിടെ രണ്ടു വാളുണ്ട്"(ലൂക്കാ 2,38) എന്ന ശിഷ്യന്മാരുടെ മറുപടി ഈ സാധ്യതയുടെ തെളിവായി എടുത്തുകാട്ടാവുന്നതാണ്. മറ്റു പതിനൊന്നുപേരും ഗലീലിയിൽനിന്നുള്ളവരായിരുന്നു. അപ്പോൾ ഒരാൾമാത്രം യൂദായുടെ തെക്കുഭാഗത്തുനിന്നു വന്നവനാണ് എന്നു കരുതുന്നതിനേക്കാൾ യുക്തിസഹം ഈ അനുമാനമാണ്. യൂദായുടെ പിന്നീടുള്ള പ്രവർത്തനത്തിലേക്ക് ഈ നിഗമനം വെളിച്ചം വീശും.

ബെഥനിയായിലെ തൈലാഭിഷേകവുമായി ബന്ധപ്പെട്ടാണ് യൂദാസ് സമാന്തരസുവിശേഷങ്ങളിൽ പരാമർശവിഷയമാകുന്നത്. കുഷ്ഠരോഗിയായ ശിമയോന്റെ വീട്ടിൽ വിരുന്നിനിരുന്ന യേശുവിന്റെ തലയിൽ ഒരു സ്ത്രീ സുഗന്ധതൈലം പൂശിയെന്ന് മത്താ 26,7; മർക്കോ 14,3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി അനാവശ്യമായ ഒരു ധൂർത്തായികണ്ട്, ശിഷ്യന്മാർ കോപത്തോടെ പ്രതിഷേധിച്ചു. ചിലർ തൈലത്തിന്റെ വില 300 ദേനാറയെന്നു കണക്കാക്കി, അതു ദരിദ്രർക്കു കൊടുക്കാമായിരുന്നല്ലോ എന്ന് അവളെ കുറ്റപ്പെടുത്തിയതായി മർക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ചിലർ ആരെന്നു പറയുന്നില്ല. എന്നാൽ അത് യൂദാസ് സ്കറിയോത്താ ആയിരുന്നു എന്നു യോഹന്നാൻ എടുത്തു പറയുന്നു. തന്നെയുമല്ല, അയാൾ അതു പറഞ്ഞത് "ദരിദ്രരോടു പരിഗണന ഉണ്ടായിരുന്നതുകൊണ്ടല്ല, പ്രത്യുത, അവൻ കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി അവന്റെ കയ്യിലായിരുന്നതുകൊണ്ടുമാണ്" (യോഹ 12,6).

ഈ സംഭവത്തിനു തൊട്ടുപിന്നാലെയാണ് യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കുന്നതിനുവേണ്ടി പുരോഹിതപ്രമുഖന്മാരുമായി ആലോചിക്കുന്നത് (മത്താ 26,14-16; മർക്കോ 14,10-11). പണം കൊടുക്കാം എന്ന് അവർ പറഞ്ഞു എന്നു മാത്രമേ മർക്കോസ് രേഖപ്പെടുത്തുന്നുള്ളൂ. മുപ്പതു വെള്ളിനാണയം എന്നു മത്തായി എടുത്തു പറയുന്നു. തൈലാഭിഷേകവും ഒറ്റിക്കൊടുക്കാനുള്ള തീരുമാനവും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി സുവിശേഷകർ പറയുന്നില്ല. എന്നാലും അങ്ങനെ ഒരു സൂചന കാണാനാവും; പ്രത്യേകിച്ചും യൂദാസിന്റെ ദ്രവ്യാസക്തിയെയും ധൂർത്തിനെതിരായ അമർഷത്തെയും കുറിച്ച് യോഹന്നാൻ നല്കുന്ന വിവരണംകൂടി പരിഗണിക്കുമ്പോൾ.

എന്നാലും മുപ്പതു വെള്ളിനാണയത്തിനുവേണ്ടിമാത്രമാണോ യൂദാസ് ഇങ്ങനെ ഒരു തീരുമാനത്തിലെത്തിയത് എന്നു ന്യായമായും സംശയിക്കണം. യേശു മരണത്തിനു വിധിക്കപ്പെട്ടതറിഞ്ഞപ്പോൾ നാണയങ്ങൾ തിരിച്ചേല്പിക്കുന്നതിലൂടെ ഈ സംശയം വർദ്ധിക്കുന്നു. അപ്പോൾ യൂദാസിന്റെ ഒറ്റിക്കൊടുക്കലിനു പിന്നിൽ മറ്റെന്തോ കാരണം ഉണ്ടായിരുന്നു എന്നു തോന്നാം. ഇവിടെ ലൂക്കാ സുവിശേഷകൻ നല്കുന്ന വിശദീകരണം ശ്രദ്ധേയമാകുന്നു.

"പന്ത്രണ്ടു പേരിൽ ഒരുവനും സ്കറിയോത്ത എന്നു വിളിക്കപ്പെടുന്നവനുമായ യൂദാസിൽ സാത്താൻ പ്രവേശിച്ചു" (ലൂക്കാ 22,3). ഇതിനു തൊട്ടുപിന്നാലെയാണ് യൂദാസ് പുരോഹിതപ്രമുഖന്മാരുമായി സംഭാഷണം നടത്തുന്നതും യേശുവിനെ ഒറ്റിക്കൊടുക്കാൻ തീരുമാനിക്കുന്നതും. ലൂക്കായുടെ അവതരണത്തിൽ ഈ സംഭവത്തിനു പ്രത്യേക പ്രാധാന്യമുണ്ട്. പരസ്യജീവിതത്തിന്റെ തുടക്കത്തിൽ യേശുവിനെതിരേ പ്രലോഭനങ്ങളുമായി വന്ന സാത്താൻ അവസാനത്തെ പ്രലോഭനത്തിനുശേഷം യേശുവിനെ വിട്ടുപോയത് ജറുസലെമിൽ വച്ചായിരുന്നു. "നിശ്ചിത സമയംവരെ അവനെ വിട്ടുപോയി" (ലൂക്കാ 4,13) എന്ന അർത്ഥഗർഭമായ ഉപസംഹാരം വലിയൊരു മുന്നറിയിപ്പായിരുന്നു. പീഡാനുഭവത്തിന്റെ തുടക്കത്തിൽ സാത്താൻ വീണ്ടും ശക്തമായി രംഗത്തു വരുന്നു. മരുഭൂമിയിലെ പ്രലോഭനങ്ങളിലൂടെ സാധിക്കാതെപോയത് ഇപ്പോൾ ഒരു അപ്പസ്തോലനിലൂടെ നേടിയെടുക്കാനാണ്

സാത്താൻ ശ്രമിക്കുന്നത്. "സാത്താൻ പ്രവേശിച്ചു" എന്നു സുവിശേഷകന്മാർ പറയുന്ന ഏക വ്യക്തിയാണ് യൂദാസ്. സമാനമായ ഒരു പരാമർശം യോഹന്നാനും നടത്തുന്നുണ്ട് (യോഹ 13,24).

അന്ത്യഅത്താഴത്തിന്റെ അവസരത്തിലാണ് യൂദാസന്ന് വീണ്ടും പരാമർശവിഷയമാകുന്നത്. പന്ത്രണ്ടുപേരിൽ ഒരുവൻ തന്നെ ഒറ്റിക്കൊടുക്കും എന്ന് അത്താഴത്തിന്റെ അവസരത്തിൽ യേശു പറഞ്ഞതായി നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 26,21-25; മർക്കോ 14,18-20; ലൂക്കാ 22,21-23; യോഹ 13,21-30). അത് യൂദാസ് ആണെന്ന് മത്തായിയും യോഹന്നാനും വ്യത്യസ്ത രീതികളിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മറ്റു ശിഷ്യന്മാർക്കു മനസ്സിലാകുന്ന രീതിയിലായിരുന്നില്ല ഈ വെളിപ്പെടുത്തൽ. യൂദാസിനു താൻ ചെയ്യാൻ പോകുന്ന കൃത്യത്തെക്കുറിച്ചു വീണ്ടുവിചാരത്തിന് ഒരവസരം നല്കുന്നതുപോലെയാണ് യേശുവിന്റെ വചനം രേഖപ്പെടുത്തിയിരിക്കുന്നത്.

അപ്പം സ്വീകരിച്ചതിനെ തുടർന്ന് സാത്താൻ യൂദാസിൽ പ്രവേശിച്ചു എന്ന് യോഹന്നാൻ എടുത്തുപറയുന്നു (യോഹ 13,27). "നീ ചെയ്യാനുള്ളതു വേഗം ചെയ്യുക" എന്ന യേശുവിന്റെ ആഹ്വാനം മറ്റു ശിഷ്യർ തെറ്റിധരിച്ചു. എന്നാൽ യൂദാസോ? പുരോഹിതപ്രമുഖന്മാരുമായി താൻ ഉണ്ടാക്കിയിരിക്കുന്ന തീരുമാനം നടപ്പിലാക്കാൻ വൈകേണ്ടാ എന്നു യേശു തന്നെ പ്രോത്സാഹിപ്പിക്കുന്നതായി യൂദാസ് മനസ്സിലാക്കിയിരിക്കുമോ? ഇതൊരാഹ്വാനമോ, കല്പനയോ അതോ മുന്നറിയിപ്പും താക്കീതുമോ? എന്തായാലും യൂദാസ് അപ്പോൾത്തന്നെ പുറത്തുപോയി. അതു രാത്രിയായിരുന്നു. ലോകത്തിന്റെ പ്രകാശമായ ഗുരുവിൽനിന്ന് അന്ധകാരത്തിലേക്കാണ് താൻ നീങ്ങുന്നത് എന്ന യൂദാസ് മനസ്സിലാക്കിയോ? താൻ അന്ധകാരശക്തിയായ സാത്താന്റെ കൈകളിലേക്കാണ് നീങ്ങുന്നതെന്ന് യൂദാസ് അറിഞ്ഞിരുന്നോ? സുവിശേഷകൻ പറയുന്നില്ല.

ഗദ്സെമനിയിലെ പ്രാർത്ഥനാവേളയിലാണ് യൂദാസ് വീണ്ടും പ്രത്യക്ഷപ്പെടുന്നത്. അത് യേശുവിനെ ബന്ധിക്കാൻ തയ്യാറെടുത്ത ഒരു സംഘത്തെ നയിച്ചുകൊണ്ടായിരുന്നു. ഈ സംഭവം നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 26,47-50; മർക്കോ 14,43-45; ലൂക്കാ 22,47-48; യോഹ 18,2-3). പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാസ് എന്നു സമാന്തരസുവിശേഷകർ മൂന്നു

പേരും എടുത്തു പറയുന്നു. യേശുവിനെ തിരിച്ചറിയാൻ അടയാള മായി താൻ ചുംബിക്കും എന്ന് യൂദാസ് പടയാളികളോടു പറഞ്ഞി രുന്നതായി മത്തായിയും മർക്കോസും രേഖപ്പെടുത്തിയിട്ടുണ്ട്. യൂദാസ് യേശുവിനെ ചുംബിച്ചു എന്നും ഈ രണ്ടു സുവിശേഷ കർ എടുത്തുപറയുന്നു. ലൂക്കായാകട്ടെ, യൂദാസ് ചുംബിക്കാനായി മുന്നോട്ടു വന്നപ്പോൾ "യൂദാസേ, ചുംബനം കൊണ്ടോ നീ മനു ഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നത്" എന്ന യേശുവചനമാണ് രേഖ പ്പെടുത്തുന്നത്. യോഹന്നാനിൽ ഇതൊന്നുമില്ല. പടയാളികളെയും സേവകരെയും കൂട്ടിക്കൊണ്ട് യേശുവിന്റെ അടുക്കൽ വന്നു എന്നു മാത്രം പറയുന്നു. ഇതോടെ മൂന്നു സുവിശേഷങ്ങളിലുള്ള യൂദാ സിനെ സംബന്ധിച്ച വിവരണങ്ങൾ അവസാനിക്കുന്നു. മത്തായി യാണ് യൂദാസിന്റെ അന്ത്യത്തെ നാടകീയമായി അവതരിപ്പിക്കു ന്നത് (മത്താ 27,3-10). യേശു ശിക്ഷിയ്ക്കു വിധിക്കപ്പെട്ടു എന്നറി ഞ്ഞപ്പോൾ യൂദാസ് പശ്ചാത്തപിച്ചു. താൻ ചെയ്തത് തെറ്റായി രുന്നു എന്ന് ഏറ്റുപറഞ്ഞു. തനിക്കു പാരിതോഷികമായി ലഭിച്ച നാണയങ്ങൾ തിരിച്ചേല്പിക്കാൻ ശ്രമിച്ചു. നിസ്സംഗരായ നേതാ ക്കന്മാർ സ്വീകരിക്കാഞ്ഞതുകൊണ്ടാകാം, നാണയങ്ങൾ ദേവാല യത്തിൽ വലിച്ചെറിഞ്ഞിട്ട് പോയി കെട്ടിഞാന്നു ചത്തു. യൂദാസിന്റെ മരണത്തെ ഏതാണ്ട് ഇതേ രീതിയിൽ അപ്പസ്തോലപ്രവർത്തന ങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പ 1,17-25).

ഈ സംഭവപരമ്പരകളിലൂടെ യൂദാസിനെക്കുറിച്ച് എന്തു സന്ദേശമാണ് വിശുദ്ധഗ്രന്ഥം നല്കുന്നത്? "യൂദാസ് താൻ അർഹിച്ചിരുന്നിടത്തേക്കു പോകാൻവേണ്ടി ഉപേക്ഷിച്ച അപ്പസ്തോ ലസ്ഥാനവും ശുശ്രൂഷാപദവിയും" (അപ്പ 1,25) അർഹിക്കുന്ന മറ്റൊ രാൾക്കു കൈമാറാൻ ദൈവത്തിന്റെ നിർദ്ദേശത്തിനായി പ്രാർത്ഥി ക്കുമ്പോൾ യൂദാസിനെ തികച്ചും പരാജിതനും അഭിശപ്തനുമായ ഒരു വ്യക്തിയായി അവതരിപ്പിക്കുന്നു എന്നു തോന്നും. എന്നാലും യൂദാസ് കടന്നുപോന്ന വഴികളും വീഴ്ചയുടെ കാരണങ്ങളും അല്പംകൂടെ അടുത്തുകാണാൻ ശ്രമിക്കേണ്ടതുണ്ട്.

"ഒറ്റിക്കൊടുക്കുക, ഒറ്റുകാരൻ" എന്നൊക്കെ വിവർത്തനം ചെയ്യുന്നത് "പാരാദിദോനോയ്" എന്ന ഗ്രീക്കുവാക്കാണ്. "ഏല്പി ച്ചുകൊടുക്കുക" എന്നാണ് വാക്കിനർത്ഥം. 122 തവണ ഈ വാക്ക് പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. അതിൽ 57 തവണ യേശു

വുമായി ബന്ധപ്പെട്ടുത്തിയാണ് ഉപയോഗിക്കുന്നത്. 44 തവണ യൂദാസുമായി ബന്ധപ്പെടുത്തി ഈ വാക്കു ഉപയോഗിക്കുന്നുണ്ട്. ഒറ്റിക്കൊടുക്കുക എന്നു വിവർത്തനം ചെയ്തെങ്കിലും "ഏല്പിച്ചു കൊടുക്കുക" എന്നാണ് അർത്ഥം.

ഈ വാക്കിന് അതിൽത്തന്നെ വഞ്ചനയുടെ സൂചനയുണ്ടാകണമെന്നില്ല. പ്രധാനപുരോഹിതന്മാരും നേതാക്കളുംകൂടി യേശുവിനെ പിലാത്തോസിന് ഏല്പിച്ചുകൊടുത്തു (മർക്കോ 15,1). പീലാത്തോസ് യേശുവിനെ അവരുടെ ഇഷ്ടത്തിന് വിട്ടുകൊടുത്തു (യോഹ 19,16) എന്നൊക്കെ പറയുമ്പോൾ അത് ഒറ്റിക്കൊടുക്കലായി വ്യാഖ്യാനിക്കാനാവില്ല. വി. പൗലോസിന്റെ ലേഖനങ്ങളിൽ യൂദാസിനെക്കുറിച്ചു പരാമർശിക്കുന്നില്ല. എന്നാൽ യേശു മരണത്തിന് ഏല്പിച്ചുകൊടുക്കപ്പെട്ടതായി പ്രതിപാദിക്കുന്നുണ്ട് (റോമാ 4,25). പിതാവുതന്നെ പുത്രനെ മരണത്തിന് ഏല്പിച്ചുകൊടുത്തു (റോമാ 8,32) എന്നും യേശു നമുക്കുവേണ്ടി സ്വയം ഏല്പിച്ചുകൊടുത്തു (ഗലാ 2,20) എന്നും പറയുമ്പോൾ പാരാദിദോനായ് എന്ന പദത്തിന്റെ അർത്ഥവ്യാപ്തി വ്യക്തമാകുന്നു. അതുകൊണ്ടാവണം കൂദാശവചനത്തിൽ "താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ" എന്നതിനുപകരം "ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ" എന്നു തിരുത്തിയിരിക്കുന്നത്. ഇവിടെ ഒരുവഞ്ചനയുടെയും ഗൂഢാലോചനയുടെയും പ്രകടനം എന്നതിനേക്കാൾ ദൈവത്തിന്റെ നിഗൂഢപദ്ധതിയുടെ പൂർത്തീകരണം എന്ന ധ്വനിയുണ്ടാകുന്നു. യൂദാസിന്റെ ഉത്തരവാദിത്വത്തെ ലഘൂകരിക്കുന്നില്ലെങ്കിലും അതിലൂടെ ദൈവികപദ്ധതിയാണു നിറവേറിയത് എന്ന ഒരു സൂചന ഈ പദപ്രയോഗത്തിൽ നിന്നു ലഭിക്കുന്നു.

യൂദാസിന് അപ്പസ്തോലന്മാരുടെ പട്ടികയിൽ അവസാനത്തെ സ്ഥാനമാണ് നൽകിയിരക്കുന്നതെങ്കിലും യേശു നല്കിയ സ്ഥാനം അതായിരുന്നില്ല എന്ന് അനുമാനിക്കാൻ മതിയായ കാരണങ്ങളുണ്ട്. യേശു ഏറ്റം കൂടുതൽ വിശ്വാസത്തിൽ എടുത്തതും ഉത്തരവാദിത്വങ്ങൾ ഏല്പിച്ചതിനെയും യൂദാസിനെ ആയിരുന്നു. അപ്പസ്തോലസംഘത്തിന്റെ പൊതുവായ പണസഞ്ചി യൂദാസ് സ്വയം ഏറ്റെടുത്തതായിരിക്കാൻ വഴിയില്ല. യേശുവിന്റെയും ശിഷ്യസമൂഹത്തിന്റെയും മൂന്നുവർഷത്തെ ജീവിതത്തിനിടയിൽ ആവശ്യമായിരുന്ന സാമ്പത്തികകാര്യങ്ങളുടെ ഉത്തരവാദിത്വം യൂദാസി

നായിരുന്നു. ഭക്ഷണം, താമസസൗകര്യങ്ങൾ മുതലായവയ്ക്കൊക്കെ കണ്ടെത്തുന്നതും ഫൈനാൻസ് ഓഫീസറായ യൂദാസിന്റെ ഉത്തരവാദിത്വത്തിൽ പെടും. ജറുസലെമിലെ യഹൂദനേതൃത്വവുമായി ബന്ധപ്പെടുവാൻ കഴയുന്നത്ര സമൂഹത്തിൽ സ്ഥാനവും യൂദാസിനുണ്ടായിരുന്നു.

അന്ത്യത്താഴവേളയിലെ ഇരിപ്പിടങ്ങളെക്കുറിച്ച് നമുക്കു ലഭിക്കുന്ന സൂചനയും യേശു യൂദാസിനു നല്കിയ പ്രാധാന്യത്തിലേക്കു വിരൽ ചൂണ്ടുന്നു. യേശുവിന്റെ വക്ഷസ്സിലേക്കു ചാരിക്കിടക്കുന്ന യോഹന്നാൻ ഗുരുവിന്റെ ഇടത്തുവശത്തായിരുന്നു എന്ന് അനുമാനിക്കാൻ ന്യായമുണ്ട്. പത്രോസ് ഗുരുവിൽനിന്ന് അല്പം അകലെയായിരുന്നു. അതുകൊണ്ടാണല്ലോ ഗുരുവിനോടു ചോദിക്കാൻ യോഹന്നാനെ ആംഗ്യം കാണിക്കേണ്ടിവന്നത് (യോഹ 13,24). യേശു അപ്പകഷ്ണം മുക്കിക്കൊടുത്തതും, യേശുവിനോടൊപ്പം അപ്പപ്പാത്രത്തിൽ കൈ ഇട്ടതും യൂദാസ് ആയിരുന്നു. അതിനാൽ യേശുവിന്റെ വലതുഭാഗത്തായിരുന്നു യൂദാസിന്റെ സ്ഥാനം എന്നനുമാനിക്കാം. വിരുന്നുശാലയിലെ ഇരിപ്പിടസജ്ജീകരണത്തിന്റെ നിയമമനുസരിച്ച് ഗൃഹനാഥൻ കഴിഞ്ഞാൽ ഏറ്റം പ്രധാനപ്പെട്ട സ്ഥാനമാണ് ഗൃഹനാഥന്റെ വലതുഭാഗത്തുള്ള ഇരിപ്പിടം.

യേശു യൂദാസിനെ വലിയ ഉത്തരവാദിത്വം ഏല്പിക്കുകയും പ്രധാനസ്ഥാനം നല്കുകയും മാത്രമല്ല, പലതവണ താക്കീതുകളും മുന്നറിയിപ്പുകളും നല്കുകയും ചെയ്തിരുന്നു. അവസാന അത്താഴത്തിന്റെ സമയത്ത് ഒരാൾ തന്നെ ഒറ്റിക്കൊടുക്കും എന്നു പറയുന്നതിലൂടെ യൂദാസിന് വീണ്ടുവിചാരത്തിനുള്ള അവസരം നല്കി. എന്നാലും എടുത്ത തീരുമാനത്തിൽ യൂദാസ് ഉറച്ചുനിന്നു. എന്താണ് ഇതിന് അയാളെ പ്രേരിപ്പിച്ചത്? യേശുവിനെ ശത്രുകരങ്ങളിൽ ഏല്പിച്ച് മരണത്തിനുവിട്ടുകൊടുക്കുകയായിരുന്നോ യൂദാസിന്റെ ലക്ഷ്യം? ആയിരുന്നില്ല എന്നാണ് അയാളുടെ അവസാനത്തെ പ്രവൃത്തികൾ സൂചിപ്പിക്കുന്നത് - എങ്കിൽപിന്നെ എന്തിനുവേണ്ടിയാണിതു ചെയ്തത്? എന്തായിരുന്നു ഇതിനു പിന്നിലെ പ്രേരകശകതി?

ലോകപ്രസിദ്ധസംവിധാകനായ ഫ്രാങ്കോ സെഫിരെല്ലി നസ്രത്തിലെ യേശു എന്ന സിനിമായിൽ ഈ ചോദ്യത്തിന് ഒരുത്തരം നല്കാൻ ശ്രമിക്കുന്നുണ്ട്. ചില സഭാപിതാക്കന്മാർ നല്കിയ

ഉത്തരമാണിത്. ഒരുപക്ഷേ ചരിത്രവസ്തുതകളോടു കൂടുതൽ നിര ക്കുന്നതാണ് ഈ വിശദീകരണം എന്നു തോന്നുന്നു. ഇതിൻപ്രകാരം യൂദാസ് സ്കറിയോത്ത തീവ്രവാദിസംഘടനയിലെ ഒരാളായിരുന്നു; തീവ്രവാദിയായ ശിമയോന്റെ കൂട്ടുകാരൻ. അവർ ഒരുമിച്ചാണ് യേശുവിന്റെ ശിഷ്യഗണത്തിലേക്കു വന്നത്. ഗുരുവുമായുള്ള സഹ വാസത്തിലൂടെ ശിമയോന്റെ ആശയങ്ങളിൽ മാറ്റമുണ്ടായി. എന്നാൽ യൂദാസ് ഗുരുവിനെ തന്റെ പദ്ധതികൾക്കനുസരിച്ച് മാറ്റാൻ കഴിയും എന്നു പ്രതീക്ഷിച്ചു.

യേശുവിന്റെ അത്ഭുതസിദ്ധികളിലും ജനക്കൂട്ടത്തെ ആകർഷിക്കാനുള്ള കഴിവിലും യൂദാസിന് ബോധ്യമുണ്ടായിരുന്നു. ഇസ്രായേലിനെ രക്ഷിക്കാൻ ദൈവം അയച്ച മിശിഹായാണ് യേശു എന്ന് അയാൾ ഉറച്ചു വിശ്വസിച്ചു. അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ സംതൃപ്തരാക്കിയ അത്ഭുതത്തിനു തൊട്ടുപിന്നാലെ സംഭ വിച്ചത് യേശുവിനെ രാജാവാക്കാനുള്ള ഒരു ശ്രമമാണ് (യോഹ 6,14-15). യേശുവിന്റെ ശിഷ്യന്മാർപോലും ഈ ശ്രമത്തിൽ പങ്കാളി കൾ ആയതിനാലാവും കൊടുങ്കാറ്റു പതിയിരുന്ന ഗലീലിക്കടലി ലേക്ക് സന്ധ്യ ആയപ്പോൾ ഗുരുനാഥൻ അവരെ ഇറക്കിവിട്ടതും ഒറ്റയ്ക്ക് മലമുകളിലേക്കു പിൻമാറിയതും.

പിറ്റേദിവസം കഫർണാമിൽ വച്ചു നടന്ന സംഭാഷണ ത്തിന്റെ അവസാനം വലിയൊരു സംഘർഷമുണ്ടായി. ശിഷ്യന്മാ രിൽ പലരും ഗുരുവിനെ വിട്ടുപോയി. നിങ്ങളും പോകാൻ ആഗ്ര ഹിക്കുന്നുവോ എന്ന ഗുരുവിന്റെ ചോദ്യത്തിന് പത്രോസ് ഒരു വിശ്വാ സപ്രഖ്യാപനത്തിലൂടെ ഉത്തരം പറഞ്ഞു (യോഹ 6,60-69). ഇതിനു തൊട്ടുപിന്നാലെയാണ് യൂദാസിനെക്കുറിച്ചുള്ള ആദ്യത്തെ നിഷേ ധാത്മകമായ പരാമർശം ഉണ്ടാകുന്നത്. "നിങ്ങൾ പന്ത്രണ്ടുപേരെ യല്ലേ ഞാൻ തിരഞ്ഞെടുത്തത്? എന്നാൽ നിങ്ങളിൽ ഒരുവൻ പിശാ ചാണ്. അവൻ ഇതു പറഞ്ഞത് ശിമയോൻ സ്കറിയോത്തായുടെ മകൻ യൂദാസിനെക്കുറിച്ചാണ്. എന്തെന്നാൽ പന്ത്രണ്ടുപേരിൽ ഒരു വനായ അവനാണ് യേശുവിനെ ഒറ്റിക്കൊടുക്കാനിരുന്നത്" (യോഹ 6,70-71). യേശുവിനെ രാജാവാക്കാനുള്ള ജനങ്ങളുടെ ശ്രമത്തിൽ യൂദാസും നിർണ്ണായകമായ പങ്കുവഹിച്ചിരിക്കാം. എന്നാൽ വിശുദ്ധ കുർബ്ബാനയെക്കുറിച്ചുള്ള യേശുവിന്റെ പ്രഭാഷണത്തിനു തൊട്ടു പിന്നാലെ യൂദാസിനെ പിശാചായി ചിത്രീകരിച്ചിരിക്കുന്നത് വലിയ

ഒരു സൂചനയാണ്. പത്രോസ് യേശുവിനെ ജീവന്റെ വചനം സ്വന്ത മായുള്ള കർത്താവായി ഏറ്റുപറഞ്ഞു. എന്നാൽ അപ്രകാരം ഒരു വിശ്വാസം യൂദാസിനുണ്ടായിരുന്നില്ല എന്ന് അനുമാനിക്കാം. ഇവി ടെയാണ് യൂദാസിന്റെ യഥാർത്ഥ ലക്ഷ്യവും സ്വഭാവവും വ്യക്ത മാകുന്നത്.

യേശു തന്റെ ശരീരരക്തങ്ങൾ നിത്യജീവനുവേണ്ട ആഹാ രമായി നല്കും എന്ന പ്രഖ്യാപനമാണ് അനേകം മനുഷ്യർക്കു കഠിന വചനമായി തോന്നിയതും, ഗുരുവിനെ വിട്ടുപോകാൻ അവരെ പ്രേരിപ്പിച്ചതും (യോഹ 6,60-66). യൂദാസ് വിട്ടുപോയില്ല; തന്റെ പദ്ധതികളുടെ സാക്ഷാത്കാരത്തിനായി യേശുവിന്റെ കൂടെ നിന്നു. അത്ഭുതപ്രവർത്തനങ്ങളിൽ ആകൃഷ്ടനായെങ്കിലും ഗുരു വിന്റെ പ്രബോധനങ്ങൾ ഹൃദയത്തിൽ സ്വീകരിക്കാൻ അയാൾക്കു കഴിഞ്ഞില്ല.

ദാവീദിന്റെ രാജ്യം തിരിച്ചുപിടിക്കുന്ന ഒരു രാജാവായി, ദാവീദിന്റെ പുത്രനായിട്ടാണ് അയാൾ യേശുവിനെ കണ്ടത്. ഇതു യൂദാസിന്റെ മാത്രം സ്വപ്നമായിരുന്നില്ല. പലശിഷ്യന്മാരും വച്ചു പുലർത്തിയ പ്രതീക്ഷകളും വ്യത്യസ്തമായിരുന്നില്ല. ഇടതും വല തുമുള്ള സ്ഥാനത്തെക്കുറിച്ച് സെബദീപുത്രന്മാർ ചോദിക്കുമ്പോൾ പ്രകടമാക്കുന്നതും ഇതേ സ്വപ്നം തന്നെയാണ് (മർക്കോ 10,37). പത്രോസിന്റെ വിശ്വാസപ്രഖ്യാപനം പരസ്യമാക്കരുത് എന്നു യേശു നിർദ്ദേശിക്കാൻ കാരണവും (മർക്കോ 8,30) മറ്റൊന്നല്ല. - യേശു വിന്റെ മരണംവരെ ശിഷ്യന്മാർ ഇപ്രകാരം ഒരു സ്വപ്നം കാത്തു സൂക്ഷിച്ചിരുന്നു എന്ന് എമ്മാവൂസ് ശിഷ്യന്മാരുടെ സംഭാഷണവും വ്യക്തമാക്കുന്നു (ലൂക്കാ 24,21).

ഒരുപക്ഷേ, മറ്റെല്ലാ ശിഷ്യന്മാരെയുംകാൾ കൂടുതൽ യൂദാസ് യേശുവിനെ മിശിഹാ ആയി വിശ്വസിക്കുകയും അംഗീകരിക്കു കയും ആദരിക്കുകയും ചെയ്തിരുന്നു എന്നു കരുതാൻ ന്യായ മുണ്ട്. ജറുസലെമിലേക്കു നടത്തിയ രാജകീയ പ്രവേശനത്തിൽ ഏറ്റം അധികം സന്തോഷിച്ചതും യൂദാസ് ആയിരുന്നിരിക്കാം. എന്നാൽ തുടർന്നുള്ള യേശുവിന്റെ പ്രവർത്തനങ്ങൾ യൂദാസിന്റെ പ്രതീക്ഷകൾക്കും താൽപര്യങ്ങൾക്കും യോജിക്കുന്നതായിരുന്നില്ല. അതിനാൽ യേശുതന്നെയാണ് യഹൂദർ പ്രതീക്ഷിച്ചിരുന്ന മിശിഹാ എന്നു തെളിയിക്കുക ആവശ്യമായി യൂദാസ് കരുതി. സാൻഹെ

ദ്രിൻസംഘം തന്നെ യേശുവിനെ മിശിഹായായി അംഗീകരിച്ചാൽ കാര്യങ്ങൾ കൂടുതൽ എളുപ്പമാകും. അതിനാൽ സാൻഹെദ്രിൻസംഘത്തിന്റെ ഔദ്യോഗികസമ്മേളനത്തിനു മുമ്പിൽ യേശുവിനെ നിർത്തി തെളിവുകൾ അവതരിപ്പിക്കാനും സംഘത്തെ ബോധ്യപ്പെടുത്താനും വേണ്ടിയാവാം യൂദാസ് ശ്രമിച്ചത്.

ഇപ്രകാരമൊരു സമ്മേളനത്തിന് ഗുരുനാഥൻ തയ്യാറാവുകയില്ല എന്നു കരുതാൻ യൂദാസിനു മതിയായ കാരണങ്ങളുണ്ടായിരുന്നു; പ്രത്യേകിച്ചും ദേവാലയശുദ്ധീകരണവും തുടർന്ന് യഹൂദനേതാക്കളുമായുണ്ടായ ഏറ്റുമുട്ടലുകളും സമാധാനപരമായ ഒരു സംഭാഷണത്തിനുള്ള എല്ലാ പഴുതും അടച്ചുകഴിഞ്ഞിരുന്നു. അതിനാൽ യേശുവിനെ ബലമായിത്തിന്നെ സാൻഹെദ്രിൻസംഘത്തിനുമുമ്പിൽ കൊണ്ടുവരുന്നത് അത്യാവശ്യമായി യൂദാസ് കരുതിയിട്ടുണ്ടാവാം. അതിനുള്ള മാർഗ്ഗങ്ങളാണ് നേതാക്കന്മാരുമായി യൂദാസ് ആലോചിച്ചതും കണ്ടെത്തിയതും.

യേശുവിനെ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കാൻ യഹൂദനേതാക്കൾക്കോ റോമൻ അധികാരികൾക്കോ കഴിയും എന്നു യൂദാസ് കരുതിയിട്ടുണ്ടാവില്ല. അറസ്റ്റുചെയ്യാൻ വന്ന പടയാളികൾ വെറും കയ്യോടെ മടങ്ങിയതും (യോഹ 7,32.45-46) യേശുവിനെ പിടിക്കാനും കല്ലെറിയാനും ശ്രമിച്ച നേതാക്കന്മാർ പലതവണ പരാജയപ്പെട്ടതും (യോഹ 7,30; 8,50; 10,31-39; മത്താ 21,45-46; ലൂക്കാ 19,47-48) യൂദാസ് നേരിൽ കണ്ടറിഞ്ഞതാണ്. അതിനാൽ യേശുവിന് എന്തെങ്കിലും ദ്രോഹം സംഭവിച്ചേക്കാം എന്ന ഭയംകൂടാതെതന്നെ നേതാക്കന്മാരുടെ കൈകളിൽ ഏല്പിച്ചുകൊടുക്കാൻ യൂദാസിനു കഴിഞ്ഞു.

ഇതുകൊണ്ടുതന്നെയല്ലേ സാൻഹദ്രിൻസംഘം യേശുവിനെ വിചാരണചെയ്ത് വധശിക്ഷ വിധിച്ചപ്പോൾ യൂദാസ് നിരാശനായത്? പ്രതീക്ഷിച്ചതിനു വിരുദ്ധമാണ് സംഭവിച്ചത്. ഗദ്സെമെൻ മുതൽ യേശുവിന്റെ പ്രവർത്തനങ്ങൾ യൂദാസിന്റെ പദ്ധതികളനുസരിച്ചല്ല നീങ്ങിയത്. പീഡനവും പരിഹാസവും ഒന്നും ആ പദ്ധതിയിലുണ്ടായിരുന്നില്ല. എന്നാൽ യേശു തികച്ചും നിസ്സഹായനായി പ്രത്യക്ഷപ്പെട്ടു. എവിടെപോയി താൻ കണ്ട മിശിഹായുടെ അത്ഭുതസിദ്ധികളും മഹാശക്തിയും? എന്തേ മാലാഖമാരുടെ വ്യൂഹങ്ങൾ അവനു സംരക്ഷണവലയം തീർത്തില്ല? എന്തേ

ദാവീദിന്റെ പുത്രനായ മിശിഹാരാജാവ് വെറും ഒരു സാധാരണ കുറ്റവാളിയെപ്പോലെ വലിച്ചിഴയ്ക്കപ്പെടുന്നു? യൂദാസിന് ഒന്നും മനസ്സിലായില്ല.

താൻ പ്രതീക്ഷിച്ച അഭിമുഖസംഭാഷണവും മിശിഹായെന്ന ഔദ്യോഗികപ്രഖ്യാപനവും ഒന്നും യാഥാർത്ഥ്യമാവുന്നില്ല എന്നു കണ്ടപ്പോൾ ചവുട്ടിനിന്ന മണ്ണ് കാൽക്കീഴിൽനിന്നു തെന്നിമാറുന്നതായി യൂദാസിനു തോന്നി. താൻ വലിയൊരു വഞ്ചനയ്ക്ക് ഇരയായിരിക്കുന്നു എന്ന അവബോധം അതിന്റെ സർവ്വഭീകരതയോടുംകൂടെ അവന്റെ അന്തരാത്മാവിലേക്ക് ആഴ്ന്നിറങ്ങി. താൻ മിശിഹായാണെന്ന സത്യം തെളിയിക്കാൻ യേശുവിനൊവസരം നല്കുകയല്ല, ദൈവദൂഷണക്കുറ്റം ആരോപിച്ച് വധശിക്ഷ പ്രഖ്യാപിക്കുകയാണ് സാൻഹെദ്രിൻസംഘത്തിന്റെ ലക്ഷ്യമെന്ന് വൈകിയാണ് അയാൾക്കു മനസ്സിലായത്. ഇതാണ് ഒരു വഞ്ചന എന്നാൽ ഇതിനേക്കാൾ വലിയൊരു വഞ്ചനയ്ക്കും അയാൾ ഇരയായി എന്നു കരുതാൻ ന്യായമുണ്ട്.

അനേകം അത്ഭുതങ്ങൾ കണ്ടപ്പോൾ യേശു തന്നെയാണ് ദൈവം അയയ്ക്കുന്ന മിശിഹാ എന്ന് യൂദാസ് ആത്മാർത്ഥമായി വിശ്വസിച്ചു. ആ വിശ്വാസമാണ് ഇപ്പോൾ നിഷ്ക്കരുണം നിഷേധിക്കപ്പെടുന്നത്. നസ്രത്തിൽനിന്നു വന്ന തച്ചന്റെ മകൻ വാസ്തവത്തിൽ വെറും ഒരു സാധാരണമനുഷ്യൻ മാത്രമായിരുന്നു എന്ന അവബോധമാണ് വധശിക്ഷ ഏറ്റുവാങ്ങി പരാജിതനും പരിഹാസിതനുമായി നില്ക്കുന്ന തന്റെ ഗുരുനാഥനെ കണ്ടപ്പോൾ യൂദാസിന്റെ ഉള്ളിൽ നിറഞ്ഞത്. താൻ ചെയ്തത് വലിയൊരപരാധമായിപ്പോയി. തന്നെ ഇത്രമാത്രം സ്നേഹിക്കുകയും പരിഗണിക്കുകയും ആദരിക്കുകയും ചെയ്ത ഗുരുവിനെ താൻ ഒറ്റിക്കൊടുക്കുകയായിരുന്നു എന്ന ബോധ്യം അയാളുടെ മനഃസാക്ഷിയെ പിച്ചിച്ചീന്തി, ബോധമണ്ഡലത്തെ കുറ്റബോധവും നിരാശയുംകൊണ്ടു നിറച്ചു.

അവൻ മനസ്തപിച്ചു എന്ന് സുവിശേഷകൻ എടുത്തുപറയുന്നുണ്ട്. “നിഷ്ക്കളങ്കരക്തം ഒറ്റിക്കൊടുത്ത് ഞാൻ പാപം ചെയ്തിരിക്കുന്നു” (മത്താ 27,4) എന്ന് അത്യഗാധമായ ദുഃഖത്തോടെ അയാൾ പാപം ഏറ്റുപറഞ്ഞു. ചെയ്ത കുറ്റത്തിനു പരിഹാരമായി, കിട്ടിയ തുക തിരിച്ചേല്പിച്ചു; താൻ ചെയ്ത മാരകമായ തെറ്റിന്

സ്വന്തം മരണംകൊണ്ടുതന്നെ പരിഹാരവും അനുഷ്ഠിച്ചു. എന്നിട്ടും യൂദാസ് ദൈവശാപമേറ്റവരുടെ പ്രതീകവും പ്രതിനിധിയുമായി നിലനില്ക്കാൻ കാരണമെന്ത്? എവിടെയാണ് യൂദാസിനു പിഴച്ചത്?

യേശുവിനെ വിശ്വസിക്കുകയും അവന്റെ വഴികളും പദ്ധതികളും തേടുകയും ചെയ്യുന്നതിനുപകരം അവനിലൂടെ സ്വന്തം പദ്ധതികൾ പൂർത്തിയാക്കാൻ ശ്രമിച്ചു എന്നതാണ് പരാജയത്തിന്റെ ആദ്യകാരണം എന്നു തോന്നുന്നു. യേശു നല്കിയ പ്രത്യേകപരിഗണനയും അംഗീകാരവും തന്റെ പദ്ധതികൾക്കുള്ള അംഗീകാരമായി അയാൾ തെറ്റിദ്ധരിച്ചു. മാനസാന്തരത്തിനായി യേശു നല്കിയ അവസരങ്ങളും ആഹ്വാനങ്ങളും തന്റെ പദ്ധതികൾക്കുള്ള പ്രോത്സാഹനമായി അയാൾ വിലയിരുത്തി. നിങ്ങളിൽ ഒരുവൻ പിശാചാണ് എന്ന ഗുരുമൊഴി തന്നെക്കുറിച്ചായിരിക്കാം എന്ന് അയാൾ കരുതിയില്ല. “സാത്താനെ എന്റെ മുമ്പിൽനിന്നു പോകൂ ” (മത്താ 16,21) എന്ന ഗുരുവചനം കേട്ട പത്രോസിനു മാനസാന്തരമുണ്ടായി. എന്നാൽ യൂദാസിന് തന്റെ പദ്ധതികളെ ഉപേക്ഷിക്കാൻ ഗുരുവചനം പര്യാപ്തമായില്ല. വിശ്വാസം വഴി സംജാതമാകേണ്ട യഥാർത്ഥ മനഃപരിവർത്തനം യൂദാസിനുണ്ടായില്ല. യൂദാസ് യേശുവിൽ വിശ്വസിച്ചു; ആത്മ ബലിയിലൂടെ ലോകത്തിനു രക്ഷ നല്കാൻ മനുഷ്യനായി അവതരിച്ച ദൈവപുത്രനായിട്ടല്ല, വിദേശമേൽക്കോയ്മയിൽനിന്നു മോചിപ്പിച്ച് ഇസ്രായേൽജനതയെ ഏറ്റം വലിയ സാമ്രാജ്യശക്തിയാക്കി ഉയർത്തുന്ന ദാവീദിന്റെ പുത്രൻ മിശിഹാ ആയി.

യൂദാസിന്റെ പരാജയം മുഖ്യമായും വിശ്വാസത്തിന്റെ മണ്ഡലത്തിലാണു സംഭവിച്ചത്. ബലഹീനതയിലാണ് ദൈവത്തിന്റെ ശക്തി പ്രകടമാകുക എന്ന് അയാൾക്കു ഗ്രഹിക്കാൻ കഴിഞ്ഞില്ല. ദാവീദിന്റെ സാമ്രാജ്യം സ്വപ്നം കണ്ടവന് സഹനദാസന്റെ ചിത്രം മനസിലാക്കാനായില്ല. മിശിഹായെക്കുറിച്ചുള്ള അയാളുടെ കാഴ്ചപ്പാടിൽ സഹനത്തിനും മരണത്തിനും സ്ഥാനമുണ്ടായിരുന്നില്ല. അതിനാൽത്തന്നെ പരാജിതനായി നിന്ന യേശുവിൽ മിശിഹായെ കാണാൻ അയാൾക്കു കഴിഞ്ഞില്ല. വധശിക്ഷ വിധിക്കപ്പെട്ട ഒരു നിഷ്ക്കളങ്കൻ ആയി മാത്രമേ യേശുവിനെ കാണാൻ അയാൾക്കു കഴിഞ്ഞൂള്ളൂ.

ഭീകരമായൊരു തെറ്റിദ്ധാരണയുടെ ഇര മാത്രമായിരുന്നോ

യൂദാസ്? വെറും മുപ്പതു വെള്ളിനാണയത്തിനു വേണ്ടി ഗുരുവിനെ ഒറ്റിക്കൊടുത്ത വഞ്ചകനോ ഗുരുഘാതകനോ ആയി കണ്ടതു കൊണ്ട് യൂദാസിന്റെ യഥാർത്ഥ രൂപം വ്യക്തമാവുകയില്ല. അയാൾ ചെയ്ത പ്രവൃത്തികളുടെ ഉത്തരവാദിത്വം ബൈബിൾ ഒരു വിധ ത്തിലും കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യുന്നില്ല. അതേസമയം ഏതൊരു വ്യക്തിക്കും, പ്രത്യേകിച്ചും യേശുവിന്റെ തിരഞ്ഞെടുക്ക പ്പെട്ട ശിഷ്യർക്ക്, സംഭവിക്കാവുന്ന ഭീകരമായ ദുരന്തത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണ് ബൈബിളിൽ യൂദാസ്. ലഭിച്ച അവസര ങ്ങളെല്ലാം പാഴാക്കി; ഏല്പിക്കപ്പെട്ട ദൗത്യങ്ങൾ ദുരുപയോഗിച്ചു; ദൗത്യങ്ങളിൽ ദയനീയമായി പരാജയപ്പെട്ടു. അവസാനം കുറ്റ ബോധം വേട്ടയാടിയപ്പോൾ വിമോചകനായ യേശുവിന്റെ പാദാ ന്തികത്തിൽ അഭയം തേടുന്നതിനുപകരം ആത്മഹത്യയിലൂടെ ജീവിതം അവസാനിപ്പിച്ചു. ശത്രുക്കൾക്ക് ഏല്പിച്ചുകൊടുക്കാൻ അടയാളമായ ചുംബനം നല്കാൻ അടുത്തുവന്നവനെ സ്നേഹിതാ എന്ന് അഭിസംബോധന ചെയ്ത ഗുരനാഥൻ തനിക്കു മാപ്പുതരും എന്ന് കരുതാൻ അയാൾക്കു കഴിഞ്ഞില്ല. തള്ളിപ്പറഞ്ഞ പത്രോസ് കണ്ണീരൊഴുക്കി; മാപ്പു സ്വീകരിക്കാൻ തയ്യാറായി. എന്നാൽ യൂദാ സിന് അതു സാധിച്ചില്ല.

പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളെയും സ്വന്തം ബുദ്ധി യുടെ തോന്നലുകളെയും പിശാചിന്റെ പ്രലോഭനങ്ങളെയും വേർതി രിച്ചറിയാൻ യൂദാസിനു കഴിഞ്ഞില്ല എന്നതാണ് അയാൾക്കു സംഭ വിച്ച ദുരന്തങ്ങളുടെ മുഖ്യകാരണം. താൻ ചെയ്യുന്നതെല്ലാം ശരി യാണ് എന്ന തോന്നൽ അയാളെ ഭീകരമായ നാശഗർത്തത്തിലെ ത്തിച്ചു - അയാൾക്കുമുമ്പേ കടന്നുപോയ സാംസണും സാവൂളും മറ്റനേകരും പോലെ പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കു വഴി പ്പെടാതെ പിശാചിന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചു. ഗുരുനാഥന്റെ താക്കീതുകൾ മറ്റാർക്കോ വേണ്ടിയുള്ളതായി കരുതി തിരസ്ക്ക രിച്ചു. അവസാനം തന്റെ പദ്ധതികൾ പാളിയെന്നു മനസിലായ പ്പോൾ കരകയറാൻ കഴിയാത്ത നിരാശയുടെ ഇരുൾക്കുഴിയിൽ നിപതിച്ചു.

ഒരിക്കലും അനുകരിക്കാൻ പാടില്ലാത്ത ഒരു ദുർമ്മാതൃക യാണ് യൂദാസ്. എപ്രകാരം ദൈവത്തിൽനിന്നകന്ന് നാശത്തിൽ നിപതിക്കാം എന്ന് അയാളുടെ ജീവിതം പഠിപ്പിക്കുന്നു. എന്നാൽ

യൂദാസിനെ ശപിച്ച് നരകത്തിൽ തള്ളാനാവുമോ? “ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു” എന്ന് യൂദാസിനെക്കുറിച്ചു വിലപിച്ച യേശുതന്നെയാണ് കുരിശിൽ കിടന്നു പ്രാർത്ഥിച്ചത്: “പിതാവേ, അവരോടു ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല” (ലൂക്കാ 23,34). ഈ പ്രാർത്ഥനയിൽ തന്റെ പ്രിയശിഷ്യനായ യൂദാസും ഉൾപ്പെട്ടില്ല എന്നു പറയാനാവുമോ? യൂദാസിന്റെമേൽ വിധിപ്രസ്താവിക്കാനല്ല, അയാളുടെ ജീവിതം നല്കുന്ന പാഠത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ട് ആത്മാർത്ഥമായ ആത്മശോധനയ്ക്കുംജീവിതപരിവർത്തനത്തിനും ക്ഷണിക്കാനാണ് ബൈബിൾ യൂദാസിന്റെ ചിത്രം ഇത്ര വിശദമായി അവതരിപ്പിക്കുന്നത്. തെറ്റ് ഏറ്റുപറയേണ്ടത് കുറ്റകൃത്യത്തിൽ പങ്കാളിയായ കയ്യാഫാസിന്റെ അടുക്കലല്ല, രക്ഷകനും പാപമോചകനുമായ യേശുവിന്റെ അടുക്കലാണ്.

യൂദാസിന്റെ കഥയിൽ ഉത്തരം കിട്ടാത്ത ഒരു കടങ്കഥയായി അവശേഷിക്കുന്നു ദൈവികപദ്ധതിയും മനുഷ്യന്റെ ഉത്തരവാദിത്വവും തമ്മിലുള്ള ബന്ധം. ദൈവപുത്രനായ യേശുവിന്റെ കുരിശിലെ ബലിയിലൂടെയാണ് ലോകരക്ഷ സാധ്യമായത്. ആ ബലിയിലേക്കു നയിച്ചതാണ് യൂദാസിന്റെ പ്രവൃത്തി. യേശുവിനെ യഹൂദനേതാക്കന്മാർക്ക് ഏല്പിച്ചുകൊടുത്തതോടെയാണ് കുരിശിലെ ബലി ആരംഭിച്ചത്. ഇതു ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു എന്ന് പ്രവചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പത്രോസ് സ്ഥാപിക്കുന്നുണ്ട് (അപ്പ, 1,16-20). അതിനാൽ ദൈവികപദ്ധതി പൂർത്തിയാക്കുന്നതിൽ ഏറ്റം കൂടുതൽ പങ്കുവഹിച്ച യൂദാസിനെ വഞ്ചകനും ഗുരുഘാതകനുമായിട്ടല്ല, ഏറ്റം വലിയ വിശുദ്ധനായി കരുതണം എന്നു വാദിക്കുന്നവരുണ്ട്. ഇപ്രകാരമൊരു ചിന്താഗതി രണ്ടാം നൂറ്റാണ്ടു മുതൽ നിലവിലിരുന്നതായി യൂദാസിന്റെ സുവിശേഷം എന്ന അപ്രാമാണികഗ്രന്ഥത്തിൽനിന്നു കാണാം.

എ.ഡി. രണ്ടാംനൂറ്റാണ്ടിന്റെ പകുതിയോടെ പ്രചാരത്തിൽ വന്ന ഒരു ഗ്നോസ്റ്റിക് കൃതിയാണ് “യൂദാസിന്റെ സുവിശേഷം” യേശുവും യൂദാസും തമ്മിലുള്ള സംഭാഷണങ്ങളുടെ 16 അധ്യായങ്ങളാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കം. അനശ്വരമായ ആത്മാവിനെ അടച്ചിട്ടിരിക്കുന്ന ശരീരമാകുന്ന തടവറയിൽനിന്നുതന്നെ മോചിപ്പിക്കണം എന്ന യേശുവിന്റെ അഭ്യർത്ഥന അനുസരിച്ചാണ് യൂദാസ്

കരുക്കൾ നീക്കിയതും യേശുവിനെ മരണത്തിന് ഏല്പിച്ചുകൊടുത്തതും എന്ന് ഈ ഗ്രന്ഥം അവകാശപ്പെടുന്നു. മനുഷ്യന്റെ യഥാർത്ഥസ്വഭാവത്തെ, അതായത് ശരീരമാകുന്ന തടവറയിൽ അടച്ചിട്ടിരിക്കുന്ന ഒരു ദൈവികസ്ഫുലിംഗമാണ് മനുഷ്യൻ എന്ന സത്യത്തെ, ശിഷ്യരുടെ ഇടയിൽ യൂദാസിനുമാത്രമേ അറിയുമായിരുന്നുള്ളൂ. യേശുവിൽനിന്നു യൂദാസിനു നേരിട്ടു ലഭിച്ച പ്രത്യേക അറിവാണിത്. അതനുസരിച്ചാണ് യൂദാസ് പ്രവർത്തിച്ചത്. അതിനാൽ യൂദാസിനെ വഞ്ചകനും ഒറ്റുകാരനുമായി ചിത്രീകരിക്കുന്നതു ശരിയല്ല. യഥാർത്ഥത്തിൽ രക്ഷാചരിത്രത്തിലെ ഏറ്റം വലിയ ഹീറോ ആണ് യൂദാസ് എന്ന് ഈ സുവിശേഷം അവകാശപ്പെടുന്നു.

യൂദാസിനെ ഹീറോയും വിശുദ്ധനുമായി കാണുന്നതിന് ന്യായീകരണമില്ലെങ്കിലും ദൈവികപദ്ധതിയിൽ അയാൾക്കും സ്ഥാനമുണ്ട് എന്നതു നിഷേധിക്കാനാവില്ല, സാത്താനും സർപ്പത്തിനും കായേനും എല്ലാം സ്ഥാനമുള്ളതുപോലെ. എന്നാൽ തന്നെ സംബന്ധിച്ച ദൈവികപദ്ധതി ബോധപൂർവ്വം പൂർത്തിയാക്കാൻ വേണ്ടിയാണ് യൂദാസ് യേശുവിനെ പണം വാങ്ങി ഏല്പിച്ചുകൊടുത്തത് എന്നു പറയാനും തക്കതായ ന്യായമൊന്നുമില്ല. യേശുവുമായുള്ള എല്ലാ ഇടപെടലുകളിലും യൂദാസിന് തന്റേതായ കാരണങ്ങളും ലക്ഷ്യങ്ങളും ഉണ്ടായിരുന്നു.

തികച്ചും സ്വതന്ത്രമായി എടുത്തു നടപ്പിലാക്കിയ ആ തീരുമാനങ്ങളുടെ പൂർണ്ണമായ ഉത്തരവാദിത്വവും യൂദാസിനുണ്ട്. എന്നാൽ യൂദാസിന് മനസ്സിലാക്കാൻ എന്നല്ല, ഊഹിക്കാൻപോലും കഴിയാതിരുന്ന ഒരു പദ്ധയുടെ പൂർത്തീകരണം അയാളിലൂടെ നടക്കുകയായിരുന്നു എന്നതും സത്യം. ഇവിടെ നമ്മൾ യുക്തിയുടെയും മാനുഷികബുദ്ധിയുടെയും അതിരുകളിൽ എത്തുന്നു. ദൈവത്തിന്റെ പദ്ധതിയും മനുഷ്യന്റെ സ്വാതന്ത്ര്യവും തമ്മിൽ എങ്ങനെ പൊരുത്തപ്പെടാനാവും? ദൈവികപദ്ധതി അനുസരിച്ചാണ് യൂദാസ് യേശുവിനെ ഏല്പിച്ചുകൊടുത്തതെങ്കിൽ അയാളെ കുറ്റം വിധിക്കാനാവുമോ എന്ന ചോദ്യത്തിന് ഉത്തരം നല്കുക എളുപ്പമല്ല. നമ്മുടെ പരിമിതമായ അറിവിന്റെ പരിധിക്കുള്ളിൽനിന്നു ഇത്രയുമേ പറയാൻകഴിയൂ; യൂദാസിനു ലഭ്യമായിരുന്ന അറിവും അയാൾക്കുണ്ടായിരുന്ന ലക്ഷ്യബോധവും അനുസരിച്ച് അയാൾ ചെയ്ത പ്രവൃ

ത്തിയുടെ പൂർണ്ണമായ ഉത്തരവാദിത്വം യൂദാസിനുണ്ട്. ദൈവ ത്തിന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കുക എന്നതായിരുന്നില്ല, തന്റെ പദ്ധതികൾക്ക് യേശുവിനെ വിധേയനാക്കുക, അഥവാ ഉപ യോഗിക്കുക എന്നതായിരുന്നു ആ ലക്ഷ്യം. അത് സ്വാർത്ഥതാത്പ ര്യത്താൽ പ്രേരിതമായിരുന്നു. ഗുരുനാഥനുമായുള്ള സന്തതസഹ വാസവും ഗുരുനാഥന്റെ പ്രബോധനങ്ങളും പലതവണ ആവർത്തിച്ച താക്കീതുകളും സ്വീകരിക്കാതെ യൂദാസ് എടുത്ത തീരുമാനത്തിന് അയാൾതന്നെ ഉത്തരവാദി. എന്നാൽ അതേസമയം ആ പ്രവൃ ത്തിയിലൂടെ ദൈവികപദ്ധതിപൂർത്തിയാവുകയായിരുന്നു എന്നത് രക്ഷണീയസത്യം.

ഇത് യൂദാസിനെയും അയാളുടെ പ്രവൃത്തിയെയും മാത്രം ബാധിക്കുന്ന ഒരറിവല്ല. ഏതു മനുഷ്യന്റെയും ഏതു പ്രവൃത്തിയിലും ഈ സത്യം യാഥാർത്ഥ്യമാകുന്നു. മനുഷ്യന്റെ സ്വാതന്ത്ര്യവും ദൈവികപദ്ധതിയും തമ്മിൽ നിലനില്ക്കുന്ന ബന്ധം ദൈവത്തിന്റെ തന്നെ നിഗൂഢതയിൽ ഊന്നിനില്ക്കുന്നു. അതിനാലാവാം യേശു പറഞ്ഞത്: "വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല" (മത്താ 7,1).



14

# നസ്രസത്തിലെ തച്ചൻ

പരസ്യജീവിതം ആരംഭിക്കുന്നതുവരെ പ്രായേണ അജ്ഞാതമായ ഒരു ഗ്രാമത്തിൽ ആശാരിപ്പണി ചെയ്ത് ഉപജീവനം കഴിച്ചിരുന്ന ഒരു സാധാരണ തൊഴിലാളിയായിരുന്നു യേശു. എന്നാൽ യേശുവിനെക്കുറിച്ചുള്ള പഠനങ്ങളിലോ വിശ്വാസപ്രഖ്യാപനങ്ങളിലോ ഒന്നും ഈ യാഥാർത്ഥ്യം പരാമർശിക്കപ്പെടാറില്ല. തൊഴിലാളികൾക്ക് ഒരു മധ്യസ്ഥനെ അന്വേഷിക്കുന്നവർ തൊഴിലാളിയായ യേശുവിലേയ്ക്കല്ല, ജോസഫിലേക്കാണ് തിരിയുക. പുതിയ നിയമംപോലും യേശു മരപ്പണിക്കാരനായിരുന്നു എന്ന യാഥാർത്ഥ്യത്തെ അല്പം അസ്വസ്ഥയോടുകൂടെ മാത്രം സ്വീകരിക്കുന്നതായിത്തോന്നും. മർക്കോസിന്റെ സുവിശേഷത്തിൽ മാത്രമേ യേശു ഒരു തച്ചനായി ചിത്രീകരിക്കപ്പെടുന്നുള്ളൂ; അതും എതിരാളികളുടെ വാക്കുകളിൽ (മർക്കോ 6: 3). മത്തായിയുടെ സുവിശേഷത്തിൽ തച്ചന്റെ മകൻ ആയി (മത്താ 13,55) മറ്റു സുവിശേഷകന്മാരോ ലേഖനകർത്താക്കളോ ഈ തൊഴിലിനെക്കുറിച്ചു പ്രതിപാദിക്കുന്നതേയില്ല. ക്രിസ്തുവിജ്ഞാനീയത്തിലും സാധാരണജനത്തിന്റെ ഭക്തിവികാരത്തിലും ഈ യാഥാർത്ഥ്യത്തിന് ഒരു പ്രാധാന്യവും കല്പിച്ചിട്ടില്ല. പക്ഷേ ജീവിതത്തിന്റെ ഏറിയകൂറും ആശാ

രിയുടെ പണിശാലയിലാണ് യേശു ചിലവഴിച്ചത് എന്നു കരുതാൻ മതിയായ കാരണങ്ങളുണ്ട്. ഈ യാഥാർത്ഥ്യത്തിന് ക്രിസ്തുവിജ്ഞാനീയത്തിൽ ഒരു പ്രാധാന്യവുമില്ലേ? മരപ്പണിക്കാരനായ യേശുവിന് ഇന്ന് തന്റെ ശിഷ്യസമൂഹത്തോട് എന്തെങ്കിലും സന്ദേശം അറിയിക്കാനുണ്ടോ? യേശുവിന്റെ ജീവിതത്തിലെ തികച്ചും അവഗണിക്കപ്പെട്ട ഒരു വശം അപഗ്രഥിക്കാനും അതിന്റെ അർത്ഥവും ഇന്നത്തെ പ്രസക്തിയും ഗ്രഹിക്കാനുമുള്ള വിനീത ശ്രമമാണ് ഇവിടെ നടത്തുന്നത്.

## വിശ്വാസവും ചരിത്രവും

പന്തക്കുസ്താദിവസം ജറുസലെമിൽ യഹൂദസമൂഹത്തോട് പത്രോസ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു: "നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി ഉയർത്തി എന്ന് ഇസ്രായേൽജനം മുഴുവൻ വ്യക്തമായി അറിയട്ടെ". ഏറ്റം പുരാതനമായ വിശ്വാസപ്രഖ്യാപനമായി ഇതിനെ ബൈബിൾ പഠിതാക്കൾ കരുതുന്നു. മുമ്പ് അല്ലാതിരുന്ന ഒന്നായിത്തീരുകയല്ല, ഉത്ഥാനത്തിലൂടെ യേശുവിന്റെ യഥാർത്ഥ വ്യക്തിത്വം വെളിപ്പെടുത്തപ്പെടുകയാണു ചെയ്തത്. ഈ വെളിപാടിലുള്ള വിശ്വാസത്തെയാണ് പൗലോസ് രക്ഷണീയമായി കാണുന്നത്. "യേശു കർത്താവാകുന്നു എന്ന് അധരങ്ങൾകൊണ്ടു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്നുയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും" (റോമാ 10,9). കർത്താവ് എന്ന സംജ്ഞ യഹൂദർ ദൈവത്തിനുമാത്രം ഉപയോഗിച്ചിരുന്നതാണ്. ആ അഭിസംബോധനാരൂപം യേശുവിന് ഉപയോഗിക്കുന്നതിലൂടെ അവിടുത്തെ ദൈവത്തിനു തുല്യനായി ഏറ്റുപറയുകയാണ് വിശ്വാസികളുടെ സമൂഹം ചെയ്യുക.

കേസറിയാ ഫിലിപ്പിയിൽവച്ച് ശിഷ്യന്മാരുടെ വക്താവായി പത്രോസ് നടത്തിയ വിശ്വാസപ്രഖ്യാപനം സഭയുടെ ഏതാദൃശ്യമായ വിശ്വാസത്തിലേക്ക് വിരൽചൂണ്ടുന്നു. "ഞാൻ ആരാകുന്നു" എന്നാണ് നിങ്ങൾ പറയുന്നത്? യേശുവിനെ കണ്ടുമുട്ടുന്ന ഓരോ വ്യക്തിയും ശിഷ്യസമൂഹം മുഴുവനും നേരിടുന്ന ചോദ്യമാണിത്. സഭയുടെ വിശ്വാസം പത്രോസിന്റെ വാക്കുകളിൽ പ്രതിഫലിക്കുന്നു. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" (മത്താ 16,16). ഈ വിശ്വാസപ്രഖ്യാപനം അതിന്റെ പൂർണ്ണരൂപത്തിൽ എത്തു

ന്നത് തോമസിന്റെ വാക്കുകളിലാണ്. ഉണങ്ങാത്ത മുറിപ്പാടുകളു മായി ഉയിർത്തെഴുന്നേറ്റ നാഥന്റെ മുമ്പിൽ പ്രണമിച്ചുകൊണ്ട് ശിഷ്യൻ ഉദ്ഘോഷിച്ചു, “എന്റെ കർത്താവേ, എന്റെ ദൈവമേ” (യോഹ 20,8).

യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നവ രുടെ സമൂഹമാണ് ക്രൈസ്തവർ. ഈ വിശ്വാസത്തിന്റെ പേരിൽ ജീവൻ ബലികൊടുത്ത പതിനായിരക്കണക്കിനു രക്തസാക്ഷിക ളുടെ രക്തത്തിലാണ് സഭ വളർന്നത്. ക്രിസ്തു, രാജാവ്, കർത്താവ്, ദൈവപുത്രൻ, ദൈവം എന്നിങ്ങനെയുള്ള സംജ്ഞകൾ മരണവും ഉത്ഥാനവും വഴി വെളിപ്പെടുത്തപ്പെട്ട യേശുവിന്റെ യഥാർത്ഥ വ്യക്തിത്വത്തെ ഏറ്റുപറയുന്നു. ഈ വിശ്വാസത്തിലാണ് സഭയുടെ അടിത്തറ ഉറപ്പിച്ചിരിക്കുന്നത്. അതിനാൽത്തന്നെ നൂറ്റാണ്ടുകളി ലൂടെ ഈ വിധത്തിലുള്ള വിശ്വാസപ്രഖ്യാപനങ്ങൾക്കു മുൻതൂക്കം ലഭിച്ചു. ഉത്ഥാനത്തിന്റെ വെളിച്ചത്തിൽ യേശുവിന്റ ജീവിതത്തെ ദർശിച്ച ശിഷ്യസമൂഹത്തിന് അവിടുത്തെ വാക്കുകളും ചെയ്തി കളും ദൈവപുത്രനായ ക്രിസ്തുവിന്റെ പ്രവർത്തനങ്ങളാണ്; സത്ര ത്തിൽ സ്ഥലം ലഭിക്കായ്കയാൽ കാലിത്തൊഴുത്തിൽ ജനിക്കു കയും പുൽത്തൊട്ടിയിൽ ശയിക്കുകയും ചെയ്യുന്ന ശിശു ക്രിസ്തുവും കർത്താവുമാണ് (ലൂക്കാ 2,11).

ഔന്നത്യസൂചകങ്ങളായ ഈ പേരുകളെല്ലാം ഉത്ഥാനാന ന്തരവിശ്വാസപ്രഖ്യാപനത്തിലാണ് ഊന്നിനില്ക്കുന്നത്. എന്നാൽ പലസ്തീനായിലെ പരസ്യജീവിതകാലത്ത് യേശുവിന്റെ സമകാ ലികർ അവിടുത്തെ എങ്ങനെയാണ് കണ്ടത്? എന്തഭിപ്രായമാണ് അവർ രൂപീകരിച്ചത്? ഈ ചോദ്യം ചരിത്രപുരുഷനായ യേശുവി ലേക്കു ശ്രദ്ധ തിരിക്കുന്നു. അടുത്തകാലത്ത് ഈ ചോദ്യത്തിന് കൂടുതൽ പ്രസക്തി ലഭിച്ചിട്ടുണ്ട്. വാക്കിലും പ്രവൃത്തിയിലും ശക്ത നായൊരു പ്രവാചകനായി യേശുവിനെ സമകാലികർ കണ്ടിരുന്നു എന്നതിനു സുവിശേഷസത്യങ്ങൾ ഏറെയുണ്ട് (ലൂക്കാ 7,16; 24,19). പ്രവചനങ്ങളുടെ പൂർത്തീകരണമായ യുഗാന്തപ്രവാചകനായി യേശുവിനെ അവതരിപ്പിക്കുന്ന ക്രിസ്തുവിജ്ഞാനീയം ഇന്നു കൂടു തൽ പരിഗണിക്കപ്പെടുന്നു.

പ്രവാചകനെ നിർവ്വചിക്കുന്ന വിധത്തിലും ഇന്നു വൈവിധ്യം ഏറെയുണ്ട്. പാവപ്പെട്ടവരുടെ കൂടെ നിലയുറപ്പിക്കുകയും തന്റെ ചുറ്റിലും നടമാടിയ അനീതിയെ ശക്തമായി എതിർക്കുകയും

ചെയ്ത ഒരു വിപ്ലവകാരിയായി യേശുവിനെ കാണാൻ ശ്രമിക്കുന്നവരുടെ സംഖ്യ ഏറിവരികയാണ്. അനീതിനിറഞ്ഞ സമൂഹത്തിന്റെ ഘടനാപരമായ പരിവർത്തനത്തിനുവേണ്ടി നിലകൊള്ളുകയും അധികാരികളെ വെല്ലുവിളിക്കുകയും ചെയ്തതിന്റെ പേരിൽ ജീവൻ നഷ്ടപ്പെടുത്തിയ നീതിയുടെ മുന്നണിപ്പോരാളിയായി യേശുവിനെ ചിത്രീകരിക്കുന്നവർ ആദ്യം കണ്ട വിശ്വാസത്തിനു വലിയ പ്രാധാന്യം കല്പിക്കാറില്ല. വിശ്വാസത്തിന്റെ വിഷയമായ ക്രിസ്തുവും ചരിത്രപുരുഷനായ യേശുവും തമ്മിൽ വ്യവച്ഛേദിക്കാനുള്ള ശ്രമം ഇവിടെ തെളിയുന്നു.

ക്രിസ്തുവിജ്ഞാനീയരംഗത്തു നടക്കുന്ന ശബ്ദമുഖരിതമായ ഈ വാദകോലാഹലങ്ങളിൽ പങ്കുചേരുകയല്ല ഈ ലേഖനത്തിന്റെ ലക്ഷ്യം. ചരിത്രവസ്തുതയും വിശ്വാസസത്യവും രണ്ടു ധ്രുവങ്ങളിലായി വേർതിരിച്ചുകാണാനുള്ള ശ്രമം പുതിയ നിയമം വരച്ചുകാട്ടുന്ന യേശുക്രിസ്തുവിന്റെ ചിത്രത്തോട് നീതിപുലർത്തുന്നില്ല. മത-രാഷ്ട്രീയ നേതൃത്വം തിരസ്ക്കരിച്ച്, കുറ്റവാളിയായ് വിധിച്ച് കുരിശിൽ തറച്ചുകൊന്ന അതേ വ്യക്തിയെത്തന്നെയാണ് കർത്താവും ദൈവവുമായി വിശ്വാസികളുടെ സമൂഹം ഏറ്റുപറയുന്നത് എന്ന യാഥാർത്ഥ്യം മറന്നുകൂടാ. പുതിയനിയമത്തിൽ വിശ്വാസവും ചരിത്രവും പരസ്പരപൂരകങ്ങളായി അഭേദ്യം ഇഴുകിച്ചേർന്നിരിക്കുന്നു. യേശു കർത്താവും ദൈവപുത്രനുമാകുന്നു എന്ന വിശ്വാസത്തിൽനിന്നാണ് ചരിത്രപുരുഷനായ യേശുവിന്റെ ചെയ്തികളെ പുതിയ നിയമം വിലയിരുത്തുന്നത്.

അതേസമയം യേശുവിന്റെ ജീവിതവും ചെയ്തികളും സഭയുടെ വിശ്വാസത്തെ ഉള്ളിൽനിന്നുതന്നെ രൂപപ്പെടുത്തി എന്ന വസ്തുതയും പ്രാധാന്യമർഹിക്കുന്നു. ഔന്നത്യസൂചകങ്ങളും വിശ്വാസപ്രഖ്യാപനങ്ങളുൾക്കൊള്ളുന്നതുമായ വാക്കുകൾ നസ്രത്തിൽ നിന്നുള്ള പ്രവാചകനും കുറ്റവാളിയായി കൊല്ലപ്പെട്ടവനുമായ യേശുവിന് നൽകുമ്പോൾ അവ പുതിയൊരു അർത്ഥവും മാനവും കൈക്കൊള്ളുന്നു. പഴയനിയമ പശ്ചാത്തലത്തിൽനിന്നുമാത്രം ഈ പേരുകളുടെ അർത്ഥം ഗ്രഹിക്കാനാവില്ല. ചരിത്രപുരുഷനായ യേശുവിന്റെ ജീവിതത്തിലൂടെ മാത്രമേ സഭയുടെ വിശ്വാസപ്രഖ്യാപനത്തിൽ ക്രിസ്തുവിനു നല്കപ്പെടുന്ന ഔന്നത്യം ഗ്രഹിക്കാൻ കഴിയൂ. വിശ്വാസം ചരിത്രവസ്തുതകളിൽ വേരൂന്നിനില്ക്കുന്നു; ചരിത്രവസ്തുക്കൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ അവ

യുടെ അർത്ഥം വെളിപ്പെടുത്തുന്നു; വിശ്വാസവും ചരിത്രവും തമ്മിലുള്ള ഈ അഭേദ്യബന്ധത്തിൽനിന്നാണ് ഈ ലേഖനം പ്രചോദനം ഉൾക്കൊള്ളുക.

## തൊഴിലാളിയായ യേശു

"ഇവൻ ആ മരപ്പണിക്കാരനല്ലേ?" എന്ന നസ്രത്തുകാരുടെ ചോദ്യം ഒഴിച്ചാൽ യേശു ഒരു തൊഴിലാളിയായിരുന്നു എന്നതിനേക്കുറിച്ച് നേരിട്ട് ഒരു പരാമർശവും ബൈബിളിലില്ല. എന്നാൽ സുവിശേഷങ്ങൾ വായിക്കുന്ന ആരുടെയും ശ്രദ്ധയിൽപെടുന്ന ഒരു കാര്യമുണ്ട്; ഈ ഗ്രന്ഥങ്ങളിലെ കഥാനായകൻ തൊഴിലാളികളുമായി ഗാഢബന്ധം പുലർത്തിയിരുന്ന ഒരാളായിരുന്നു. അവരുടെ വ്യഗ്രതകളും വ്യഥകളും, ആശകളും ആശങ്കകളും യേശു സ്വന്തം ഹൃദയത്തിൽ പേറിയിരുന്നുവെന്ന യാഥാർത്ഥ്യം സുവിശേഷത്തിന്റെ ഓരോ താളിലും തുടിച്ചു നില്ക്കുന്നു. അവിടുത്തെ സംസാരശൈലിയും പഠിപ്പിക്കാനായി തെരഞ്ഞെടുക്കുന്ന ഉദാഹരണങ്ങളും രൂപകങ്ങളും ഏറിയപങ്കും തൊഴിലാളികളുടെ ലോകത്തുനിന്നാണ് വരുക. വാക്കുകൾക്ക് വിയർപ്പിന്റെ ഗന്ധമുണ്ട്. പഠനത്തിൽ തൊഴിലാളിയുടെ തേങ്ങലുകൾ തങ്ങിനില്ക്കുന്നു. കർഷകരും മുക്കുവരും ഇടയന്മാരും വീട്ടമ്മമാരും എല്ലാം ഉപമകളിൽ പ്രത്യക്ഷപ്പെടുന്നു. ഇവരുടെയെല്ലാം വ്യഥകളുമായി പരിചിതനാണ് യേശു.

വിത്തുപൊട്ടി മുളയെടുക്കുന്നതും കതിരും കതിരിൽ ഗോതമ്പുമണികളും രൂപംകൊള്ളുന്നതും (മർക്കോ 4,26-28) പഴുത്തുപാകമായി സ്വർണ്ണാഭയാർന്ന ഗോതമ്പുവയൽ കാറ്റിൽ ഉലയുന്നതും (യോഹ 4,35) ഒരു കർഷകന്റെ സന്തോഷത്തോടെ, ആത്മനിർവൃതിയോടെ അവിടുന്നു നോക്കിനില്ക്കും. സന്തോഷത്തെക്കാളേറെ ആശങ്കകളും ഭയവുമാണ് കർഷകന്റെ ജീവിതത്തിലുണ്ടാവുക. അതിവൃഷ്ടിയും അനാവൃഷ്ടിയും കൃഷിയെ നശിപ്പിക്കുന്നതിനാൽ ഉൽക്കണ്ഠയോടെ ആകാശത്തിന്റെ മാറിമാറിവരുന്ന മുഖഭാവങ്ങൾ ശ്രദ്ധിക്കുന്നു (ലൂക്കാ 12,54-55). നിലത്തു വിത്തു വിതച്ചിട്ട് കളകൾ പൊന്തിവരുന്നതു കാണുമ്പോൾ കർഷകനുണ്ടാവുന്ന നൊമ്പരം യേശുവിനറിയാം (മത്താ 13,26). വിതച്ചവിത്തുതന്നെ മുളയെടുക്കുന്നതിനു മുമ്പേ ചവിട്ടിഞെരിച്ചു കളയുന്നു. വളർന്നുവരുന്ന ചെടികളെ അവയെക്കാൾ വേഗം വളരുന്ന കളകൾ

ഞെരുക്കി നശിപ്പിക്കുന്നു. എന്നാൽ നല്ല നിലത്തുവീഴുന്ന വിത്ത് ആവശ്യത്തിനു വെള്ളവും വെളിച്ചവും ലഭിക്കുമ്പോൾ സമൃദ്ധമായ വിളവു നൽകുന്നു. വിത്തിന്റെ വിധിയും കർഷകന്റെ ആകുലത കളും സന്തോഷവുമെല്ലാം ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കാ നുള്ള പ്രതീകങ്ങളായി മാറുന്നു, യേശുവിന്റെ ദൃഷ്ടിയിൽ (മർക്കോ 4,1-9). വിത്തുകളിൽ ഏറ്റവും ചെറുതെങ്കിലും വലിയ ചെടിയായി വളരുന്ന കടുക് (മർക്കോ 4,30-34), കർഷകന്റെ കഠിനാദ്ധ്വാനത്തി നുശേഷവും കൊഴുത്ത ഇലകൾമാത്രം പുറപ്പെടുവിച്ച് ഫലശൂന്യ മായിത്തീരുന്ന അത്തിമരം (മർക്കോ 11, 12-14; ലൂക്കാ 13,6-9), വെട്ടി യൊരുക്കപ്പെടുന്ന മുന്തിരി (യോഹ 15,12) ഇവയെല്ലാം യേശുവിന്റെ ഉപമകളിൽ പ്രത്യക്ഷപ്പെടുന്നു.

പ്രകൃതിയുടെയും പണക്കാരുടെയും ക്രൂരതകൾക്ക് പല പ്പോഴും ഇരയാവുന്ന ഗലീലിയിലെ മറ്റൊരു തൊഴിലാളിവിഭാഗ മാണ് മുക്കുവർ. രാത്രിയിലെ കഠിനാദ്ധ്വാനത്തിനുശേഷം വീർത്ത കൺപോളകളും വെറും വലയുമായി കരയ്ക്കണയുന്ന മുക്കുവ രുടെ ദുഃഖവും നിരാശയും അവിടുത്തേയ്ക്ക് അന്യമല്ല (ലൂക്കാ 5,5). കടലിൽനിന്ന് വലുതും ചെറുതുമായ എല്ലാത്തരം മത്സ്യങ്ങ ളെയും അരിച്ചുപിടിക്കുന്ന വലയെ അവിടുന്നു ദൈവരാജ്യത്തിന്റെ പ്രതീകമായി കാണുന്നു. വർണ്ണ-വർഗ്ഗ, ദുഷ്ട-ശിഷ്ട വ്യത്യാസ മന്യേ എല്ലാവരും ആ രാജ്യത്തിലേക്ക് ക്ഷണിക്കപ്പെട്ടിരിക്കുകയാ ണെന്ന് ഈ പ്രതീകത്തിലൂടെ അവിടുന്നു വ്യക്തമാക്കുന്നു. മുക്കു വന്മാരുടെ ക്ലേശം നിറഞ്ഞ ജീവിതവുമായുള്ള ബന്ധവും അവ രോടുള്ള താത്പര്യവുമായിരിക്കണം തന്റെയും ശിഷ്യന്മാരുടെയും പ്രവർത്തനത്തെ മത്സ്യബന്ധനത്തോടുപമിക്കാൻ അവിടുത്തെ പ്രേരിപ്പിച്ചത് (ലൂക്കാ 5,10). അപ്പസ്തോലന്മാരിൽ നാലുപേരെ ങ്കിലും മുക്കുവന്മാരായിരുന്നു. കടലിൽ കഠിനാദ്ധ്വാനം ചെയ്ത് ഉപജീവനം നടത്തിയിരുന്ന ശിമയോൻ പത്രോസിനെയാണ് അപ്പ സ്തോലസമൂഹത്തിന്റെ തലവനായി നിയമിച്ചത് എന്നതും ഈ താത്പര്യത്തെ വ്യക്തമാക്കുന്നു.

മാവു കുഴക്കുന്ന സ്ത്രീ (മത്താ 13,35). കീറത്തുണി തുന്നുന്ന വീട്ടമ്മ (മർക്കോ 2,21), വീടുപണിയുന്ന കല്ലാശാരി (ലൂക്കാ 6,43-49), വിതയ്ക്കുകയും കൊയ്യുകയും ചെയ്യുന്ന കർഷ കൻ, വലയിറക്കുകയും തണ്ടുവലിക്കുകയും ചെയ്യുന്ന മുക്കുവൻ, ആടുമേയ്ക്കുന്ന ഇടയൻ ഇപ്രകാരം വൈവിധ്യമാർന്ന തൊഴിലു

കൾ ചെയ്യുന്നവരും അവരുടെ അദ്ധ്വാനവും യേശുവിന്റെ ഉപമകളിലും പഠനങ്ങളിലും പ്രത്യക്ഷപ്പെടുന്നു. ഇവരെല്ലാം അവിടുത്തെ ഹൃദയത്തോട് എത്ര അടുത്താണെന്നു മനസ്സിലാക്കാൻ അധികം ആലോചിക്കേണ്ടതില്ല. ഉത്പാദനോപകരണങ്ങൾ സ്വന്തമല്ലാത്തവരും ദിവസക്കൂലികൊണ്ട് ആഹാരം സമ്പാദിക്കേണ്ടവരുമായ തൊഴിലാളികളുടെ ദയനീയാവസ്ഥയും യേശുവിനു സുപരിചിതമാണ്. ആരെങ്കിലും തങ്ങളെ വേലയ്ക്കു വിളിക്കുമെന്ന് പ്രതീക്ഷിച്ച് അന്തിയാവോളം പൊതുസ്ഥലത്തു കാത്തുനില്ക്കുന്ന തൊഴിൽ രഹിതരും (മത്താ 20,1-16) അവിടുത്തെ പരചിത വലയത്തിൽ പെടുന്നു.

## തൊഴിലും ദൈവരാജ്യവും

തൊഴിലാളികളുടെയും തൊഴിൽരഹിതരുടെയും പ്രശ്നങ്ങളും വേദനകളും യേശുവിനു നന്നായി അറിയാമായിരുന്നു. ആ പ്രശ്നങ്ങൾ കാര്യമായി എടുത്തുകൊണ്ടുതന്നെ തൊഴിലാളികളുടെ ഭാഷയിൽ യേശു ദൈവരാജ്യത്തെക്കുറിച്ച് അവരോടു സംസാരിച്ചു. അവിടുന്ന് തൊഴിലാളികളുടെ കൂടെ നടക്കുക മാത്രമല്ല ചെയ്തത്. പൂർണ്ണമായ അർത്ഥത്തിൽ യേശുതന്നെ ഒരു തൊഴിലാളിയായിരുന്നു-പലസ്തീനായിൽ നിലനിന്ന തൊഴിലാളി വിരുദ്ധവും ചൂഷകവുമായ സാമ്പത്തിക-രാഷ്ട്രീയ സംവിധാനങ്ങളുടെ തിക്തഫലങ്ങൾ ശരിക്കും അനുഭവിച്ച ഒരു തൊഴിലാളി. പരസ്യജീവിതത്തിനായി ആശാരിയുടെ പണിശാല വിട്ടറങ്ങിയപ്പോഴും അവിടുന്ന് ഒരു തൊഴിലാളിയല്ലാതായിത്തീരുന്നില്ല. ദൈവരാജ്യത്തിന്റെ സുവിശേഷവാഹകൻ എന്ന നിലയിൽ ഉള്ള യേശുവിന്റെ പ്രവർത്തനങ്ങളാണ് സുവിശേഷഗ്രന്ഥങ്ങളുടെ സിംഹഭാഗവും രേഖപ്പെടുത്തിയിരിക്കുന്നത് - അവിടുത്തെ പ്രവർത്തനങ്ങളും പ്രഘോഷണങ്ങളും ഈ ലോകത്തിലേയ്ക്കു കടന്നുവന്ന ഒരു പുതിയ സംവിധാനത്തെ വിളിച്ചറിയിക്കുന്നു. മനുഷ്യഹൃദയങ്ങളെയും മാനവസമൂഹത്തെയും അതുവഴി പ്രപഞ്ചത്തെയും സമഗ്രവും സമൂലവുമായി പരിവർത്തനവിധേയമാക്കുന്ന ഒരു പുതിയ സംവിധാനമാണ് യേശു ഉദ്ഘാടനം ചെയ്യുക; ഉദ്ഘോഷിക്കുക. ഒരു പുതിയ സമൂഹത്തിന്റെ നിർമ്മാതാവായി മാറുകയാണ് പരസ്യജീവിതത്തോടെ യേശുവെന്ന തൊഴിലാളി.

പ്രപഞ്ചശക്തികൾക്കു കടിഞ്ഞാണിടുകയും അതു

ണർത്തുന്ന നിരന്തരമായ ഭീതിയിൽനിന്നു മനുഷ്യനെ മോചിപ്പിക്കുകയും ചെയ്യുന്നവയാണ് യേശുവിന്റെ പ്രവർത്തനങ്ങളിൽ നല്ലൊരു ഭാഗം. അലറി ഉയരുന്ന തിരമാലകളും ചീറിയടിക്കുന്ന കൊടുങ്കാറ്റും യേശുവിന്റെ ആജ്ഞാശക്തിക്ക് വിധേയമാകുമ്പോൾ പ്രപഞ്ചശക്തികളുടെ ഭീകരത നഷ്ടപ്പെടുന്നു. മനുഷ്യനെ അടിമയാക്കിവെച്ചുകൊണ്ടിരിക്കുന്ന തിന്മയുടെ ശക്തിയെയാണ് പിശാചെന്നും സാത്താനെന്നും അശുദ്ധാത്മാക്കളെന്നും ഒക്കെ സുവിശേഷങ്ങൾ വിശേഷിപ്പിക്കുന്നത്. മനസ്സിന്റെ സമനില തെറ്റിക്കുകയും മനുഷ്യന്റെ ഉള്ളിൽത്തന്നെ പിളർപ്പുണ്ടാക്കുകയും ചെയ്യുന്ന ശക്തിയാണിത്. അത് സകല ചങ്ങലകളും തകർത്ത് സകലർക്കും പേടിസ്വപ്നമായിത്തീരുന്നു. ആർക്കും ബന്ധിക്കാനാവാത്തവിധം ശക്തവും ഭീകരവും മർദ്ദകവുമായ ശക്തിയായി ഉയർന്നുനില്ക്കുന്ന തിന്മയെ തളയ്ക്കുന്ന പ്രവൃത്തിയായിരുന്നു യേശുവിന്റേത് (മത്താ 8,28; മർക്കോ 5,5, ലൂക്കാ 11,22). പ്രപഞ്ചത്തെ ഭീകരമാക്കുകയും മനുഷ്യനെ അടക്കിഭരിക്കുകയും ചെയ്യുന്ന മർദ്ദകശക്തിയെ ചൊല്പടിക്കു നിർത്തുന്ന പ്രവൃത്തിയുടെ മറ്റൊരു പ്രതിഫലനമാണ് യേശു നല്കുന്ന രോഗശാന്തികൾ. ഇവയിലൂടെ ദൈവരാജ്യം എന്ന പുതിയ സംവിധാനം ഈ ഭൂമിയിൽ പ്രകാശം വീശുകയാണ് (ലൂക്കാ 7,22).

മനുഷ്യനെയും പ്രപഞ്ചത്തെയും സമൂലം നവീകരിക്കുന്ന പ്രക്രിയ പിതാവു തന്നെ ഭരമേല്പിച്ചിരിക്കുന്ന ജോലിയായി അഥവാ പിതാവിന്റെതന്നെ പ്രവൃത്തിയിലുള്ള പങ്കുചേരലായി യേശു ദർശിച്ചു. തളർവാതരോഗിയെ സുഖപ്പെടുത്തുമ്പോൾ അവിടുന്ന് ഉദ്ഘോഷിച്ചു: “എന്റെ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്, ഞാനും പ്രവർത്തിക്കുന്നു” (യോഹ 4,17) എന്ന്. യുഗങ്ങളായി മുക്തി പ്രതീക്ഷിച്ചുകഴിയുന്ന തകർന്ന മനുഷ്യന്റെ പ്രതീകമാണ് രോഗശാന്തി പ്രതീക്ഷിച്ച് ബേത്തെസ്ദാ കുളക്കരയിൽ മുപ്പത്തിയെട്ടുവർഷങ്ങൾ കിടന്ന തളർവാതരോഗി. പ്രപഞ്ചവും മനുഷ്യനും തളർവാതത്തിൽനിന്നും മുക്തമായിരിക്കുന്നു. ഒരു പുതിയ സൃഷ്ടികർമ്മം ആരംഭിച്ചുകഴിഞ്ഞു എന്നതാണ് യേശു പ്രസംഗിക്കുന്ന ദൈവരാജ്യമെന്ന സദ്വാർത്ത. കാനായിലെ കല്ഭരണികളിൽ നിറഞ്ഞുകവിയുന്ന പുതുവീഞ്ഞും (യോഹ 2,1–11) മരുഭൂമിയിൽ വിശന്നുപൊരിയുന്ന ആയിരങ്ങൾ മതിവരെ ആഹരിച്ചു ബാക്കിവന്ന അപ്പവും (മർക്കോ 6,42–43) ഈ പുതിയ സൃഷ്ടി

യുടെ മുഖമുദ്രയായ സമൃദ്ധിയെ സൂചിപ്പിക്കുന്നു. വിശക്കുന്നവർക്ക് ആഹാരം, രോഗികൾക്കു സൗഖ്യം, മൃതർക്കു ജീവൻ, ഭീതർക്ക് ധൈര്യം, മർദ്ദിതർക്ക് മോചനം— ഇവയാണ് 'യേശു കാണിച്ച പിതാവിൽനിന്നുള്ള അനേകം നല്ല പ്രവൃത്തികൾ, (യോഹ 10,32) ഈ പ്രവൃത്തികളാണ് അവിടുത്തേക്ക് സാക്ഷ്യം നല്കുന്നത്' (യോഹ 10,25; ലൂക്കാ 7,21–22).

തന്റെ ഏറ്റവും അടുത്ത സഹപ്രവർത്തകരെ യേശു തിരഞ്ഞെടുത്തത് തൊഴിലാളികളുടെ ഇടയിൽനിന്നാണ് എന്ന വസ്തുത പ്രത്യേകം ശ്രദ്ധേയമാണ്. താൻ തുടങ്ങിവച്ച പ്രവൃത്തി തുടരാനാണ് അവരെ നിയോഗിക്കുന്നത് (മത്താ 10,8). ആദിമ ശിഷ്യർ ചെയ്തതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന അത്ഭുതപ്രവൃത്തികൾകൊണ്ട് ഈ ദൗത്യം അവസാനിക്കുന്നില്ല. ദൈവരാജ്യം ഈ ഭൂമിയിൽ ഒരു യാഥാർത്ഥ്യമായിത്തീരുന്നതിനുവേണ്ടി ആത്മാർത്ഥമായി യത്നിക്കാൻ ഓരോ മനുഷ്യനുമുള്ള കടമയെയും ഈ ദൗത്യം സൂചിപ്പിക്കുന്നു. ഈ പ്രപഞ്ചത്തെ ക്രമീകരിക്കാനും എല്ലാ മനുഷ്യർക്കും ജീവിതയോഗ്യമാക്കിമാറ്റാനുമുള്ള സകല പ്രയത്നവും അദ്ധ്വാനവും യേശുവിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയാണ്, പിതാവിന്റെ പ്രവൃത്തിയുള്ള പങ്കുചേരലാണ്. ആഹാരസമ്പാദനത്തിനുവേണ്ടിയുള്ള അന്തമില്ലാത്ത അദ്ധ്വാനം മാത്രമല്ല തൊഴിൽ. സ്രഷ്ടാവിന്റെ പ്രവൃത്തിയിലുള്ള പങ്കുചേരൽ എന്ന നിലയിൽ തൊഴിലും തൊഴിലാളിയും അന്നുവരെ അജ്ഞാതമായിരുന്ന ഔന്നത്യത്തിലേക്ക് ഉയർത്തപ്പെടുകയാണ്. അതേ സമയം നിസ്വാർത്ഥവും നിസ്തന്ദ്രവുമായ തൊഴിൽ ശിഷ്യത്വത്തിന്റെയും ദൈവരാജ്യത്തിലുള്ള ഭാഗഭാഗിത്വത്തിന്റെയും അവശ്യ നിബന്ധനയായി മാറുകയും ചെയ്യുന്നു. അലസതയും ഇത്തിക്കണ്ണിമനോഭാവവും ഏറ്റം നിശിതമായ ഭാഷയിൽ പുറംതള്ളപ്പെടുന്നു. "പ്രയോജനമില്ലാത്ത ഭൃത്യനെ പുറത്ത് അന്ധകാരത്തിലേക്ക് തള്ളിക്കളയുക" (മത്താ 25,30) എന്ന വിധിവാചകം സമൂഹത്തിന്റെ നന്മയ്ക്കായി സ്വന്തം പങ്ക് കാഴ്ചവെയ്ക്കാതെ മറ്റുള്ളവരുടെ അദ്ധ്വാനഫലംകൊണ്ടു തടിച്ചു കൊഴുക്കുന്നവരുടെ തലയ്ക്കുമുകളിൽ തൂങ്ങുന്ന വാളാണ്.

## വർഗ്ഗീയതയ്ക്ക് അതീതൻ

യേശു ഒരു തൊഴിലാളിയായിരുന്നു. എന്നാൽ അവിടുത്തെ

ജീവിതത്തെയും ചിന്തയെയും നയിച്ചിരുന്നത് വിഭാഗീയതയുടെ അടിസ്ഥാനമായ വർഗ്ഗബോധമായിരുന്നില്ല. മനുഷ്യരെ വിവിധവർഗ്ഗ ങ്ങളായി തരംതിരിക്കുന്ന സാമുദായിക സംവിധാനത്തിലാണ് യേശു ജീവിച്ചത്. എന്നാൽ ഒരു വർഗ്ഗത്തെ മറ്റൊന്നിനെതിരേ തിരി ക്കുകയോ ഏതെങ്കിലും ഒരു വർഗ്ഗത്തോട് നിരുപാധികമായി പക്ഷം ചേരുകയോ അല്ല അവിടുന്നു ചെയ്ത്. അന്നു നിലവിലിരുന്ന എല്ലാ വർഗ്ഗങ്ങളെയും അവിടുന്ന് വെല്ലുവിളിച്ചു. പരസ്യപാപികളുടെയും ചുങ്കക്കാരുടെയും സഹവാസം വഴി ഫരിസേയർക്ക് അവിടുന്ന് ഒരു നിയമലംഘകനായി (ലൂക്കാ 15,2). റോമൻ ശതാധിപന്റെ പുത്രനെ സുഖപ്പെടുത്തിക്കൊണ്ട് തീവ്രവാദി സംഘടനകളുടെ ദേശാഭിമാനത്തെ വ്രണപ്പെടുത്തി (മത്താ 8,5-13). ധനികനായ ചുങ്ക ക്കാരന്റെ വിരുന്നു സ്വീകരിച്ചപ്പോൾ വർഗ്ഗബോധമുള്ള തൊഴിലാ ളിയുടെ മുഖം കറുത്തു. മനുഷ്യരുടെ പ്രവൃത്തികളും മനോഭാവവും കണക്കിലെടുക്കാതെ എല്ലാവരെയും യേശു തുല്യരായി കണ്ടു എന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല. അനേകർ നിത്യദാരിദ്ര്യത്തിൽ നരകിക്കുമ്പോൾ സ്വത്തു കുന്നുകൂട്ടുകയും സമൃദ്ധിയിൽ നീന്തി ത്തുടിക്കുകയും ചെയ്യുന്ന ധനികർക്കെതിരേ അവിടുന്നു തൊടു ത്തുവിടുന്ന ശാപശരങ്ങൾ ഇത്തരം ഒരു നിഗമനത്തിന് വിരുദ്ധ മായി നില്ക്കുന്നു. പക്ഷെ, മനുഷ്യനെ മനുഷ്യനിൽ നിന്നകറ്റുകയും വർഗ്ഗത്തെ വർഗ്ഗത്തിനെതിരായി നിരത്തുകയും ചെയ്യുന്ന 'ഞാൻമാത്രം വിശുദ്ധൻ' എന്ന ഫരിസേയ മനോഭാവം യേശു വിന്റെ ദൃഷ്ടിയിൽ അപലപനീയമായിരുന്നു.

തനിക്കുചുറ്റും നടമാടിയിരുന്ന, താൻതന്നെ ഇരയായി ത്തീർന്നിരുന്ന ദാരിദ്ര്യത്തോടും അതിനു കാരണമായ അനീതി യോടും എന്തു നിലപാടാണ് യേശു സ്വീകരിച്ചത്? തൊഴിലാളിക ളുടെയും തൊഴിൽരഹിതരുടെയും വേദനകൾ നന്നായി അറിഞ്ഞി രുന്ന യേശു അവരെ ക്ഷണിച്ചു: "അദ്ധ്വാനിക്കുന്നവരും ഭാരം വഹി ക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11,28). നിരാശരായ തൊഴിലാളികളെ തനിക്കു പിന്നിൽ അണിനിരത്തി വർഗ്ഗസമര ത്തിനിറങ്ങുകയായിരുന്നില്ല ഇതിന്റെ ലക്ഷ്യം. അധികാരം പിടി ച്ചെടുക്കാനും സമ്പത്ത് കയ്യടക്കാനും ഉള്ള കുറുക്കുവഴികളോ മാന്ത്രികവിദ്യകളോ ഒന്നും അവിടുന്നു ഉപദേശിച്ചതുമില്ല. അധി കാരമെന്നാൽ സേവനമാണെന്നും (ലൂക്കാ 22,25-27) യഥാർത്ഥ

ഭാഗ്യം സമ്പത്തിന്റെ അളവിലല്ലെന്നും (ലൂക്കാ 12,15) അവിടുന്നു പഠിപ്പിച്ചു.

യേശുവിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പല സാമ്പത്തികസാമൂഹ്യ ശാസ്ത്രജ്ഞന്മാരും പഠിപ്പിക്കുന്നതുപോലെ ഉത്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും ഒരു ചക്രമല്ല മനുഷ്യജീവിതം. വിതരണത്തിൽ നീതി പുലർത്തിയാലും അതുകൊണ്ടു മാത്രം മനുഷ്യജീവിതം ധന്യമാകുന്നില്ല. സമ്പത്ത് വലിയൊരു പ്രലോഭനമാണ്. പ്രത്യേകിച്ച് വിശപ്പിന്റെ വിളി ഉയരുമ്പോൾ (മത്താ 4,1-4). ഈ പ്രലോഭനത്തിൽനിന്നു മുക്തിനേടി തങ്ങളുടെ ആശ്രയം പിതാവിന്റെ പരിപാലനയിൽ അർപ്പിക്കാനാണ് യേശു ആഹ്വാനം ചെയ്യുക. "ആദ്യമായി ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക" (മത്താ 6,33). വിശക്കുന്നവന് ആഹാരവും നഗ്നന് വസ്ത്രവും വേണ്ടെന്നോ അവർക്ക് അതിനവകാശമില്ലെന്നോ അല്ല ഇവിടെ അർത്ഥമാക്കുക. ഏറ്റം പ്രാഥമികവും മൗലികവുമായ ഈ അവകാശങ്ങൾക്ക് ഉപരിയാണ് യേശുവിന്റെ ലക്ഷ്യം (ലൂക്കാ 12,30). പക്ഷേ, തൊഴിലാളികളും തൊഴിൽരഹിതരും ഇവയുടെ അടിമകളായിക്കൂടാ.

തന്റെ സമൂഹത്തിൽ അഴിഞ്ഞാടിയ അനീതിയ്ക്കുനേരെ കണ്ണടയ്ക്കുകയോ മതാത്മകമായ നിസ്സംഗത പാലിക്കുകയോ അല്ല യേശു ചെയ്തത്. സാമ്പത്തികവും സാമൂഹികവുമായ അനീതികളുടെ തായ്‌വേര് അവിടുന്ന് വെളിവാക്കി. എന്തേ മനുഷ്യൻ തന്റെ സഹോദരനെ നിഷ്ക്കരുണം ചൂഷണം ചെയ്ത് സമ്പന്നനാകാൻ ശ്രമിക്കുന്നു? ദൈവത്തിൽ ആശ്രയിക്കായ്കമൂലം സംജാതമാകുന്ന ഭാവിയെക്കുറിച്ചുള്ള ആശങ്കയിലാണ് സ്വത്തു സമ്പാദനത്തിന്റെ തുടക്കം. സാവധാനം അത് സുഖത്തിനും അധികാരത്തിനും പ്രശസ്തിക്കുംവേണ്ടിയുള്ള അടങ്ങാത്ത വിശപ്പായി മാറുന്നു. മനുഷ്യനെ മനുഷ്യനെതിരായി തിരിക്കുന്ന ധനതൃഷ്ണയാണ് വർഗ്ഗീയതയ്ക്കുതന്നെ കാരണമായി നില്ക്കുക. സർവ്വശക്തനായി, സർവ്വസുഖസംദായകനായി പ്രത്യക്ഷപ്പെടുന്ന പണമെന്ന മൂർത്തിയുടെ പിടിയിൽനിന്നും മനുഷ്യൻ മോചിതനാകാത്തിടത്തോളംകാലം വർഗ്ഗസമരത്തിലൂടെ നേടിയെടുക്കുന്ന അടിസ്ഥാന വർഗ്ഗത്തിന്റെ ആധിപത്യം മൂഢസ്വർഗ്ഗമാണ്. അതിനാൽ മനുഷ്യനെ അടിമയാക്കുന്ന ധനത്തിനെതിരേ യേശു സന്ധിയില്ലാസമരം പ്രഖ്യാപിച്ചുകൊണ്ട് (ലൂക്കാ 12) സാമ്പത്തികവും സാമൂഹികവുമായ വിമോചനത്തിനുള്ള വഴി തുറക്കുന്നു.

മനുഷ്യന്റെ യഥാർത്ഥ വിമോചനത്തിനു തുടക്കം കുറിക്കുന്നത് മൂല്യങ്ങളുടെ തലത്തിലുള്ള വിപ്ലവമാണ്. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുമ്പോൾ ഇപ്രകാരമൊരു വിപ്ലവമാണ് യേശു ഉദ്ഘോഷിക്കുക. "ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ.........ധനികരേ, നിങ്ങൾക്കു ദുരിതം" (ലൂക്കാ 6,20-24) എന്ന സുവിശേഷപ്രഘോഷണം അന്നുവരെ സംപൂജ്യമായി കരുതിയിരുന്ന മൂല്യശ്രേണിയെ തലകുത്തി നിർത്തുന്നു. സമ്പത്തിന്റെ ഉത്പാദനം, വിതരണം, ഉപഭോഗം എന്നീ ത്രികോണത്തിൽ അധിഷ്ഠിതമായ സകല സാമൂഹ്യവീക്ഷണത്തെയും വെല്ലുവിളിക്കുന്നതാണീ സുവിശേഷം. കയ്യടക്കിവെക്കുന്ന സമ്പത്തല്ല, താൻ ദൈവത്തിന്റെ പുത്രനാണ് എന്ന യാഥാർത്ഥ്യമാണ് മനുഷ്യന്റെ മഹത്ത്വത്തിന് അടിസ്ഥാനമായി നില്ക്കുക. ആകയാൽ ഒരു മനുഷ്യനും, അവന്റെ സമൂഹത്തിലെ സ്ഥാനം എന്തുമായിക്കൊള്ളട്ടെ, ഉത്പാദനചക്രത്തിന്റെ വെറുമൊരു പല്ലായി മാറിക്കൂടാ. ഈ സന്ദേശം കാര്യമായിട്ടെടുത്താൽ സാമ്പത്തികവും സാമൂഹികവുമായ തലത്തിൽ വിപ്ലവാത്മകമായ പരിവർത്തനങ്ങൾ ഉണ്ടാവുകതന്നെ ചെയ്യും.

## ആശാരി – മിശിഹാ

യേശുവിന്റെ ജീവിതശൈലിയും പഠനങ്ങളും തികച്ചും വിപ്ലവാത്മകമായിരുന്നു. ഇസ്രായേലിൽ നിലവിലിരുന്ന സാമ്പത്തികവും സാമൂഹികവുമായ മനോഭാവങ്ങളെയും മൂല്യശ്രേണികളെയും തകിടം മറിക്കുന്നതായിരുന്നു അവിടുത്തെ വാക്കുകളും പ്രവൃത്തികളും. എന്നാൽ അതിലേറെ വിപ്ലവാത്മകമായിരുന്നു ഇസ്രായേൽ പ്രതീക്ഷിച്ചിരുന്ന മിശിഹ ഒരു മരപ്പണിക്കാരനായി ജീവിച്ചിരുന്നു എന്ന വസ്തുത. ദാവീദിന്റെ സിംഹാസനം പുനഃസ്ഥാപിക്കപ്പെടുമെന്നും ഇസ്രായേലിൽനിന്ന് ഒരാൾ ഉയർന്നു വന്ന് ലോകത്തിന്റെമേൽ ആധിപത്യം സ്ഥാപിക്കുമെന്നും ഉള്ള സ്വപ്നങ്ങൾ നൂറ്റാണ്ടുകളായി അയവിറക്കിയിരുന്ന സമൂഹത്തിന് ഗ്രഹിക്കാനാവാത്ത ഒരു യാഥാർത്ഥ്യമായിരുന്നു ഇത്.

യേശുവിന്റെ പല പ്രവർത്തനങ്ങളും പ്രഘോഷണങ്ങളും പരോക്ഷമായി ഉന്നയിച്ച അവകാശവാദമാണ് താൻ മിശിഹാ ആകുന്നു എന്നത്. യുഗാന്തത്തിൽ ക്രിസ്തുവിന്റെ വരവോടെ മാത്രം പൂർത്തിയാകുമെന്ന് ഇസ്രായേൽ വിശ്വസിച്ചിരുന്ന പ്രവചനങ്ങൾ തന്നിലും തന്റെ പ്രവൃത്തിയിലും പൂർത്തിയായിരിക്കുന്നതായി

യേശു പ്രഘോഷിച്ചു. 'ദൈവരാജ്യം വന്നുകഴിഞ്ഞു' എന്നതായിരുന്നു ആ പ്രഘോഷണങ്ങളുടെയെല്ലാം കേന്ദ്രബിന്ദു. റബ്ബിമാരെപ്പോലെയല്ല അധികാരമുള്ളവനെപ്പോലെയാണ് അവിടുന്ന് പഠിപ്പിച്ചത് (മർക്കോ 1,12). "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" എന്ന അധികാരശൈലിയും പഴയ നിയമങ്ങളുടെ സ്ഥാനത്ത് അവതരിപ്പിച്ച പുതിയ ജീവിതവീക്ഷണവും എല്ലാം ഈ യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുക. അത്ഭുത പ്രവർത്തനങ്ങളെല്ലാം ക്രിസ്തുവിന്റെ പ്രവർത്തനങ്ങളായിട്ടേ മനസ്സിലാക്കാൻ കഴിയൂ.

നസ്രത്തിലെ ജനങ്ങൾ യേശുവിന്റെ ഈ അവകാശവാദം ഗ്രഹിച്ചു; പ്രതീക്ഷിക്കാമായിരുന്ന വിധത്തിൽത്തന്നെ അവർ പ്രതികരിക്കുകയും ചെയ്തു. ഞങ്ങളുടെ ഇടയിൽ വളർന്ന്, ഞങ്ങൾക്കുവേണ്ടി കൂലിപ്പണിയെടുത്ത ഈ ആശാരിച്ചെക്കൻ മിശിഹായാണെന്നോ? ന്യായമായും അവർ ചോദിച്ചുപോയി. ഒരു പ്രവാചകനും മുൻകൂട്ടി പറഞ്ഞിരുന്നില്ല വരാനിരിക്കുന്ന മിശിഹാ നസ്രത്തിൽനിന്നുള്ള ഒരാശാരി ആയിരിക്കുമെന്ന്. ദാവീദിന്റെ പട്ടണമായ ബേത്‌ലഹത്ത് മിശിഹാ ജനിക്കും (മിക്ക 5,2) എന്നാണ് അവർ പ്രതീക്ഷിച്ചിരുന്നത്. ശൈശവ സുവിശേഷങ്ങൾ ഈ പ്രവചനത്തിന്റെ പൂർത്തീകരണത്തെ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ബേത്‌ലഹംകാരൻ എന്നല്ല, നസ്രായക്കാരൻ എന്നാണ് യേശു അറിയപ്പെട്ടിരുന്നത്. ലൗകികമായ പ്രൗഢിയും പ്രതാപവുമില്ലാത്ത ഒരു മിശിഹായെ അവർക്കു സ്വീകരിക്കാൻ കഴിഞ്ഞില്ല. ഐഹികമല്ലാത്തൊരു രാജ്യത്തിന്റെ രാജാവായി (യോഹ 18,36) പ്രതീക്ഷകളെ തകിടം മറിച്ചു; മോഹന സ്വപ്നങ്ങളെ തച്ചുടച്ചു. അതവർക്കു താങ്ങാനാവാത്ത ഒരാഘാതമായിരുന്നു. മരപ്പണിക്കാരനായതിന്റെ പേരിൽ "അവർ അവനെ നിരാകരിച്ചു" (മർക്കോ 6,3); കാരണം തങ്ങൾ താലോലിച്ച മഹത്ത്വപൂർണ്ണനായ മിശിഹായുടെ ചിത്രം കൈവെടിയാൻ അവർ തയ്യാറില്ലായിരുന്നു.

### ആശാരി-ദൈവപുത്രൻ

നസ്രത്തിലെ ആശാരി തന്റെ ജനത്തിന് ഏല്പിച്ച ആഘാതം ഇതുകൊണ്ടും അവസാനിക്കുന്നില്ല. യാഹ്‌വേ വിശ്വാസിയായ ഏതൊരു യഹൂദന്റെയും സിരാകേന്ദ്രത്തെ മരവിപ്പിക്കുന്നതായിരുന്നു യേശുവിന്റെ ചില പ്രവർത്തനങ്ങളിലും പഠനങ്ങ

ളിലും അന്തർലീനമായിരുന്ന മറ്റൊരു യാഥാർത്ഥ്യം. ദൈവത്തിനു തുല്യനാണു താൻ എന്ന അവകാശവാദം പരോക്ഷമായി ഉന്നയിക്കുന്ന ഈ പ്രവർത്തനങ്ങൾ ഇസ്രായേലിന്റെ ഈശ്വരവിശ്വാസത്തെയും അവർ വച്ചുപുലർത്തിയിരുന്ന ദൈവചിത്രത്തെയും തകിടം മറിക്കുന്നതായിരുന്നു. പാപം മോചിക്കുകയും (മർക്കോ 2,5–7) പരിപാവനമായ ദൈവികനിയമത്തിനുപരി തന്നെത്തന്നെ പ്രതിഷ്ഠിക്കുകയും (മർക്കോ 2,28) ദൈവം വസിക്കുന്ന പരിശുദ്ധമായ ആലയത്തിന്റെ സ്ഥാനത്തു സ്വന്തം വ്യക്തിത്വത്തെ സ്ഥാപിക്കുകയും (യോഹ 2,19) ചെയ്യുക ഇപ്രകാരമുള്ള അവകാശവാദത്തിന്റെ അടയാളങ്ങളാണ്. യേശുവിന്റെ പ്രവർത്തനങ്ങളും അവ ഉയർത്തിയ നിഗമനങ്ങളും ഇസ്രായേൽജനത്തെ, പ്രത്യേകിച്ചും വിശ്വാസത്തിന്റെ സൂക്ഷിപ്പുകാരും നിയമപണ്ഡിതരുമായ നേതാക്കന്മാരെ, ഒരു പ്രതിസന്ധിയിലേക്ക് തള്ളിവിട്ടു.

പരമ്പരാഗതമായി തങ്ങൾക്ക് ലഭിച്ച ദൈവിചിത്രം കൈവെടിയാനോ അതിൽ എന്തെങ്കിലും മാറ്റം വരുത്താനോ അവർ മനസ്സായില്ല. അതിനാൽ രണ്ടു സാധ്യതകളേ അവർക്കു കാണാൻ കഴിഞ്ഞുള്ളൂ; ഒന്നുകിൽ യേശു ഒരു ഭ്രാന്തനാണ്, അല്ലെങ്കിൽ ഒരു മനുഷ്യനും ചിന്തിക്കാൻപോലും ധൈര്യപ്പെടാത്തത്ര കനത്ത ദൈവദൂഷകനാണ്. യേശുവിന്റെ സമകാലികരിൽ ചിലർ ആത്മാർത്ഥമായി വിശ്വസിച്ചു. അവിടുന്നു ഭ്രാന്തനാണെന്ന്. "അവനു സുബോധം നഷ്ടപ്പെട്ടിരിയ്ക്കുന്നു എന്ന് അവർ പറഞ്ഞു" (മർക്കോ 3,20). വെറും ഭ്രാന്തും പിശാചുബാധയുമല്ല, അചിന്ത്യമായ അഹങ്കാരവും ദൈവദൂഷണവുമാണ് അവസാനം കുറ്റപത്രത്തിൽ പ്രത്യക്ഷപ്പെട്ടത്. യഹൂദമതത്തിന്റെ അത്യുന്നതമായ അധികാരപീഠം വിധിയെഴുതി, അവൻ ദൈവദൂഷണം പറഞ്ഞിരിക്കുന്നു. മരണത്തിനർഹനാണ് (മർക്കോ 14,63–64; യോഹ 10,33).

യേശുവിനെ ദൈവപുത്രനായി നൂറ്റാണ്ടുകളിലൂടെ ഏറ്റുപറഞ്ഞു ശീലിച്ച ക്രൈസ്തവന് താൻ ഏറ്റുപറയുന്ന വിശ്വാസത്തിന്റെ ആഴവും അതേല്പിക്കുന്ന ആഘാതത്തിന്റെ ശക്തിയും പലപ്പോഴും മനസ്സിലാകാതെ പോകുന്നു. അജ്ഞാതമായൊരു ഗ്രാമത്തിൽ ജനിച്ചു വളർന്ന്, മരപ്പണികൊണ്ട് ഉപജീവനം കഴിച്ച വ്യക്തിയാണ് ഇത്തരം ഒരു അവകാശവാദവുമായി മുന്നിൽ നില്ക്കുന്നത് എന്ന വസ്തുത വിശ്വാസത്തിനുനേരെ ഉയർത്തുന്ന ശക്തമായൊരു വെല്ലുവിളിയാണ്. യേശുവിന്റെ യഥാർത്ഥ വ്യക്തിത്വം ഉത്ഥാന

ത്തിനുശേഷമേ ശിഷ്യസമൂഹം ഗ്രഹിച്ചുള്ളൂ. എന്നാൽ ഉത്ഥിതനായ ക്രിസ്തുവും നസ്രത്തിലെ ആശാരിയും ഒരേ ഒരു വ്യക്തിയാണ് എന്ന വിശ്വാസസത്യമാണ് സഭ പ്രഖ്യാപിക്കുക. ജോർദ്ദാനിലെ സ്നാനത്തോടെ യേശുവിന്റെ ജീവിതം ഒരു പുതിയ ഘട്ടത്തിലേക്കു കടന്നുവെങ്കിലും അതിനുശേഷമുള്ള പരസ്യജീവിതം മാത്രമല്ല, നസ്രത്തിലെ തച്ചന്റെ ജീവിതവും മിശിഹായുടെയും ദൈവപുത്രന്റെയും ജീവിതമായിരുന്നു എന്നതിൽ സംശയമില്ല.

പരമ്പരാഗതമായ ദൈവചിത്രത്തിൽ മാറ്റം വരുത്തുന്ന ഈ വസ്തുത യേശുവിന്റെ രാജത്വത്തെ പുതിയൊരു വെളിച്ചത്തിൽ അവതരിപ്പിക്കുന്നു; ഒപ്പം തൊഴിലിനും തൊഴിലാളിക്കും മഹത്ത്വത്തിന്റേതായ പുതിയ മാനം കല്പിക്കുന്നു. മനുഷ്യന് അപ്രാപ്യമായ സ്വർഗ്ഗീയ ഔന്നത്യത്തിൽനിന്ന് തൊഴിലാളിയുടെ പണിശാലയിലേക്ക് ഇറങ്ങിവരുന്ന ദൈവം. അരമനയിൽനിന്നും സിംഹാസനത്തിൽനിന്നും ഇറങ്ങി വിയർത്തൊലിച്ച് അദ്ധ്വാനിക്കുന്ന മിശിഹാരാജാവ്. ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ പൗലോസ് ആലപിക്കുന്ന ഒരു ഗീതം ഈ യാഥാർത്ഥ്യത്തെ അതിന്റെ തനിരൂപത്തിൽ അവതരിപ്പിക്കുന്നുണ്ട്: "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു. ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ, അതെ കുരിശുമരണംവരെ, തന്നെത്തന്നെ താഴ്ത്തി" (ഫിലി 2,6-8). ദൈവത്തിന്റെ സ്വയം ശൂന്യവത്കരണമാണ് മനുഷ്യാവതാരം. മനുഷ്യനായപ്പോൾ മാനുഷികവീക്ഷണത്തിൽ മാന്യതയും ഔന്നത്യവുമുള്ള രൂപമല്ല ദൈവം സ്വീകരിച്ചത്. അടിമയുടെ രൂപഭാവങ്ങളും കുറ്റവാളിയായ അടിമയ്ക്കു ലഭിക്കുന്ന ശിക്ഷയും സ്വയം ഏറ്റെടുക്കുന്നതുവരെ എത്തുന്നു ഈ ശൂന്യവത്കരണം. ദൈവപുത്രന്റെ മനുഷ്യാവതാരം ആശാരിയുടെ പണിശാലയിലേക്കും കുരിശുമരണത്തിലേയ്ക്കും നീങ്ങുന്നു.

ദാസന്റെ അഥവാ അടിമയുടെ രൂപം സ്വീകരിച്ച ദൈവപുത്രന്റെ പ്രതീകാത്മകമായ ഒരു പ്രവർത്തനത്തെ നാലാം സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്. യേശു അത്താഴത്തിനിടയിൽ എഴുന്നേറ്റ്, മേലങ്കി മാറ്റിവച്ച് ഒരു തൂവാലയെടുത്ത് അരയിൽ ചുറ്റി. അനന്തരം അവൻ താലത്തിൽ

വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും തന്റെ അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കാനും തുടങ്ങി (യോഹ 13,4-5). മനുഷ്യാവതാരത്തെയും ദാസവൃത്തിയെയും സൂചിപ്പിക്കുന്നതാണ് യോഹന്നാൻ വിശദമായി ചിത്രീകരിക്കുന്ന ഈ പ്രവൃത്തി. പിതാവുമായി ഹൃദയൈക്യം പുലർത്തുന്ന ഏകജാതൻ (യോഹ 1,18) അവിടംവിട്ട് ദൈവികമഹത്ത്വത്തിന്റെതായ മേലങ്കി മാറ്റിവച്ച് മനുഷ്യശരീരമാകുന്ന തൂവാല സ്വീകരിച്ചു. അടിമയുടെ വേഷമാണ് അരയിൽചുറ്റുന്ന കച്ച. വിരുന്നുകാരുടെ കാൽകഴുകുന്ന ജോലി അടിമയുടേതായിരുന്നു. 'ദാസന്റെ രൂപം സ്വീകരിച്ചു' എന്ന് പൗലോസ് പ്രകീർത്തിച്ച യാഥാർത്ഥ്യം ഒരു പ്രതീകാത്മകപ്രവൃത്തിയിലൂടെ യോഹന്നാൻ വ്യക്തമാക്കുകയാണിവിടെ. യേശുവിന്റെ ജീവിതത്തെ മുഴുവൻ വിശദമാക്കുന്ന ഒരു കൃത്യമാണിത്, "ഞാൻ നിങ്ങളുടെ ഇടയിൽ പരിചരിക്കുന്നവനെപ്പോലെയാകുന്നു" (ലൂക്കാ 22,27) എന്ന് മൂന്നാം സുവിശേഷകൻ എഴുതുമ്പോഴും ദൈവപുത്രൻ സ്വീകരിച്ച ദാസ്യഭാവത്തെയാണ് വിശദമാക്കുക. ദാസ്യവേല ചെയ്യിക്കാനല്ല ചെയ്യാനാണ് ഞാൻ വന്നിരിക്കുന്നത് (മർക്കോ 10,45) എന്ന വചനവും ഈ യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുക.

ഇപ്രകാരം പുതിയനിയമ പാരമ്പര്യങ്ങൾ മുഴുവൻ മിശിഹാരാജാവ് എന്ന ആശയത്തെ ദാസൻ-തൊഴിലാളി-മിശിഹാ എന്നു തിരുത്തിക്കുറിക്കുന്നതായി കാണാം. മനുഷ്യാവതാരമെന്ന ശൂന്യവത്കരണപ്രക്രിയ ദൈവപുത്രനെ മനുഷ്യരിൽ ഏറ്റവും ചെറിയവരോടും താണവരോടുമുള്ള താദാത്മ്യത്തിലേക്കു നയിക്കുന്നു. ദൈവപുത്രൻ അല്ലാതായിത്തീർന്നുകൊണ്ടല്ല യേശു ആശാരിയാവുന്നത്. ദൈവവചനം മാംസം ധരിച്ച് മനുഷ്യനായി - ദാസനായി-ആശാരിയായി എന്നതാണ് സഭയുടെ വിശ്വാസപ്രഖ്യാപനം.

## ആശാരി ഉയർത്തുന്ന വെല്ലുവിളി

ക്രൈസ്തവന്റെ മനസ്സിൽ തെളിഞ്ഞുനില്ക്കുന്ന ക്രിസ്തുചിത്രം അവന്റെ ജീവിതശൈലിയെ വൈയക്തികവും സാമൂഹികവുമായ തലത്തിൽ രൂപപ്പെടുത്തുന്നു എന്നതിന് ചരിത്രം സാക്ഷിയാണ്. അതുപോലെതന്നെ താൻ സ്വന്തമാക്കുന്ന ജീവിതശൈലിക്കനുരൂപമായ ക്രിസ്തുചിത്രം നിർമ്മിക്കാനും ക്രൈസ്തവർ ശ്രമിക്കാറുണ്ട്. സകലരാലും പരിത്യക്തനായി അവഹേളനങ്ങളുടെ

മധ്യേ കുരിശിൽ മരിച്ച ക്രിസ്തു വിശ്വാസത്തിന്റെ പേരിൽ പീഡനം ഏറ്റുവാങ്ങാനും രക്തം ചിന്തി ജീവൻ ത്യജിക്കാനും അനേകർക്കു ശക്തി നല്കി. തല ചായ്ക്കാനിടമില്ലാതെ ദരിദ്രരിൽ ദരിദ്രനായി ജീവിച്ച ക്രിസ്തു ദാരിദ്ര്യം ജീവിതവ്രതമായി സ്വീകരിക്കാൻ ശിഷ്യരെ പ്രേരിപ്പിച്ചു. രാജകീയാധികാരവും പ്രഭുത്വവും സഭാധികാരികൾക്കു കൈവന്നപ്പോൾ ക്രിസ്തു റോമൻ ചക്രവർത്തിയെപ്പോലെ രാജാധിരാജനായി; അലൗകികമായ രാജത്വം അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ച ക്രിസ്തുവിനെ സുവർണ്ണസിംഹാസനത്തിലിരുത്തി തങ്കക്കിരീടം ചാർത്തി എഴുന്നള്ളിച്ചു. അലൗകികമായതു ലൗകികമായി മാറി. ചരിത്രം നൽകുന്ന ഈ പാഠത്തിന്റെ വെളിച്ചത്തിൽ നസ്രത്തിലെ ആശാരിയായി പ്രത്യക്ഷപ്പെട്ട ക്രിസ്തു തന്റെ ശിഷ്യസമൂഹത്തിനു മുമ്പിൽ ഉയർത്തുന്ന വെല്ലുവിളിക്കു കാതോർക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു.

## തൊഴിലും തൊഴിലാളിയും

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ മനുഷ്യൻ പങ്കുചേരുന്ന മഹത്തായ വേദിയാണ് തൊഴിൽ. സൃഷ്ടിയിൽ മാത്രമല്ല, ജീർണ്ണതയ്ക്ക് അടിപ്പെട്ട ഈ പ്രപഞ്ചത്തെ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ പങ്കുചേർക്കുന്ന രക്ഷണീയ വേലയിലും മനുഷ്യൻ പങ്കുചേരുന്നതു തൊഴിലിലൂടെയാണ്. ഈ പ്രപഞ്ചത്തെ ജീവിതയോഗ്യമാക്കിമാറ്റുന്ന, മാനുഷികമാക്കി ഉയർത്തുന്ന പ്രക്രിയയാണിത്. നിസ്വാർത്ഥവും നിരന്തരവുമായ അദ്ധ്വാനത്തിലൂടെയാണ് ഒരു പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും നിർമ്മിതിയിൽ മനുഷ്യൻ പങ്കുചേരുക. അതിനാൽ മനുഷ്യന് ഉപയുക്തമായ ഒരു തൊഴിലും നിന്ദ്യമല്ല; അതു മഹത്ത്വത്തിന്റെ അടയാളവും രക്ഷയുടെ മാർഗ്ഗവുമാണ്. ക്രിസ്തു തിരഞ്ഞെടുത്ത ആശാരിപ്പണിയും അന്ത്യത്താഴവേളയിൽ പ്രതീകാത്മകവും സ്വശിഷ്യർക്കു മാതൃകയായി ചെയ്ത അടിമവേലയും തൊഴിലിന്റെ മാഹാത്മ്യത്തെയാണ് ഉയർത്തിക്കാട്ടുക.

എന്നാൽ ചില തൊഴിലുകളെ മാന്യവും മറ്റു ചിലതിനെ നിന്ദ്യവുമായി പരിഗണിക്കാനുള്ള പ്രവണത ഇന്ന് ഏറിവരുകയാണ്. ക്രിസ്തുശിഷ്യരും ഈ പ്രവണതയിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നില്ല. തൊഴിലിന്റെ മാന്യത വർദ്ധിക്കുന്നതനുസരിച്ച് ആ തൊഴിൽ ചെയ്യുന്നവർക്കു ലഭിക്കുന്ന സാമ്പത്തികനേട്ടവും സമൂഹത്തിലെ സ്ഥാനവും വർദ്ധിക്കുന്നു. അതോടൊപ്പം വളരുന്ന പണത്തിനും

അധികാരത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള അവരുടെ ആവേശം 'മാന്യതകുറഞ്ഞ' തൊഴിൽ ചെയ്യുന്നവരെ നിന്ദ്യരും അധഃകൃതരുമായി ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്കു തള്ളുന്നു. ഭരണകൂടം കയ്യടക്കുന്ന മന്ത്രിമാർ, അവരെ വാഴിക്കുകയും താങ്ങുകയും ചെയ്യുന്ന രാഷ്ട്രീയക്കാർ, മനുഷ്യജീവനു വിലപേശുന്ന ഭിഷഗ്വരന്മാർ,നീതിയെ കച്ചവടച്ചരക്കാക്കുന്ന അഭിഭാഷക-ന്യായാധിപന്മാർ എന്നിങ്ങനെ 'അതിമാന്യരായ' തൊഴിലാളികൾ ഇന്ന് നമ്മുടെ സമൂഹത്തിൽ ഏറെയുണ്ട്. ഇവർ തൊഴിലാളികളെന്നു വിളിക്കപ്പെടാൻ ആഗ്രഹിക്കുകയില്ല - അതു മാന്യതയ്ക്കു കളങ്കമായിത്തീരും. പക്ഷേ ഇവരും ഇപ്രകാരമുള്ള മറ്റു മാന്യതൊഴിലാളികളും ഇന്ന് ഭാരതത്തിലെ സാമാന്യ ജനത്തിനു മോചനമില്ലാത്ത ശാപമായി മാറിക്കൊണ്ടിരിക്കുകയല്ലേ?

ക്രിസ്തുവിന്റെ ജീവിതശൈലിയെ മാതൃകയാക്കുന്നവർ ഈ പ്രവണതക്കെതിരേ ശക്തമായ നിലപാടുകൾ സ്വീകരിക്കാൻ വൈകിക്കഴിഞ്ഞു. മനുഷ്യസമൂഹത്തിന് ഉപകാരപ്രദമായ ഏതു തൊഴിലും മാന്യതയുള്ളതാണെന്ന് വാക്കുകളിൽ മാത്രമല്ല തൊഴിലിനോടും തൊഴിലാളികളോടും സ്വീകരിക്കുന്ന സമീപനത്തിലും മനോഭാവത്തിലുംകൂടെ പ്രകടമാകേണ്ടിയിരിക്കുന്നു. തൊഴിൽ മാത്രമാണ് മനുഷ്യന്റെ ഉപജീവനമാർഗ്ഗം. "അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ" (2 തെസ 3,10) എന്ന് പൗലോസ് നല്കിയ നിർദ്ദേശം ഉച്ചത്തിൽ ഉദ്ഘോഷിക്കാൻ ക്രൈസ്തവനു കടമയുണ്ട്, അതേസമയം അദ്ധ്വാനിക്കുന്നവന് ഭക്ഷിക്കാൻ അവകാശമുണ്ട് എന്നും. സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗത്തുനിന്ന് ഇന്നു പലപ്പോഴും സംഭവിക്കുന്ന നിരുത്തരവാദിത്വപരവും ജനദ്രോഹകരവുമായ അവകാശവാദങ്ങളെയും തൊഴിൽസമരങ്ങളെയും അന്ധമായി പ്രോത്സാഹിപ്പിക്കണമെന്നോ തൊഴിലാളികളുടെ അജ്ഞതയെ ചൂഷണം ചെയ്തു സ്വത്തു സമ്പാദിക്കുന്ന നേതാക്കന്മാരുടെ ഭീഷണിക്കു വഴങ്ങണമെന്നോ ഇതിനർത്ഥമില്ല. എല്ലാ തൊഴിലാളികളുടെയും, സംഘടിതരോ സംഘടനാരഹിതരോ ആകട്ടെ, ന്യായമായ അവകാശത്തെ മാനിക്കുകയും തൊഴിലാളിയെ കക്ഷിരാഷ്ട്രീയത്തിന്റെ പിടിയിൽനിന്നു മോചിപ്പിച്ച് അവന്റെ യഥാർത്ഥ വ്യക്തിമഹത്ത്വം വീണ്ടെടുക്കുന്ന പ്രക്രിയയിൽ പങ്കുചേരുകയും ചെയ്യുക, ക്രൈസ്തവധർമ്മമാണ്. തൊഴിൽ ചെയ്യാത്തവന് അവകാശവുമില്ല എന്നതാണല്ലോ പൗലോസിന്റെ പഠനം.

വിലപേശലിലൂടെ ക്രയവിക്രയം ചെയ്യാവുന്ന ഒരു കച്ചവടച്ചരക്കല്ല തൊഴിൽ എന്ന് കഴിഞ്ഞ ദശകങ്ങളിൽ പലവട്ടം ചാക്രികലേഖനങ്ങൾ ശക്തമായി ഉദ്ബോധിപ്പിച്ചു. തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള സ്വരം ക്രൈസ്തവസഭാ നേതൃത്വത്തിൽനിന്നും ആവർത്തിച്ചുയർന്നു. 1891 ൽ ലെയോ പതിമൂന്നാമൻ മാർപ്പാപ്പാ പുറപ്പെടുവിച്ച "റേരും നൊവാരും" എന്ന ചാക്രികലേഖനം മുതൽ 1991 ൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ "ചെന്തേസിമൂസ് ആന്നൂസ്" വരെ അനേകം ഔദ്യോഗിക പ്രബോധനരേഖകൾ തൊഴിലാളിയുടെ മഹത്ത്വവും അവകാശങ്ങളും കടമകളും തൊഴിലിന്റെ മാഹാത്മ്യവും ഉയർത്തിക്കാട്ടി. പക്ഷെ പലപ്പോഴും ഈ അവകാശങ്ങൾ കടലാസുകളിൽ ചത്ത ലിപികളായി കഴിയുകയാണ്. സഭാസ്ഥാപനങ്ങൾ തന്നെ പലപ്പോഴും തങ്ങളുടെ കീഴിലുള്ള തൊഴിലാളികളോട് അനുവർത്തിക്കുന്ന നയം ഈ പ്രഖ്യാപനങ്ങളെ വിസ്മരിച്ചുകൊണ്ടുള്ളതാണ്. ഈ പ്രഖ്യാപനങ്ങൾതന്നെ ശ്രദ്ധിച്ചു വായിച്ചാൽ മനസ്സിലാകും, അവ തൊഴിലാളിയുടെ പണിപ്പുരയിലല്ല മാനേജരുടെ മേശയിലാണ് രൂപം കൊണ്ടതെന്ന്. ഔദ്യോഗിക പ്രഖ്യാപനങ്ങളുടെ ശൈലി തൊഴിലാളിയുടെ ഭാഷ സംസാരിച്ച യേശുവിന്റേതിൽനിന്ന് തുലോം വിഭിന്നമാകുന്നതിന്റെ കാരണം അധികം അന്വേഷിക്കാതെ മനസ്സിലാക്കാവുന്നതേയുള്ളൂ. ക്രൈസ്തമൂല്യത്താൽ നയിക്കപ്പെടാത്ത ഭരണകൂടങ്ങൾ നിശ്ചയിക്കുന്ന ഏറ്റം ചുരുങ്ങിയ വേതനംപോലും കൊടുക്കാൻ തയ്യാറാവാത്ത സഭാസ്ഥാപനങ്ങൾ ഇന്ന് വിരളമല്ല. പുരുഷന്മാർ അവകാശങ്ങൾക്കുവേണ്ടി വാദിച്ചേക്കുമെന്നു ഭയന്ന് സ്ത്രീത്തൊഴിലാളികളെ മാത്രം നിയമിക്കുക സാധാരണമായിരിക്കുന്നു. മാസംതോറും നിയമനം പുതുക്കിക്കൊണ്ടിരിക്കുന്ന സമ്പ്രദായം തൊഴിലാളിയുടെ അവകാശങ്ങളെ മാനിക്കാനുള്ള വൈമുഖ്യത്തെ വിളിച്ചറിയിക്കുന്നു. ചില തൊഴിൽ ചെയ്യുന്നവരെ പുച്ഛിക്കാനുള്ള പ്രവണത സഭയുടെ അധികാരതലത്തും കുറവല്ല. തൂപ്പുകാരിയോടും ഡോക്ടറോടും സ്വീകരിക്കുന്ന മനോഭാവങ്ങൾ പരിശോധിച്ചാൽ ഇതു വ്യക്തമാകും.

തൊഴിലാളികളോടുള്ള ഈ മനോഭാവം തൊഴിലിനോടും പ്രകടമാകുന്നുണ്ട്. വൈദികരുടെയും സന്യസ്തരുടെയും ഇടയിലും അത് ഒട്ടും കുറവല്ലതന്നെ. കോളേജുകളിലും സ്കൂളുകളിലും ജോലി കിട്ടാനായി കൈക്കൂലി സഹിതം ക്യൂ നില്ക്കുകയും വേണ്ടപ്പെട്ട

വരുടെമേൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്ന സന്യസ്തർ വീട്ടു ജോലികൾക്ക് "ചേച്ചി"മാരെയും "മർത്താ"മാരെയും തേടിയിറങ്ങുക അത്ര അസാധാരണമല്ലല്ലോ. മാന്യതയുടെയും സാമ്പത്തിക നേട്ടത്തിന്റെയും പിന്നാലെയുള്ള ഈ നെട്ടോട്ടം നസ്രത്തിലെ പണിശാലയിൽനിന്നുള്ള ഒളിച്ചോട്ടമാണെന്നു കാണാൻ വലിയ ചിന്തയും ഉൾക്കാഴ്ചയും വേണ്ട.

## അരമനയിൽനിന്നു പണിശാലയിലേക്ക്

യേശുവിനെ തച്ചനായി കാണുന്ന ക്രിസ്തുവിജ്ഞാനീയം ക്രൈസ്തവരുടെ ജീവിതശൈലിയിലും കാതലായ വ്യതിയാനം ആവശ്യപ്പെടുന്നു. ദൈവപുത്രൻ ആശാരിയുടെയും അടിമയുടെയും രൂപമാണു സ്വീകരിച്ചത് എന്ന യാഥാർത്ഥ്യം കണക്കിലെടുത്താലേ ക്രിസ്തുവിന്റെ യഥാർത്ഥമുഖം കണ്ടെത്താൻ കഴിയൂ. പാവപ്പെട്ടവരോടും പുറന്തള്ളപ്പെട്ടവരോടും താദാത്മ്യം പ്രാപിക്കലായിരുന്നു ദൈവം മനുഷ്യാവതാരത്തിലൂടെ ചെയ്തത്. ശിഷ്യന്മാരുടെ മുമ്പിൽ മുട്ടുകുത്തി അവരുടെ കാലു കഴുകിയതിനുശേഷമാണ് യേശു കല്പിച്ചത്: "ഞാൻ നിങ്ങളോട് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു" (യോഹ 13,15) മഹത്ത്വത്തിന്റെ മേലങ്കി മാറ്റിവച്ച് അടിമയുടെ കച്ച ഉടുക്കുവാനുള്ള ആഹ്വാനമാണ് ശിഷ്യത്വം നല്കുക.

പക്ഷേ, ക്രിസ്തുമതം റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായിത്തീർന്നതു മുതൽ അടിമയുടെ കച്ച അഴിച്ചുവച്ച് മഹത്ത്വത്തിന്റെ മേലങ്കി അണിയാനുള്ള പ്രലോഭനത്തിന് ക്രൈസ്തവർ വഴങ്ങുകയായി. സഭയുടെ അധികാരശ്രേണിയിൽ ഉയരുംതോറും ഈ പ്രലോഭനത്തിന് ശക്തി കൂടി വരുന്നതായി കാണാം. അടിമയുടെ കച്ച ചുറ്റി മുക്കുവന്റെ മുമ്പിൽ മുട്ടുകുത്തി കാൽ കഴുകിയ ആശാരിയുടെ പിൻഗാമി രാജാക്കന്മാരെയും പ്രഭുക്കന്മാരെയും തന്റെ മുമ്പിൽ മുട്ടുകുത്തിച്ച് കാൽ മുത്തിക്കുന്നതിൽ അപാകത കാണാതിരുന്ന ഒരു കാലമുണ്ടായിരുന്നു. മനുഷ്യാവതാരവും നസ്രത്തിലെ പണിശാലയും ഉയർത്തിക്കാട്ടിയ മൂല്യങ്ങളിൽനിന്ന് ക്രമേണ അകലുന്ന ഒരു പ്രക്രിയയാണ് സഭാചരിത്രം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുക. യേശു ജീവിക്കുകയും പഠിപ്പിക്കുകയും ചെയ്ത വിനയത്തിന്റെയും സേവനത്തിന്റെയും മൂല്യങ്ങൾ മാറ്റിവച്ച് സാമ്രാജ്യത്വത്തിന്റെയും ലൗകിക പ്രൗഢിയുടെയും മൂല്യങ്ങൾ

സഭാസമൂഹം സാവധാനം സ്വന്തമാക്കി. നസ്രത്തിലെ ഉറവിട ത്തിൽനിന്ന് അകന്നുപോകുന്ന യാത്രയായിരുന്നു ഇത്. ആശാരി യായി അവതരിച്ച ദൈവപുത്രനെ അനുഗമിക്കുന്നതിനെക്കാൾ സീസർമാരെയും ചക്രവർത്തിമാരെയും അനുകരിക്കാനുള്ള പ്രവ ണത ഏറിവന്നു. ഉത്ഥിതനായ ക്രിസ്തുവിന്റെ ഔന്നത്യത്തെ ഏറ്റു പറഞ്ഞ വിശ്വാസം നസ്രത്തിലെ അദ്ധ്വാനവും വിയർപ്പും കുരി ശിലെ പരിത്യക്തതയും നിലവിളിയും പ്രായേണ വിസ്മരിച്ചു. പ്രലോഭനവും കാപട്യവുമായി യേശു അപലപിച്ചു പുറംതള്ളിയ ലൗകികമഹത്ത്വവും അധികാരവും വിശുദ്ധപീഠങ്ങളിൽ സ്ഥാനം പിടിച്ചു. ആശാരിയുടെ ഉളിയും കൊട്ടുവടിയും വിസ്മരിച്ച് സീസ റിന്റെ കിരീടത്തിനും ചെങ്കോലിനുമായി കൈനീട്ടിയതോടെ ഉറ വിടത്തിൽനിന്നുള്ള പതനം ആരംഭിക്കുകയായി.

നസ്രത്തിൽനിന്നകന്ന് ഇന്നു നാം ബഹുദൂരം യാത്ര ചെയ്തുകഴിഞ്ഞു. ആശാരിയുടെ പണിപ്പുരയിൽ അദ്ധ്വാനിക്കുന്ന ആ യുവാവ് വലിയൊരു പരിധിവരെ ക്രിസ്തുവിന്റെ സഭയ്ക്ക് അപരിചിതനായിത്തീർന്നു. തദ്ഫലമായി തൊഴിലാളിവർഗ്ഗം സഭ യിൽനിന്ന് അകലുന്നു; ഔദ്യോഗികസഭ തൊഴിലാളിവർഗ്ഗ ത്തിൽനിന്നും. സഭാനേതൃത്വത്തെ മുതലാളിവർഗ്ഗത്തിന്റെകൂടെ കാണുന്ന തൊഴിലാളികൾ ഏറെയുണ്ട്. പരസ്പരം സംശയവും ഭയവും വളരുകയും ചെയ്യുന്നു. സഭാനേതൃത്വത്തിൽ നിന്നകലുന്ന യുവജനങ്ങളും തൊഴിലാളികളും പലപ്പോഴും ചെന്നുപതിക്കുക ശത്രുപാളയത്തിലാണ്. വർഗ്ഗസമരത്തിലൂടെയും തൊഴിലാളിയുടെ വർഗ്ഗശത്രുവിന്റെ ഉന്മൂലനത്തിലൂടെയും ഭൗമികപറുദീസ വാഗ്ദാനം ചെയ്യുന്ന പ്രത്യയശാസ്ത്രങ്ങൾക്ക് ഇവർ ഇരയായിത്തീരുന്നെങ്കിൽ അതിന്റെ കുറ്റം ഇവരിൽ മാത്രമായിരിക്കുകയില്ല. അവർക്കെതിരേ ചുഴറ്റുന്ന അധികാരദണ്ഡും തൊടുക്കുന്ന ഭീഷണികളും അവരെ തിരികെ കൊണ്ടുവരാൻ പര്യാപ്തമാകയില്ല.

രണ്ടാം വത്തിക്കാൻ സൂനഹദോസുമുതലങ്ങോട്ട് ഈ അവസ്ഥയ്ക്കു കാതലായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നത് ആശാവഹമാണ്. ജോൺ 23-ാം മാർപ്പാപ്പാ മുതൽ "കാൽമു ത്തൽ" നിർത്തി. പോൾ ആറാമന്റെ കാലം മുതൽ ത്രിക്കിരീടവും മാറ്റി. പാറമടയിൽ കഠിനാദ്ധ്വാനം ചെയ്ത തൊഴിലാളി വോയ്ത്തീവാ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ആയപ്പോൾ തൊഴിലിന്റെയും തൊഴിലാളിയുടെയും മഹത്ത്വം സഭയുടെ പ്രബോ

ധനത്തിലും പ്രവർത്തനങ്ങളിലും കൂടുതൽ ദൃശ്യമായി. കാൽമുത്തിക്കുന്നതിനു പകരം താൻ ചെന്നെത്തിയ 134 രാജ്യങ്ങളിലും സാഷ്ടാംഗം പ്രണമിച്ച് മണ്ണിനെ ചുംബിച്ചുകൊണ്ട് മാർപ്പാപ്പാ ശക്തമായൊരു മാതൃക നല്കി; പ്രബോധനം കാഴ്ചവച്ചു. തൊഴിലിനോടും തൊഴിലാളികളോടുമുള്ള സമീപനത്തിൽ മാറ്റം ആവശ്യമാണെന്ന അവബോധത്തിൽ ഇതെല്ലാം കാതലായ മാറ്റം വരുത്തി.

എന്നാലും പ്രഭുത്വത്തിന്റെയും രാജകീയതയുടെയും ജീർണ്ണാവശിഷ്ടങ്ങൾ ഇനിയും വളരെയേറെ സഭാവസ്ത്രത്തിൽ പറ്റിപ്പിടിച്ചുനില്ക്കുന്നു. രാജയീക മേലങ്കി മാറ്റിവച്ച് ആശാരിയുടെ പണിവസ്ത്രം അണിയുമ്പോഴേ ഈ മടക്കയാത്ര പൂർണ്ണമാവൂ. മനുഷ്യാവതരത്തിലൂടെ ദൈവം നേടിയ താദാത്മീകരണം സഭാസമൂഹത്തിന്റെ എല്ലാതലങ്ങളിലും, അധികാരികളിലും വിശ്വാസികളിലും പ്രകടമാകേണ്ടിയിരിക്കുന്നു. തൊഴിലിനോടും തൊഴിലാളിയോടുമുള്ള സമീപനത്തിലും വേഷവിധാനത്തിലും ഭവനസജ്ജീകരണത്തിലും അഭിസംബോധനയിലും സർവ്വോപരി മനോഭാവത്തിലും ഈ പരിവർത്തനം ദൃശ്യമാകണം. ക്രിസ്തുവിന്റെ മഹത്ത്വം കുരിശിന്റെ അവഹേളനത്തിനുശേഷം കൈവന്ന സ്വർഗ്ഗീയ മഹത്ത്വമാണ്. വിശ്വാസവിഷയവും ചരിത്രപുരുഷനുമായ യേശുക്രിസ്തുവിനെ കണ്ടെത്താനും വിശ്വസനീയമായ വിധത്തിൽ സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കാനും ക്രൈസ്തവസമൂഹം ഒന്നടങ്കം നസ്രത്തിലെ പണിശാലയിലേക്ക് മടങ്ങി വലിയ ആശാരിയുടെ പാദാന്തികത്തിൽ ഇരുന്ന് തൊഴിലിന്റെയും അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും പാഠം അഭ്യസിക്കേണ്ടിയിരിക്കുന്നു.

o